# "ഹെന്ദോ:"– ഇന്ത്യയിലെ സഭ

## ഫാ. ജോൺ ബോസ്കോയുടെ വീക്ഷണത്തിൽ



ജോൺ കച്ചിറമറ്റം

www.malankaralibrary.com

# ഹെന്ദോ : ഇന്ത്യയിലെ സഭ

**ജോൺ കച്ചിറമറ്റം**

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
വിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam)

# HENDO: INDIAYILE SABHA

By

JOHN KACHIRAMATTAM

First Edition
18-10-2013

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta offset, Kottayam
Price Rs. 125 /-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

www.malankaralibrary.com

## ഡോ.കച്ചിറമറ്റം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1. | ഹൈന്ദോ - ഇന്ത്യയിലെ സഭ | - | ജോൺ കച്ചിറമറ്റം |
| 2. | ബാരിസ്റ്റർ ജോർജ്ജ് ജോസഫ് | | |
| 3. | സത്യത്തിന് നേരെ കണ്ണടയ്ക്കരുത് | - | ജോൺ കച്ചിറമറ്റം |
| 4. | സമുദായ സ്നേഹികളേ ഉണരൂ | - | ജോൺ കച്ചിറമറ്റം |
| 5. | എം.ഒ. ജോസഫ് നെടുങ്കുന്നം (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 6. | കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം | - | ജോൺ കച്ചിറമറ്റം |
| 7. | കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം | - | ജോൺ കച്ചിറമറ്റം |
| 8. | കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം | - | ജോൺ കച്ചിറമറ്റം |
| 9. | ഷെവ.കുഞ്ഞിത്തൊമ്മൻ (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 10. | തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 11. | ബി. വെല്ലിംഗ്ടൺ (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 12. | വലിയകപ്പിത്താനും ദേവസഹായം പിള്ളയും | - | ജോൺ കച്ചിറമറ്റം |
| 13. | ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും | - | ജോൺ കച്ചിറമറ്റം |
| 14. | അണികളെ ആവശ്യമുണ്ട് | - | ജോൺ കച്ചിറമറ്റം |
| 15. | കേരളം ചുവന്നതെങ്ങനെ? | - | ജോൺ കച്ചിറമറ്റം |
| 16. | വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും | - | ജോൺ കച്ചിറമറ്റം |
| 17. | തടവറയിലെ വടക്കനച്ചൻ | - | ജോൺ കച്ചിറമറ്റം |
| 18. | കാത്തലിക് ഗ്രീവൻസസ് | - | ജോൺ കച്ചിറമറ്റം |
| 19. | ജാതൈക്യസംഘം | - | ജോൺ കച്ചിറമറ്റം |
| 20. | പ്രസിഡന്റിന്റെ കത്തുകൾ | - | ജോൺ കച്ചിറമറ്റം |
| 21. | തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ | - | ജോൺ കച്ചിറമറ്റം |
| 22. | നായർ ഈഴവ ഐക്യം | - | ജോൺ കച്ചിറമറ്റം |
| 23. | പാപ്പായുടെ നാട്ടിൽ (യാത്രാവിവരണം) | - | ജോൺ കച്ചിറമറ്റം |
| 24. | ഇടിമുഴക്കം കേട്ടതെപ്പോൾ | - | ജോൺ കച്ചിറമറ്റം |
| 25. | ഓശാന ഗവേഷണങ്ങളുടെ തനിനിറം | - | ജോൺ കച്ചിറമറ്റം |
| 26. | വിമോചനസമരം ഒരു ആമുഖം | - | ജോൺ കച്ചിറമറ്റം |
| 27. | യേശുക്രിസ്തുമോസ്കോവിലോ? | - | ജോൺ കച്ചിറമറ്റം |
| 28. | അൽമായരും കാലികപ്രശ്നങ്ങളും | - | ജോൺ കച്ചിറമറ്റം |
| 29. | പനമ്പള്ളി പദ്ധതി - സത്യമെന്ത്? | - | ജോൺ കച്ചിറമറ്റം |
| 30. | ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും | - | ജോൺ കച്ചിറമറ്റം |
| 31. | എം.എം. വർക്കി (ജീവചരിത്രം) | - | ജോൺ കച്ചിറമറ്റം |
| 32. | അവിസ്മരണീയ വ്യക്തികളും സംഭവങ്ങളും | - | ജോൺ കച്ചിറമറ്റം |
| 33. | ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ | - | ജോൺ കച്ചിറമറ്റം |
| 34. | സാർവ്വത്രിക സുനഹദോസുകൾ | - | ജോൺ കച്ചിറമറ്റം |
| 35. | അവിസ്മരണീയ വ്യക്തികൾ രണ്ടാം ഭാഗം | - | ജോൺ കച്ചിറമറ്റം |
| 36. | വചനപ്രകാശം | - | ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ |
| 37. | കുരിശിന്റെ വഴി | - | ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ |
| 38. | Homilies and Reflections (Part I) | - | Rev.Dr.A.Kachiramattam |
| 39. | Homilies and Reflections (Part II) | - | Rev.Dr.A.Kachiramattam |
| 40 | Why American youth Turn to Budha | - | Rev.Dr.A.Kachiramattam |
| 41. | Evolution in the human concept of God | - | Rev.Dr.A.Kachiramattam |
| 42. | Re-discovery of India | - | Rev.Dr.A.Kachiramattam |
| 43. | Catholic Eastern Churches | - | Rev.Dr.A.Kachiramattam |
| 44. | Prepare the way of the Lord | - | Rev.Dr.A.Kachiramattam |

## കച്ചിറമറ്റത്തിന്റെ ലഘുലേഖകൾ

| | | | |
|---|---|---|---|
| 1. | ദീപിക സുഹൃത്തുക്കളെ ഉണരുക (1966) | - | 70000 കോപ്പികൾ |
| 2. | നീതിക്കുവേണ്ടിയുള്ള പോരാട്ടം (1979) | - | 2000 കോപ്പികൾ |
| 3. | വിമോചനസമരം - കനകജൂബിലി (2008) | - | 1500 കോപ്പികൾ |
| 4. | ന്യൂമാൻ കോളേജ് പ്രശ്നം - 4 ലേഖനങ്ങൾ (2010) | - | 1000 കോപ്പികൾ |
| 5. | വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും | - | 1000 കോപ്പികൾ |

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ഉൾപ്പെടെ 20 അവാർഡുകൾ കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ൽ കച്ചിറമറ്റത്തിന് ലഭിച്ചു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.

www.malankaralibrary.com

# സമർപ്പണം



നിർഭയനും സമുദായ സ്നേഹിയുമായ
തോട്ടക്കര ജോൺ ബോസ്കോ അച്ചന്റെ
പാവനസ്മരണയ്ക്ക്
ഹെന്ദോ: ഇന്ത്യയിലെ സഭ
എന്ന മെമ്മോറാണ്ട സമർപ്പണത്തിന്റെ
49–ാം വാർഷികത്തിൽ
ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com


# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
ആമുഖം
ഫാ. ജോൺ ബോസ്കോ - ഓർമ്മകളിൽ - ഫാ. എമ്മാനുവേൽ
അവതാരിക - കൂനമ്മാക്കൽ തോമ്മാക്കത്തനാർ
1. അവർ വിപ്ലവകാരികൾ ........ 23
2. സീറോമലബാർ സഭ ........ 27
3. പോർട്ടുഗീസുകാരുടെ ആഗമനം ........ 41
ഉദയംപേരൂർ സൂനഹദോസ് ........ 42
കൂനൻകുരിശു സത്യം ........ 43
മാർ കരിയാറ്റിയും ഗോവർണ്ണദോറും ........ 46
തച്ചിൽ മാത്തുത്തരകൻ ........ 46
കുടക്കച്ചിറ അന്തോനികത്തനാർ ........ 47
തൊണ്ടനാട്ട് അന്തോനികത്തനാർ ........ 49
ഏഴുവ്യാകുലങ്ങൾ ........ 50
നിധീരിക്കൽ മാണിക്കത്തനാർ ........ 52
ഫാ. പ്ലാസിഡ് സി.എം.ഐ. ........ 52
4. എന്തുനേടി ........ 44
5. പുതിയ നേതൃത്വം-തോട്ടക്കര ബോസ്കോ അച്ചൻ ........ 57
6. നസ്രാണി ജീവൻ ........ 60
7. ഈ നൂറ്റാണ്ടിൽ ........ 64
8. നസ്രാണി നവജീവനെപ്പറ്റി വീണ്ടും ........ 69
9. നസ്രാണി നവജീവപരിഷത്ത് ........ 77
മലങ്കര ഇൻസ്റ്റിറ്റ്യൂട്ട്-ഒരു പുതിയ പരീക്ഷണം ........ 79
10. വിവിധ മേഖലകളിൽ-1962-ലെ വലിയ സംഭവങ്ങൾ ........ 82
11. ഗോവർണ്ണദോറച്ചന്റെ ചരമവാർഷികം ........ 83
12. ഹെന്ദോ: ഇന്ത്യയിലെ സഭ ........ 89
13. കേരളാ ടൈംസ് വിമർശിക്കുന്നു ........ 106
14. മഹാവിജയം ........ 113
15. അസ്ലെത്താ ദ് ഹെന്ദോ അവാർഡ് ........ 122
16. Hendo after, thirty years
1. Foreward 2. The internuntio fulminates ........ 124
17. മാഗ്നകാർട്ട ഓറിയന്റാലിയം എക്ലസിയാറാം ........ 134
18. ഫാ. ജോൺ ബോസ്കോ തോട്ടക്കര സി.എം.ഐ.
ഒറ്റനോട്ടത്തിൽ ........ 137

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 44 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. നാലെണ്ണം ഒരേ സമയത്താണ് പ്രകാശനം ചെയ്യുന്നത്. ഹെന്ദോ എന്ന ഗ്രന്ഥം 44-ാമത്തെയാണ്. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 700000 കോപ്പികളാണ് 1966-ൽ അച്ചടിച്ച് വിതരണം ചെയ്തത്.

www.malankaralibrary.com

# ആമുഖം

രണ്ടാംവത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത മെത്രാന്മാർക്ക് നവജീവപരിഷത് സമർപ്പിച്ച മെമ്മോറാണ്ടമാണ് ഹെന്ദോ: ഇന്ത്യയിലെ സഭ. സഭ ഒന്നാകെ കോളിളക്കം സൃഷ്ടിച്ച ഒരു നിവേദനമായിരുന്നു അത്. ആ മെമ്മോറാണ്ടം സമർപ്പിച്ചിട്ട് ഈ ഒക്ടോബർ 18-ന് 50-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ആ മെമ്മോറാണ്ടത്തിന്റെ പിൻപിൽ പ്രവർത്തിച്ചവർ ഒട്ടേറെ വിമർശനങ്ങൾക്ക് അന്ന് വിധേയരായി. അവർ നിഷ്ഠൂരമാം വിധം ശിക്ഷ ഏറ്റുവാങ്ങുകയും ചെയ്തു. എന്നുവരികിലും അവർചെയ്ത നടപടിയിൽ അവർ സംതൃപ്തരായിരുന്നു. ക്രിസ്തുമതവും ഭാരതവും എന്ന ഗ്രന്ഥത്തിൽ പ്രമുഖചരിത്രകാരനായ എം. ഒ. ജോസഫ് നെടുംകുന്നം എഴുതിയിരിക്കുന്ന ഏതാനും വാക്കുകൾ താഴെ ചേർക്കുന്നു "പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ കേരള സഭയ്ക്കുണ്ടായിരുന്ന ഒരു പ്രത്യേക നേട്ടം ആ സഭയുടെ അവകാശങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ദത്ത ശ്രദ്ധരായ നേതാക്കന്മാരുണ്ടായിരുന്നുവെന്നതാണ്. അവകാശ സംരക്ഷണ ത്തിനുവേണ്ടി സമരം ചെയ്യേണ്ടിയിരുന്ന അന്ന് നേതാക്കന്മാർക്ക് നിക്ഷിപ്ത താല്പര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഈ നൂറ്റാണ്ടിന്റെ പ്രത്യേ കത സ്വയംഭരണം സിദ്ധിച്ച നേതാക്കന്മാരുണ്ടായി എന്നതാണ്. കൂടുതൽ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നതിനേക്കാൾ കിട്ടിയ അധികാരം നിധിപോലെ സൂക്ഷിക്കുന്നതിലാണ് അവർക്കു നോട്ടം. നേതാക്കന്മാരുടെ ഈ നിഷിപ്ത താല്പര്യചിന്തയാണ് കേരളീയ സുറിയാനി സഭയ്ക്ക് ആവശ്യം കിട്ടേണ്ടതായ പല അവകാശങ്ങളും ചോദിച്ചു വാങ്ങുന്നതിന് പ്രതിബന്ധമായിരിക്കുന്നത്. പാറേമ്മാക്കൽ തോമ്മാക്കത്തനാർ നിധീരിക്കൽ മാണിക്കത്തനാർ മുതലായ ധീരപുരുഷന്മാരുടെ ചൈതന്യമുൾക്കൊള്ളുന്ന സമുദായസ്നേഹികളായ നേതാക്കന്മാരാണ് ഇന്ന് കേരളസഭയ്ക്ക് ആവശ്യമായിരിക്കുന്നത്" അധികാരത്തിലേറിയവരുടെ സ്വാർത്ഥ ചിന്ത അവകാശങ്ങൾ പിടിച്ചുവാങ്ങുന്നതിനുള്ള ശ്രമത്തിൽ നിന്നും അവരെ പിന്തിരിപ്പിച്ചു. ഈ സന്ദർഭത്തിലും പ്രത്യാശ കൈവിടാതെ ഒറ്റയ്ക്ക് നിന്ന് പോരാടുവാൻ പലരും ശ്രമിച്ചിട്ടുണ്ട്. അവരിൽ ഒരു പ്രമുഖനായിരുന്നു റവ. ഫാ. ജോൺ ബോസ്കോ തോട്ടക്കര സി.എം.ഐ. അദ്ദേഹത്തിന് പ്രത്യേക സ്വാർത്ഥചിന്തകളൊന്നുമില്ലായിരുന്നു. അദ്ദേഹം നിർഭയനായിരുന്നു. ആരു ടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കിയല്ല മനസാക്ഷിയുടെ ഉൾപ്രേരണ

www.malankaralibrary.com

കൊണ്ടാണ് അദ്ദേഹം ഉറച്ച നിലപാടുകൾ സ്വീകരിച്ചത്. അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുവാൻ ആരും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുവാൻ-എതിർക്കുവാൻ വലിയ ഒരു നിരയുണ്ടായിരുന്നു. എതിർപ്പുകളെ വകവയ്ക്കാതെ അദ്ദേഹം തന്റെ പ്രവർത്തനം തുടർന്നു.

ബോസ്കോ അച്ചന്റെ നിലപാടിനോട് താല്പര്യമുണ്ടായിരുന്നവർ പോലും വീണ്ടും സമരം ചെയ്ത് അവകാശങ്ങൾ നേടാൻ ശ്രമിക്കുന്നത് ശരിയല്ലെന്ന നിലപാടുകാരായിരുന്നു. എങ്ങിനെയെങ്കിലും ഒത്തുകൂടിനിന്ന് കാര്യങ്ങൾ നേടുവാനാണവർ ആഗ്രഹിച്ചത്. ആരെയും മുഷിപ്പിക്കാതിരിക്കണം. അതിന്റെ പേരിൽ എന്തെങ്കിലും കിട്ടിയാൽ കിട്ടട്ടെ എന്ന മനോഭാവമാണ് പലർക്കും. ത്യാഗം അനുഭവിക്കാൻ തയ്യാറില്ലാത്ത -ലാഭം മാത്രം നോക്കി ജീവിക്കുന്നവരുടെ നേരെ വിരൽചൂണ്ടിക്കൊണ്ടാണ് ബോസ്കോ അച്ചൻ പുഞ്ചിരിയോടെ ഗർജ്ജിച്ചത്.

നമ്മുടെ സമുദായത്തിനുനേരെ പല ആരോപണങ്ങളും നിഷിപ്ത താല്പര്യക്കാർ ഉന്നയിക്കാറുണ്ട്. അവർക്ക് മറുപടി പറയാൻ പോലും നാം തയ്യാറാകുന്നില്ല. എന്തിന് മറുപടി പറഞ്ഞ് അവരെയൊക്കെ മുഷിപ്പിക്കുന്നുവെന്നാണ് പലരുടെയും ചോദ്യം. നമ്മുടെ നിലപാട് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തിയില്ലെങ്കിൽ നമ്മുടെ അണികളിൽ പോലും ചിന്താക്കുഴപ്പം സൃഷ്ടിക്കുമെന്ന് നാം മനസ്സിലാക്കുന്നില്ല. അക്കാരണംകൊണ്ട് തന്നെ ഒരു വിഭാഗം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ബോസ്കോ അച്ചനെ പുതിയ തലമുറയുടെ മുൻപിൽ അവതരിപ്പിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. ഹെന്ദോ എന്ന കോളിളക്കം സൃഷ്ടിച്ച മെമ്മോറാണ്ടത്തിന്റെ പേരിൽ അദ്ദേഹത്തെ ശിക്ഷിച്ച് മൂന്നുമാസത്തോളം മുറിയിൽ നിന്നും പുറത്തിറങ്ങാൻ അവസരം നല്കാതെ തടവിൽ പാർപ്പിച്ചുവെന്നാണറിയുന്നത്. എന്നു തന്നെയുമല്ല അദ്ദേഹത്തെ സി.എം.ഐ. സഭയിൽ നിന്ന് പുറത്താക്കണമെന്ന് വാദിച്ചവരുമുണ്ടായിരുന്നു. അത് സംഭവിച്ചിരുന്നുവെങ്കിൽ ബോസ്കോ അച്ചൻ എട്ടാമത്തെ വ്യാകുലമായി അറിയപ്പെടുമായിരുന്നു.

ബോസ്കോ അച്ചന്റെ പ്രവർത്തനം ചരിത്രത്തിന്റെ ഒരു ഭാഗമാണ്. ഈ മെമ്മോറാണ്ടം കൊടുത്തില്ലെങ്കിലും കാലക്രമേണ എല്ലാം നടക്കുമായിരുന്നുവെന്ന് പറഞ്ഞ് ബോസ്കോ അച്ചനെ അധിഷേപിക്കുന്നവരെയും കണ്ടിട്ടുണ്ട്. അപ്രകാരം പറയുന്നവർ നന്മചെയ്യുന്നവരെ അംഗീകരിക്കാൻ തയ്യാറാകാത്തവരാണ് എന്നേ പറയുന്നുള്ളു. സ്വന്തം അഭിപ്രായങ്ങൾ വെട്ടിത്തുറന്നു പറയുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവരെ ആദരിക്കാൻ തയ്യാറില്ലെങ്കിലും അധിക്ഷേപിക്കാതിരിക്കാനെങ്കിലും തയ്യാറാകണം.

നസ്രാണി പ്രസിദ്ധീകരണത്തിലൂടെയാണ് തന്റെ അഭിപ്രായങ്ങൾ

www.malankaralibrary.com

ബോസ്കോ അച്ചൻ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. 1958 മുതൽ 1967 വരെ നസ്രാണിയിൽ പ്രസദ്ധീകരിച്ച പല ലേഖനങ്ങളും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഹെന്ദോ എന്ന മെമ്മോറാണ്ടം ഇംഗ്ലീഷിൽ ആണ് സമർപ്പിച്ചത്. അതിന്റെ മലയാള പരിഭാഷയാണ് ഇതിൽ ചേർത്തിരിക്കുന്നത്.

സീറോ മലബാർ സഭയെ സ്നേഹിച്ച ബോസ്കോ അച്ചന്റെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കോളിളക്കം സൃഷ്ടിച്ച ഹെന്ദോ എന്ന മെമ്മോറാണ്ടം സമർപ്പിച്ചിട്ട് കനകജൂബിലിയിലേക്ക് പ്രവേശിക്കുന്ന ഈയവസരത്തിൽ അദ്ദേഹത്തിന് പ്രണാമം അർപ്പിക്കുന്നു.

നവജീവപരിഷത്തിനെയും ബോസ്കോ അച്ചനെയും ഹെന്ദോ എന്ന വിവാദം സൃഷ്ടിച്ച മെമ്മോറാണ്ടത്തെയും കേന്ദ്രീകരിച്ച് തയ്യാറാക്കിയ ഈ ഗ്രന്ഥത്തിന് ആരെക്കൊണ്ടാണ് അവതാരിക എഴുതിക്കേണ്ടതെന്ന് ഞാൻ പലവട്ടം ആലോചിച്ചു. പലരുടെയും അഭിപ്രായം ആരാഞ്ഞു. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതുവാൻ ഏറ്റം യോഗ്യൻ എന്റെ നാട്ടുകാരൻ തന്നെയായ കൂനമ്മാക്കൽ തോമ്മാക്കത്തനാരാണ് എന്ന് പലരും അഭിപ്രായപ്പെട്ടു. സത്യം പറയട്ടെ മറ്റൊരാളുടെ പേരും ആരും നിർദ്ദേശിച്ചില്ല.

കോട്ടയം സീരിയിൽ വച്ച് ഞാൻ തോമ്മാക്കത്തനാരെ കണ്ടു വിവരം പറഞ്ഞു. ഈ പുസ്തകം ഒരു പക്ഷേ വിവാദം സൃഷ്ടിച്ചേക്കും. സാധിക്കുമെങ്കിൽ - പ്രയാസമില്ലെങ്കിൽ-അച്ചൻ അവതാരിക എഴുതിത്തരണം എന്നാണ് ഞാൻ അഭ്യർത്ഥിച്ചത്. ബോസ്കോ അച്ചന്റെ കാലടികളെ പിന്തുടർന്ന് പ്രവർത്തിക്കുന്ന-ബോസ്കോ അച്ചന്റെ ആശയാഭിലാഷങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ശ്രദ്ധചെലുത്തി പ്രവർത്തിക്കുന്ന-തോമ്മാക്കത്തനാർ-സന്തോഷപൂർവ്വം അവതാരിക എഴുതിതരാമെന്ന് സമ്മതിച്ചു.

അവതാരിക എഴുതി തന്നു. അതു വായിച്ചപ്പോൾ ഈ ഗ്രന്ഥത്തിന് അവതാരികയെഴുതുവാൻ കൂനമ്മാക്കൽ തോമ്മാക്കത്തനാർ മാത്രമാണ് യോഗ്യൻ എന്ന് അഭിപ്രായപ്പെട്ടവരുടെ വാക്കുകൾ എത്രയോ ശരിയാണെന്ന് എനിക്കു തോന്നി.

കൂനമ്മാക്കൽ തോമ്മാക്കത്തനാർ -പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഇടവകക്കാരനാണ്. എന്റെ നാട്ടുകാരനും. തോമ്മാക്കത്തനാരുടെ ഹൃദയത്തുടിപ്പുകൾ പൂർണ്ണമായും ഉൾക്കൊണ്ട ഒരു വൈദികൻ. ധീരനും സാഹസികനും സഭാസ്നേഹിയുമായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും ജോൺബോസ്കോ തോട്ടക്കരയച്ചന്റെയും കാലടികൾ, കാലിടറാതെ പിന്തുടരുന്ന ഒരു ധീരനായ വൈദികനാണ് കൂനമ്മാക്കൽ തോമ്മാക്കത്തനാർ - യുവത്വം വിട്ടുമാറാത്ത ഈ അൻപത്തിയെട്ടുകാരൻ കുറവിലങ്ങാട്ടിന് സമീപം നസ്രാണി ദയറ സ്ഥാപിച്ച് ബോസ്കോ അച്ചന്റെ ചിന്താസരണികൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയാണ്. ഈ ഗ്രന്ഥ

www.malankaralibrary.com

ത്തിന് അവതാരിക എഴുതി അനുഗ്രഹിച്ച കൂനമ്മാക്കൽ തോമ്മാക്കത്തനാരോടുള്ള നന്ദിപ്രകാശിപ്പിക്കട്ടെ.

നസ്രാണി നവജീവൻ പരിഷത്തിനെപ്പറ്റിയും വിവാദം സൃഷ്ടിച്ച ഹെന്ദോ എന്ന മെമ്മോറാണ്ടത്തെപ്പറ്റിയും ചെറുവിവരണം നല്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുക. ഈ അവതാരിക ആ ലക്ഷ്യത്തിന്റെ വിജയത്തിന് പ്രേരകമായിയെന്നുകൂടി തുറന്നു പറയട്ടെ.

ഈ പുസ്തകരചനയ്ക്ക് എല്ലാവിധ പിന്തുണയും നല്കിയ അമലോത്ഭവ മാതാവിന്റെ മാണിക്കത്തനാർ തെള്ളിയിൽ സി.എം.ഐ. അവരെപ്പറ്റി ഏതാനും വാക്കുകൾ എഴുതാതിരിക്കുക സാദ്ധ്യമല്ല. സുറിയാനി ഭാഷാപണ്ഡിതൻ, കവി, ഗ്രന്ഥകാരൻ, മിഷനറി എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന അദ്ദേഹം 89-ാം ജന്മദിനം പിന്നിട്ടിരിക്കുകയാണ്. നവതിയിലേക്ക് നടന്നടുക്കുന്ന അച്ചൻ ബ. ജോൺ ബോസ്കോ തോട്ടക്കരയച്ചനെപ്പറ്റിയുള്ള ഓർമ്മക്കുറിപ്പുകൾ എഴുതി തന്നത് ഒരു മഹാഭാഗ്യമായി ഞാൻ കാണുന്നു. ബോസ്കോ അച്ചനും തെള്ളിയിൽ അച്ചനും ഒരേ നാട്ടുകാരനാണ്. ഏതാണ്ട് ഒരേ പ്രായക്കാരും. അദ്ദേഹത്തിന്റെ ലേഖനം ഒരു ആധികാരിക ലേഖനം തന്നെയാണ്. അദ്ദേഹത്തോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**ജോൺ കച്ചിറമറ്റം**

രാമപുരം
പിഴക്
18-10-2013

www.malankaralibrary.com

# ഫാ. ജോൺ ബോസ്കോ സി.എം.ഐ. - ഓർമ്മകളിൽ

**അമ. മാതാ. മാണിക്കത്തനാർ തെള്ളിയിൽ സി.എം.ഐ.**



ഫാ. ബോസ്കോച്ചൻ എപ്പോഴും ഏതു പ്രതിസന്ധിയിലും ചിരിയും പ്രസന്നതയും പാലിച്ചിരുന്നു. അവസാന നാളിൽ മേരിക്വീൻസ് ആശുപത്രിയിൽ വച്ച് ശക്തിയായ വേദനയുടെ നടുവിൽ ഒരു ദിവസം മാത്രമാണ് ചിരികൂടാതെ കണ്ടത്. അന്നു രാത്രി അദ്ദേഹം മരിക്കുകയും ചെയ്തു. അദ്ദേഹത്തെ കാണാൻ ആശുപത്രിയിലെത്തിയ അളിയൻ വെള്ളാപ്പാട്ടുകുന്നേൽ പാപ്പച്ചൻ വന്നപ്പോൾ ആരാണു രോഗിയെന്നു സംശയിച്ചുപോകത്തക്ക വിധത്തിലായിരുന്നു ചിരിയും കളിയും പെരുമാറ്റവും. വളരെ തെറ്റിദ്ധരിക്കപ്പെട്ട കാലഘട്ടത്തിലും ചിരിയും കളിയും അദ്ദേഹത്തെവിട്ടുമാറിയിരുന്നില്ല. വൈദികനായ ശേഷം എസ്.ബി. കോളേജിൽ സുവോളജി പഠിച്ചു തുടങ്ങിയെങ്കിലും വലിയ വൃത്തിക്കാരനായ അദ്ദേഹം ചരിത്രത്തിലേയ്ക്കു മാറിയാണ് ഡിഗ്രിയെടുത്തത്. (ചരിത്ര പഠനത്തിനായി അദ്ദേഹത്തെ ഓക്സ്ഫോർഡിലയക്കാൻ ആലോചന

www.malankaralibrary.com

യുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. തെറ്റുധാരണകളാലും മറ്റും അതു നടന്നില്ല.) ഹെന്ദോ രണ്ട്, മൂന്ന് മുതലായ പ്രസിദ്ധീകരണങ്ങളുടെയും കർത്താവ് ബോസ്കോച്ചനാണെന്നു തെറ്റിദ്ധരിച്ച്, അന്നത്തെ ജനറാളച്ചൻ ഒരു കമ്മീഷനെ വയ്ക്കുകയും ബോസ്കോച്ചനെ വിളിച്ച് ആറുമാസം ജോലിയൊന്നുമില്ലാതെ ജനറലേറ്റിൽ താമസിപ്പിക്കുകയും അവിടെ നിന്നു സ്വന്ത ആശ്രമത്തിലേയ്ക്കയച്ചപ്പോൾ, ആശ്രമം വിട്ടാൽ പുറത്തൊരിടത്തും കുർബാന ചൊല്ലാൻ പാടില്ലെന്നു മുടക്കു കൽപന കൊടുക്കുകയും അതിന്റെ കോപ്പി ഇൻഡ്യയിലെ എല്ലാ മെത്രാൻമാർക്കും അയയ്ക്കുകയും ചെയ്തു. മൂന്നു മാസം അഥവാ ഒരുമാസം ശാന്തനായി കാത്തിരുന്നശേഷം ജനറാളച്ചന്റെ കൽപ്പനയ്ക്ക് ഒരു മറുപടി തയ്യാറാക്കി അതു ജനറാളച്ചനയച്ചു കൊടുത്തു. അതിന്റെ കോപ്പി ഇൻഡ്യയിലെ എല്ലാ മെത്രാന്മാർക്കും അയച്ചു. അച്ചന്റെ സ്നേഹിതയായ ജർമ്മൻ ഡോക്ടർ മാഡായിയും അദ്ദേഹത്തിന്റെ സ്നേഹിതൻ ഗ്രീക്ക് മാറോനൈറ്റ് പാത്രിയർക്കീസും ഇടപെട്ട് റോമിൽനിന്നും ബ. പ്ലാസിഡച്ചനെ കമ്മീഷനായി അയയ്ക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുടക്കുകളൊക്കെ മാറ്റപ്പെടുകയും ചെയ്തു.

സുറിയാനി കുർബനയാണ് അദ്ദേഹമെന്നും ചൊല്ലിയിരുന്നത്. (1964 ലെ മലയാള വിവർത്തനം അദ്ദേഹത്തിനു തൃപ്തികരമായിരുന്നില്ല.) വെളുപ്പിനെ മൂന്നു മണിക്കെഴുന്നേറ്റ് കുർബാന ചൊല്ലുമായിരുന്നു (മറ്റാർക്കും അസൗകര്യമുണ്ടാകാതെ). ഗുരുവായ ബ. പ്ലാസിഡച്ചനെ അദ്ദേഹം എന്നും സ്നേഹിച്ചു ബഹുമാനിച്ചിരുന്നു. നമ്മുടെ സീറോ മലബാർ സഭയേയും ആരാധനക്രമത്തെയും അദ്ദേഹം അത്യധികം സ്നേഹിച്ചിരുന്നു. അതിന്റെ സ്വാത്രന്ത്ര്യത്തിനായി അവസാനം വരെ യത്നിച്ചിരുന്നു. മദ്രാസ്, ബോംബേ, കൽക്കട്ടാ മുതലായ സ്ഥലങ്ങളിലെല്ലാം പോയി പഠിച്ച്, നമ്മുടെ ആളുകളുടെ സ്ഥിതിവിവരങ്ങൾ ശേഖരിച്ച്, വത്തിക്കാൻ സുനഹദോസിനയക്കപ്പെട്ട ഹെന്ദോയെ സഹായിച്ചു. പഴയ റെയ്ഗാർ അംബികപൂർ മിഷനിലും അദ്ദേഹം ജോലിചെയ്തിട്ടുണ്ട്. നാട്ടിലുള്ള പല ഇടവകകളിലും അദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. കുമ്പസാരാദി പള്ളി ശുശ്രൂഷകളിലും പങ്കെടുത്തിരുന്നു. കഴിയുന്ന സേവനം ആർക്കും ചെയ്തുകൊടുക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

അദ്ദേഹം ചരിത്ര സ്നേഹിയും പുസ്തക സ്നേഹിയുമായിരുന്നു. ധാരാളം പുസ്തകങ്ങളും മാസികകളും വായിക്കയും ശേഖരിക്കയും

www.malankaralibrary.com

ചെയ്തിരുന്നു. ഒരു കണ്ണ് തിമിരത്തിന് ഓപ്പറേഷൻ ചെയ്ത ശേഷവും വായന കുറച്ചില്ല. പത്രങ്ങളുടെയും മാസികകളുടെയും കട്ടിംഗ്സിന്റെയും പുസ്തകങ്ങളുടെയും ഇടയിലായിരുന്നു ഉറങ്ങിയിരുന്നത്. (കട്ടിലിൽ പോലും അവ വച്ചിരുന്നു.)

സഭയിലെ ആദിപിതാക്കന്മാരെ അനുകരിച്ച്, നിഷ്പാദുകനായാണ് ചൂടുകാലത്തും ടാറിട്ട റോഡിൽ കൂടെയും നടന്നിരുന്നത്. ളോവയും അത്തരത്തിലുള്ളതാണു ധരിച്ചിരുന്നത്. (അവസാനകാലത്തു കുറച്ചുനാൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം പുറത്തു പോകുമ്പോൾ വള്ളിച്ചെരിപ്പു ധരിച്ചിരുന്നു.)

പഴയ തോട്ടക്കരവീട് തികച്ചും ഒരു ചരിത്ര സ്മാരകമാണ്. പാണ്ടിപ്പറയരുടെ ആക്രമണങ്ങളിൽ നിന്നു രക്ഷപെടുവാൻ, അവർ തീപ്പന്തങ്ങളെറിഞ്ഞാലും അപകടം ഭവിക്കാതെ തട്ടിനു മണ്ണിന്റെ സംരക്ഷണമുണ്ടായിരുന്നു. താഴെ ഒളിച്ചിരിക്കാൻ നിലവറയും ശത്രു അകത്തെത്തിയാൽ അകലെ ചെന്നിറങ്ങാൻ അടുത്ത പറമ്പിൽ തുറവിയും ഉണ്ടായിരുന്നു. അടുത്തകാലത്ത് അതടച്ചു കളഞ്ഞു. ഏതാണ്ട് ആയിരം വർഷം പഴക്കമുള്ള അറയും പുരയുമാണത്. മൈലക്കൊമ്പുമാപ്പിളയെന്നപേരിൽ തൊടുപുഴയടുത്തുള്ള മുതലക്കോടത്തു നിന്നാണു പണ്ട് സാഹചര്യ സമ്മർദ്ദത്താൽ അരുവിത്തുറെ വന്നു താമസം തുടങ്ങിയത്. അതിനു ശേഷം പൂഞ്ഞാറിലേയ്ക്കു മാറി, ഇപ്പോൾ പ്രൈമറി (മിഡിൽ) സ്കൂളിരിക്കുന്ന സ്ഥലത്തു വീടുവച്ചത്. ബന്ധുമിത്രാദികളുടെ സഹായത്തോടേ, ഭരണങ്ങാനത്തുനിന്ന് അച്ചനെ (മഫ്റ്റിയിൽ- അരുവിത്തുറക്കാർ എതിർക്കാതെ) കൊണ്ടു വന്ന് പള്ളിയും തുടങ്ങി. ആവീടുനശിപ്പിക്കപ്പെട്ടപ്പോഴാണ് തോട്ടിനക്കരെ ( ഇപ്പോഴത്തെ) വീടു വച്ചു തോട്ടക്കരയെന്നറിയപ്പെടാൻ തുടങ്ങിയത്.

മുത്തോലി ആശ്രമത്തിൽ ബോർഡിംഗ് റക്ടറായും പാലാ സെന്റ് വിൻസെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകനായും കൂത്താട്ടുകുളത്തെ പഴയ പാരലൽ കോളേജിൽ പ്രൊഫസറായും ജോലിചെയ്തിട്ടുണ്ട്.

ഇവിടെ (പൂഞ്ഞാർ) ഒരു പബ്ലിക്ക് ലൈബ്രറി തുടങ്ങാനും ബോസ്കോച്ചനാഗ്രഹമുണ്ടായിരുന്നു. അതിനായും പുസ്തകങ്ങൾ ശേഖരിച്ചിരുന്നു. അതിനായി കെട്ടിടവും നടത്താനാളും മറ്റും ആവശ്യമായിരുന്നതിനാൽ അതു നടപ്പായില്ല. അപൂർവ്വ പുസ്തകങ്ങളും ചരിത്ര രേഖകളും കണ്ടാൽ അവയുടെ ഫോട്ടോസ്റ്റാറ്റെങ്കിലും സമ്പാദിക്കുമായിരുന്നു. തോമ്മാശ്ലീഹായുടെ


www.malankaralibrary.com

സെന്റിനറി സമീപിച്ചപ്പോൾ അദ്ദേഹം പള്ളി സ്ഥാപിച്ചതായി പറയപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും മലയാറ്റൂരിലും (എന്നെയും കൊണ്ടുപോയി) ഫോട്ടോ എടുപ്പിച്ചു സൂക്ഷിച്ചു.

നമ്മുടെ ആരാധനക്രമാദികൾ സംബന്ധിച്ച് നല്ല ലേഖനങ്ങളെഴുതിയവർക്ക് നസ്രാണി നവജീവ പരിഷത്തിന്റെ പേരിൽ പ്രോത്സാഹന സമ്മാനങ്ങൾ നൽകിയിരുന്നു.

www.malankaralibrary.com

# അവതാരിക



കൂനമ്മാക്കൽ
തോമ്മാക്കത്തനാർ

കരിയാറ്റിയൗസേപ്പ് മെത്രാപ്പോലീത്താ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, തച്ചിൽ മാത്തു തരകൻ, കുടക്കച്ചിറ അന്തോനി കത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ, പ്ലാസിഡ് അച്ചൻ എന്നിവരുടെ പിൻഗാമിയായി ഗുരുയോഹെന്ദ് എന്നറിയപ്പെടുന്ന ജോൺ ബോസ്ക്കോ തോട്ടക്കര അച്ചൻ, പുന്നൂസ് എന്ന മാമ്മോദീസാപ്പേരിലും അറിയപ്പടുന്നു. മാർ ത്തോമ്മാ നസ്രാണികളുടെ ഐക്യത്തിനും ഉയർത്തെഴുന്നേൽപിനുംവേണ്ടി ആജീവനാന്തം പടപൊരുതിയ അദ്ദേഹം "എട്ടാമത്തെവ്യാകുലം" എന്നും അറിയപ്പെടുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ നാട്ടുമെത്രാൻമാരെ കിട്ടുവാൻ വേണ്ടി റോമായിലേയ്ക്കെഴുതി എന്ന കാരണത്താലാണല്ലോ ഏഴുവ്യാകുലങ്ങൾ സി. എം. ഐ. സഭയിൽനിന്ന് പുറത്താക്കപ്പെടുന്നത്. മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ടാ, തുടങ്ങിയ സ്ഥലങ്ങളിൽ പോയി പാർക്കുന്ന സീറോ മലബാർ അംഗങ്ങൾക്കുവേണ്ടി മെത്രാൻമാരെ നിയമിക്കുക എന്ന് ആദ്യം ആവശ്യപ്പെട്ടത് ഫാ. ജോൺ ബോസ്കോ സി.എം.ഐ. ആണ്. സിറോ മലബാർ സഭയ്ക്കുവേണ്ടി ഒരു പാത്രിയർക്കീസിനെ അഥവാ ഏറ്റം കുറഞ്ഞ പക്ഷം ഒരു മേജർ മെത്രാപ്പോലീത്തായെ എങ്കിലും നിയമിക്കുക എന്നാവശ്യപ്പെട്ടതും വേറാരുമല്ല. സീറോ മലബാർ സഭയ്ക്ക് ഇന്ത്യയിലുടനീളം പ്രേഷിത വേല ചെയ്യാൻ അനുവദിക്കുക എന്നാവശ്യപ്പെട്ടതും അദ്ദേഹംതന്നെ.

www.malankaralibrary.com

പറങ്കികൾ വരുന്നതുവരെ അഖിലേന്ത്യാ മെത്രാപ്പോലീത്തായുടെയും അഖിലേന്ത്യാ അർക്കദിയാക്കോന്റെയും കീഴിൽ കഴിഞ്ഞിരുന്ന മാർതോമ്മാ നസ്രാണികളെ മദ്ധ്യകേരളത്തിന്റെ ചെറിയ കോണിൽ ചവിട്ടിക്കൂട്ടിയിട്ട് ഒരു ശ്ലൈഹികസഭയെ ഇല്ലാതാക്കുന്നതിനെതിരെ ദൈവം അയച്ച പ്രവാചകനാണ് അദ്ദേഹം. ചിതറിപ്പോയ മാർത്തോമ്മാ നസ്രാണികളെ ഒന്നിച്ചുകൂട്ടാൻ പടപൊരുതിയ ഒറ്റയാൾ പട്ടാളമായിരുന്നു അദ്ദേഹം. കർദിനാൾ ടിസ്റാങ്ങും, പ്ലാസിഡ് അച്ചനുംകുടി 1952-ൽ പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിൽ അടിമത്തത്തിൽ ഇട്ടിരുന്ന സീറോമലബാർ സഭയുടെ കഴുത്തിലെ ചങ്ങല പൊട്ടിച്ചെറിഞ്ഞു. പറങ്കി പക്ഷപാതികൾ ഇടതടവില്ലാതെ പരാതിപ്രളയങ്ങൾ റോമയിലേയ്ക്ക് ഒഴുക്കികൊണ്ടിരുന്നു. ഇവയൊക്കെ പ്ലാസിഡ് അച്ചന്റെ വിശ്വസ്ത ശിഷ്യനായ ബോസ്ക്കോ അച്ചനെ പിടിച്ചു കുലുക്കി. 1960-61 വർഷങ്ങളിൽ അംബികാപ്പൂർ മിഷൻ നടത്താൻ വേണ്ടി ഫാദർ ബോസ്ക്കോ, ഫാദർ ദീയെഗോ, ഫാദർ വിയാനി എന്നീ മൂന്നു സി. എം. ഐ വൈദികരെ ആ സ്ഥലത്തെ ലത്തീൻ മെത്രാൻ ക്ഷണിച്ചുവരുത്തി. എന്നാൽ ചുരുങ്ങിയ കാലഘട്ടം കൊണ്ട് അവർ ചെയ്തു തീർത്ത കാര്യങ്ങൾ കണ്ട് കർദ്ദിനാൾ വലേരിയൻ ഗ്രാഷ്യസ് പോലും അവരെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു. 'ഞങ്ങൾ ലത്തീൻകാർക്ക് ഇരുപ ത്തഞ്ചുകൊല്ലം കൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യം നിങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ ചെയ്തു തീർത്തിരിക്കുന്നു". സിറോ മലബാർ സഭയെ ഇന്ത്യയിലുടനീളം മിഷൻ പ്രവർത്തനത്തിനു വിട്ടാൽ ഇന്ത്യയിൽ ലത്തീൻ സഭ വേരുപിടിക്കുക ഇല്ലന്ന് മനസ്സിലാക്കി അംബികാപ്പൂർ മിഷൻ നിർത്തികളഞ്ഞു. അതിനു പകരം ചാന്ദാ മിഷൻ ചില നല്ല ലത്തീൻ മെത്രാൻ മാരുടെ താൽപര്യപ്രകാരം സീറോമലബാർ സഭയ്ക്കു വിട്ടുകൊടുത്തു. തലശേരി രൂപത സ്ഥാപനം മുതൽ ബോസ്ക്കോ അച്ചനിൽ ആളിക്കത്തി ക്കൊണ്ടിരുന്ന സഭാസ്നേഹവും അഭിമാനബോധവും സഭൈക്യചിന്തകളും മൂർത്തരൂപം പ്രാപിച്ചു അതാണ് 'നസ്രാണി നവജീവ പരിഷത്ത്' "Hendo The church of India" '1964 ഒക്ടോബർ 18-ാം തീയതി രണ്ടാംവത്തിക്കാൻ കൗൺസിലിൽ ബോംബുപോലെ ചെന്നു വീണു. ഇന്ത്യയിൽ എന്താണുനടക്കുന്നതെന്നു കൗൺസിലിൽ ചർച്ചാവിഷയമാക്കുവാൻ ഇതിടയാക്കി. Orientalium Ecclesiarum എന്ന പ്രമാണരേഖയുടെ രൂപീക രണത്തിന് അങ്ങനെ പൂഞ്ഞാറുകാരൻ പുന്നൂസ് അർക്കദിയാക്കോൻ പങ്കാളിയായി. ഈ പുന്നൂസിനെ എനിക്കു പരിചയപ്പെടണം എന്നു പറഞ്ഞ് കൊണ്ട് ജർമ്മൻ പണ്ഡിതനായ Johannes Madey പ്ലാസിഡ് അച്ചനെ സമീപിച്ചു. ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഇതു ചർച്ചാവിഷയമായി. കർദിനാൾ വലേരിയൻ ഗ്രേഷ്യസിന്റെ കീഴിൽ ഇന്ത്യ യിലെ കുറെ ലത്തീൻ മെത്രാൻമാരും നവജീവപരിഷത്തിനെതിരെ പടയൊ

www.malankaralibrary.com

രുക്കം ആരംഭിച്ചു. അവരുടെ സ്വാധീനത്തിൽപ്പെട്ട അന്നത്തെ, സി. എം. ഐ. അധികാരികൾ വിറപൂണ്ടു. എരിതീയിൽ എണ്ണയൊഴിച്ചുകൊണ്ട് അന്ന് ഇന്ത്യയിലെ പേപ്പൽ ഇന്റർനൂൺഷ്യോ റോബർട്ട് നോക്സ് 1965 ഒക്ടോബർ മാസം 12-ാം തീയതി ബോസ്ക്കോ അച്ചനെതിരെ ശിക്ഷയുടെ വാളുയർത്തി. "സഭയുടെ അടിത്തറ നിഷേധിക്കുന്ന ഈ ബോസ്ക്കോ ശിക്ഷിക്കപെടണം സഭയുടെ അടിസ്ഥാനമിട്ട അതിന്റെ സ്ഥാപകന്റെ ദൈവത്വം അയാൾ നിഷേധിച്ചിരിക്കുന്നു. അതുകൊണ്ട് അയാൾ ഒരു ക്രിസ്ത്യാനിയല്ല." ഇതിനിടെ ഹെന്ദോ രണ്ട്, ഹെന്ദോമൂന്ന്, എന്ന പേരിൽ വിജയപുരത്തെ ഒരു വൈദീകൻ നവജീവപരിഷത്തിന്റെ പേരിൽ എറണാകുളത്തുനിന്നും രണ്ട് രേഖകൾ പ്രസിദ്ധപ്പെടുത്തി. അതിന്റെയും ഉത്തരവാദിത്തം ബോസ്ക്കോ അച്ചന്റെ മേൽ ചുമത്തി. 1966 ഡിസംബർ 21-ാം തീയതി അന്വേഷണവും തെളിവെടുക്കലും വിചാരണയും കൂടാതെ അന്നത്തെ സി.എം. ഐ പ്രീയോർ ജനറാൾ ബോസ്കോ അച്ചനെ ഏകാന്തത്തടവിനു ശിക്ഷിച്ചു. ആ ശിക്ഷാ രേഖയുടെ കോപ്പി കർദിനാൾ Testa, കർദിനാൾ Agagianian, കർദിനാൾ Valerian gracious അപ്പസ്തോലിക്ക് ഇന്റർന്യൂൺഷ്യോ, ഇന്ത്യയിലെ ലത്തിൻ ആർച്ചുബിഷപ്പുമാർ, ബിഷപ്പുമാർ എന്നിവർക്കും സി.എം ഐ സഭയിലെ എല്ലാ സുപ്പീരിയർമാർക്കും അയച്ചു കൊടുത്തു. 1967 ഫ്രെബ്രുവരി മാസം 6-ാം തീയതി ബോസ്കോ അച്ചന്റെ പ്രസിദ്ധമായ മറുപടി സി. എം ഐ അധികൃതർക്കു സമർപ്പിച്ചു. അതിന്റെ കോപ്പി തന്റെ ശിക്ഷാ രേഖ അയച്ചുകൊടുത്തുരുന്ന സകലർക്കും ബോസ്ക്കോ അച്ചൻ അയച്ചതോടെ വാദി പ്രതിയാകും എന്ന നില വന്നു. അതിനിടെ റോമയിൽ നിന്നു പ്ലാസിഡ് അച്ചനെ ഏകാംഗ ക്കമ്മീഷനായി അയച്ചു. പ്ലാസിഡ് അച്ചൻ ബോസ്കോ അച്ചനിൽനിന്നും കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി റിപ്പോട്ടു കൊടുത്തു. അതോടെ ആ പ്രശ്നം അവിടെ അവസാനിച്ചു. സി. എം.ഐ ക്കാർക്ക് അനുവദിച്ചിരിക്കുന്ന ഛാന്ദായിൽ ആരെയാണ് മെത്രാനാക്കേണ്ടത് എന്ന് പ്ലാസിഡ് അച്ചനോട് അന്നത്തെ സി.എം ഐ അധികൃതർ ചോദിച്ചു. അതിനു പ്ലാസിഡ് അച്ചന്റെ മറുപടി ഇപ്രകാരം ആയിരുന്നു. 'ഛാന്ദായിൽ ആരെ മെത്രാനാക്കിയാലും വേണ്ടില്ല മെത്രാഭിഷേകം നടക്കുന്ന വേദിയിൽ ബോസ്ക്കോ അച്ചന്റെ ഒരു പ്രതിമയുണ്ടാക്കി വയ്ക്കണം എന്നിട്ട് അതിന്റെ മുൻപിൽ വച്ചു നിങ്ങൾക്കാരെ വേണമെങ്കിലും അഭിഷേകം ചെയ്യാം."

വത്തിക്കാൻ കൗൺസിൽ കഴിഞ്ഞ ഉടനെ സീറോമലബാർ സഭയ്ക്ക് ഒരുപാത്രീയർക്കീസിനെ തിരഞ്ഞെടുക്കാൻ അന്നത്തെ സീറോമലബാർ മെത്രാൻമാരോട് ആവശ്യപ്പെട്ടു. ഇപ്പോൾ അതുവേണ്ടാ എന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ കാവുകാട്ടു പറഞ്ഞു. ഇപ്പോൾത്തന്നെ തിരഞ്ഞെടുപ്പുകൂടാതെ എല്ലാവരും ഏകാഭിപ്രായത്തോടെ നിർദ്ദേശിക്കുന്നതു വരെ

www.malankaralibrary.com

അതുമാറ്റിവയ്ക്കാം എന്ന് വീണ്ടും മാർകാവുകാട്ട്. അതുവേണ്ട ഇപ്പോൾത്തന്നെ തിരഞ്ഞെടുപ്പുനടത്താം എന്നായി മാർ പാറേക്കാട്ടിൽ. അങ്ങനെ കാര്യം വോട്ടിനിട്ടു ഒന്നാം റൗണ്ടിൽ മാർ കാവുകാട്ടിന് മൂന്നു വോട്ടും മാർ പാറേക്കാട്ടിലിന് രണ്ടുവോട്ടുംകിട്ടി. രണ്ടാം തവണയും വോട്ടിനിട്ടപ്പോൾ ഫലം അതുതന്നെ. രണ്ട്‌വോട്ടെടുപ്പിലും മാർകാവുകാട്ട് വോട്ടുചെയ്തില്ല. അതുകഴിഞ്ഞപ്പോൾ ശരി, അഭിപ്രായ ഐക്യം ഉണ്ടാകുന്ന കാലത്തു മതി എന്നു പാറേക്കാട്ടിലും സമ്മതിച്ചു. ബോസ്ക്കോ അച്ചൻ ആവശ്യപ്പെട്ടകാര്യങ്ങൾ പലതും ഫലപ്രാപ്തിയിൽ എത്തുന്നതു കാണുവാൻ അദ്ദേഹത്തിനു സാധിച്ചു. കേരളത്തിനു പുറത്തു രൂപതകളും മിഷൻ സ്റ്റേഷനുകളും സീറോമലബാർ സഭയ്ക്കു മേജർ ആർച്ചുബിഷപ്പും ഉണ്ടായപ്പോൾ എങ്കിലും ബോസ്ക്കോ അച്ചന്റെ ഗുരുനിർദ്ദേശിച്ച പ്രതിമ ഉണ്ടാക്കാമായിരുന്നു. 1957 മുതൽ പരിഷത്ത് രൂപം കൊണ്ടിരുന്നു. 1958 നവംബർ 21,1961 നവംബർ 21, 1962 നവംബർ 21 എന്നീ വർഷങ്ങളിൽ പുറത്തു വന്ന പരിഷത്ത് രേഖകൾ സാമുദായികം, സാംസ്കാരികം, സാമ്പത്തികം, രാഷ്ട്രീയം എന്നിങ്ങനെ പല മേഖലകളായി തിരിച്ചാണ് മാർത്തോമ്മാ നസ്രാണികളുടെ ഉയർത്തെഴുന്നേൽപ് ബോസ്ക്കോ അച്ചൻ വിഭാവന ചെയ്തത്. നസ്രാണി എന്ന പേരിൽ ഏതാനും വാല്യങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സമുദായ ബോധവും ഐക്യചിന്തയും നഷ്ടപ്പെട്ട് നേതൃത്വത്തിന്റെ വികല വീക്ഷണങ്ങളിൽപ്പെട്ടു കഴിയുന്ന അഖിലേന്ത്യാ മലങ്കര മാർതോമ്മാ നസ്രാണികൾക്കുവേണ്ടി നീധീരിക്കൽ മാണിക്കത്തനാരെപ്പോലെ ആജീവനാന്തം പരിശ്രമിച്ച നിഷ്ക്കളങ്കനും നിർമലനും വിശുദ്ധനും ആയ ആ ധീര പോരാളിയെ മനസ്സിലാക്കുവാനോ അംഗീകരിച്ച് ആദരിക്കുവാനോ അധികമാരും മുന്നോട്ടു വരാത്തത് ലജ്ജാകരം തന്നെ. 1996 ൽ അദ്ദേഹം കൂത്താട്ടുകുളം ആശ്രമത്തിൽ താമസിക്കുന്ന കാലത്ത് പൗരസ്ത്യസുറിയാനി പാരമ്പര്യത്തെ പഠിക്കാനും അതനുസരിച്ചു ജീവിക്കാനും വേണ്ടി എവിടെ എങ്കിലും ഒരു ദയറ സ്ഥാപിക്കുന്ന കാര്യം ചർച്ച ചെയ്തു. കടനാട്ടിൽ പാറേമാക്കൽ അച്ചൻ ജനിച്ച വീട്ടിൽ വച്ചും രാമപുരം പഴയ പള്ളിയിലുള്ള ഗോവർണ്ണദോർ അച്ചന്റെ കബറത്തിൽ വച്ചും. 1992 മാർച്ചുമാസം 20-ാം തീയതി അത് ആരംഭിച്ചു. ബോസ്ക്കോ അച്ചനും എമ്മാനുവൽ തെള്ളിയിൽ അച്ചനും ഇത് എഴുതുന്ന ആളും പിന്നെ കുറെ വൈദികരും അൽമായരും അവിടെ ഉണ്ടായിരുന്നു. 7-5-1996 ൽ അച്ചൻ കൂത്താട്ടുകുളത്ത് ആശ്രമത്തിൽ ആയിരിക്കവെ ലഭിച്ചതും തിയതി എഴുതുവാൻ വിട്ടുപോയതുമായ എന്റെ ഒരു കത്തിന്റെ ഫോട്ടോ കോപ്പി എന്റെ കൈവശം എത്തിച്ചേർന്നു. അതിന്റെ തുടക്കം ഇങ്ങനെ ആയിരുന്നു. "മാർത്തോമ്മാ നസ്രാണികളുടെ ധീരയോദ്ധാവും ആചാര്യൻമാരുടെ മണിമകുടവും റമ്പാൻമാരുടെയും മൽപാൻമാ

www.malankaralibrary.com

രുടെയും അവശേഷിക്കുന്ന കണ്ണിയുമായ ഗുരു യോഹെന്ദിനും ഒരു വിനീത ശിഷ്യന്റെ നമസ്ക്കാരം." 1966 ൽ എം.ഒ. ജോസഫ് നെടുംകുന്നത്തിനും 1984ൽ ഫാദർ തോമസ് നങ്ങച്ചിവീട്ടിലിനും 1992 ൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയ്ക്കും 1997 ൽ വി. എം. ജോസഫ് വെള്ളാപ്പാട്ടുകുന്നേലിനും നവജീവപരിഷത്ത് "അസ്ലേത്താദ് ഹെന്ദോ (ഇന്ത്യയുടെ വിജയ ശ്രീലാളിതനായ ധീര പോരാളി) എന്ന ബഹുമതി പരിഷത്ത് സമ്മാനിച്ചിട്ടുണ്ട്. ബോസ്ക്കോ അച്ചന്റെ കൈവശമുണ്ടായിരുന്ന പരിഷത്ത് രേഖകളും സുറിയാനി ഗ്രന്ഥങ്ങളും ആശ്രമത്തിൽ നിന്നും എന്നെ ഏൽപിച്ചിട്ടുണ്ട്. ഒട്ടേറെ രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ട്. മ്യൂസിയത്തിൽ സൂക്ഷിക്കേണ്ട കുറെ വസ്തുവകകളും അക്കൂട്ടത്തിലുണ്ട്. മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ മുദ്ര പതിച്ചിട്ടുള്ള സുറിയാനി പുസ്തകങ്ങളെല്ലാം ബോസ് അപ്രേം നസ്രാണി ദയറയിലുണ്ട്. സുറിയാനി ഭാഷാപഠനസഹായി അദ്ദേഹം എഴുതുന്നത് ഈ ലേഖകൻ ആവശ്യപ്പെട്ടിട്ടാണ്. പ്ലാസിഡ് സപ്തതി, മാണിക്കത്തനാർ ശതാഭിഷേകം, പേരുവച്ചും പേരുവയ്ക്കാതെയും ഉള്ള ചില ലേഖനങ്ങൾ ഒക്കെ കണ്ടിട്ടുണ്ട്. സഭയെ ജീവനുതുല്യം സ്നേഹിച്ച, സഭൈക്യത്തിനുവേണ്ടി പോരാടുകയും ആജീവനാന്തം അതിനു വേണ്ടി സഹിക്കുകയും മുഖം നോക്കാതെ അഭിപ്രായങ്ങൾ വെട്ടിത്തുറന്നു പറയുകയും ചെയ്ത അദ്ദേഹത്തെ സഭ മറക്കാൻ പാടില്ല.

1962 ൽ സഭയുടെ പരിശുദ്ധ കുർബാന പരിഷ്ക്കരിച്ചെങ്കിലും മലയാള ഭാഷയിൽ അദ്ദേഹം മരണം വരെ കുർബാന അർപ്പിച്ചിട്ടില്ല. സുറിയാനി ഭാഷയെ അത്രമാത്രം ആദരിച്ച അദ്ദേഹം പല ആശ്രമങ്ങളിലും സുറിയാനി പഠിപ്പിച്ചിട്ടുണ്ട്. നങ്ങച്ചിവീട്ടിൽ അച്ചന്റെ ഏഷ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പ്രസിദ്ധമായ ഗ്രന്ഥം രചിക്കുന്നതിൽ ബോസ്കോ അച്ചൻ വളരെ സഹായിച്ചിട്ടുണ്ട്. "മാർത്തോമ്മാ നസ്രാണികളുടെ പൗരുഷത്തിന്റെ പ്രതീകം" എന്നാണ് നങ്ങച്ചിവീട്ടിൽ അച്ചൻ ബോസ്കോ അച്ചനെപറ്റി പറഞ്ഞിരുന്നത്. പല പള്ളികളിലും അദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ഉജ്ജ്വല വാഗ്മിയായ അദ്ദേഹം കുർബാന മലയാളത്തിലായതോടെ പള്ളികളിൽ പ്രസംഗിക്കുന്നത് നിർത്തി. മാർത്തോമ്മാ നസ്രാണികളുടെ പൂർവകാല പ്രതാപവും ഐശ്വര്യവും ഐക്യവും ശ്ലൈഹിക പൈതൃക പാരമ്പര്യങ്ങളും വീണ്ടെടുക്കുവാൻ വേണ്ടി ബലിയർപ്പിക്കപ്പെട്ട ഉത്തമ സന്യാസിയാണ് അദ്ദേഹം. അഖിലേന്ത്യാ സഭയ്ക്ക് അഖിലേന്ത്യാ മെത്രാപ്പോലീത്തായും അഖിലേന്ത്യാ അർക്കദിയാക്കോസും എത്രയും വേഗം ഉണ്ടാകേണ്ടത് അത്യാവശ്യമാണ് എന്ന് അദ്ദേഹം കൂടെക്കൂടെ പറയുമായിരുന്നു. മാർത്തോമ്മാശ്ലീഹായുടെ മക്കൾ അതായത് മലങ്കര ആണ് ഹെന്ദോയുടെ പൈതൃകമുള്ള ശ്ലൈഹിക സഭയെന്നും അദ്ദേഹം പഠിപ്പിച്ചിരുന്നു. പറങ്കി ശൈലികൾ പിൻതുടരുന്നത് സഭയ്ക്കു ചേർന്നതല്ല എന്ന്

www.malankaralibrary.com

അദ്ദേഹം പറയുമായിരുന്നു. അൽമായരും വൈദികരും തമ്മിൽ വിടവു പാടില്ല കാരണം ഇരുകൂട്ടരും ചേർന്നതാണ് പള്ളിയോഗം. മലങ്കരയോഗം വിളിച്ചുകൂട്ടണമെന്നും അർക്കദിയാക്കോനെ പ്രഖ്യാപിക്കണമെന്നും അദ്ദേഹം പറയുമായിരുന്നു. മാർതോമ്മാ നസ്രാണികളുടെ ഹെന്ദോസഭ യൂറോപ്യൻ രീതിയിലല്ല പോവേണ്ടതെന്ന് മൂർച്ചയോടെ അദ്ദേഹം വാദിച്ചിരുന്നു. ഈ സഭ മെത്രാനേയും വൈദികരേയും കേന്ദ്രീകരിച്ചല്ലെന്നും മറിച്ച് പള്ളിയോഗ കേന്ദ്രീകൃതമണെന്നും അദ്ദേഹത്തിന് ഉറച്ച ബോധ്യം ഉണ്ടായിരുന്നു. കൈയ്യിൽ കിട്ടിയ അധികാരം കളഞ്ഞു കുളിക്കാനും പങ്കുവയ്ക്കാനും ആരാണ് ഇനി തയ്യാറാവുക? നസ്രാണികൾ സുറിയാനി പാരമ്പര്യത്തിൽ നിന്നാണു വളർന്നു വരേണ്ടതെന്ന് കൂടെക്കൂടെ പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പ്രവാചക സ്വരം കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

ഇതുപോലൊരു ഗ്രന്ഥം നമ്മുടെ നാടിനും സഭയ്ക്കും സമുദായത്തിനും വേണ്ടി തയ്യാറാക്കിയ കച്ചിറമറ്റം ജോൺസാറിനെ മലയാളികൾക്കും മാർതോമ്മാ നസ്രാണികൾക്കും ആരും പരിചയപ്പെടുത്തേണ്ടതില്ല. കഴിഞ്ഞ അറുപതുവർഷങ്ങളായി മാർതോമ്മാ നസ്രാണികൾക്കിടയിൽ തിളങ്ങി വിളങ്ങുന്ന സഭാതാരമാണ് അദ്ദേഹം. മുപ്പത്തഞ്ചിൽ അധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും കൈരളിക്കു കിട്ടിയിട്ടുണ്ട്. സഭയ്ക്കും സമുദായത്തിനും വേണ്ടി ആദ്യം ഉയർന്നു കേൾക്കുന്ന ശബ്ദം അദ്ദേഹത്തിന്റേതാണ്. അനീതിയും അക്രമവും തേജോവധവും ദുഃഷ്പ്രചാരണവും നസ്രാണികൾക്കെതിരെ ഉയരുമ്പോൾ ആദ്യം പ്രതികരിക്കുന്നത് അദ്ദേഹമാണെന്ന് ആർക്കും അറിയാം. കഴിഞ്ഞ നാനൂറുവർഷങ്ങളായി ഇന്ത്യയിലെ നസ്രാണി സമൂഹത്തിനു വന്ന പരിവർത്തനങ്ങളേയും വീഴ്ച താഴ്ചകളേയും ചരിത്ര പുരുഷൻമാരെയും സ്മൃതിപഥത്തിൽ കൊണ്ടുവരുന്നത് അദ്ദേഹത്തിന്റെ രചനകളാണെന്നത് അഭിമാനകരം തന്നെ. പ്രതിഫലേച്ഛകൂടാതെ അംഗീകാരത്തിനും അവാർഡിനും വേണ്ടി ആരുടേയും വാതിൽക്കൽ കാത്തുനിൽക്കാതെ പ്രതിഭാശാലിയായ, സഭാസ്നേഹിയായ, സമുദായ വക്താവായ അദ്ദേഹത്തിന്റെ സ്വരം ആർക്കും അവഗണിക്കാനാവില്ല. അദ്ദേഹത്തെപ്പോലുള്ള ഒരു പറ്റം പേർ ഇന്നുണ്ടായിരുന്നു എങ്കിൽ എന്ന് ആശിച്ചുപോകുന്നു. ആദരവോടും തികഞ്ഞ നന്ദിയോടും അഭിമാനബോധത്തോടും കൂടെ അദ്ദേഹത്തിന്റെ ഈ കൃതി വായനക്കാരുടെ മുമ്പിൽ അവതരിപ്പിച്ചു കൊള്ളുന്നു.

കുറവിലങ്ങാട്
18/10/2013

**കൂനമ്മാക്കൽ തോമ്മാക്കത്തനാർ**
ബേസ് അപ്രേം
നസ്രാണി ദയറ

www.malankaralibrary.com

# 1. അവർ വിപ്ലവകാരികൾ

സാമൂഹ്യവും സാംസ്കാരികവും മതപരവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾക്ക് വഴിതെളിച്ച പല വിപ്ലവകാരികളും നമ്മിൽ നിന്നും വേർപെട്ട് പോയിട്ടുണ്ട്. അവർ വെട്ടിത്തെളിച്ച വിപ്ലവർമാർഗ്ഗങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാൻ അന്നത്തെ തലമുറക്ക് സാധിച്ചിട്ടില്ല. അവരുടെ മരണശേഷവും അവരുടെ മഹിമ ഉയർത്തിക്കാട്ടാൻ ആരുംതന്നെ ശ്രമിച്ചിട്ടില്ലെന്നുള്ളത് പ്രത്യേകം സ്മരണീയമാണ്.

ശ്രീ. വെങ്കുളം പരമേശ്വരൻപിള്ള എഴുതിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിക്കട്ടെ (വേലുത്തമ്പി ദളവാ പേജ് 14, 16) "ശാശ്വതമായി യശസ്സ് മാർജ്ജനം ചെയ്ത ജനപരമ്പരയുടെ വർദ്ധിതാദര ഭക്തിബഹുമാനങ്ങൾക്ക് പാത്രീഭൂതരായിത്തീർന്നിട്ടുള്ള പലരും ജനങ്ങളുടെയോ അധികാരശക്തിയുടെയോ അബദ്ധ ധാരണകളും അവഹേളനങ്ങളും നിമിത്തം ഘോരവിപത്തിൽപ്പെട്ടു മരണം പ്രാപിച്ചിട്ടുണ്ടെന്നുള്ളതിന് ലോകചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്. മഹാത്മാക്കളിൽ പലരുടെയും മഹിമാവിശേഷം അവരുടെ ജീവിതകാലത്ത് യഥാർഹം പ്രത്യക്ഷപ്പെടുന്നതിന് സംഗതി ആയിട്ടില്ല.

ലോകോദ്ധാരണത്തിനായി അവതരണം ചെയ്ത കാരുണ്യവാരാന്നിധി ക്രിസ്തുദേവൻ കുത്സിത മാനസരുടെ തന്ത്രപ്രയോഗങ്ങൾ നിമിത്തം കുരിശിൻ തറച്ചുകൊല്ലപ്പെട്ടു. ജനസാമാന്യത്തിന്റെ സന്മാർഗ്ഗനിഷ്ഠാവർദ്ധന ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന സോക്രട്ടീസ് മതദ്രോഹിയും ദൈവവിശ്വാസരഹിതനുമാണെന്ന് ഗണിക്കപ്പെട്ടതിനാൽ ആ വിശിഷ്ട പുരുഷൻ വിഷപാനം ചെയ്ത് ദിവംഗതനാകേണ്ടി വന്നുചേർന്നു. ആംഗലേയരുടെ അക്രമണങ്ങളിൽ നിന്ന് മാതൃഭൂമിയെ രക്ഷിച്ച ജോവാൻ എന്ന തരുണീമണിക്ക് ഒരു ദുർമ്മന്ത്രവാദിനിയാണെന്നുള്ള ഇംഗ്ലീഷുകാരുടെ വിധിപ്രഖ്യാപനം നിമിത്തം തീയിലെരിഞ്ഞ് ചാകേണ്ടതായി വന്നു. യൂറോപ്പുഭൂഖണ്ഡം മുഴുവൻ ക്ഷേമം വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ പരിശ്രമം ചെയ്തുകൊണ്ടിരുന്ന വീരശിഖാമണി നെപ്പോളിയൻ ബോണപ്പാർട്ട് ഇംഗ്ലീഷുകാരുടെ തടവുകാരനായി അകപ്പെട്ട് കാലലയം പ്രാപിച്ചു. ഇങ്ങനെ നോക്കിയാൽ സദുദ്ദേശത്തോടുകൂടി ജനക്ഷേമാർത്ഥം പ്രവർത്തിച്ചിട്ടുള്ള എത്ര മഹതീ മഹാന്മാരാണ് തങ്ങളുടെ ഉദ്ദേശങ്ങൾ സാധിച്ചും പലരും സാധിക്കാതെയും മരണംപ്രാപിച്ചുപോയതായി കാണ്മാനിടവരുന്നത്."

www.malankaralibrary.com

യേശുദേവൻ മരണത്തിനുശേഷം മൂന്നാംനാൾ ഉയർത്തെഴുന്നേറ്റു. ലോകത്തിന്റെ മുഴുവൻ ആരാദ്ധ്യപുരുഷനായി. സോക്രട്ടീസിനെയും ജോവാൻ ഓഫ് ആർക്കിനെയും ലോകം മുഴുവൻ അവരുടെ മരണശേഷം ബഹുമാനിച്ചു. ഇംഗ്ലീഷുകാരുടെ തടവുകാരനായിത്തീർന്ന നെപ്പോളിയന്റെ മഹത്വം ഫ്രഞ്ചു ജനത പിൽക്കാലത്ത് മനസ്സിലാക്കുകയും അദ്ദേഹത്തിന് ദേശീയ ബഹുമാനം നല്കുകയുംചെയ്തു.

ഇന്ത്യയുടെ സാമൂഹ്യപുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ച രാജാറാംമോഹൻ റോയിയെ തന്റെ ജീവിതകാലത്ത് കുടുംബവും സമുദായവും ബഹിഷ്കരിച്ചു. എങ്കിലും പിൽക്കാലത്ത് ഇന്ത്യയിലെ ഏറ്റം വലിയ സാമൂഹ്യപരിഷ്കർത്താവായി അദ്ദേഹം അംഗീകരിക്കപ്പെട്ടു.

തിരുവിതാംകൂറിലെ ഏറ്റം വലിയ വിപ്ലവകാരിയും പത്രപ്രവർത്തകനുമായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ രാജ്യദ്രോഹക്കുറ്റം ചുമത്തി നാടുകടത്തി. എന്നാൽ അദ്ദേഹത്തിന്റെ മഹത്വം ഏറെതാമസിയാതെ ജനങ്ങൾ മനസ്സിലാക്കി.

രാജ്യദ്രോഹക്കുറ്റം ചുമത്തി കൽത്തുറുങ്കിലടച്ച അക്കാമ്മ ചെറിയാന്റെയും ആനിമസ്ക്രീനിന്റെയും സി. കേശവന്റെയും ആർ.വി. തോമസിന്റെയും പി.റ്റി. ചാക്കോയുടെയും കെ.എം. ചാണ്ടിയുടെയും കമ്മ്യൂണിസ്റ്റുകാരനായ എം.എൻ. ഗോവിന്ദൻ നായരുടെയും ഒക്കെ മഹത്വം അവരുടെ ജീവിതകാലത്തുതന്നെ ജനങ്ങൾ മനസ്സിലാക്കി. മഹാത്മാഗാന്ധിയുടെ അഹിംസാപരമായ സമരമാർഗ്ഗങ്ങളെ പരസ്യമായി എതിർക്കുകയും വിദേശത്ത് അധിവസിക്കുന്ന ഇന്ത്യാക്കാരെ സംഘടിപ്പിച്ച് ഇന്ത്യൻ നാഷണൽ ആർമി രൂപീകരിച്ച് യുദ്ധപ്രഖ്യാപനം നടത്തുകയും ചെയ്ത നേതാജി സുഭാഷ് ചന്ദ്രബോസിനെ ഇന്ത്യൻ ജനത പിൽക്കാലത്ത് ആദരിച്ചു.

എന്നാൽ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച തച്ചിൽ മാത്തുത്തരകന്റെ കാര്യത്തിൽ അതുണ്ടായില്ല. മാത്തുത്തരകന്റെ മഹത്വം ലോകസമക്ഷം അവതരിപ്പിക്കുന്ന കാര്യത്തിൽ മാത്തുത്തരകന്റെ സ്വദേശീയരും സ്വജാതീയരും ഇതുവരെ ഉണർന്നു കഴിഞ്ഞിട്ടില്ല. മാത്തുത്തരകന്റെ മഹത്വം ലോകസമക്ഷം അവതരിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളും അവരുടെ നേതൃത്വവും കുറ്റകരമായ അനാസ്ഥ കാണിച്ചിരിക്കുന്നു. മാത്തുത്തരകനെ ഇന്നും നീചനായ ഒരു നേതാവായി ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന സവർണ്ണ നേതാക്കളുടെയും സവർണ്ണചരിത്രകാരന്മാരുടെയും ശ്രമങ്ങളെ പരാജയപ്പെടുത്തുവാൻ ഇവിടുത്തെ നസ്രാണികൾക്ക് ഇന്നുവരെ സാധിച്ചിട്ടില്ല. തിരുവിതാംകൂറിലെ അവശസമുദായങ്ങളുടെ ഉദ്ധാരണത്തിനായി പ്രവർത്തിച്ച മഹാനാണ് ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ. ചിത്രമെഴുത്ത് കെ.എം. വർഗ്ഗീസ് കുഞ്ഞിത്തൊമ്മനെപ്പറ്റി ഇപ്രകാരം

www.malankaralibrary.com

എഴുതിയിരിക്കുന്നു 'പൗരസമത്വവാദത്തെ മുന്നണിയിൽ നിന്ന് നയിച്ച നേതാക്കന്മാരിൽ ഒരു പ്രമുഖ സേനാനിയായിരുന്നു കുഞ്ഞിത്തൊമ്മൻ. തിരുവിതാംകൂറിലെ അവർണ്ണ സമുദായങ്ങളിൽപ്പെട്ട ഹിന്ദുക്കളും അഹിന്ദുക്കളുമായ അവശസമുദായങ്ങൾക്ക് രാജ്യത്തെ റവന്യൂവകുപ്പിലും പട്ടാളവകുപ്പിലും പ്രവേശനം സിദ്ധിപ്പാൻ-അടക്കപ്പെട്ടിരുന്ന ആ ഉരുക്കു വാതിൽ തകർത്തുപൊളിപ്പാൻ-അദ്ദേഹം രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ സിംഹനാദം മുഴക്കി.... കത്തോലിക്കാസമുദായം എന്നൊന്ന് ഇവിടെയുണ്ടെന്ന് ഈ രാജ്യത്തെ പൗരമണ്ഡലത്തെയും ഭരണാധികാരികളെയും ശരിക്കു ഗ്രഹിപ്പിച്ചതാരാണ്? വെൺകളിയിട്ട പള്ളിക്കു പുറമേ കത്തോലിക്കന്റെ ശബ്ദം ഉയർത്തിയതാരാണ്. കത്തോലിക്കർ ഈ രാജ്യത്തെ പൗരന്മാരാണെന്നും അവർക്കിവിടെ ചില രാഷ്ട്രീയവകാശങ്ങളുണ്ടെന്നും ഇവിടുത്ത ചതഞ്ഞ കത്തോലിക്കന്റെ ഞരമ്പിൽ തീത്തൈലം കുത്തിവച്ച വിദഗ്ദ്ധഭിഷക് ആരായിരുന്നു? കത്തോലിക്കാ സമുദായം മണൽ പൊടിയിൽ നിന്നും ചിറക് കുടഞ്ഞെഴുന്നേൽക്കാൻ അതിന്റെ ചങ്കിൽ ആശയും ആവേശവും ആണത്തവും കുത്തിവച്ച കർമ്മധീരൻ ആരായിരുന്നു? മി. കുഞ്ഞിത്തൊമ്മൻ" ആ കുഞ്ഞിത്തൊമ്മന് ആക്ഷേപകരമായ എത്രയെത്ര ലേഖനങ്ങളാണ് നമ്മുടെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽകൂടി വരുന്നത്. അദ്ദേഹത്തിന്റെ മഹത്വം ഈ തലമുറയെ പഠിപ്പിക്കുന്നതിൽ നാം വിമുഖത കാട്ടിയിരിക്കുന്നു.

നിരവധി മഹൽവ്യക്തികളെ സമൂഹത്തിന് സംഭാവന ചെയ്തിട്ടുള്ള സമൂഹമാണ് ക്രൈസ്തവസമുദായം. വ്യവസായ ഡയറക്ടറും ശാസ്ത്രജ്ഞനും നിർഭയനുമായിരുന്ന ഷെവ. ഐ.സി. ചാക്കോ, പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ഷെവ. പി.ജെ. തോമസ്, മഹാത്മജിയോടും നെഹ്റുവിനോടും ഒപ്പം നിന്ന് പ്രവർത്തിച്ച സ്വാതന്ത്ര്യ സമര സേനാനി ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ചരിത്ര രംഗത്ത് മഹത്തായ സേവനം അനുഷ്ഠിച്ച എം.ഒ. ജോസഫ് തുടങ്ങി എത്രയെത്ര മഹൽ വ്യക്തികളാണ് ഇന്ന് അറിയപ്പെടാതിരിക്കുന്നത്.

ആധുനിക തിരുവിതാംകൂറിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിൽ ഏറ്റം കൂടുതൽ പങ്കുവഹിച്ച ഒരു അതുല്യപ്രതിഭയായിരുന്നു ശ്രീ. എം.എം.വർക്കി. യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ ജീവിതകാലം മുഴുവൻ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനുംവേണ്ടി ജീവിതം അർപ്പിച്ചതിനുശേഷം രോഗിയായി ഏതാണ്ട് എല്ലാവരാലും പരിത്യക്തനായി തിരുവല്ലായിൽ ക്ലാർജിഹോമിൽ കഴിഞ്ഞുകൂടി. പത്രത്തിൽകൂടി എം.എം. വർക്കിയും നിയമസഭയിലൂടെ കുഞ്ഞിത്തൊമ്മനും നടത്തിയ നിരന്തരമായ പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണ് കത്തോലിക്കർ എന്നൊരു സമുദായമുണ്ടെന്ന് സർക്കാർ അംഗീകരിച്ചത്. പബ്ലിക് സർവ്വീസിലും നിയമസഭയിലും

www.malankaralibrary.com

ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യത്തിനുവേണ്ടിയുള്ള സമരമായിരുന്നു പിന്നീടു നടന്നത്. ഇതിലേക്ക് കേരളദാസനിലും, ദാസനിലും യുവഭാരതിയിലും വർക്കി എഴുതിയിട്ടുള്ള മുഖപ്രസംഗങ്ങൾക്കും ലേഖനങ്ങൾക്കും കണക്കില്ല. ലേഖനങ്ങളേക്കാൾ ശക്തമായിരുന്നത് ശ്രീ. വർക്കിയുടെ പട്ടികകളാണ്. സർവ്വീസിൽ പൊതുവെയും ഓരോ ഡിപ്പാർട്ട്മെന്റിൽ പ്രത്യേകിച്ചും ഉള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടികകൾ തുടരെ തുടരെ വർക്കി തന്റെ പത്രത്തിൽ പ്രസിദ്ധം ചെയ്തുപോന്നു. ഇവയിൽ പലപ്പോഴും കത്തോലിക്കരുടെ പേരിനെതിരെ തടിച്ച അക്ഷരത്തിൽ കാണുന്നത് വട്ടപ്പൂജ്യമാണ്. കത്തോലിക്കരോട് കാണിക്കുന്ന അനീതി വ്യക്തമാക്കുവാനും കത്തോലിക്കരുടെ വാദം എത്ര ന്യായയുക്തമാണെന്ന് അന്യസമുദായങ്ങളെ ബോദ്ധ്യപ്പെടുത്താനും ഈ പട്ടികകൾ സഹായിച്ചു. സവർണ്ണ ഉദ്യോഗസ്ഥന്മാരുടെ അനീതികൾ മറച്ചുവച്ചും ക്രൈസ്തവ ഉദ്യോഗസ്ഥന്മാരെ സ്വഭാവഹത്യചെയ്തും അക്കാലത്തെ സവർണ്ണ പത്രങ്ങൾ വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നു. ക്രൈസ്തവ ഉദ്യോഗസ്ഥന്മാരുടെ സ്ഥാനക്കയറ്റം തടയാൻവേണ്ടി കരുതിക്കൂട്ടി നടത്തിയ നീക്കങ്ങളായിരുന്നു അവ. ഇതിനെതിരെ വർക്കി രംഗത്തു വന്നു. അനീതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ തനിനിറം വർക്കി ദാസൻ പത്രത്തിലൂടെ പുറത്തുകൊണ്ടുവന്നു. അതോടൊപ്പം ക്രൈസ്തവ ഉദ്യോഗസ്ഥന്മാരുടെ നിരപരാധിത്വം തെളിയിക്കുകയും ചെയ്തു. സവർണ്ണ ഉദ്യോഗസ്ഥന്മാർക്ക് ഒരു പേടിസ്വപ്നമായിരുന്നു വർക്കി.

വർക്കി യാക്കോബായ സഭയിൽ ആണ് ജനിച്ചത്. മാർ ഇവാനിയോസ് കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിന് ഏഴുവർഷം മുൻപ് വർക്കി കത്തോലിക്കാ സഭയിൽ ചേർന്നു തിരുവിതാംകൂറിന്റെ ചരിത്രം നിർമ്മിക്കുന്നതിലും സ്റ്റേറ്റ് കോൺഗ്രസ്സിനെ കെട്ടിപ്പടുക്കുന്നതിലും നിർണ്ണായക പങ്കുവഹിച്ച അദ്ദേഹത്തെ ഇന്ന് ആരാണ് സ്മരിക്കുക? അദ്ദേഹത്തിന് ഒരു കല്ലറ പോലും തീർത്തുകൊടുക്കുവാൻ നാം തയ്യാറായില്ല.

ഈ ഗതികേട് ക്രൈസ്തവർക്ക് മാത്രമാണ് വന്നുഭവിച്ചിരിക്കുന്നത്. മറ്റെല്ലാ സമുദായങ്ങളും ഉണർന്ന് പ്രവർത്തിക്കുമ്പോഴും ക്രൈസ്തവർ നിദ്രയിലാണ്ടു കഴിയുകയാണ്. ഇതിനൊരു പരിഹാരം കാണേണ്ടതല്ലേ. ഇനി ആദ്ധ്യാത്മിക നേതാക്കളിലേക്ക് നമുക്ക് ഒന്ന് കടന്നുനോക്കാം. പ്രൊപ്പഗാന്താ പാദ്രുവാദോ മേധാവിത്വത്തിൽ നിന്നും സഭയെ രക്ഷിക്കാൻ ശ്രമിക്കുകയും അതിനായി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്ത ആദ്ധ്യാത്മിക നേതാക്കളുടെയും സ്ഥിതിയും മറ്റൊന്നല്ല.

www.malankaralibrary.com

# 2. സീറോ മലബാർ സഭ

ക്രിസ്തുശിഷ്യനായ സെന്റ് തോമസ് ഭാരതത്തിൽ സ്ഥാപിച്ച ഒരു അപ്പസ്തോലിക സഭയാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടേത്. എ.ഡി. 52-ൽ അന്ന് മാർത്തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരിൽ (മുസ്സിരസ്സിൽ) കപ്പലിറങ്ങി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലെ സുവിശേഷപ്രഘോഷണത്തിനും ക്രിസ്തീയ സമൂഹങ്ങളുടെ സ്ഥാപനത്തിനുശേഷം എ.ഡി. 72-ൽ മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിത്വം വഹിച്ചു. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കൊട്ടക്കാവ്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. ഈ പള്ളികൾ എല്ലാംതന്നെ യഹൂദകോളനികൾക്കുള്ളിലോ അടുത്ത സ്ഥലങ്ങളിലോ തന്നെയാണ് സ്ഥാപിക്കപ്പെട്ടത്. ക്രൈസ്തവയുഗാരംഭത്തിനു മുൻപുതന്നെ ദക്ഷിണഭാരതത്തിൽ യഹൂദകോളനികൾ ഉണ്ടായിരുന്നു. സഭാരംഭം മുതൽ തന്നെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ പൂർവ്വസുറിയാനി സഭയുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. സഭാപരവും, ആരാധനാക്രമപരവും ആദ്ധ്യാത്മികവും ആയ പല പാരമ്പര്യങ്ങളും പൂർവ്വസുറിയാനിസഭയുമായി പങ്കുവച്ചുകൊണ്ടിരുന്നു. ഈ കാരണത്താൽ മാർത്തോമ്മാ സഭയെ പൗരസ്ത്യ സുറിയാനി റീത്തിന്റെ കീഴിൽ പരിഗണിക്കപ്പെട്ടുപോന്നു. അതേസമയം തന്നെ മാർത്തോമ്മാക്രിസ്ത്യാനികൾ അവരുടെ വ്യതിരിക്തമായ സ്വഭാവം സഭാഭരണസംവിധാനത്തിലും സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും താപസ-ആദ്ധ്യാത്മിക ജീവിതത്തിലും കാത്തുസൂക്ഷിച്ചു.

എ.ഡി. 345-ൽ സിറിയാ ദേശത്തുനിന്നും കേരളത്തിലേക്ക് ക്നായി തൊമ്മന്റെ നേതൃത്വത്തിൽ ഒരു കുടിയേറ്റം നടന്നു. ആ കുടിയേറ്റത്തിൽ 72 കുടുംബങ്ങൾ പങ്കുകൊണ്ടു. അവർ തങ്ങളുടെ വേറിട്ട അസ്തിത്വം നിലനിർത്തിക്കൊണ്ട് ആരാധനാക്രമത്തിലും ആദ്ധ്യാത്മിക കാര്യങ്ങളിലും സീറോ-മലബാർ സഭയോട് ചേർന്നു നിൽക്കുന്നു. ക്നാനായക്കാർ സഭയുടെ അഭിഭാജ്യഘടകങ്ങളാണ്. 1911-ൽ ക്നാനായക്കാർക്ക് പരിശുദ്ധ പത്താം പിയൂസ് മാർപാപ്പാ ഒരു രൂപത സ്ഥാപിച്ചു.

മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇന്ന് പ്രധാനമായും അധിവസിക്കുന്നത് കേരളത്തിലും ഭാരതത്തിലെ വൻനഗരങ്ങളിലും ആണ്. എന്നാൽ എല്ലാ ഭൂഖണ്ഡങ്ങളിലേക്കും മാർത്തോമ്മാ ക്രിസ്ത്യാനികൾ വ്യാപകമായ കുടിയേറ്റം നടത്തിയിട്ടുണ്ട്. അമേരിക്കയിലെയും ക്യാനഡായിലെയും സീറോ-മലബാർ സഭാംഗങ്ങൾക്ക് ഒരു രൂപത തന്നെ അനുവദിച്ചു കിട്ടിയിട്ടുണ്ട്.

www.malankaralibrary.com

എന്നാൽ ആദിമനൂറ്റാണ്ടിൽതന്നെ ഭാരതത്തിന്റെ മിക്കഭാഗങ്ങളിലും ക്രൈസ്തവസമൂഹം വ്യാപിച്ചുകിടന്നുവെന്നതിന് വ്യക്തമായ തെളിവുകൾ ഇന്ന് ലഭിച്ചിട്ടുണ്ട്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്ന ക്രൈസ്തവസമൂഹം നമുക്കിന്ന് അജ്ഞാതമായ കാരണങ്ങളാൽ അന്യം നിന്നുപോയി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിച്ചിരുന്ന ഈ ക്രിസ്ത്യാനികൾ സമൂഹത്തിൽ ഉന്നത ശ്രേണിയിൽപ്പെട്ടവരും പൊതുവിൽ സമൂഹത്തിന്റെ മുഖ്യധാരയിലുള്ളവരുമായിരുന്നു. ആദിമനൂറ്റാണ്ടിൽ അവരുടെ പ്രധാന തൊഴിലുകൾ, നാട്ടുരാജാക്കന്മാർക്കുള്ള സൈനിക സേവനം, വ്യാപാരം, കൃഷി മുതലായവയായിരുന്നുവെന്ന് കരുതപ്പെടുന്നു." (രാജക്കോട് മെത്രാസന മന്ദിരത്തിൽ നിന്നും പ്രസദ്ധീകരിച്ച സീറോ-മലബാർ സഭ എന്ന ഗ്രന്ഥത്തോട് കടപ്പാട്)

## ഇന്ത്യ മുഴുവൻ വ്യാപിച്ച മാർത്തോമ്മാ സഭയ്ക്ക് എന്തുപറ്റി?

ഫാ. ഹോസ്റ്റന്റെ ഗവേഷണങ്ങളെ അടിസ്ഥാനമാക്കി രചിച്ചതും 1962 നവംബർ 21-ലെ നസ്രാണിയിൽ പ്രസദ്ധീകരിച്ചതുമായ ലേഖനത്തിലെ പ്രസക്തമായ ഭാഗങ്ങളാണ് താഴെ ചേർക്കുന്നത്.

"തോമ്മാശ്ലീഹാ ഇന്ത്യയിൽ പ്രേക്ഷിതപ്രവർത്തി നടത്തിയത് കുറച്ചു കാലമൊന്നുമല്ല. ഏഷ്യയുടെ മറ്റുഭാഗങ്ങളിൽ വേലചെയ്യാൻ പലകൊല്ലങ്ങൾ എടുത്തെന്നുകരുതിയാൽ കൂടെ, ഇൻഡ്യയിൽ വന്നിറങ്ങിയെന്നു കരുതുന്ന 52-നും മരണമടഞ്ഞ 72-നും ഇടയ്ക്കുള്ള 20 കൊല്ലത്തിൽ നല്ലൊരു ഭാഗമെങ്കിലും ഇൻഡ്യയിൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. അങ്ങനെ ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു വളർത്തിയെടുത്ത ക്രൈസ്തവ സമൂഹങ്ങളെല്ലാം എവിടെപ്പോയി? ഇപ്പോൾ ചിലർ കരുതിപ്പോരുന്നതു പോലെ കേരളത്തിൽ മാത്രമല്ലായിരുന്നെന്ന് ഏതു പൊട്ടനും മനസ്സിലാക്കാം. മദ്ധ്യശതകങ്ങളിലെ സഞ്ചാരികൾ കണ്ടതുപോലെ കടലോരം ചേർന്നു മാത്രവുമായിരുന്നിരിക്കയില്ല. സൂക്ഷ്മനിരീക്ഷണം ചെയ്യുമ്പോൾ പല കാര്യങ്ങളും വഴിയെ വിശദമാകും.

ഇന്ത്യയുടെ പശ്ചിമതീരത്ത് സിൻഡുമുതൽ കന്യാകുമാരിവരെയും അവിടംമുതൽ മൈലാപ്പൂർവരെ പൂർവ്വതീരത്തും മിക്കവാറും തൊട്ടു തൊട്ടെന്നവിധം ക്രൈസ്തവകേന്ദ്രങ്ങൾ, യൂറോപ്യൻസമ്പർക്കത്തിനു മുമ്പു ണ്ടായിരുന്നു എന്നാണ് ഫാ. ഹോസ്റ്റന്റെ അഭിപ്രായം. ഇതിനാധാരമായി തെളിവുകൾ ഒന്നിനുപുറകെ ഒന്നായി അദ്ദേഹം നിരത്തുന്നു.

1. കോസ്മാസ് 535-നോടടുത്തെഴുതി:- "ബാക്ടീരിയാക്കാരും, ഹൂണരും, പേർഷ്യരും ബാക്കി ഇൻഡ്യാക്കാരുമായവരുടെ ഇടയിലും, പേർസർമ്യേന്യരും യവനരും ഏലാംകാരുമായുള്ളവരുടെ, ഇടയിലും, പേർഷ്യനാടു മുഴുവനും അസംഖ്യം പള്ളികളും മേലദ്ധ്യക്ഷന്മാരും എണ്ണമില്ലാത്ത വിധം ജനവും ഉണ്ട്. അവർക്ക് രക്തസാക്ഷികളും ആശ്രമജീവിതമനുഷ്ഠി

www.malankaralibrary.com

ക്കുന്ന തപസ്വികളുമുണ്ട്." തപ്രബേൻ (സിലോൺ), കുരുമുളകു വിളയുന്ന മലേ (കേരളം), ഡിയസ്ത്തൊറസ് (സോക്കോട്രാ)- ഇവിടങ്ങളിലെല്ലാം ക്രിസ്ത്യൻ സമൂഹങ്ങൾ ഉണ്ടായിരുന്നതായും അവർക്കു പേർഷ്യയിൽ നിന്നുള്ള വൈദികപരിചരണം ലഭിച്ചിരുന്നതായും കോസ്താസ് കണ്ടു മനസ്സിലാക്കുകയുണ്ടായി. പേർഷ്യയിൽ നിന്നു നിയമിച്ച ഒരു മെത്രാനെ, കല്യാണ എന്നു വിളിക്കപ്പെടുന്നസ്ഥലത്ത് കണ്ടു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ബോംബേയ്ക്കടുത്തുള്ള കല്യാനോ, മാംഗളൂർക്കു വടക്കുള്ള കല്യാൻപൂരോ, ഡക്കാണിലെ ചാല്യൂക്കാരുടെ കല്യാണിയോ ഏതുമായിക്കൊള്ളട്ടെ. സിന്ധ, ഒർമോത്ത, കല്യാണ, ഡീബോർ (കേരളത്തിലെ) പാർത്തി, മങ്ങറൂത്ത് ശലോപട്ടണ, നലോപട്ടണഷ പുതോപട്ടണ, (സിലോണിൽ നിന്നകലെ മാരള്ളോ), കാബേർ (കാവേരി) ഇങ്ങനെ സിൻഡുമുതൽ പൂർവ്വതീരംവരെ കോസ്താസ് പറയുന്ന പട്ടണങ്ങളിൽ ക്രൈസ്തസമൂഹങ്ങളുണ്ടായിരുന്നെന്ന് സ്പഷ്ടമാണ്.

2. ഇങ്ങനെ കോസ്താസിന്റെ കാലത്ത് 6-ാം നൂറ്റാണ്ടാദ്യം കാണുന്ന കാഴ്ചതന്ന ഏകദേശമായി 14-ാം നൂറ്റാണ്ടിൽ ജൊർഡാനൂസ് നല്കുന്ന വിവരണത്തിലും കാണാം, ബോംബെയിലും ഗുജറാത്തിലുമായി പശ്ചിമ തീരത്ത് ഗണ്യമായവിധം ക്രിസ്ത്യാനികളുണ്ടെന്ന് ജൊർഡാനൂസ് (1321-27) എഴുതിയത് നമ്മുടെപക്കൽ എത്തിയിട്ടുണ്ട്. താനാ, സുപെരാ, പറോക്കോ- എന്നീ സ്ഥലപരിസരങ്ങളിലായി (ബ്രോച്ച്) മൂന്നുതവണയായി 255 പേരെ മാമ്മോദീസാ മുക്കിയ കാര്യം പറയുന്നുണ്ട്. സുപെരായിൽ തോമാശ്ലീഹാ തന്നെ വന്നു പ്രസംഗിച്ചിട്ടുണ്ടെന്നും പള്ളി സ്ഥാപിച്ചെന്നുമാണ് അവിടെ വച്ച് അദ്ദേഹത്തോട് ആളുകൾ അറിയിച്ചത്. ഒരിക്കൽ കാവ്യർ നശിപ്പിച്ചുകളഞ്ഞ ഈ പള്ളി വീണ്ടും പണിതു. അതിലാണ്, താനായിൽ വധിക്കപ്പെട്ട ഫ്റൻസീസ്കൻ രക്തസാക്ഷികളുടെ മൃതദേഹങ്ങൾ ജൊർഡാനൂസ് സംസ്കരിച്ചത്. (1321 ഏപ്രിൽ 9-നു) "ചെറിയ ഇൻഡ്യയിൽ (സിന്ധുവിനിപ്പുറം കിടക്കുന്നതായിരിക്കും ചെറിയ ഇൻഡ്യ). ജനങ്ങളിൽ സിംഹഭാഗവും വിഗ്രഹാരാധകരാണെന്നുവരികിലും, രാജ്യത്തിന്റെ ഗണ്യമായ ഭാഗം തുർക്കമുഹമ്മദരുടെ കൈവശമാണ്. മുൾട്ടാനിൽ നിന്നുവന്ന് നാടുപിടിച്ചെടുക്കുകയും വിഗ്രഹക്ഷേത്രങ്ങൾ അസഖ്യം നശിപ്പിക്കുകയും അതേവിധം പല പള്ളികൾ വസ്തുവക സഹിതം അവർ പിടിച്ചെടുത്ത് മോസ്ക്കുകളിലാക്കുകയും ചെയ്തിട്ട് അധികകാലമായില്ല" എന്നും ജെർഡാനൂസ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതെല്ലാം കാണുന്നത് വേദനാജനകമാണെന്നും അദ്ദേഹം ദീർഘനിശ്വാസം ചെയ്യുന്നു. "ചെറിയ ഇൻഡ്യയിൽ അവിടവിടായി ചിതറിക്കിടക്കുന്ന ക്രിസ്ത്യാനികളുണ്ട്. അവർ വാസ്തവത്തിൽ ക്രിസ്ത്യാനികളല്ലാതായിത്തീർന്നിരിക്കുന്നു. മാമ്മോദീസാ ഇല്ലാത്തതുകൊണ്ടും, വിശ്വാസസംബന്ധമായി ഒന്നും അറിയാത്തതു

www.malankaralibrary.com

കൊണ്ടും മാത്രമല്ല, തോമാശ്ലീഹാ മിശിഹാ (തന്നെ)യാണെന്നും കരുതി പോരുന്നു." ഇത്രമാത്രം കാടുകയറിയ രീതിയായിട്ടുണ്ടെന്ന് അന്നത്തെ ഉത്തരഭാഗങ്ങളിലുള്ള ക്രൈസ്തവരുടെ നിലകണ്ട് അദ്ദേഹം വിലാപപൂർവ്വം രേഖപ്പെടുത്തുന്നു.

3. 1323-ൽ താനായിൽകൂടെ കടന്നുപോന്ന ഫ്റെയർ ഒഡോറിക്ക് ഡിപൊർഡോൺ പറയുന്നു "താനായിൽ പതിനഞ്ചു ക്രിസ്ത്യൻ ഭവനങ്ങളുണ്ട്. വളരെയേറെ ക്രിസ്ത്യാനികൾ താമസിക്കുന്ന പറോത്തിലേയ്ക്ക് ജോർഡാനൂസ് (Broach) പോയി അവിടെ രണ്ടാഴ്ച താമസിച്ച് വേദപാഠം പഠിപ്പിച്ചു മാമ്മോദീസാ മുക്കി. തൊണ്ണൂറുപേർക്ക് കുർബ്ബാനകൊടുത്തു." താനായിൽ നല്ലവിശ്വാസമുള്ള ക്രൈസ്തവർ ജീവിക്കുന്നു എന്നും, madicants താമസിക്കുന്നെന്നും സർജോൺഡിമാൻഡെവിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1274-ൽ സിൻഡിലുള്ള Caimur-ൽ മുസ്ലീം, ക്രിസ്ത്യൻ, ജൂത, മാജി, പാസി-കൾ ഉണ്ടായിരുന്നെന്ന് Kazwani രേഖപ്പെടുത്തിയതായി Gildemeister പറയുന്നു. ബോംബെയ്ക്ക് വടക്കുപടിഞ്ഞാറായി വിട്ടുകിടക്കുന്ന (പരസ്പര ബന്ധമില്ലാത്ത) രണ്ടു നെസ്റ്റോറിയൻ കോളണികൾ 1873-ൽ ഉണ്ടായിരുന്നെന്ന് വൈറ്റ്ഹൗസ് എഴുതുന്നു. 1502-ൽ വാസ്ഗോഡിഗാമായെ കാണാൻപോയ ക്രിസ്ത്യാനികളുടെ വാസസ്ഥാനമായി മംഗലാപുരം തോമസ് ലോപസ് എടുത്തുകാണിക്കുന്നുണ്ട്. മാദായി ഒരു കാലത്ത് നസ്രാണികളുടെയും യൂദന്മാരുടെയും വ്യാപാര കേന്ദ്രമായിരുന്നെന്ന് ഊഹിക്കപ്പെടുന്നു. ഈ രണ്ടുകൂട്ടരും പന്തലാനിയിൽ ഉണ്ടായിരുന്നെന്ന് 1323-ൽ ഓഡോറിക്ക് പറയുന്നു. 1496-നു മുമ്പ് കോഴിക്കോട്ട് ക്രിസ്ത്യാനികളുടെ ആയിരം വീടുകളുണ്ടായിരുന്നെന്ന് ഹിരോണിമോഡിസാന്റൊസ്റ്റീഫനോ പറയുന്നു. (R.H. Majer, India in the 15th cent. under 1857) പോർത്തുഗീസുകാരുടെ വരവിനു മുമ്പുതന്നെ കോഴിക്കോട്ടും അതിനു വടക്കുമുണ്ടായിരുന്ന നസ്രാണികൾ തെക്കോട്ട് തെക്കേ കേരളത്തിലേയ്ക്ക് പോന്നിരുന്നു. അത് (അവിടുത്തെ) മഹമ്മദരുടെ വിരോധ മനോഭാവം നിമിത്തമായിരുന്നു. പോർത്തുഗീസ് ചരിത്രകാരന്മാരെ ആശ്രയിച്ച് ഇക്കാര്യം തെളിയിക്കാവുന്നതാണെന്ന് ഫാ. ഹോസ്റ്റൻ പറയുന്നു. പൗളീനോസും ഇതുതന്നെ പറയുന്നു. അറബികളുടെ വളർന്നുവരുന്ന വലിയശക്തികണ്ട് നസ്രാണികൾ കാനറായും സാമൂതിരി രാജ്യത്തിന്റെ വലിയഭാഗവും ഉപേക്ഷിച്ച് കൊച്ചീരാജാവിന്റെ പ്രദേശത്തേയ്ക്ക് പിൻവലിഞ്ഞിരിക്കുന്നു എന്ന്.

4. ഡച്ചുപ്രീച്ചർ J.C. Visscher -ന് ഗബ്രിയേൽ മെത്രാൻ അയച്ച എഴുത്തിൽ, 1723 " ക്രിസ്തീയ പ്രമാണികൾ മാണിക്കവാചകരെ ശ്രവിക്കയാൽ വിശ്വാസം ഉപേക്ഷിച്ച് അയാളുടെ പിറകേ പോയി. സ്ഥിരമായിനി 160 കുടുംബക്കാരെ സഹായിക്കാൻ ഹെന്ദോവിൽ നിന്ന് ചിലർ വരികയുണ്ടായി.

www.malankaralibrary.com

പലകൊല്ലം അവർ പഠിപ്പിച്ചു. പാലകന്മാരില്ലാതായപ്പോൾ പലരും കാവ്യരായി ത്തീരുകയുണ്ടായി. ഇങ്ങനെ രണ്ടാമതും ഒരു പതനം ഉണ്ടായതിൽ 160-ൽ 69 വീട്ടുകാർ കാവ്യരായി" എന്നെല്ലാം പറഞ്ഞിരിക്കുന്നു.

5. 1200-നോടടുത്ത് ഉടുപ്പിയിൽ കല്യാൻപുരിയിൽ ജനിച്ച മാധവാ ചാര്യൻ നിത്യശിക്ഷ (eternal punishment) യെപറ്റി പ്രതിപാദിക്കുന്നു. അതദ്ദേഹത്തിന്റെ മതൃബോദ്ധ്യങ്ങളിലൊന്നാണ്. ഇതിന് ക്രിസ്തീയ പഠനത്തോട് കടപ്പെട്ടിരിക്കുന്നു എന്ന് ന്യായമായി കരുതണം. അന്ന് അവിടങ്ങളിൽ ക്രിസ്ത്യാനികൾ ധാരാളമുണ്ടായിരുന്നു. ഇക്കാലത്ത് ഹിന്ദുക്കൾ ക്രിസ്തീയമായവ പകർന്നുകൊണ്ടിരിക്കുന്നെങ്കിൽ അക്കാ ലത്തെ കാര്യം പറയാനില്ല. കാടുകയറിപ്പോയ ക്രിസ്ത്യാനി-ഹിന്ദുക്കൾ ഇങ്ങനെ ക്രിസ്തീയാദർശങ്ങളും പഠനങ്ങളും ഹിന്ദുമതതത്വങ്ങളായി കരു തി വിശ്വസിച്ചുപോരുന്നു. ബൗദ്ധപഠനങ്ങളും രീതികളും ഹിന്ദുമതത്തിന്റേ തായി തീർന്നിട്ടുള്ള സ്ഥിതിക്ക്, ബുദ്ധമതക്കാർ എല്ലാംതന്നെ ഹിന്ദുക്കളാക്ക പ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഏകദേശമിതുപോലെ ഒരു സാഹചര്യം ക്രൈസ്ത വർക്കും വന്നിട്ടുണ്ടായിരിക്കണം എന്ന് ന്യായപൂർവ്വം അഭിമാനിക്കാം.

മാധവന്റെ initiation കഴിഞ്ഞയുടനെ "എന്റെ പ്രിയപുത്രൻ" എന്ന് ആത്മാവുപ്രവേശിച്ച ഒരാൾ വിളിച്ചുപറഞ്ഞത്. അഞ്ചാംവയസ്സിൽ കുട്ടി നഷ്ടപ്പെട്ടതും മൂന്നുദിവസത്തെ ആകുലപൂർവ്വമായ അന്വേഷണശേഷം കുട്ടിയെ ഉടുപ്പിക്ഷേത്രത്തിൽ കണ്ടുമുട്ടിയത്; സ്വർഗ്ഗത്തിലെ ദേവന്മാർ ശിശുവിന്റെ ജനനത്തിൽ ആനന്ദിച്ചത്, ഇതെല്ലാം കാണുമ്പോൾ ആർക്കും ബോദ്ധ്യം വരും, ഇപ്പോഴത്തെ ഹിന്ദുമതം, ക്രിസ്തുമതത്തിൽ നിന്നു വാങ്ങിയത് ചില്ലറയൊന്നുമല്ലെന്ന്. പഴയകാലത്തെ, ഇന്ത്യയിലെ തെക്കും വടക്കും, കിഴക്കും പടിഞ്ഞാറുമായി ജീവിച്ചിരുന്ന അസംഖ്യം ക്രിസ്തീയ സമൂഹങ്ങൾ മാഞ്ഞുപോയതെങ്ങനെ? നല്ലഭാഗം കാടുകയറി, നാം കണ്ടതു പോലെ ക്രിസ്തീയ ചുവയുള്ള ഹിന്ദുക്കളായി തീർന്നു. വേറൊരുഭാഗം മഹമ്മദരുടെ ഞെരുക്കകാലത്ത് ഇസ്ലാംമതം സ്വീകരിച്ചു. വേറൊരുഭാഗം സംഹരിക്കപ്പെട്ടു. മുഹമ്മദ് ഗസ്നിയുടെ കാലംമുതലാണ്, വടക്കു പടിഞ്ഞാറെ ഇൻഡ്യ ഇസ്ലാംമതം സ്വീകരിച്ചത്. ഇസ്ലാം പ്രബലപ്പെടുന്നതിന് മുമ്പ്, പേർഷ്യൻസഭ വളരെ വിപുലവും പ്രബലവുമൊക്കെ ആയിരുന്നു. സൊക്കോത്രയിലെ സഭയെപ്പറ്റി ശൗര്യാർ പുണ്യവാൻതന്നെ സാക്ഷി പ്പെടുത്തിയിട്ടുള്ളതാണ്. ഇന്ന് അവിടെ മുസ്ലീങ്ങളെ ഉള്ളൂ. ഡക്കാണിലും, പാണ്ടിയിലും മറ്റുമുണ്ടായിരുന്ന വിശ്വാസികളുടെ സമൂഹങ്ങൾ ഹിന്ദുക്ക ളായെന്നുള്ളതിന് റോസ് എസ്.ജെ.യുടെ വിവരണം മതിയായ തെളിവാണ്. (1604) "തൂത്തുക്കുടിയിൽ നിന്ന് വടക്ക് നാലുലീഗ് അകലമുള്ള വയിപ്പാറിലും ആറുലീഗകലമുള്ള വെമ്പാറിലും ഒരു കൂട്ടം ആളുകൾ പാർത്തിരുന്നു. അവർ ക്രിസ്ത്യാനികളല്ലായിരുന്നു. എങ്കിലും കേരളത്തിലെ പൗരാണിക

www.malankaralibrary.com

ക്രിസ്ത്യാനികളുടെ കൂട്ടത്തിൽപ്പെട്ടിരുന്നവരായി അവർ തങ്ങളെ കരുതിയിരുന്നു. അവർ, തരിദായ്ക്കൾ നായിക്കന്മാർ എന്ന് തങ്ങളെ തന്നെ വിളിച്ചിരുന്നു." 1644-ൽ വയപ്പാറിൽ 800 ക്രിസ്ത്യാനികളുണ്ടായിരുന്നു. അതിനു കുറെമുമ്പ് അവിടെ 2000 ക്രിസ്ത്യാനികളുണ്ടായിരുന്നു. അന്നു വെമ്പാറിൽ 1300 ഉണ്ടായിരുന്നു. 1644-ൽ രാമേശ്വരത്ത്, പരവജാതിയിൽ പ്പെടാത്ത ക്രിസ്ത്യാനികളുണ്ടായിരുന്നു അവർ Palavalis എന്ന് തങ്ങളെപ്പറ്റി പറഞ്ഞിരുന്നു. 1599-ൽ കേരളത്തിൽ നിലവിലിരുന്ന സംസാരം, മൈലാപ്പൂർ ക്രിസ്ത്യാനികൾ തോടമല പ്രദേശത്ത് അഭയംപ്രാപിക്കുകയുണ്ടാ യെന്നാണ്. നീലഗിരിയുടെ കിഴക്കേ ചരിവിൽ (തോടന്മാരുടെ വാസസ്ഥാന ത്തുനിന്നു ദൂരെ) കുരിശു (മുകളിൽ ഉള്ള) കല്ലുകൾ നാട്ടിനിർത്തിയിരുന്നത് ഫാ. പെറ്റിറ്റ് 1925-26-ൽ കണ്ടുപിടിക്കുകയുണ്ടായി. ഹൈദരബാദിൽ കുരിശുരൂപത്തിലുള്ള കല്ലുകൾ കണ്ടുകിട്ടിയിട്ടുണ്ട്. ഭോപാൽ, ബണ്ഡിൽ ഖണ്ഡ് തുടങ്ങിയ പ്രദേശങ്ങളിലും ക്രിസ്തീയ അവശിഷ്ടങ്ങൾ കണ്ടു കിട്ടാൻ ഇടയുണ്ടെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. സൊപാരയിലെ പള്ളി 1321-ൽ അലാവുഡിൻ കിൽജിയുടെ അക്രമണത്തിലാണ് നശിപ്പിക്കപ്പെട്ടത്. വിജയനഗരത്തെ (നരസിംഹത്തിലെ) 30 കൊല്ലം ഭരിച്ച കൃഷ്ണരായരുടെ കീഴിൽ വളരെയേറെ നസ്രാണിയോദ്ധാക്കൾ ഉണ്ടായി രുന്നു എന്ന് ഡിയോഗോദൊകോന്തോ പറയുന്നു. 14 ഉം 15 ഉം നൂറ്റാണ്ടിൽ മൈസൂറിൽ ഡൊമിനിക്കൻ മിഷനറിമാരാരും വന്നതായി അറിയുന്നില്ല എന്ന് ഫാ. ഹോസ്റ്റൻ പറയുന്നു. എന്നാൽ, അതേസമയം അവിടെ ക്രിസ്ത്യാ നികൾ ഉണ്ടായിരുന്നു താനും. അതുക്ഷയിച്ച് കുരിശടയാളം നിന്നുപോന്നു. പിന്നീട് അതുംപോയി. ആവിധമായിരുന്നിരിക്കണം ചരിത്രഗതി. വളരെ ക്ഷയിച്ച നിലയിൽ എത്തിയിരുന്നെങ്കിലും അവിടവിടെ ക്രൈസ്തവ സമൂഹങ്ങളെപ്പറ്റി ആവശ്യത്തിനുമാത്രം സൂചനകൾ ലഭിക്കുന്നുണ്ട്.

6. 1375-ലെ കറ്റലൻ ഭൂപടമനുസരിച്ച് ദൗളത്താബാദിൽ ഒരു ക്രൈസ്തവ മഹാരാജാവുണ്ടായിരുന്നെന്നു കാണുന്നു.

ഗുൽബർഗ്ഗായിലെ അലാവുദിൻഭാമിനി, നസ്രാണികളോടും ബ്രാഹ്മണ രോടും സംസാരിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ലെന്നും ഏതെങ്കിലും ഉദ്യോഗം വഹിക്കാൻ അവരെ അനുവദിച്ചിരുന്നില്ലെന്നും 1794-ൽ Scott പ്രസിദ്ധീകരിച്ച Ferishta -യിൽ കാണുന്നു. 1435-57-ൽ ഭരണം നടത്തിയ അലാവുഡിൻ അഹമ്മെഡ്ഷാ പള്ളികളും ക്ഷേത്രങ്ങളും നശിപ്പിച്ചിരുന്നെന്ന് Major J.S. King (Quoting Burghani Maesar) പറയുന്നു. ജോർഡനൂസ് പറഞ്ഞിതി നോട് ഒക്കുന്നുമുണ്ട്. വാറങ്കൽരാജകുടുംബത്തിനും, നസ്രാണികളോടു അടുപ്പമോ നസ്രാണിരാജകുടുംബമായ Deogil or Daulatabad- മായി ബന്ധുതയോ ഉണ്ടായിരുന്നു (Hosten).

7. ശരിയോ കൃത്രിമമോ ആയ സുവിശേഷകഥകളോടു സാമ്യമുള്ള

www.malankaralibrary.com

കൃഷ്ണകഥകൾ പ്രചരിപ്പിച്ചിരുന്നത് ചുറ്റിനടക്കുന്ന gujars കളാണെന്ന് കെന്നഡി അഭിപ്രായപ്പെട്ടിട്ടുണ്ട്. മഹാചരിത്രകാരനായ ജൊവാഓഡിബാറോസിന്റെ പ്രസ്താവനകൾ Oriente conquistado യിൽ ഫ്റൻസിസ്കോ ഡിസൂസാ എടുത്തു പറയുന്നുണ്ട്. രാജപുത്രന്മാർ Rajputs കാവ്യരെങ്കിലും ഏകദൈവത്തെയും മുന്നു ആളുകളെയുമേ ആരാധിക്കുന്നുള്ളു. പരി. കന്യക മറിയത്തെ വണങ്ങുകയും ചെയ്യുന്നു. ആ പ്രദേശങ്ങളിലേയ്ക്ക് കടന്നുചെല്ലുന്നതിന് ന. മിഷ്യനറിമാർക്ക് സാധിക്കാത്ത സ്ഥിതിയ്ക്ക് ഇതിന്റെ സത്യാവസ്ഥയെപ്പറ്റി തീർച്ച വരുത്തുവാൻ സാധിച്ചിട്ടില്ല. ഇതു ശരിയാണെങ്കിൽ ആ പ്രദേശങ്ങളിൽ വി. തോമ്മാ പ്രസംഗിച്ചെന്നും, വേലക്കാരുടെ കുറവുനിമിത്തവും വിജാതി സമ്പർക്കം മൂലവും ദുഷിച്ചുപോയെന്നും വരണം. ശൽമനാസ്സറിന്റെ കാലത്ത് ശമറിയായിൽ താമസിച്ചു അസ്സീറിയക്കാർ വിഗ്രഹങ്ങളോടൊപ്പം സത്യദൈവത്തെയും ആരാധിച്ചതുപോലെ.

1676-ൽ ഒരു മിഷ്യനറി ഇങ്ങനെ എഴുതി: ദക്ഷിണ മലബാറിലെ ചില ഹിന്ദുക്ഷേത്രങ്ങൾ, നേരത്തെ ക്രിസ്തീയ പള്ളികളായിരുന്നു എന്ന്, ചില ക്രിസ്ത്യാനികൾ പറയുന്നു. ഉത്തര കൊടുങ്ങല്ലൂർ രാജാവിന്റെ ക്ഷേത്രങ്ങളിലൊന്നിൽ ന. നാഥയുടെ ഒരു സ്വരൂപം ഉള്ളതായി"ഹിന്ദുക്കൾ പറഞ്ഞു" (Solane MS. 2748 A Br. Museum)

8. 1532-ൽ ഗോവായിൽ കോടതിയിൽ സമർപ്പിക്കപ്പെട്ടതും 1391-ൽ ഒരമ്പലത്തിനു നൽകപ്പെട്ടതുമായ ഒരു ചെമ്പേടിൽ, അതു നൽകിയ രാജാവ് ആരംഭത്തിൽ "ആകാശവും ഭൂമിയും സൃഷ്ടിക്കുകയും, തന്റെ ജനത്തിനുവേണ്ടി ഈ ലോകത്തിലേയ്ക്ക് മനുഷ്യനായവതരിക്കാൻ ദയവാകയും ചെയ്ത ദൈവത്തെ" വിളിക്കുകയും അവസാനം ഒപ്പുവച്ചപ്പോൾ ഏകമായിരിക്കുന്ന ത്രിത്വത്തെ ഏറ്റുപറയുകയും ചെയ്തിരിക്കുന്നു. ഇതുരണ്ടുംകൂടെ കാണുമ്പോൾ ആരും ആശ്ചര്യഭരിതരാകും. മൻട്രാസർ എന്ന പ്രസ്തുത രാജാവു ഭരിച്ചിരുന്ന ഗോവായുടെ തെക്കേ ഭാഗത്ത് ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ക്രമേണ ക്ഷയിച്ചുപോയതാരിക്കണം എന്നാണ് അനുമാനം. ത്രിമൂർത്തിയും അവതാരവും ബഹുദേവതയും എല്ലാം ഹിന്ദുക്കളുടെ ഇടയിൽ ഉള്ളതാണെങ്കിലും മേൽപറഞ്ഞതുപോലെ തനി ക്രിസ്തീയ രീതിയിൽ കാണുമ്പോൾ എന്താണു വിചാരിക്കേണ്ടത്? ത്രിമൂർത്തിയും, അവതാരവും, കൃഷ്ണചരിതകഥകളും തന്നെ ഹിന്ദുമതത്തിന്റെയാണോ? വായ്പയല്ലേ?

9. പാണ്ടി, ചോള, ആന്ധ്റാ കലിങ്ങ ദേശങ്ങളിൽ നിന്ന് ധാരാളമായി കുടിയേറ്റം നടന്നിട്ടുണ്ട്. ഇന്തോനേഷ്യ ബർമ്മാ, സായാം കംബോഡിയാ പ്രദേശങ്ങളിലെ അവശിഷ്ടങ്ങൾ ഇക്കാര്യം ഇന്നും ഉൽഘോഷിച്ചുകൊണ്ടിരിക്കുന്നതാണ്. പത്താം നൂറ്റാണ്ടിനു മുമ്പു ഇൻഡ്യയിൽ ക്രിസ്ത്യാനികളുണ്ടായിരുന്നെന്ന് ആരും സമ്മതിക്കുന്നതുമാണ്. മൈലാപ്പൂർ, കാവേരി

www.malankaralibrary.com

പട്ടണങ്ങൾ ക്രിസ്തീയ കേന്ദ്രങ്ങളുമായിരുന്നല്ലോ. വിവിധ ഭാഗങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ ഉണ്ടായിരുന്നതായി നാം നേരത്തെ കണ്ടതുമാണ്. ഇവിടങ്ങളിലെ ക്രൈസ്തവരെല്ലാം കൊല്ലപ്പെട്ടുപോയോ? കപ്പലിൽ കിഴക്കോട്ടുകൂടി പുറപ്പെട്ടുപോയ കൂട്ടത്തിൽ ക്രിസ്ത്യാനികളാരുമില്ലായിരുന്നുവെന്നു വരുമോ?

Bodawapaya 1783-ൽ അമരപുരം സ്ഥാപിച്ച Talaings എന്ന കൂട്ടരെ, സത്യദൈവാരാധകരെന്ന് പറയുന്ന ഇവരെ, ബുദ്ധമതക്കാരാകാതിരുന്നതുകൊണ്ടു തീയിൽ ദഹിപ്പിച്ചു കളഞ്ഞു. ആന്ധ്റായിൽ നിന്നു പോയ ക്രിസ്ത്യാനികളായിരിക്കുമോ സത്യദൈവത്തെ ആരാധിക്കുന്ന ഈ തെലുഗായർ?

9-ാം നൂറ്റാണ്ടിൽ മൈലാപ്പൂർ വൈദികർ ചൈനയിൽ പോയിരുന്നുവോ? ചൈനയിൽ വന്നിരുന്ന വിദേശബോൺസർമാർ, തച്ചൻ അഥവാ മഹലൂപാ പ്രദേശങ്ങളിൽ നിലവിലുള്ള നിയമം അറിയിക്കാനായി വന്നിരിക്കുന്ന ബോൺസർമാർ പൗരജീവിതത്തിലേക്ക് തിരിയണം എന്ന് വട്ട്സങ്ങ് ചക്രവർത്തിയുടെ വിളംബരമുണ്ടായിരുന്നു.

10. ഉദയംപേരൂർ സൂനഹദോസിൽ സാമൂതിരി ജ്യാതിർത്തിയ്ക്കപ്പുറത്ത് തോടമലയിൽ താമസക്കാരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉള്ളതായി അറിയിക്കപ്പെട്ടു. മൈലാപ്പൂരിൽ നിന്നും ക്രിസ്ത്യാനികൾ ഓടിപ്പോയപ്പോൾ ഒരു കൂട്ടർ തോടമലയിലേക്കു പോന്നതാണെന്നും ഇന്നുവരെ മറ്റു ക്രൈസ്തവ സമൂഹങ്ങളുമായി ബന്ധമില്ലാതെ കഴിഞ്ഞുപോരുന്നു എന്നുമാണ് സൂനഹദോസിന് കിട്ടിയ അറിവ്. സൂനഹദോസ് നിശ്ചയമനുസരിച്ച് രണ്ടു വൈദീകർ അവിടെ ചെല്ലുകയും അവിടെ ഉള്ളവർ ക്രിസ്ത്യാനികളാണെന്നും എന്നാൽ കർത്താവിനെക്കുറിച്ചോ വിശ്വാസത്തെക്കുറിച്ചോ അറിവില്ലായിരുന്നെന്നും മനസ്സിലാകുകയും ചെയ്തു. തങ്ങളുടെ ദൈവം വിധിയാണെന്നും ഈ ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നും അവർ അറിയിച്ചു. ഒന്നൊരു വയസ്സൻ രണ്ടാമത്തേത് ചെറുപ്പക്കാരൻ മൂന്നാമത്തേത് ഒരു പക്ഷി ഈ ദൈവത്തെ തങ്ങൾ ആരാധിക്കുന്നു എന്നും തങ്ങളുടെ നിയമം മാർത്തോമ്മാ എന്നൊരു പുണ്യപുരുഷനാൽ പഠിപ്പിക്കപ്പെട്ടതാണെന്നും തങ്ങളുടെ പൂർവ്വീകർ, മൈലാപ്പൂരിൽ നിന്ന് അവിടത്തെ മഹാരാജാവ് ക്രിസ്ത്യാനികളെ ഞെരുക്കിയപ്പോൾ ഓടിപ്പോന്നതാണെന്നും പറയുകയുണ്ടായി. ആരംഭത്തിൽ പുസ്തകങ്ങളും കർമ്മം നടത്തുന്ന കസനാരന്മാരും മറ്റും ഉണ്ടായിരുന്നെന്നും എല്ലാം മരിച്ചു തീർന്നുവെന്നും പറഞ്ഞു. വൃദ്ധനും യുവാവും പക്ഷിയും എന്തെന്നാണെന്നാണ് അവർ കരുതുന്നത് എന്ന് ചോദിച്ചതിന് ഒന്നും നിശ്ചയമില്ലെന്നും എല്ലാം നടത്തുന്ന ദൈവം വിധിയാണെന്നും ഉത്തരിച്ചു. കൊച്ചി സമീപം താമസിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളെ ഇങ്ങോട്ടു വിട്ടതാണെന്നും അവിടെ നല്ലനിലയി

www.malankaralibrary.com

ലാണെന്നും ഇവരുടെ വംശത്തിൽപ്പെട്ടവർ തന്നെയാണെന്നും മറ്റുമുള്ള കാര്യങ്ങൾ അറിയിച്ചപ്പോൾ അവർ ആഹ്ലാദിക്കുകയും എല്ലാവരെയും വിവരം അറിയിച്ചു വരുത്തി സദ്യനടത്തി ആഘോഷിക്കുകയും ചെയ്തു. വിശ്വാസത്തെപ്പറ്റി വിശദീകരണം കേട്ടപ്പോൾ പള്ളി പണിയാനും മറ്റുമായി വൈദീകരെ അയയ്ക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

11. 1627-ൽ കാത്തേയിലേയ്ക്കു പോകുവാനായി മൂന്നു വൈദികർ ഹൂഗ്ലിയിൽ വന്നു ചേർന്നു. അവിടെ നിന്ന് കാത്തേയിലേക്ക് പുറപ്പെട്ടു. Coecho തുറമുഖത്തുവന്നപ്പോൾ, അതിനപ്പുറത്തുള്ള ദേശത്തെ ആളുകൾ പറങ്കികൾ ആരാധിക്കുന്ന ദൈവത്തെ ആരാധിക്കുന്നെന്നും അവരുടെ രീതികളും പറങ്കികളുടേതാണെന്നും ഒരു മഹമ്മദൻ അവരെ അറിയിച്ചു. കച്ചിലായിരുന്ന ഒരു പോർത്തുഗീസുകാരൻ അവർ കുരിശിനെ വണങ്ങുന്നുണ്ടെന്ന കാര്യവും ഇവരെ അറിയിച്ചു.

1924 ഫെബ്രുവരി 21 ഇ.ഐ. ചാണ്ടി ഫാ. ഹോസ്റ്റനെ അറിയിക്കുകയുണ്ടായി. തപ്തിനദിയുടെയോ നർമ്മദായുടെയോ തീരത്ത് കുരിശാകൃതിയിലുള്ള ഒരു കെട്ടിടത്തറ കണ്ടുകിട്ടിയതായി മലയാളം പത്രത്തിൽ അഞ്ചുമാസം മുമ്പ് ഒരാൾ എഴുതിയതു വായിച്ചു എന്നു.

12. കിഴക്കേ മാൽവായിൽ ഡാഗൂറിനു സമീപം നർമ്മദാ നദീതീരത്തുള്ള ഉദയപ്പൂരിൽ പരി. കന്യകാമറിയത്തിന്റെ നാമത്തിൽ ഒരു ദേവാലയം ഉണ്ടായിരുന്നെന്നും അത് തോമാശ്ലീഹായോ അദ്ദേഹത്തിന്റെ ആദ്യ ശിഷ്യന്മാരോ സ്ഥാപിച്ചതാണെന്നും പരമ്പരായുള്ള വൃത്താന്തം ഘോഷിക്കുന്നു. യുദ്ധങ്ങളും കലഹങ്ങളും മതഭിന്നതകളും നിമിത്തം ആദ്യ ദേവാലയം ശിഥിലാവസ്ഥയെ പ്രാപിക്കയാൽ 11-ാം നൂറ്റാണ്ടിൽ 1060-ൽ സെയ്സഡ് രാജാവായ സൻഗെയ്വർദ്ധനൻ അതു പുതുക്കിപണിതു പ്രതിഷ്ഠിച്ചു. ഇക്കാര്യവും പ്രതിഷ്ഠാവസരത്തിൽ നടന്ന ആഘോഷ വിവരവുമാണ് ക്ഷേത്രഭിത്തിയിൽ ഒരുവക പാലി ലിപിയിൽ എഴുതിയിരിക്കുന്നതെന്ന് പണ്ഡിതന്മാർ പറയുന്നു. ബാറൻ ടെക്ടർ ഇതെപ്പറ്റി പ്രതിപാദനം നടത്തിയിട്ടുണ്ട്. 1915 ഒക്ടോ. 1-ലെ മൈലാപ്പൂർ കാത്തലിക് രജിസ്റ്ററിൽ ഈ രേഖയെപ്പറ്റിയുള്ള വിവരമെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്രിസ്ത്യാനികൾ നാമാവശേഷമായപ്പോൾ 15-ാം നൂറ്റാണ്ടിലോ മറ്റോ ഇതു വീണ്ടും ക്ഷേത്രമായിതീർന്നു എന്നു കരുതപ്പെടുന്നു.

13. ബാങ്കളൂർ ഡിസ്ട്രിക്ടിൽ ആനക്കല്ലെന്ന സ്ഥലത്ത് ഒരു മൺകൂന കാടുപിടിച്ചു കിടക്കുന്നത് കിളച്ചപ്പോൾ കുരിശുകൾ കണ്ടുകിട്ടി. ഗഞ്ചാമിലും ശ്രീരംഗപട്ടണത്തിലും ഇത്തരം കുരിശുകൾ കണ്ടതായി Fr. Gonarin പറയുന്നു. രാമഗിരി, ജലമംഗലം, കൊല്ലേകാൽ ഇവിടങ്ങളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതായി Gonarin പറയുന്നു.

ചിങ്കൽപേട്ടയിൽ നിന്ന് ഉത്തരമല്ലൂർക്കുള്ള വഴിയിൽ പാലാർ

www.malankaralibrary.com

നദിയ്ക്കപ്പുറത്ത് കൽകൂട്ടത്തിൽ, ഒരു കല്ലിന്റെ അടിവശത്ത് ഒരു കുരിശു കണ്ടതായി 1921-ൽ Msgr. Joaswear - Dubreecil ഫാ.ഹോസ്റ്റനോടു പറയുകയുണ്ടായി.

യദൃച്ഛയാ കണ്ടുകിട്ടിയ പാത്രമാണിതെല്ലാം. ഇനിയെത്രയേറെ മറഞ്ഞുകിടക്കുന്നു?

14. ബീഹാർ സംസ്ഥാനത്തിന്റെ തെക്കുഭാഗത്ത് ഹസാരി ബാഗിനടുത്ത് ഒരു കൽക്കരിഖനി Dhori or Bokaru coalnune 195-ൽ തുറക്കുകയുണ്ടായി. മീതെയുള്ള മണ്ണ് രണ്ടടി മാറ്റിയപ്പോൾ 10 അടി ഘനത്തിൽ ചീങ്കൽ പാറയും അത് വെട്ടിമാറ്റിയപ്പോൾ ഭൂനിരപ്പിൽ നിന്ന് 15 അടി ആഴത്തിൽ കല്ക്കരിയും കണ്ടുകിട്ടി. കൽക്കരി വെട്ടിക്കൊണ്ടിരിക്കുമ്പോൾ പിക്കാസ് ചെന്നു കൊണ്ടത് രണ്ടു പ്രതിമകൾ ഒന്നിച്ചിരുന്നതിൽ ഒന്നിന്മേലാണ്. ഇതു സംബ ന്ധിച്ച് 1956 ഡിസംബർ മാസത്തിലെ കർമ്മലകുസുമത്തിൽ ഫാ. ജോൺ വിയാനി ഒരു ലേഖനമെഴുതിയിട്ടുണ്ട്. ഇങ്ങനെ കൽക്കരീലയറിനുള്ളിൽ കൊത്തുരൂപം ചെന്നുപറ്റിയത് വല്ല ഭൂകമ്പത്താലോ മറ്റോ ആകാനേ തരമുള്ളു. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി അത്തരമൊരു ഭൂചലനം ബീഹാറിൽ ഉണ്ടായതായി ചരിത്രം പറയുന്നില്ല. വളരെ മുമ്പു നടന്ന സംഭവ മായിരിക്കണം. അന്ന് അവിടെ പള്ളിയുണ്ടായിരുന്നു എന്നു തെളിയുന്നു.

ഇപ്പോൾ തന്നെ വളരെ എണ്ണം നാം കണ്ടുകഴിഞ്ഞു. യാദൃശ്ചിക മായിട്ടിത്രയും, ഇനി എത്രയെണ്ണം ഭൂഗർഭത്തിൽ മറിഞ്ഞുകിടക്കുന്നു. ഇൻഡ്യയിൽ അങ്ങോളമിങ്ങോളം ക്രൈസ്തവസമൂഹങ്ങളുണ്ടായിരുന്നു എന്ന കാര്യം തീർച്ചയാണ്. ക്രൈസ്തവരിൽ വളരെ എണ്ണം സംഹരിക്കപ്പെ ട്ടിരിക്കണം. മത ത്യാഗവുമുണ്ടായിക്കാണണം. എന്നാൽ ഏറ്റമധിക മായിട്ടുണ്ടായത് കാലാന്തരത്തിലുണ്ടായ അജ്ഞതയും തന്മൂലം ക്രിസ്തു മതപരമായ ആശയങ്ങൾ മങ്ങിമങ്ങി ഇന്നത്തെ ഹിന്ദുസമൂഹം രൂപമെടുത്ത തുമായിരിക്കണം എന്ന് ന്യായമായി നമുക്കൂഹിക്കാം.

രാമാനുജത്തിന്റെ എഴുത്തുകൾ ശ്രീകൃഷ്ണനെപ്പറ്റി പറയുന്ന കഥകൾ, കബീറിന്റെ പഠനങ്ങൾ-ഇവ ക്രിസ്തീയ ആശയനിബിഡമായി രിക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഗ്രീർഡൺ എന്ന പണ്ഡിതൻ ലണ്ടനിലെ ഏഷ്യാറ്റിക്കു സൊസൈറ്റിയിൽ ചെയ്ത പ്രസ്താവന ഫാ. ഹോസ്റ്റൻ ഉദ്ധരിക്കുന്നുണ്ട്. നിഷ്പക്ഷമായും യുക്തിപൂർവ്വമായും നമുക്ക് എത്തിച്ചേരാവുന്ന അനുമാനം ഇതായിരിക്കും. ഇൻഡ്യയിലെ ക്രിസ്തുസഭ അനാഥമായതിന്റെ ഫലമായി അജ്ഞാനമതത്തിൽ ക്രമേണ മുങ്ങിപ്പോയി. ബുദ്ധമതം ബ്രാഹ്മമതത്തിൽ ലയിച്ചുപോയ കാര്യം, ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. തീരപ്രദേശത്ത് അതും പശ്ചിമ തീരത്തുമാത്രം അവശേഷിച്ചവരാണ് വിദേശികൾ കണ്ടുമുട്ടിയ തോമ്മാനസ്രാണികൾ. പാശ്ചാത്യർക്കു പരിചയമില്ലാഞ്ഞിട്ടും കൂടുതലായി മത്സരവും വൈരാഗ്യവും കൊടുമ്പിരികൊള്ളുകയും ചെയ്തപ്പോൾ “നെസ്തോ

www.malankaralibrary.com

റിയന്മാരും പാഷണ്ഡികളു" മായി സാമ്രാജ്യശക്തികളോടും ലോകമാകെ കെട്ടുപാടുള്ള സംഘടനകളോടും ജീവിക്കാൻ അസാദ്ധ്യമായിരുന്നതുകൊണ്ട് നമ്മുടെ ദുഷ്പേര് തീർത്തുമാറിയിട്ടില്ല. ഇന്ത്യൻസഭയുടെ പരാധീനം മാറിയിട്ടുമില്ല. ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം പ്രാപിച്ചശേഷം പാശ്ചാത്യസഭയുടെ മിഷ്യനറിമാരാണ് അതിശക്തിമത്തായി നമുക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ.

(ഫാ. ഹോസ്റ്റൻ അവർകളുടെ ഗവേഷണങ്ങളിൽ നിന്നും മറ്റും.)

തോമ്മാശ്ലീഹാ കേരളത്തിൽ ഏഴുസഭാ കൂട്ടായ്മകൾ കെട്ടിപ്പടുക്കുകയുണ്ടായല്ലോ. ആദിമക്രിസത്യാനികൾ നിന്നും ഏതാനും പേരെ തിരഞ്ഞെടുത്ത് വൈദികരായി അഭിഷേചിച്ച് സഭാഭരണം അവരെ ഏല്പിച്ചു. ഈ വൈദികപരമ്പര എന്നുവരെ ഇവിടെ നിലനിന്നെന്നോ, അന്നവർ നടത്തിപ്പോന്ന ആരാധനയുടെ പ്രാകൃതമെന്തെന്നോ അതിനായി അവർ ഉപയോഗിച്ച ഭാഷ ഏതാണെന്നോ നമുക്ക് ഒരു നിശ്ചയവുമില്ല. എന്നാൽ നാലാം നൂറ്റാണ്ടുമുതൽ കേരള സഭ ആദ്യം പേർഷ്യയിലെയും പിന്നീട് മെസപ്പെട്ടോമിയായിലെയും സഭകളുമായി അടുത്തബന്ധം പുലർത്തിപ്പോന്നെന്നും അവിടെനിന്നും മെത്രാന്മാരെയും അവരുടെ ആരാധനാക്രമവും സ്വീകരിച്ചുപോന്നെന്നും ചരിത്രരേഖകൾ പറയുന്നുണ്ട്. എന്നാൽ കേരളസഭ മേൽ പറഞ്ഞ സഭകളുടെ പ്രവർത്തനഫലമോ അവയുടെ ഒരു അവിഭാജ്യ ഘടകമോ ആയിരുന്നില്ല. ഈ സഭ അതിന്റെ ശ്ലൈഹികോൽപത്തിയിൽ അഭിമാനം കൊണ്ടിരുന്നു.

കേരളസഭയുടെ വ്യക്തിത്വം എന്ന ഫാ. പ്ലാസിഡ് സി.എം.ഐ.യുടെ ഗ്രന്ഥത്തിന് ഫാ. ഹൊർമീസ് സി.എം.ഐ. എഴുതിയ അവതാരികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ആദിമ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ഹിന്ദുമതത്തിലും സമുദായത്തിലുംപെട്ടവരായിരുന്നതുകൊണ്ട് അവരുടെ ജീവിതരീതിയും സാമൂഹ്യാചാരങ്ങളുമാണ് ക്രിസ്ത്യാനികൾ അവലംബിച്ചുപോന്നത്. ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ വിശ്വാസവിഷയങ്ങളില്ലാതെ, മറ്റൊന്നിലും കാര്യമായ വ്യത്യാസങ്ങളുണ്ടായിരുന്നില്ല. ഇങ്ങനെ ഇവിടുത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ആദ്യാപി സംസ്കാരത്തിൽ ഹിന്ദുക്കളും വിശ്വാസത്തിൽ ക്രിസ്ത്യാനികളും അരാധനയിൽ പൗരസ്ത്യരും ആയുള്ളൊരു വ്യക്തിത്വമാണ് പുലർത്തിക്കൊണ്ടുപോന്നത്. അനന്യസാധാരണവും അസൂയാർഹവുമായ തീഷ്ണതയോടെ പൂർവ്വപിതാക്കന്മാർ ഈ വ്യക്തിത്വം സംരക്ഷിച്ചുപോരുകയും ചെയ്തു."

## അർക്കദിയാക്കോൻ

സമസ്ത ശുശ്രൂഷയുടെയും കാര്യക്കാരനും വക്താവുമാണ് അർക്കദിയാക്കൻ. വിശ്വാസികൾക്ക് ഗുരുസ്ഥാനിയും, ആത്മപിതാവും, സഭകൾക്ക് നിയന്താവും പരിശോധകനും ഭരണാധിപനും നീതിവിധിനടത്തുന്ന

www.malankaralibrary.com

യാളുമായിരുന്നു. ചുരുക്കി പറഞ്ഞാൽ സഭയിൽ ഏറ്റവും ഉന്നത സ്ഥാനീയൻ അർക്കദിയാക്കോൻ തന്നെ.

കേരളസഭയുടെ വ്യക്തിത്വം എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗംകൂടി ഉദ്ധരിക്കട്ടെ "കേരളസഭയുടെ പ്രധാന വൈദീക വികാരിയെ അഖിലേന്ത്യയുടെയും മെത്രാപ്പോലീത്തായും പടിവാതിലും എന്നാണ് വിളിക്കപ്പെട്ടിരുന്നത്. പൗരസ്ത്യദിക്കിൽ "പടിവാതിൽ" പരമാധികാരത്തെ ദ്യോതിപ്പിക്കുന്നു. ഈ മെത്രാപ്പോലീത്തായുടെ ഭരണാധികാരം ഇന്ത്യ മുഴുവൻ വ്യാപിച്ചിരുന്നു. മെസോപ്പൊട്ടോമിയായിലെ പൗരസ്ത്യസുറിയാനി പാത്രിയർക്കീസാണ് അദ്ദേഹത്തെ അയച്ചിരുന്നതെങ്കിലും അദ്ദേഹത്തിന് ഒരു സ്വതന്ത്ര പദവിയാണുണ്ടായിരുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തെ ചിലപ്പോൾ പാത്രിയർക്കീസ് എന്നുകൂടി വിളിച്ചിരുന്നത്. എന്നാൽ പാരമ്പര്യത്തിൽ നിന്നും 16–17 നൂറ്റാണ്ടുകളിലെ ചിലരേഖകളിൽ നിന്നും നമുക്കറിയാവുന്നതുപോലെ കേരളസഭയുടെ ഭരണം യഥാർത്ഥത്തിൽ വഹിച്ചിരുന്നത് അർക്കദിയാക്കോൻ എന്നറിയപ്പെടുന്ന ഏതദ്ദേശീയ വൈദികാധികാരിയായിരുന്നു. അർക്കദിയാക്കോന്റെ സ്ഥാനപ്പേര് അഖിലേന്ത്യയുടേയും അർക്കദയേക്കാൻ എന്നായിരുന്നു. ആകയാൽ ഇന്ത്യ മുഴുവനിലേയും സഭ കേരളത്തലേക്ക് കേന്ദ്രീകരിക്കപ്പെട്ടു അർക്കദിയക്കോൻമാരുടെ നിയന്ത്രണത്തിൽ കേരള സഭ അതിന്റെ പ്രവർത്തനങ്ങൾ തുടർന്നു പോന്നു. കേരളീയരുടെ സാമൂഹ്യ- രാഷ്ട്രീയനേതാക്കന്മാരും അർക്കദയാക്കോന്മാർ തന്നെയായിരുന്നു"

സെന്റ്. തോമസിനാൽ സ്ഥാപിതമായ ഇവിടുത്തെ ക്രൈസ്തവ സമൂഹം തനതായജീവിത ശൈലി സ്വായത്തമാക്കിയിരുന്നു. ആഴമായ വശ്വാസവും തീവ്രമായ സഭാസ്നേഹവും ഇവിടുത്തെ സഭയെ ചൈതന്യവത്താക്കിയിരുന്നു. വി. തോമാശ്ലീഹാ വളർത്തിയെടുത്ത സഭാജീവിതശൈലിയെ തോമയുടെമാർഗ്ഗമെന്നാണ് നമ്മുടെ പൂർവ്വീകർ വിശേഷിപ്പിച്ചിരുന്നത്. ഈ മാർഗ്ഗമാണ് നമ്മുടെ സഭാജീവിതത്തിന് ചുക്കാൻ പിടിച്ചത്. അൽമായദൈവശാസാത്രജ്ഞനായ പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ പള്ളിയോഗത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "സഭാഭരണത്തെസംബന്ധിച്ചിടത്തോളം സീറോ- മലബാർ സഭയ്ക്കു നൂറ്റാണ്ടുകളുടെ പാരമ്പര്യമാണുള്ളത്. പള്ളിയോഗം അല്ലെങ്കിൽ യോഗമെന്നത് ഈ ഭരണ സമ്പ്രദായത്തിന്റെ പൊതുവിലുള്ള പേരാണ്. കുടുംബത്തലവന്മാരും തദ്ദേശീയ വൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തും പള്ളിഭരണം നടത്തിയിരുന്നത്. ഇടവക വൈദീകരിൽ പ്രായംചെന്നയാൾ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്നു. പള്ളിയുടെ ഭൗതീക സ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ മുഴുവന്റേയും മേലന്വേഷണം നടത്തിയിരുന്നത് പള്ളിയോഗമായിരുന്നു. ഇടവകതലത്തിലുള്ള പള്ളി യോഗം ഇടവകയോഗമെന്ന

www.malankaralibrary.com

റിയപ്പെട്ടിരുന്നു. മുൻ കാലങ്ങളിൽ മറ്റു രണ്ടുതലങ്ങളിലുള്ള പള്ളി യോഗങ്ങൾ കൂടിയുണ്ടായിരുന്നു. മലങ്കരസഭയെ പൊതുവേ ബാധിക്കുന്ന പ്രശ്നങ്ങൾചർച്ചചെയ്തു തീരുമാനിച്ചിരുന്നത് മഹായോഗം എന്നറിയപ്പെട്ടിരുന്ന മലങ്കരസഭായോഗത്തിലായിരുന്നു. ഇവയ്ക്കു പുറമേ പ്രാദേശിക തലത്തിലൂടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ഒരു പ്രദേശത്തെ ഇടവകകളുടെ പ്രതിനിധികൾ ഒരുമിച്ചുകൂടുന്ന പതിവുണ്ടായിരുന്നു. ഇങ്ങനെയുള്ള യോഗങ്ങൾ പ്രതിനിധിയോഗം അഥവാ ദേശീയയോഗം എന്ന പേരിലറിയപ്പെട്ടിരുന്നു.

പ്രാദേശിക കാര്യങ്ങൾക്കായി വിളിച്ചു കൂട്ടുന്ന ഇടവക യോഗവും മഹായോഗവുമായിരുന്നു പള്ളിയോഗത്തിന്റെ ഔദ്യോഗികതലങ്ങൾ" പൊതു താൽപര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളിലെയും പ്രതിനിധികൾ ഒരുമിച്ചുകൂടിയാണ് തീരുമാനിച്ചിരുന്നത്.

പള്ളിയോഗത്തിന് ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റെയും മേലന്വേഷണം വഹിക്കുവാൻ ബാദ്ധ്യതയുണ്ടായിരുന്നു. പരസ്യപാപങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുക, സഭാസമൂഹത്തിൽ നിന്നും തൽക്കാലത്തേക്ക് പുറംതള്ളുവാനുള്ള തീരുമാനങ്ങളെടുക്കുക തുടങ്ങിയ ചുമതലകളും പള്ളിയോഗത്തിനുണ്ടായിരുന്നു. വൈദികവിദ്യാർത്ഥിയെ തിരഞ്ഞെടുത്ത് ദേശക്കുറി നല്കി മല്പാന്റെയടുത്തേക്ക് അയച്ചിരുന്നതും വൈദികവിദ്യാർത്ഥിയുടെ പഠനച്ചിലവ് വഹിച്ചിരുന്നതും പള്ളിയോഗമായിരുന്നു.

പള്ളിയോഗത്തിൽ വൈദികർക്കും അൽമായർക്കും തുല്യമായ അവകാശം അനുവദിച്ചിരുന്നു. ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ മുഴുവൻ മേലന്വേഷണം നടത്താനുള്ള അധികാരവും യോഗത്തിനുണ്ടായിരുന്നു. യോഗാംഗങ്ങൾ തമ്മിൽ പൂർണ്ണമായ തുല്യത നിലനിന്നിരുന്നത് സഭയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും കാരണമായി.

നമ്മുടെ പൂർവ്വപിതാക്കന്മാർ സഭയെ കണ്ടിരുന്നത് ദൈവജനം എന്ന രീതിയിലുമാണ്. വിദേശികളായ മിഷനറിമാരുടെ വിവരണങ്ങളിൽ നിന്നു മനസ്സിലാക്കേണ്ടത് ഇവിടെ നിലനിന്നിരുന്നത് അപ്പസ്തോലിക കാലങ്ങളിലെ സഭയുടെ മാതൃകയിലുള്ള ഒരു കൂട്ടായ്മയായിരുന്നുവെന്നാണ്. സഭയുടെ ആദ്യത്തെ രണ്ടുമൂന്നു നൂറ്റാണ്ടുകളിൽ സഭയിലെല്ലായിടത്തും നിലനിന്നിരുന്നത് ആദിമസഭയുടെ ചൈതന്യത്തിലുള്ള ഒരു ഭരണക്രമമായിരുന്നു. അപ്പസ്തോലിക നടപടികളിലെ വാക്യങ്ങൾ പരിശോധിച്ചാൽ സഭയിലെ സുപ്രധാനകാര്യങ്ങളിൽ തീരുമാനമെടുത്തിരുന്നത് ശ്ലീഹന്മാരും, മൂപ്പന്മാരും അവരോടൊപ്പം സഭ മുഴുവനുമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും. പാശ്ചാത്യസഭയിലും പഴയ റോമൻ സാമ്രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലും പിൽക്കാലത്ത് ഉടലെടുത്ത അൽമായരോടുള്ള അവഗണ

www.malankaralibrary.com

നയും വിവേചനവും ഈ സഭയിൽ ഇല്ലായിരുന്നു. സഭയിൽ അല്മായരും വൈദികരും മെത്രാന്മാരും ഏറെ ആദരിക്കപ്പെട്ടിരുന്നു. അവരുടെ ആത്മീയ നേതൃത്വം ആരും ചോദ്യം ചെയ്തിരുന്നില്ല. അതേസമയം പുരോഹിത മേധാവിത്വം ഈ സഭയിൽ അന്യമായിരുന്നു. ഇവിടുത്തെ സഭാസമൂഹത്തിന് സഭ അവരുടേതാണെന്നും അവർതന്നെയാണ് സഭയെന്നുമുള്ള ബോദ്ധ്യമുണ്ടായിരുന്നു. ഇങ്ങനെ ഒന്നായിരുന്ന പുരോഹിതജനം മൂന്നാം നൂറ്റാണ്ടായപ്പോൾ വൈദികരും അൽമായരും എന്ന വ്യത്യസ്തഗണങ്ങളായി മാറി. പിന്നീട് വൈദീകഗണം സഭയിലെ അധികാരികളായി തീർന്നു. നാലാം നൂറ്റാണ്ടിൽ സഭ റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി മാറിയതോടുകൂടി റോമൻ സാമ്രാജ്യത്തിലെ തരംതിരിവുകളെല്ലാം സഭയിലുമുണ്ടായി. മെത്രാന്മാർക്ക് റോമൻ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന സ്ഥാനമാനങ്ങളും സ്വത്തുക്കളും ലഭിച്ചു. അവൈദികരായ അൽമായർ അധികാരശ്രേണിയുടെ ഏറ്റവും താഴത്തെ തട്ടിലുമായി. മൂന്നാം നൂറ്റാണ്ടിനുശേഷം സഭയിലുണ്ടായ ഈ മാറ്റം തിരുത്തി ആദിമസഭയുടെ ചൈതന്യത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിൽ നടന്നത്."

കാലക്രമത്തിൽ പാശ്ചാത്യവും പൗരസ്ത്യവുമായ പ്രാചീന സഭാസമൂഹങ്ങളെല്ലാം തന്നെ റോമൻസാമ്രാജ്യത്തിന്റെ ഭരണശൈലി സ്വീകരിച്ചു. കേരളത്തിലെ മാർത്തോമ്മാക്രൈസ്തവസമൂഹത്തിനുമാത്രം അപ്പസ്തോലികകാലത്തെ കൂട്ടായ്മയുടെയും കൂട്ടുത്തരവാദിത്വത്തിന്റേതുമായ പ്രവർത്തനശൈലി പിന്തുടരുവാൻ സാധിച്ചു. പാശ്ചാത്യസഭയിൽ അധികാരവികേന്ദ്രീകരണം കൊടികുത്തിവാഴുകയും അൽമായർക്ക് സഭയിൽ യാതൊരു സ്ഥാനവും ദൗത്യവും ഇല്ലാതാവുകയും ചെയ്തപ്പോഴും കേരളസഭയിലെ ജനകീയ അടിത്തറ ഭദ്രമായിരുന്നു. ഇവിടുത്തെ സഭാസമൂഹങ്ങളുടെ സ്വയംഭരണശൈലി കണ്ടുകൊണ്ടാണ് ഈ സമൂഹങ്ങളെ "ക്രിസ്ത്യൻ റിപ്പബ്ലിക്കുകൾ" എന്ന് വിദേശികൾ വിശേഷിപ്പിച്ചത്. കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജനകീയ അടിത്തറ അൽമായർക്ക് എല്ലാ കാര്യങ്ങളിലും തുല്യത നല്കിക്കൊണ്ടായിരുന്നു. അതിന് തെളിവാണ് ഒൻപത്-പത്ത് നൂറ്റാണ്ടിലെ തൃശ്ശിനാപ്പള്ളി ചെപ്പേടുകളും പറവൂർ മുട്ടുചിറ പള്ളികളിലെ ശിലാലിഖിതങ്ങളും.

www.malankaralibrary.com

# 3. പോർട്ടുഗീസുകാരുടെ ആഗമനം

1498-ൽ പോർട്ടുഗീസുകാരനായ വാസ്കോഡിഗാമ വ്യാപാരാർത്ഥം കോഴിക്കോട് വന്നു. അഞ്ചുവർഷത്തിനകം അവർ പോർട്ടുഗീസ് കോട്ടയ്ക്ക് അടിസ്ഥാനമിട്ടു. 1510-ൽ പോർട്ടുഗീസിൽ നിന്ന് ഒരു സംഘം ഫ്രാൻസിസ്കൻ വൈദികർ ഇന്ത്യയിൽ എത്തിച്ചേർന്നു. 1542-ൽ ഇന്ത്യയിൽ എത്തിയ ഫ്രാൻസീസ് സേവ്യർ അനേകായിരങ്ങളെ ക്രൈസ്തവസഭയിലേക്കാകർഷിച്ചു.

സീറോ-മലബാർ സഭ എന്ന ഗ്രന്ഥത്തിന്റെ 13-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലും പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിലും പോർട്ടുഗീസുകാർ ഭാരതത്തിന്റെ ചില ഭാഗങ്ങളെ തങ്ങളുടെ കോളനികളാക്കാൻ ശ്രമിച്ചതിന്റെ ഫലമായുണ്ടായ സഭാപരമായ ചില നീക്കുപോക്കുകൾവഴി യൂറോപ്പിൽ നിന്നുള്ള ലത്തീൻ സഭാ മെത്രാന്മാർ സഭയെ ഭരിക്കുവാൻ നിയോഗിക്കപ്പെട്ടു. അങ്ങനെ സീറോ-മലബാർ സഭാവിശ്വാസികൾ യൂറോപ്പിലെ ലത്തീൻ സഭയുടെ ശക്തമായ സ്വാധീനവലയത്തിലകപ്പെട്ടു. അവരുടെ ഈ സ്വാധീനം സഭയുടെ ഭരണസംവിധാനക്രമത്തിലും ആരാധനാജീവിതത്തിലും ഇന്നും പ്രതിഫലിക്കുന്നുണ്ട്. ഈ ലത്തീൻ സ്വാധീനം ഒരു വേറിട്ട വ്യക്തിഗതസഭയെന്ന നിലയിലുള്ള സീറോ-മലബാർ കത്തോലിക്കരുടെ അസ്തിത്വത്തെത്തന്നെ ക്രമാനുഗതമായി അപ്രത്യക്ഷമാക്കുന്ന അവസ്ഥയുളവാക്കി. വേറൊരർത്ഥത്തിൽ സീറോ-മലബാർസഭ ലത്തീൻ രൂപതയിൽ വ്യത്യസ്ത രീതിയിൽ പിന്തുടർന്ന ഒരു കത്തോലിക്കാവിഭാഗം മാത്രമായി പരിഗണിക്കപ്പെട്ടു തുടങ്ങി എന്നു സാരം. ഈ ലത്തീൻ ആധിപത്യം സഭയിൽ ഉണ്ടാകാൻ കാരണമായ സംഗതിയെപ്പറ്റി "നിധീരിയച്ചൻ ചരിത്രരേഖകളിൽ" എന്ന ഗ്രന്ഥത്തിൽ ഡോ. ചാൾസ് പൈങ്ങോട്ട് സി.എം.ഐ. ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "വേദഞെരുക്കങ്ങളുടെ കാലത്ത് സഭയിൽ ഐക്യവും ലക്ഷ്യബോധവുമുണ്ടായിരുന്നു. എന്നാൽ ഒരു സംഘടിത സമൂഹമായതോടെ സഭയിൽ വ്യത്യസ്തങ്ങളായ ചിന്താഗതികൾ തലപൊക്കി. ദൈവപുത്രൻ സ്ഥാപിച്ച രാജ്യത്തിന്റെ സ്ഥാനത്ത് (യോഹ. 18:36) ഭൗതിക സാമ്രാജ്യം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നു. അതോടെ സഭയ്ക്ക് മങ്ങലേറ്റു തുടങ്ങി."

സുറിയാനി സഭയ്ക്ക് വന്നുഭവിച്ച വിപത്തിന്റെ തുടക്കം മാർപ്പാപ്പാമാർ പോർട്ടുഗൽ രാജാക്കന്മാർക്ക് എഴുതിക്കൊടുത്ത പദ്രൊവാദൊ

www.malankaralibrary.com

(PADROADO) അഥവാ സംരക്ഷണാധികാരം ആണെന്നു പറയാം. അഞ്ചാം നിക്കൊളാവൂസ് പോപ്പ് 1452 ജൂൺ 18-ാം തീയതി പോർട്ടുഗൽ രാജാവിന് വളരെയധികം അധികാരങ്ങളും അവകാശങ്ങളുമൊക്കെ കൊടുത്തു. ഒരു നാവികശക്തിയെന്ന നിലയിൽ വളർന്നുവന്ന പോർട്ടുഗൽ പുതിയതായി കണ്ടെത്തുന്ന സ്ഥലങ്ങളും ദൈവത്തിനായി കണ്ടെത്തുന്നു എന്ന ധാരണയാണ് ഇതിനടിസ്ഥാനം. ഇതോടൊപ്പം അക്കാലത്ത് കത്തോലിക്കർ എന്ന പേരിലറിയപ്പെടുന്നവരൊഴികെ മറ്റെല്ലാവരും മിശിഹായുടെ ശത്രുക്കളാണെന്ന ധാരണയും ഉണ്ടായിരുന്നതായി തോന്നുന്നു. സകലത്തിന്റെയും ഉടയവനായ ദൈവത്തിൽ നിന്ന് മാർപാപ്പായ്ക്ക് കിട്ടിയിരിക്കുന്ന പരമാധികാരം ഉപയോഗിച്ച് പ്രസ്തുത മാർപാപ്പാ പോർട്ടുഗലിലെ അൽഫോൻസ രാജാവിന് എഴുതിക്കൊടുത്ത കാര്യങ്ങളിൽ ക്രിസ്തുവിന്റെ ശത്രുക്കളുടെ രാജ്യവും സ്ഥലവും സമ്പാദ്യവുമെല്ലാം പിടിച്ചെടുക്കുന്നതിനും അവരെ ശാശ്വതമായി അടിമകളാക്കുന്നതിനുമുള്ള അവകാശം ശ്ലൈഹികാധികാരത്താൽ നല്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. അധികാരത്തെയും സഭയുടെ ദൗത്യത്തെപ്പറ്റിയും പറ്റി മദ്ധ്യശതകങ്ങളിലുണ്ടായിരുന്ന വികലചിന്താഗതിയുടെ ഫലമാണിത്. സമ്പത്തെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത് സർഗ്ഗരാജ്യത്തിൽ നിക്ഷേപം നേടാൻ സമ്പന്നനായ യുവാവിന് ദിവ്യഗുരു കൊടുത്ത ഉപദേശവുമായി (മത്തായി 19, 21) ഒട്ടും പൊരുത്തപ്പെടാത്ത വാക്കുകൾ.. നക്കൊളാവൂസ് പാപ്പാ പറഞ്ഞിരിക്കുന്ന തരത്തിലുള്ള ആശയപ്രകാരമാണ് പോർട്ടുഗീസ് മിഷനറിമാരും അവരുടെ ശേഷം റോമിലെ പ്രൊപ്പഗാന്താസംഘം അയച്ച മിഷനറിമാരും മാർത്തോമ്മാ ക്രിസ്ത്യാനികളോട് പെരുമാറിയത്. മാർപ്പാപ്പായിൽ നിന്ന് കിട്ടിയ അധികാരത്തിന്റെയും അവകാശങ്ങളുടെയും മറവിൽ ഇവിടെ ഭരണം നടത്താനാണ് അവർ വന്നത്. കച്ചവടത്തിന്റെ പേരിൽ ഇവിടെയെത്തിയ അവർ സാവധാനത്തിൽ ക്രിസ്ത്യാനികളുടെ സഭാജീവിതത്തിലും ആധിപത്യമുറപ്പിച്ചു. തോക്കും പണവും അവർക്ക് സഹായകരവുമായി.

## ഉദയംപേരൂർ സൂനഹദോസ്

നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നിരുന്ന കൽദായക്രമങ്ങളുമായി യാതൊരു പരിചയവുമില്ലാതിരുന്ന പോർട്ടുഗീസ് പാതിരിമാർ കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളെ ഒരു നെസ്തോറിയന്മാരായി കണക്കാക്കി. കൽദായ ഭാഷയും അതിലെ ആരാധനാക്രമങ്ങളും നെസ്തോറിയൻ മതത്തെയും അതിന്റെ സിദ്ധാന്തങ്ങളെയും ആദരിക്കുന്നവയായിരുന്നുവെന്നും തന്മൂലം ആ പാഷാണ്ഡതയെ ഉന്മൂലനം ചെയ്യുന്നതിനുള്ള ഏകമാർഗ്ഗം തൽഭാഷയും ആരാധനക്രമങ്ങളും നീക്കുകയും അവയെ ഉപയോഗിക്കുന്ന ക്രിസ്ത്യാനികളെ തങ്ങളുടെ അധികാരത്തിൽ കൊണ്ടുവരികയും മാത്രമാണെന്ന് അവർ വിശ്വസിക്കുകയും അതിനുവേണ്ടി പോർട്ടുഗീസുകാർ കേര

www.malankaralibrary.com

ഉസഭയെ ലത്തീകരിക്കാനുള്ള ശ്രമത്തിൽ ഏർപ്പെടുകയും ചെയ്തു. ആ ശ്രമത്തിന്റെ ഭാഗമായാണ് ഗോവൻമെത്രാപ്പോലീത്തായായിരുന്ന ഡോ. മെനേസിസ് മെത്രാപ്പോലീത്ത ഉദയംപേരൂർ ഒരു സൂനഹദോസ് വിളിച്ചു കൂട്ടിയത്. 1599 ജൂൺ 20 മുതൽ 26 വരെ തീയതികളിൽ നടന്ന ആ സൂനഹദോസിൽ 130 വൈദികരും 660 അൽമായരും പങ്കെടുത്തു. ഇതിൽ നിന്നും സുറിയാനിസഭയിൽ നിലനിന്ന അൽമായ പങ്കാളിത്തത്തെ മെനേസിസ് മെത്രാപ്പോലീത്തായും അംഗീകരിച്ചുവെന്ന് മനസ്സിലാക്കാവുന്നതാണ്. അക്കാലത്ത് നിലവിലിരുന്ന സകല സഭാനിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടാണ് സൂനഹദോസ് വിളിച്ചുകൂട്ടിയത്.

നസ്രാണികളുടെ പൂർവ്വാചാരങ്ങൾ പലതും നിർത്തലാക്കാൻ സൂനഹദോസ് തീരുമാനിച്ചു. ഈ നീക്കം നസ്രാണികളെ വേദനിപ്പിച്ചു. ലത്തീനീകരണശ്രമത്തെ സർവ്വശക്തിയുമുപയോഗിച്ച് നസ്രാണികൾ എതിർത്തു. കേരളസഭയെ കൽദായ മെത്രാന്മാർ ഭരിക്കണമെന്നാണ് ഉദയംപേരൂർ സൂനഹദോസിൽ നസ്രാണികൾ അപേക്ഷിച്ചത്. അത് അംഗീകരിച്ചില്ല. സൂനഹദോസോടെ ഭാരതസഭയ്ക്ക് പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയുമായുണ്ടായിരുന്ന ദീർഘകാലമായ ബന്ധം അവസാനിച്ചു. മലബാർ സഭയിലെ കൽദായ മെത്രാന്മാരുടെ ഭരണവും അവസാനിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ അധികാരാതിർത്തിക്കും പോർട്ടുഗീസ് പാദ്രുവാദോയ്ക്കും കീഴിലാകുവാൻ നിർബന്ധിതരായി. നസ്രാണികളുടെ ആരാധനാക്രമവും സഭാജീവിത സംവിധാനവും ചോദ്യം ചെയ്യപ്പെട്ടു.

## കൂനൻ കുരിശു സത്യം

ഉദയംപേരൂർ സൂനഹദോസിനുശേഷം സുറിയാനിക്കാർ അവരുടെ പള്ളിക്രമങ്ങളുടെ സംരക്ഷണത്തെയും ഒരു സുറിയാനി മെത്രാനെ കിട്ടേണ്ട സംഗതിയെയും സംബന്ധിച്ച് നിരവധി പരാതികൾ അയച്ചിരുന്നു. 1650 ൽ കൽദായ പാത്രിയർക്കീസിന് നസ്രാണികൾ ഇതു സംബന്ധിച്ച് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 1652 ആഗസ്റ്റിൽ മൈലാപ്പൂരിലെത്തിയ കൽദായ മെത്രാനായ മാർ അഹത്തുള്ളായെ കേരളത്തിലേയ്ക്ക് കടക്കാൻ അനുവദിക്കാതെ തിരിച്ചുവിട്ടു. അഹത്തുള്ള മെത്രാനെ കടലിൽ മുക്കിക്കൊന്നുവെന്നും അദ്ദേഹത്തെ തിരികെ കിട്ടുകയില്ലെന്നും നസ്രാണികൾ വിശ്വസിച്ചു. നസ്രാണികളുടെ എതിർപ്പ് രൂക്ഷമായി. അവർ നടത്തിയ പരിശ്രമങ്ങൾ ഒന്നും ഫലപ്രാപ്തിയിൽ എത്തിയില്ല. അവർ, ആർച്ച് ബിഷപ്പ് ഗാർസ്യായ്ക്ക് സമർപ്പിച്ച നിവേദനങ്ങൾ അദ്ദേഹം അവഗണിക്കുകയും ചെയ്തു. സ്വാഭാവികമായും മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒന്നടങ്കം ലത്തീൻ ഭരണത്തെ എതിർത്തു. അവരുടെ എതിർപ്പ് അതിന്റെ മൂർദ്ധന്യത്തിലെത്തിയത്, 1653 ജനുവരി 3-ാം തീയതിയായിരുന്നു. അന്ന് അർക്കദിയാക്കോൻ തോമസ് പറമ്പിലിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം വൈദികരും

www.malankaralibrary.com

അൽമായരും കൊച്ചിക്കടുത്ത് മട്ടാഞ്ചേരി പള്ളിയിലെ പ്രധാന അൾത്താര യിൽ പ്രതിഷ്ഠിച്ചിരുന്ന വേദപുസ്തകത്തിൽ തൊട്ടുകൊണ്ട് തങ്ങൾ ഗോവ യിലെ പോർട്ടുഗീസ് മെത്രാപ്പോലീത്തായായ ഫ്രാൻസീസ് ഗാർസിയായുടെ കീഴിലായിരിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. പള്ളിമുറ്റത്തെ കുരിശിൽ കെട്ടിയിരുന്ന ഒരു കയറിൽ പിടിച്ചുകൊണ്ട് പുറത്തുണ്ടായിരുന്ന ജനക്കൂട്ടം ഒന്നടങ്കം ഈ പ്രതിജ്ഞയിൽ പങ്കുകൊണ്ടു. തൽഫലമായി ആ കുരിശ് അൽപ്പം വളഞ്ഞെന്ന് പറയപ്പെടുന്നു. അതുകൊണ്ടാണ് ഈ സംഭവം കൂനൻകുരിശ് സത്യമെന്ന് അറിയപ്പെടുന്നത്. ഇന്ന് ആ സ്ഥലം ധാരാളം സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. വിദേശഭരണത്തിനെതിരെ - ലത്തീൻ ഭരണത്തിനെതിരെ നാട്ടുകാരായ ക്രിസ്ത്യാനികൾ നടത്തിയ പൊതുവികാ രത്തിന്റെ പ്രതീകമായി ആ കുരിശ് ഇന്ന് നിലകൊള്ളുന്നു.

ക്രമേണ ഈ എതിർപ്പ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പിളർപ്പി ലാണ് അവസാനിച്ചത്. മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടായി പിരിഞ്ഞു. സീറോ മലബാർസഭ എന്ന ഗ്രന്ഥത്തിൽ (പേജ് 15) ഇപ്രകാരം എഴുതിയി രിക്കുന്നു. "റോം നിയമിച്ച മെത്രാന്മാരെ ഒരു വിഭാഗം തുടർന്നും അംഗീക രിച്ചപ്പോൾ മറുവിഭാഗം റോമുമായുണ്ടായിരുന്ന ബന്ധം വിച്ഛേദിച്ച് അന്ത്യോ ഖ്യായിലെ പാശ്ചാത്യസുറിയാനിസഭയുമായി കൈകോർത്തു. ഈ പുതു സമൂഹം കാലക്രമത്തിൽ യാക്കോബായസഭക്കാർ പുത്തൻകൂറ്റുകാർ, ഭാര ത്തിലെ സുറിയാനി ഓർത്തഡോക്സ് സഭക്കാർ എന്നീ പേരുകളിൽ അറി യപ്പെട്ടു. പത്തൊൻപതാം നൂറ്റാണ്ടിൽ ആംഗ്ലിക്കൻ സഭ യാക്കോബായ സഭ യിൽ ചെലുത്തിയ ശക്തമായ സ്വാധീനത്തിന്റെ ഫലമായി യാക്കോബായ സഭയിൽ നിന്നും ഒരു കൂട്ടമാളുകൾ മാർത്തോമ്മാക്കാർ എന്ന പേരു സ്വീക രിച്ച് ഒരു പുതിയ സഭയാരംഭിച്ചു. യാക്കോബായസഭ വീണ്ടും പിളർന്ന് മെത്രാൻകക്ഷി, ബാവാകക്ഷി എന്നീ രണ്ടു സഭകൾ പുതുതായി രൂപംകൊ ണ്ടു. യാക്കോബായ ഓർത്തഡോക്സ് സിറിയൻ സഭ, കാതോലിക്കോസ് എന്ന പേരുകളിൽക്കൂടി അറിയപ്പെടുന്ന മെത്രാൻകക്ഷിയുടെ കാതോലി ക്കേറ്റ് അഥവാ തലവൻ കോട്ടയത്തിനടുത്ത് ദേവലോകം തന്റെ ആസ്ഥാന മാക്കി. യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭ എന്നറിയപ്പെടുന്ന ബാവാകക്ഷി അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയർക്കീസിനെ തങ്ങ ളുടെ സഭാതലവനായി അംഗീകരിക്കുന്നു."

കൂനൻകുരിശു സത്യത്തിനുശേഷം മേയ് 22-ന് ആലങ്ങാട്ട് വച്ച് 12 വൈദികർ ചേർന്ന് അർക്കദയാക്കോന്റെ മേൽ കൈവച്ച് മെത്രാൻപട്ടം കൊടു ത്തു. കൃത്രിമമായ രേഖകൾ ചമച്ചാണ് ഈ വ്യാജമെത്രാഭിഷേകം നടന്ന ത്. അഹത്തുള്ളാ മാർപ്പാപ്പായാൽ അയയ്ക്കപ്പെട്ട ആളല്ലെന്നും 12 പേർ ചേർന്ന് കൈവെയ്പ് നടത്തി മെത്രാനായി വാഴിക്കാൻ ആരെയും ചുമതല പ്പെടുത്തിയിരുന്നില്ലെന്നും അങ്ങനെ സംഭവിക്കുകയില്ലെന്നും ഉള്ള സത്യം

www.malankaralibrary.com

ജനങ്ങൾ പിന്നീടാണറിയുന്നത്. എങ്കിലും ഈ സംഭവ വികാസങ്ങൾ പുത്തൻകൂർ ശീശ്മയുടെ ആരംഭത്തിന് വഴി തെളിച്ചു. സത്യം ഗ്രഹിച്ച അനേകായിരങ്ങൾ സത്യവിശ്വാസത്തിലേയ്ക്ക് തിരികെ വന്നുകൊണ്ടിരുന്നു.

മാർത്തോമ്മാ ഒന്നാമനായി 12 പേർ കൈവെയ്പുവഴി മെത്രാനായി (?) വാഴിച്ച ആർച്ച് ഡീക്കൻ, തന്റെ മെത്രാൻസ്ഥാനം സാധുവാക്കാൻ പല ശ്രമങ്ങളും നടത്തി. ഫലമുണ്ടായില്ല. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വികാരങ്ങൾ മനസ്സിലാക്കിയ പ്രൊപ്പഗാന്താ തിരുസംഘം കർമ്മലീത്താ സന്യാസികളെ ഇന്ത്യയിലേക്കയച്ചു. അവരിൽ ഒരാളായ ജോസഫ് സെബസ്റ്റ്യാനി വികാരി അപ്പസ്തോലിക്കയായി മലബാറിൽ നിയമിതനായി. ഇതിനിടയിൽ ഡച്ചുകാർ പോർട്ടുഗീസുകാരുമായി യുദ്ധത്തിൽ ഏർപ്പെടുകയും കൊച്ചി ഡച്ചുകാർ പിടിച്ചെടുക്കുകയും സെബസ്റ്റ്യാനി മെത്രാനോട് ഭാരതം വിട്ടുപോകാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പള്ളിവീട്ടിൽ ചാണ്ടി മെത്രാനെ പ്രഥമ ഏതദ്ദേശീയ മെത്രാനായി വാഴിക്കപ്പെട്ടു. സെബസ്റ്റ്യാനിക്കു പകരം വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. അതോടെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ചാണ്ടി മെത്രാന്റെ പിന്നിൽ അണിനിരന്നു. തന്റെ ശക്തി ക്ഷയിക്കുന്നുവെന്ന് മനസ്സിലാക്കിയ ആർച്ച് ഡീക്കൻ മെത്രാൻ 1665-ൽ ഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാനെ മലബാറിലേക്ക് കൊണ്ടുവന്നു. പുത്തൻകുറ്റുകാരിൽ ഒരു വിഭാഗം അദ്ദേഹത്തന് വഴങ്ങി യാക്കോബായ വിശ്വാസം സ്വീകരിച്ചു. ഒന്നാം മാർത്തോമ്മാ 1670-ൽ ദിവംഗതനായി. തുടർന്ന് അദ്ദേഹത്തിന്റെ സഹോദരപുത്രൻ രണ്ടാം മാർത്തോമ്മാ എന്ന പേരിൽ ഭരണഭാരം ഏറ്റെടുത്തു. അങ്ങനെ 6-ാംമത്തെ പിന്തുടർച്ചയായി 1770-ല് ആറാം മാർത്തോമ്മ ദിവന്ന്യാസോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെട്ടു. ഒന്നാം മാർത്തോമ്മ മുതൽ ആറാം മാർത്തോമ്മാ വരെയുള്ള ഭരണാധികാരികളുടെ കാലഘട്ടത്തിൽ പുത്തൻകൂർ-പഴയകൂർ തമ്മിൽ ഒന്നാകാനുള്ള ശ്രമങ്ങൾ പല സന്ദർഭങ്ങളിലും നടന്നു. പോർട്ടുഗീസ് ഭരണാധികാരികളുടെ കുതന്ത്രങ്ങൾ മുഖാന്തിരം ഐക്യശ്രമം പരാജയപ്പെട്ടു.

ഷെവ.ഐ.സി. ചാക്കോ രചിച്ച മാർ ളൂയീസ് ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആറാം മാർത്തോമ്മായുടെ കാലം വരെ പഴയകൂറ്റുകാരും പുത്തൻകുറ്റുകാരുമെന്നുമുള്ള വ്യത്യാസം ശാശ്വതമായിട്ടുള്ള ഒന്നല്ലെന്നും കാലക്രമേണ അത് നീങ്ങിപ്പോകുമെന്നുമുള്ള അഭിപ്രായം രണ്ടു കൂട്ടർക്കുമുണ്ടായിരുന്നു. പത്തൊൻപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ പ്രോട്ടസ്റ്റന്റുകാർ കേരളത്തിൽ വരികയും പുത്തൻകൂറ്റുകാർ അവരോട് കൂട്ടുപിടിക്കുകയും ചെയ്തതിൽ പിന്നീട് ഈ വ്യത്യാസം അപരിഹാര്യമെന്നുള്ള വിധത്തിൽ രണ്ടു കൂട്ടരും പ്രവർത്തിച്ചു തുടങ്ങി. പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും തമ്മിലുള്ള ബന്ധമെല്ലാം പിരിഞ്ഞിരിക്കുന്നുവെന്നുള്ള വിധത്തിലാണ് പത്തൊൻപതാം ശതാബ്ദത്തിലെ സുറിയാനി

www.malankaralibrary.com

ചരിത്രം മുന്നോട്ടുപോകുന്നത്. എന്നിരുന്നാലും പുത്തൻ കൂററുകാരെ പൂർവ്വ സ്ഥാനത്തേക്ക് ആകർഷിച്ചുകൊണ്ടുവരണമെന്നുള്ള ആഗ്രഹം പഴയകൂറ്റുകാരിൽ നിന്നും ഒരിക്കലും അന്തർദ്ധാനം ചെയ്തിരുന്നില്ല. സകലരും ക്രിസ്തുവിന്റെ ഏക പ്രതിനിധിയായ ഏകാധിപതിയുടെ കീഴിൽ വരുമെന്നുള്ള കത്തോലിക്കാസഭയുടെ പ്രതീക്ഷ മാത്രമല്ലായിരുന്നു ഈ ആഗ്രഹത്തിന്റെ അടിയിൽ സ്ഥിതിചെയ്തിരുന്നത്. പെട്ടെന്നുണ്ടായ ഒരു വാശിനിമിത്തം സ്വഗൃഹത്തെയും സഹോദരന്മാരെയും തങ്ങളേയും വിട്ട് പുറപ്പെട്ടുപോയവരാണ് പുത്തൻകൂറ്റുകാർ എന്നുള്ള ബോധം പഴയ കൂറ്റുകാരിൽ നിലകൊള്ളുന്നു. വീട്ടിലുള്ളവരോട് പിണങ്ങി പുറപ്പെട്ടുപോകുന്നവന് വീട്ടിൽ തിരിച്ചു പോകണമെന്നുള്ള ആഗ്രഹത്തേക്കാൾ വളരെ വലുതായിരിക്കും അവൻ തിരിച്ചുവരണമെന്ന് വീട്ടിൽ താമസിക്കുന്നവർക്കുള്ള ആഗ്രഹം. ഏവും വിധമായ ഒരു മനോഭാവവ്യത്യാസമാണ് പഴയകൂറ്റുകാരെ പുനരൈക്യത്തിൽ കൂടുതൽ ഉത്സുകരാക്കിത്തീർത്തത്."

## മാർ കരിയാറ്റിയും ഗോവർണ്ണദോറും

പഴയകൂറ്റുകാരുമായി യോജിക്കണമെന്നുള്ള ചിന്ത ഒന്നുമുതൽ 6 വരെയുള്ള എല്ലാ മാർത്തോമ്മാ മെത്രാൻമാർക്കും ഉണ്ടായിരുന്നു. ഈ കാര്യത്തിന് വേണ്ടി കൂടുതൽ പരിശ്രമിച്ചത് ആറാം മാർത്തോമ്മാ അഥവാ മാർദിവന്ന്യാസിയോസ് പ്രഥമനാണ്. അദ്ദേഹം ഇക്കാര്യത്തിനായി പഴയകൂർ സുറിയാനി വിഭാഗത്തിന്റെ ഭരണകർത്താക്കന്മാരുടെ സഹായം ആവശ്യപ്പെടുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തു. 1772-ൽ നിരണത്തു വെച്ച് മെത്രാൻപട്ടം സ്വീകരിക്കുന്നതിനുമുമ്പും അതിനുശേഷവും ഈ നിലപാടിൽ അദ്ദേഹം ഉറച്ചു നിന്നു. ലത്തീൻ ഭരണാധികാരികളുടെ എതിർപ്പുമൂലംനടന്നില്ല. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി മാർ കരിയാറ്റി മല്പാനും പാറേമ്മാക്കൽ തോമ്മാകത്തനാരും കൂടി അങ്കമാലി സമ്മേളനത്തിന്റെ തീരുമാനമനുസരിച്ച് പോർട്ടുഗൽ, റോം എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്തു. പുനരൈക്യാനുമതിയും വാങ്ങി അവർ തിരിച്ചുപോന്നു.പോർട്ടുഗലിൽ വെച്ച് മാർ കരിയാറ്റിയെ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി വാഴിച്ചു. തിരികെ വരും വഴി ഗോവായിൽ വെച്ച് മാർ കരിയാറ്റി ദിവംഗതനായി. തുടർന്ന് കേരളത്തിൽ എത്തിയ പാറേമ്മാക്കൽ കത്തനാർ അഡ്മിനിസ്ട്രേറ്ററായി ഭരണം ഏറ്റെടുത്തു.

### തച്ചിൽ മാത്തുത്തരകൻ

സുറിയാനി സഭക്ക് സ്വന്തം റീത്തിൽപ്പെട്ട മെത്രാനെത്തന്നെ ലഭിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച ഒരു മഹാ പുരുഷനായിരുന്നു തച്ചിൽ മാത്തുത്തരകൻ. അദ്ദേഹത്തിന്റെ 200-ാം ചരമവാർഷികം അടുത്ത വർഷമാണ്. ഈ സന്ദർഭത്തിൽപോലും അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാനുള്ള

www.malankaralibrary.com

പദ്ധതിക്ക് സമുദായം കാര്യമായ നേതൃത്വം നൽകുന്നില്ല. ആലപ്പുഴ, തത്തം പള്ളി, പഴവങ്ങാടി ഇടവകകളുടെ നേതൃത്വത്തിൽ ഒരു സമ്മേളനം നടത്തിയെന്നത് അഭിമാനകരമാണ്.

സുറിയാനി സഭയ്ക്ക് സ്വന്തം റീത്തിൽപ്പെട്ട മെത്രാനെത്തന്നെ ലഭിക്കുന്നതിനുവേണ്ടി ക്ലേശകരമായ യാത്ര ചെയ്ത രണ്ടു മഹാത്മാക്കളാണ് കുടക്കച്ചിറ അന്തോനിക്കത്തനാരും തൊണ്ടനാട് അന്തോനിക്കത്തനാരും. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആവശ്യപ്രകാരം റോക്കോസും മേലൂസും കേരളത്തിൽ വന്നു. ഒരു സമുദായത്തിന്റെ അന്തർദാഹമായിരുന്നു അത്. അവർ അടക്കി ഭരിക്കുന്നവരായിരുന്നില്ല. അവർ ആദ്ധ്യാത്മിക ചൈതന്യമുള്ള സന്യാസികളായിരുന്നു. വളരെയധികം ആളുകൾ റോക്കോസിന്റെയും മേലൂസിന്റെയും പിന്നാലെ പോയി. ശിശ്മപ്രസ്ഥാനങ്ങളല്ല തങ്ങളുടെ വിമോചനസമരത്തിന് രക്ഷാ കവാടം റോമാ മാത്രമാണെന്ന് മാർത്തോമ്മാ ക്രിസ്ത്യാനികൾ മനസ്സിലാക്കി. എന്നാൽ സത്യം റോമിനെ ഗ്രഹിപ്പിക്കുവാൻ സാധിക്കാത്തമട്ടിൽ പാശ്ചാത്യമിഷനറിമാർ പ്രവർത്തിച്ചു. ഈ ഊരാക്കുടുക്കിൽനിന്നും രക്ഷപെടുവാൻ പുളിങ്കുന്ന് മാന്നാനം കൊവേന്തകളിൽ താമസിച്ചിരുന്ന സന്യാസിമാർ രംഗത്തിറങ്ങി. സുറിയാനി സഭയുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് മാന്നാനത്തെ യുവവൈദികർ ഹർജി എഴുതിയുണ്ടാക്കി. ആ ഹർജിയിൽ ഒപ്പിടുവാൻ പലരും വിസമ്മതിച്ചു. എങ്ങനെയെങ്കിലും എഴുത്ത് എഴുതിയവരെ കണ്ടുപിടിക്കാൻ മെത്രാപ്പോലീത്തായുടെ ഏജന്റുമാരായി ചില നാട്ടുകാരായ വൈദികരെ നിയോഗിച്ചു. നിവേദനം സമർപ്പിച്ചവരെ അവർ തിരിച്ചറിഞ്ഞു. ഹർജി അയച്ച ഏഴു വൈദികരെ സഭയിൽ നിന്നും ബഹിഷ്കരിച്ചു. അവർ "ഏഴുവ്യാകുലങ്ങൾ" എന്ന പേരിലാണ് അറിയപ്പെട്ടത്.

## കുടക്കച്ചിറ അന്തോണികത്തനാർ

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് സ്വജാതി മെത്രാനെ കിട്ടുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ട് ജീവൻ ബലിയർപ്പിച്ച പ്രതിഭാശാലിയായ കുടക്കച്ചിറ അന്തോണിക്കത്തനാർ പാലാ ഇടവകയിൽ കുടക്കച്ചിറ കുടുംബത്തിൽ ഭൂജാതനായി. സുറിയാനി, ലത്തീൻ, പോർട്ടുഗീസ് ഭാഷകൾ അന്നത്തെ പ്രമുഖരായ മല്പാൻമാരുടെ പക്കൽ നിന്നും പഠിച്ച് മാന്നാനത്ത് കൊവേന്തയിൽ ചേരുന്നതിന് ശ്രമിച്ചു. കൊവേന്ത അധികാരികൾ അദ്ദേഹത്തെ സഭയിൽ ചേർക്കുന്നതിന് തല്പരരായിരുന്നില്ല. താൻ അധികം താമസിക്കാതെ ഒരു സന്യാസസഭ സ്ഥാപിക്കുമെന്ന് ദൃഢപ്രതിജ്ഞയെടുത്തുകൊണ്ടാണ് അദ്ദേഹം അവിടെ നിന്നു പിരിഞ്ഞത്.

കട്ടക്കയത്ത് യൗസേപ്പു മല്പാന്റെ പക്കൽ നിന്നും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. വാരാപ്പുഴ ലുദവിക്കോസ് മെത്രാൻ അദ്ദേഹത്തിന് വൈദികപട്ടം നല്കി. അരുവിത്തുറപ്പള്ളി പള്ളിവികാരിയായി ആദ്യ നിയ

www.malankaralibrary.com

മനം ലഭിച്ചു. ആ ജോലിക്കിടയിൽ പ്ലാശനാൽ വിശുദ്ധ അന്തോനിയുടെ മാതൃകയിലുള്ള ഒരു കൊവേന്ത സ്ഥാപിച്ചു. കഠിനമായ ശാരീരിക തപസ്സ് ആ ആശ്രമത്തിലെ ഒരു പ്രത്യേകതയായിരുന്നു. അവിടെ ഒരു സെമിനാരി സ്ഥാപിച്ച് വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു. ആ ശെമ്മാശൻമാർക്ക് വൈദികപട്ടം നൽകുവാൻ ബർണർദിയോസ് മെത്രാൻ വിസമ്മതിച്ചു.

വൈദിക വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ മലങ്കരസഭയ്ക്ക് സ്വജാതി മെത്രാനെ കിട്ടാൻ ശ്രമിച്ചുകൊണ്ടിരുന്ന അന്തോനിക്കത്തനാരെ ഈ നടപടി ദു:ഖിപ്പിച്ചു. സുറിയാനി മെത്രാനെ ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ അദ്ദേഹം ഊർജ്ജിതപ്പെടുത്തി. എല്ലാ പള്ളികളിലും ചുറ്റി സഞ്ചരിച്ച് വൈദികരെക്കൊണ്ടും അൽമായ പ്രമുഖരെക്കൊണ്ടും റോമിലേക്ക് ഹർജികൾ അയപ്പിച്ചു. അന്തോനിക്കത്തനാരുടെ ശാരീരിക തപസ്സ് കണ്ടറിയുകയും അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നവർ അദ്ദേഹത്തിന്റെ എല്ലാ ശ്രമങ്ങളേയും പ്രോത്സാഹിപ്പിച്ചു. അദ്ദേഹത്തെ ഒരു അസാധാരണ മനുഷ്യനായി എല്ലാവരും പരിഗണിച്ചു.

ബർണദിനോസ് മെത്രാൻ, അന്തോനിയച്ചന്റെ നീക്കങ്ങളെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്നു. വികാരിമാരെ വാരാപ്പുഴ വിളിച്ചു വരുത്തി അന്തോനിയച്ചനെ ആരും വിശ്വസിക്കരുതെന്ന് ഉപദേശിച്ചു. വിവരം അറിഞ്ഞ് അവിടെയെത്തിയ അന്തോനിക്കത്തനാർ ആയോഗത്തിൽ കടന്നു ചെന്ന് സ്വജാതി മെത്രാനെ ലഭിക്കുന്നതിനുള്ള ആഗ്രഹം എല്ലാവർക്കും ഉണ്ടെന്നും അതിനെതിരായ നിലപാട് സ്വീകരിക്കരുതെന്നും മെത്രാനോട് അഭ്യർത്ഥിച്ചു. മെത്രാൻ ഉടൻ യോഗം പിരിച്ചുവിട്ടു.

സ്വജാതി മെത്രാനെ ലഭിക്കുന്നതിനുവേണ്ടി നിവേദനം സമർപ്പിക്കുവാൻ ഏതാനും വൈദികരോടൊന്നിച്ച് അന്തോനിക്കത്തനാർ ബാഗ്ദാദിലേക്ക് പോയി. ഏതാനും വൈദിക വിദ്യാർത്ഥികളെയും കൂട്ടത്തിൽ കൊണ്ടുപോയി. വിദ്യാർത്ഥികളിൽ പലരും യാത്രാമദ്ധ്യേ നിര്യാതരായി. വിവരം ഭരണങ്ങാനംകാരൻ തൊണ്ടനാട് അന്തോനിക്കത്തനാരെ അറിയിക്കുകയും ബാഗ്ദാദിലേക്ക് പോകുവാൻ തൊണ്ടനാട്ടച്ചനോടും കൂടി വരുവാൻ ആവശ്യപ്പെടുകയും ചെയ്തു. തൊണ്ടനാട്ട് അച്ചനുമൊരുമിച്ച് ബാബേലിൽ നിന്നും ബാഗ്ദാദിലേക്ക് കപ്പൽ കയറി. ബാബേലിലെ ഔസേപ്പ് ഔദോ പാത്രിയാർക്കീസ് അവരെ സ്വീകരിച്ചു. രണ്ടു വർഷം അവർ അവിടെ താമസിച്ചു. കേരളത്തിന്റെ പ്രശ്നങ്ങൾ അവർ പാത്രിയാർക്കീസിനെ ധരിപ്പിച്ചു. ജനങ്ങളുടെ ഹർജിയുണ്ടെങ്കിൽ മാത്രമേ ഒരു മെത്രാനെ അയച്ചു തരുവാൻ സാധിക്കുകയുള്ളുവെന്ന് പാത്രിയാർക്കീസ് അറിയിച്ചു.

ജനങ്ങളുടെ ഹർജി തയ്യാറാക്കുന്നതിനായി 1856-ൽ അന്തോനിക്കത്തനാർ കേരളത്തിലേക്ക് മടങ്ങി. കേരളത്തിൽ എത്തി എല്ലാ പള്ളികളിലും ചുറ്റി സഞ്ചരിച്ചു. സുറിയാനി റീത്തിൽപെട്ട ഒരു മെത്രാനെ അയച്ചുതരണ

www.malankaralibrary.com

മെന്നുള്ള ഹർജിയിൽ ജനങ്ങളുടെ ഒപ്പു സമ്പാദിച്ചു. മെത്രാൻ അന്തോനി യച്ചന്റെ നടപടികളെ എതിർക്കുകയും അദ്ദേഹത്തെ മഹറോൻ ശിക്ഷക്ക് വിധേയനാക്കുകയും ചെയ്തു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഹർജി യുമായി ഏതാനും വൈദികരോടും വൈദികവിദ്യാർത്ഥികളോടും കൂടെ 1857 ഫെബ്രുവരിയിൽ കത്തനാർ വീണ്ടും ബാഗദാദിലേക്ക് കപ്പൽ കയറി. ബസ റായിൽ എത്തിയപ്പോൾ പലർക്കും പനി പിടി പെട്ടു. കുടക്കച്ചിറ അന്തോനി ക്കത്തനാരും കൂട്ടത്തിലുണ്ടായിരുന്ന ഇല്ലിക്കലച്ചനും ഏതാനും വൈദിക വിദ്യാർത്ഥികളും ബസറയിൽ വെച്ച് 1857 മേയ്മാസം 1-ാം തിയതി നിര്യാത രായി. സ്വന്തം ജാതിയിലും റീത്തിലും പെട്ട മെത്രാന്മാരെ ലഭിക്കുന്നതിനു വേണ്ടി നടത്തപ്പെട്ട പരിശ്രമത്തിലെ പ്രമുഖ രക്തസാക്ഷിയായി കുടക്കച്ചിറ അന്തോനിക്കത്തനാർ അറിയപ്പെടുന്നു.

## തൊണ്ടനാട്ട് അന്തോനി കത്തനാർ

സ്വന്തം റീത്തിലും ജാതിയിലും മെത്രാനെ ലഭിക്കുന്നതിനു വേണ്ടി യുള്ള പരിശ്രമത്തിൽ കുടക്കച്ചിറ അന്തോനിക്കത്തനാരോടു കൂടി ബാഗ്ദാദിലേക്ക് പോവുകയും അന്തോണി കത്തനാരുടെ മരണശേഷം ആ നിവേദക സംഘത്തിന്റെ നേതാവായിത്തീരുകയും ചെയ്ത തൊണ്ടനാട് അന്തോനിക്കത്തനാർ ഭരണങ്ങാനം ഇടവകയിൽ ജനിച്ചു. അന്തോനിയച്ചന്റെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് പാത്രിയർക്കീസ് റോക്കോസ് മെത്രാനെ കേരളത്തിലേക്കയച്ചു. മാർപാപ്പായുടെ കല്പനപ്രകാരമാണ് ഈ നിയമനമെന്ന് അന്തോനിച്ചൻ പ്രചരിപ്പിച്ചു. അനവധി പള്ളികൾ റോക്കോ സിനെ സ്വീകരിച്ചു. വാരാപ്പുഴ മെത്രാൻ റോക്കോസിനെ മഹറോൻ ചൊല്ലി. റോക്കോസ് മെത്രാനോടുകൂടി 1862-ൽ ബാഗാദാദാലേക്കു പുറപ്പെട്ട അന്തോ ണിയച്ചൻ കത്തോലിക്കാ പാത്രിയർക്കീസിൽ നിന്നും മെത്രാൻ പട്ടം ലഭി ക്കാൻ നടത്തിയ ശ്രമങ്ങൾ വിഫലമായി. കർഡാസ്റ്റാനിലെ നെസ്തോറി യൻ പാത്രിയർക്കീസിനെ ചെന്നു കണ്ടു. മാർ ശിമയോൻ എന്ന നെസ്തോ റിയൻ പാത്രിയർക്കീസ് അന്തോനിയച്ചന് അബ്ദിശോ എന്ന പേരിൽ പട്ടം നൽകി. 1863-ൽ കൊച്ചിയിൽ വന്നിറങ്ങിയ അബ്ദിശോ മെത്രാനെ, ഇടത്തൂ ട്ടിലാകയാൽ ആരും സ്വീകരിച്ചില്ല. പ്ലാശനാൽ വാസമുറപ്പിച്ചുകൊണ്ട് ശീശ്മ ശക്തിപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. 1864-ൽ രോഗബാ ധിതനായ അബ്ദിശോ മെത്രാൻ ചാവറയച്ചന്റെ സഹായത്താൽ വാരാപ്പുഴ മെത്രാനിൽ നിന്നും മുടക്കുകളെല്ലാം തീർത്തു. തുടർന്ന് വിളക്കുമാടം പള്ളി യിൽ വികാരിയായിരിക്കുമ്പോഴാണ് മേലൂസ് മെത്രാൻ കേരളത്തിലെത്തുക, മേലൂസ് മെത്രാന്റെ കൂടെ കൂടുകയും ശീശ്മയെ ശക്തിപ്പെടുത്തുവാൻ പരി ശ്രമിക്കുകയും ചെയ്തു. മേലൂസ് മെത്രാൻ കേരളം വിട്ടുപോയപ്പോൾ പള്ളി ഭരണം നടത്താൻ അന്തോണിക്കത്തനാരെ ചുമതലപ്പെടുത്തി ചെറിയ പട്ടങ്ങൾ കൊടുക്കുന്നതിനും അനുവാദം നൽകി. അന്തോനിയച്ചൻ മേലൂസ്

www.malankaralibrary.com

കക്ഷിയുടെ മെത്രാനായി എന്നതിന് തെളിവൊന്നുമില്ല എങ്കിലും അദ്ദേഹം തൃശൂരും ഇളംതോട്ടത്തിലുമായി പാർത്ത് ശീശ്മ പള്ളികളെ ഭരിച്ചു പോന്നു. അങ്ങനെ ഇളംതോട്ടത്ത് മെത്രാൻ എന്ന പേര് അദ്ദേഹത്തിന് ലഭിച്ചു. സുറിയാനികത്തോലിക്കർക്ക് സ്വന്തം ജാതിയിലും റീത്തിലും മെത്രാനെ ലഭിക്കുന്ന കാഴ്ച കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. എങ്കിലും ശീശ്മ വിട്ടുപേക്ഷിച്ചു പോരാൻ തയ്യാറായില്ല. 1909 -നവംബറിൽ അദ്ദേഹം നിര്യാതനായി.

കത്തോലിക്കാസഭയിൽ നിന്നും പതിതനായിട്ടാണ് നിര്യാതനായതെങ്കിലും അദ്ദേഹം നടത്തിയ സ്വയംഭരണ ശ്രമങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല.

## ഏഴുവ്യാകുലങ്ങൾ

മലബാർസഭയിലെ അസ്വസ്ഥതകൾക്കു കാരണം നസ്രാണി പൈതൃകമറിയാവുന്ന നാട്ടുമെത്രാന്മാരുടെ അഭാവമാണെന്ന വസ്തുത മാർത്തോമ്മാ ക്രിസ്ത്യാനികൾക്കറിയാമായിരുന്നു. അതിന് പരിഹാരമായി ഇവിടുത്തെ വസ്തുതകൾ റോമിനെ ശരിക്കും മനസ്സിലാക്കുകയാണ് ഉചിതമെന്നും അവർ മനസ്സിലാക്കി. ഈ ലക്ഷ്യത്തോടെ നിരവധി ഹർജികൾ ഇവിടെ നിന്നും പ്രധാനമായി മാന്നാനം കൊവേന്തയിൽ നിന്നും അയച്ചു. സുറിയാനിസഭയുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് മാന്നാനത്തെ യുവവൈദികർ ഹർജി എഴുതിയുണ്ടാക്കി. പക്ഷേ ആ ഹർജിയിൽ ഒപ്പിടുവാൻ പലരും വിസമ്മതിച്ചു. ഒപ്പിടാതെ തന്നെ അവർ ഹർജി റോമിലേക്കയച്ചു. അതിനടിയിൽ ഒപ്പിടാതിരിക്കുവാനുള്ള കാരണവുംകൂടി അവർ എഴുതിച്ചേർത്തിരുന്നു. എങ്ങിനെയെങ്കിലും എഴുത്ത് എഴുതിയവരുടെ പേരുകൾ വെളിപ്പെട്ടാൽ വികാരി അപ്പസ്തോലിക്കായിൽ നിന്നും വളരെയധികം ദുരിതങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും അതുകൊണ്ടാണ് പേരും ഒപ്പും ഇടാത്തതെന്നും അതൊരു ന്യൂനതയായി പിതാവ് കണക്കാക്കരുതെന്നും ആ ഹർജിയുടെ അടിയിൽ ചേർത്തിരുന്നു. 1875 ജൂലൈ 28-ാം തീയതി അയച്ചകത്ത് ഒപ്പുകൾ ഇല്ലാതിരുന്നതിനാലാകാം യാതൊരു പ്രതികരണവും ഉണ്ടാക്കിയില്ല. 1875 സെപ്റ്റംബർ 1-ാം തീയതി 57 ഇടവക വൈദികരും 37 സന്യസ്തരും കൂടിയൊരു ഹർജി റോമിനയച്ചു. പേരുവയ്ക്കാതെ അയച്ച കത്തിലെയും ഈ കത്തിലെയും ഉള്ളടക്കം ഒന്നുതന്നെയായിരുന്നു. പേരുവയ്ക്കാതെ കത്തയച്ചവർ ആരെന്നറിയാൻ രഹസ്യാന്വേഷണം ആരംഭിച്ചു. നാട്ടുകാരായ ചില വൈദികർ മെത്രാപ്പോലീത്തായുടെ ഏജന്റുമാരായി പ്രവർത്തിച്ചു. അങ്ങനെയവർ നിർദ്ദേശം സമർപ്പിച്ചവരെ തിരിച്ചറിഞ്ഞു. അവരെ ദുർമാർഗികളും അക്രമികളും ഭോഗേച്ഛുക്കളും വിപ്ലവകാരികളുമെന്ന് മുദ്രയടിച്ചു. അവർക്കെതിരെ ബദൽ ഹർജി തയ്യാറാക്കാൻ നീക്കങ്ങൾ ആരംഭിച്ചു.

www.malankaralibrary.com

ഹർജിയിൽ ഒപ്പിട്ട ശംകുരിക്കൽ പൗലോസച്ചനെ ആശ്രമത്തിൽ നിന്നും ബഹിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് എൽതുരുത്തിയിൽ വിളിച്ച് വരുത്തി നൽകി. സഭാനിയമലംഘനം ജനപ്രക്ഷോഭണം തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ച് മാതേക്കൽ മത്തായിച്ചനെ സഭയിൽ നിന്നും പുറത്താക്കി. മൂന്നുദിവസത്തിനകം ആശ്രമം വിടുകയും സഭാവസ്ത്രം ഉപേക്ഷിക്കുകയും ചെയ്തില്ലെങ്കിൽ കുർബാന മുടക്കുമെന്ന് ഭീഷണിപ്പെടുത്തി. മാതേക്കലച്ചൻ ജന്മനാടായ ആരക്കുഴക്കുപോയി. മീനാട്ടൂർ എമ്മാനുവൽ അച്ചനെ രണ്ടുപേരെക്കൂട്ടി വാഴക്കുളത്തേക്ക് അയയ്ക്കുകയും അവിടെവച്ച് സഭയിൽ നിന്നും പുറത്താക്കിക്കൊണ്ടുള്ള കൽപ്പന ഏൽപ്പിക്കുകയും ചെയ്തു. യുവാക്കളോടൊത്ത് ചിന്തിക്കുകയും സഭയുടെ പൈതൃകത്തിൽ അഭിമാനംകൊള്ളുകയും ചെയ്ത ചാവറ യൗസേപ്പച്ചൻ മാന്നാനം ആശ്രമം പടുത്തുയർത്തുന്നതിന് നിർണ്ണായകമായ പങ്കുവഹിക്കുകയും ചെയ്ത ഒരു വൈദികനായിരുന്നു. അദ്ദേഹത്തെ സഭയിൽനിന്നും പുറത്താക്കണമെന്ന കൽപ്പന കൊടുത്തത് പ്രയോരച്ചനായിരുന്നു. എന്തുവന്നാലും ആശ്രമത്തിൽ കിടന്നു മരിക്കാൻ അദ്ദേഹം നിശ്ചയിച്ചു. ആ വിവരം അറിഞ്ഞ മെത്രാപ്പോലീത്താ യൗസേപ്പച്ചന്റെ കുർബ്ബാന മുടക്കി. കുർബ്ബാന ചൊല്ലാതെ ആശ്രമത്തിൽ കിടന്നു മരിച്ചു.

മാന്നാനം ഹർജി അയച്ചതിൽ മറ്റൊരാളായിരുന്ന കീരി (ഇരിമ്പൻ) ചാവറ യൗസേപ്പച്ചനെ പുറത്താക്കിക്കൊണ്ടുള്ള കൽപ്പന പുറത്തു വന്നപ്പോൾ കീരി വർഗീസച്ചനോട് മെത്രാപ്പോലീത്താ‌യെ കാണാൻ നിർദ്ദേശിച്ചിരുന്നു. മെത്രാപ്പോലീത്തായെ കാണാൻ ചെന്നപ്പോൾ സഭയിൽ നിന്നും പുറത്താക്കപ്പെട്ട കൽപ്പനയാണ് ലഭിക്കുന്നത്. ഹർജി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ അഞ്ചുപേരെ സഭയിൽ നിന്നും പുറത്താക്കി. എന്നാൽ ഇതിന്റെയെല്ലാം നടുനായകത്വം വഹിച്ചത്, തറവട്ടത്തിൽ ഹില്ലാറിയോസച്ചനും പഴേപറമ്പിൽ ളൂയിസച്ചനുമായിരുന്നു. മറ്റ് അഞ്ചുപേരുടെ പേരിലും ശിക്ഷണനടപടിയെടുത്തതുകൊണ്ട് ഇവർ ഇരുവരും തങ്ങളുടെ നിലപാടിൽ നിന്നും മാറി, ലെയണോർദ് മെത്രാപ്പോലീത്തായുടെ അടുക്കൽവന്ന് ക്ഷമചോദിക്കുമെന്നായിരുന്നു വിചാരിച്ചത്. ലെയണാർദ് മെത്രാപ്പോലീത്താ ഉദ്ദേശിച്ചതുപോലെ അവർ ഇരുവരും മാനസാന്തരപ്പെട്ടില്ല. ളൂയിസച്ചനെയും ഹില്ലാരിയോസച്ചനെയും യൂദാസുമാരായും ചെന്നായ്ക്കളായും പിശാചിന്റെ കിങ്കരന്മാരായും ചിത്രീകരിച്ചു. ഇരുവരെയും ആശ്രമത്തിൽ നിന്നും പുറത്താക്കി. ഈ പുറത്താക്കലിൽ അവർ ഭയപ്പെട്ടില്ല. കൂടുതൽ സ്വാതന്ത്ര്യത്തോടും ഊർജ്ജസ്വലതയോടുകൂടിയും മഹത്തായ ലക്ഷ്യത്തിലേയ്ക്ക് അവർ നടന്നുനീങ്ങി. മാന്നാനം ഹർജിയുടെ നേതാക്കളായ ഏഴുവൈദികരെ കർമ്മലീത്താസഭയിൽ നിന്നും ബഹിഷ്കരിച്ചു. സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകി ബലികളായിത്തീർന്ന ഏഴു വൈദികർ ഏഴു വ്യാകുലങ്ങൾ എന്ന പേരിൽ അറിയപ്പെട്ടു.

www.malankaralibrary.com

ഈ ഏഴു വ്യാകുലങ്ങൾ അനുഭവിച്ച വ്യസനത്തിന്റെ കഥകൾ ഇന്നത്തെ തലമുറ ശരിക്ക് ഗ്രഹിച്ചിട്ടുണ്ടോ? അവരെപ്പോലെ അറിയുന്നവരും അറിയപ്പെടാത്തവരുമായ പതിനായിരങ്ങളുടെ കഷ്ടതകളാണ് നമ്മുടെ സഭയെ ഇന്ന് ഈ നിലയിൽ എത്തിച്ചത്.

## നിധീരിക്കൽ മാണിക്കത്തനാർ

സീറോ - മലബാർ സഭയുടെ പൈതൃകം സംരക്ഷിക്കുന്നതിനും നാട്ടുകാരായ മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി പിന്നീട് പ്രവർത്തിച്ചവരിൽ ഏറ്റം പ്രമുഖനായിരുന്നു നിധീരിക്കൽ മാണിക്കത്തനാർ. സ്വദേശി മെത്രാന്മാർക്കുവേണ്ടിയുള്ള സുറിയാനി ക്രിസ്ത്യാനികളുടെ വിമോചന സമരത്തിലെ മുന്നണി പോരാളിയായിരുന്നു അദ്ദേഹം. കർമ്മകുശലനായ പുരോഹിതവരേണ്യൻ, വിവിധ ഭാഷാ പണ്ഡിതൻ, നിയമപടു, വിനീതനായ സഭാസ്നേഹി, ആദർശധീരനായ നേതാവ്, സംഘാടകൻ, സമുദായസേവകൻ എന്നീ നിലകളിൽ അതുല്യപ്രതിഭയായിരുന്നു മാണിക്കത്തനാർ. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ബഹുമുഖപുരോഗതിക്കുവേണ്ടി മാണികത്തനാരോളം പ്രവർത്തിച്ച മറ്റൊരു വൈദികനില്ല. അദ്ദേഹത്തെ പൊന്തിഫിക്കൽ വികാരി ജനറാളായി നിയമിച്ചെങ്കിലും ഏറെ താമസിയാതെ വടിയും തൊപ്പിയും തിരികെ വാങ്ങി അദ്ദേഹത്തെ ഒരു പള്ളി വികാരിയായി മാറ്റുകയാണുണ്ടായത്. അദ്ദേഹം രൂപീകരിച്ച ജാതൈക്യസംഘം ചരിത്രത്തിലെ ഒരു മഹാസംഭവം തന്നെയാണ്.

## ഫാ. പ്ലാസിഡ് സി.എം.ഐ.

മാണിക്കത്തനാർക്കുശേഷം ഫാ. പ്ലാസിഡ് സി.എം.ഐ. സീറോ - മലബാർ സഭയുടെ ബഹുവിധങ്ങളായ വളർച്ചക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വിലമതിക്കപ്പെടേണ്ടതാണ്. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ഒരുക്കത്തിനായുള്ള കമ്മീഷനിലെ ഒരു അംഗമായിരുന്നു ഫാ. പ്ലാസിഡ്. തിരുവല്ലാ മെത്രാസന മന്ദിരത്തിൽവച്ച് ഫാ. പ്ലാസിഡ് 1953 നവംബർ 26-ാം തീയതി കർദ്ദനാൾ ട്രിസറന്റ് തിരുമേനിക്ക് നല്കിയ മെമ്മോറാണ്ടം ചരിത്രത്തിലെ ഒരു വിലപ്പെട്ട രേഖയായിരുന്നു. സീറോ-മലബാർ റീത്തിന്റെ പുനരുദ്ധാരണത്തെപ്പറ്റിയും അവർക്ക് പ്രത്യേകം സെമിനാരികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സീറോ-മലബാർ സഭയുടെ അതിർത്തി വ്യാപനത്തെപ്പറ്റിയും ഇന്ത്യ മുഴുവൻ ചിതറിക്കിടക്കുന്ന സീറോ-മലബാറുകാരുടെ പ്രശ്നങ്ങളെപ്പറ്റിയും ആ മെമ്മോറാണ്ടത്തിൽ പ്രതിപാദിച്ചിരുന്നു. അവയെല്ലാം നടപ്പിലാക്കുന്നതിനുവേണ്ടി ഫാ പ്ലാസിഡ് റോമിൽ ഇരുന്നുകൊണ്ട് കഠിനാദ്ധ്വാനം ചെയ്തു. മേൽപറഞ്ഞ മഹാപുരുഷന്മാരുടെ സേവനങ്ങളെ വിലമതിക്കാൻ - വരുംതലമുറയെ പരിചയപ്പെടുത്തുവാൻ എന്തെങ്കിലും നാം ചെയ്തിട്ടുണ്ടോ?

www.malankaralibrary.com

മാർ കരിയാറ്റി ഗോവയിൽ വച്ചാണ് മരണപ്പെട്ടത്. അദ്ദേഹത്തിന്റെ സംസ്കാരം നടന്നതും ഗോവയിലെ കത്തീഡ്രൽ ദേവാലയത്തിലാണ്. 1786-ൽ ദിവംഗതനായ മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിലേക്ക് കൊണ്ടുവന്ന് പുനസംസ്കരിക്കണമെന്ന് അദ്യം അഭിപ്രായപ്പെട്ടത് മോൺ ജോൺ കച്ചിറമറ്റമാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചത് 169 വർഷങ്ങൾക്കുശേഷം അഖിലകേരള കത്തോലിക്കാ കോൺഗ്രസാണ്. മോൺ. കച്ചിറമറ്റത്തെതന്നെ കൺവീനറായി ഒരു കമ്മറ്റി കത്തോലിക്കാ കോൺഗ്രസ് നിയമിച്ചു. 1961-ൽ ആലങ്ങാട് കൊണ്ടുവന്ന് പുനസംസ്കരിച്ചു. അദ്ദേഹത്തിന്റെ മെത്രാഭിഷേകത്തിന്റെ 200-ാം വാർഷികം രാമപുരത്തുവച്ച് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിനെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുകയുണ്ടായി. പാറേമ്മാക്കൽ ഗോവർണ്ണദോറുടെ 250-ാം ജന്മവാർഷികവും മാർകരിയാറ്റിയുടെ 200-ാം ചരമവാർഷികവും കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സീറോ മലബാർ സഭയിലെ 14 വൈദിക മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിൽ രാമപുരത്ത്വച്ച് നടത്തപ്പെട്ടതും ഈ ലേഖകൻ കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായിരുന്ന കാലത്താണ്. പാറേമ്മാക്കൽ തോമ്മാകത്തനാരുടെ 200-ാം ചരമവാർഷികം സീറോ - മലബാർ സഭയിലെ 27 മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ രാമപുരത്തും കാക്കനാട് സെന്റ് തോമസ് മൗണ്ടിലുമായി നടത്തപ്പെട്ടതും കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലാണ്. ഈ ലേഖകൻ അന്ന് കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്നു. പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രത്യേക താൽപര്യമെടുത്ത് ഗോവർണ്ണദോറിന്റെ 275-ാം ജന്മവാർഷികം രാമപുരത്ത് അതിഗംഭീരമായി നടത്തുകയുണ്ടായി. മാർകരിയാറ്റിയേയും ഗോവർണ്ണദോറെയും കേന്ദ്രീകരിച്ച് മേൽപറഞ്ഞ പരിപാടികൾ നടത്തിയതല്ലാതെ സഭാടിസ്ഥാനത്തിൽ ഒരു കേന്ദ്രീകൃത പദ്ധതി ആവിഷ്കരിക്കാൻ സഭ മുന്നോട്ടു വന്നിട്ടില്ല.

www.malankaralibrary.com

# 4. എന്തു നേടി?

സീറോ - മലബാർ സഭയ്ക്ക് സ്വയംഭരണം കിട്ടുന്നതിനുവേണ്ടിയാണല്ലോ മാർ കരിയാറ്റിയും പാറേമ്മാക്കൽ തോമ്മാകത്തനാരും തച്ചിൽ മാത്തുത്തരകനും നിധീരിക്കൽ മാണിക്കത്തനാരും ഏഴു വ്യാകുലങ്ങളും ഫാ. പ്ലാസിഡും കറുകക്കുളത്തച്ചനും എല്ലാം ജീവിതകാലം മുഴുവൻ ശ്രമിച്ചത്. പതിനായിരങ്ങളാണ് അവരുടെ പ്രവർത്തനങ്ങളോട് സഹകരിച്ച് നീങ്ങിയത്. അവരുടെയെല്ലാം കഠിനാദ്ധ്വാനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഏതദ്ദേശീയരെത്തന്നെ വികാരി അപ്പസ്തോലിക്കാമാരായി നിയമിക്കുകയും ചെയ്തു. ഫാ. ചാൾസ് പൈങ്ങോട് സി.എം.ഐ. നിധീരിയച്ചൻ ചരിത്രരേഖകളിൽ എന്ന ഗ്രന്ഥത്തിൽ (പേജ് 107) ഇപ്രകാരം എഴുതിയിരിക്കുന്നു. "സുറിയാനി സഭയിലെ എല്ലാത്തരത്തിലുമുള്ള ദുരവസ്ഥ മാണിയച്ചൻ ശരിക്കും മനസ്സിലാക്കിയിരുന്നു. എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും ഒരേ സമയം പരിഹാരം കണ്ടെത്തുക അസാദ്ധ്യമായിരുന്നു എന്ന് പറയേണ്ട ആവശ്യമില്ല. ആരാധനാക്രമം ശരിയാക്കുന്നതിനു മുമ്പായി സുറിയാനി റീത്തിൽപ്പെട്ടവർ മെത്രാന്മാരായി വരേണ്ടതുണ്ടായിരുന്നു. അതിലായിരുന്നു മാണിയച്ചൻ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചിരുന്നത്. സുറിയാനി സമുദായത്തിന്റെ പൊതുവായ ഉന്നമനത്തിനും ആരാധനാ ക്രമത്തിന്റെ ശുദ്ധീകരണത്തിനും മുമ്പുള്ള ആദ്യത്തെ പടിയായി ദേശീയരായ മെത്രാന്മാർ ഉണ്ടാകണം എന്നായിരുന്നു സങ്കൽപ്പം. സുറിയാനിക്കാരായ മൂന്നുപേർ വികാരി അപ്പസ്തോലിക്കാമാരായി നിയമിതരായതോടെ അക്കാര്യം സാധിച്ചു. എന്നാൽ അതോടെ സഭയുടെ ആവശ്യങ്ങളെല്ലാം നിറവേറി എന്ന മട്ടായി. ഭരണവും അധികാരവും കിട്ടിയതോടെ സഭയുടെ പൈതൃകം വീണ്ടെടുക്കുന്നതിന് പരിശ്രമിക്കേണ്ടതായിരുന്നു. പക്ഷേ അത്തരത്തിലുള്ള ഒരു പരിശ്രമവും ആ വികാരി അപ്പസ്തോലിക്കാമാർ നടത്തിയില്ല. കാര്യങ്ങളെല്ലാം പഴയപടിതന്നെ നടന്നു. മാക്കീൽ പ്രസിദ്ധീകരിച്ച നിയമസംഹിത വരാപ്പുഴ ആർച്ച് ബിഷപ്പായിരുന്ന ലെയൊനാർദമെല്ലാനോ രൂപംകൊടുത്ത നിയമങ്ങളുടെ വേറൊരു പകർപ്പ് മാത്രമായിരുന്നു. കൂടാതെ പട്ടം കൊടുക്കുന്നതിനും മറ്റും കൽദായ സുറിയാനിക്രമം ഏർപ്പെടുത്തുന്നതിനുപകരം, മുമ്പു സൂചിപ്പിച്ചതുപോലെ ലത്തീൻ പൊന്തിഫിക്കൽ സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യുന്നതിനാണവർ ശ്രമിച്ചത്. കർമ്മങ്ങൾ സുറിയാനി ഭാഷയിൽ നടത്തണമെന്നതിൽക്കവിഞ്ഞ് ആരാധനാക്രമത്തെക്കുറിച്ചും കൽദായ സുറിയാനി ക്രമത്തെക്കുറിച്ചും മറ്റൊരു ധാരണയും അവർക്കുണ്ടായിരുന്നതായി

www.malankaralibrary.com

തോന്നുന്നില്ല. അതിനാൽ മാണിയച്ചനും സമാന ചിന്താഗതിക്കാർക്കും വികാരി അപ്പസ്തോലിക്കാമാരോട് വിയോജിക്കേണ്ടതായി വന്നു.”

മാർ പഴേപറമ്പിൽ റോമാ സന്ദർശിച്ചപ്പോൾ ഒരു അപേക്ഷ പ്രൊപ്പ ഗാന്താ സംഘത്തിനയച്ചു. കോട്ടയം തൃശൂർ വികാരി അപ്പസ്തോ ലിക്കാമാർക്കുംവേണ്ടിക്കൂടിയാണ് ആ അപേക്ഷ സമർപ്പിച്ചത്. 1905 ജൂൺ 30-ാം തീയതി സമർപ്പിച്ച അപേക്ഷയിൽ ലത്തീൻ കലണ്ടറനുസരിച്ച് ആച രിക്കാറുള്ള ചില അനുസ്മരണാദിവസങ്ങൾ സുറിയാനി സഭയ്ക്കും വേണ മെന്നായിരുന്നു കാണിച്ചിരുന്നത്. ആ അനുസ്മരണാദിനങ്ങളുടെ പേരുവി വരവും അവയ്ക്ക് ഓരോന്നിനും കുർബാനയിൽ വായിക്കേണ്ട വിശുദ്ധ ഗ്രന്ഥഭാഗങ്ങളും അതിനോടൊപ്പം വെച്ചിരുന്നു. ആ നിവേദനം പ്രൊപ്പഗാന്താ സംഘം അംഗീകരിക്കുകയും ചെയ്തു.

ഫാ. ചാൾസ് പൈങ്ങോട് തുടർന്നെഴുതുന്നത് ശ്രദ്ധിക്കുക “ഇത്തരം വായനകൾ അക്കാലത്തെ രീതിയനുസരിച്ച് സുറിയാനിയിൽ വൈദികൻ വായിച്ചു തീർത്തിരുന്നുവെന്നല്ലാതെ അവകൊണ്ടോ ആ വിധത്തിലുള്ള അന സ്മരണാദിവസങ്ങളുടെ ആചരണംകൊണ്ടോ ആരാധനാ ജീവിതപരമായി ആർക്കും ഒരു ഗുണവും ഉണ്ടായിട്ടില്ലെന്നതാണ് സത്യം. ഏതായാലും ആ പരിഷ്കാരം കാണാനിടയാകാതെ അതിനുമുമ്പുതന്നെ മാണിയച്ചൻ തന്റെ ജീവിതയാത്ര അവസാനിപ്പിച്ചിരുന്നു.”

സീറോ - മലബാർ സഭയ്ക്ക് സ്വയംഭരണം ലഭിക്കുന്നതിനുവേണ്ടി യാണല്ലോ ഇവിടെ പ്രക്ഷോഭണം നടന്നത്. എന്നുവച്ചാൽ സീറോ - മല ബാർ സഭയുടെ ആരാധനാക്രമവും ഭരണസംവിധാനവും പുനരുജ്ജീവിപ്പി ക്കുകയെന്നതായിരുന്നു നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം മൂന്നു വികാരി അപ്പ സ്തോലിക്കാമാരും വിസ്മരിക്കുകയും ലത്തീൻ ആരാധനാക്രമം സുറിയാ നിയിൽ ചൊല്ലിയാൽ എല്ലാം പൂർത്തിയായി എന്ന് ധരിക്കുകയും ചെയ്തു. സ്വയംഭരണ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ - ഏഴു വ്യാകുലങ്ങ ളിൽ ഒരാളായ - മാർ ളൂയിസ് പഴേപറമ്പിൽ പോലും ആ രീതിയിൽ ചിന്തിച്ച് സംതൃപ്തിയടഞ്ഞുവെന്നത് ഏറെ ഖേദകരമാണ്.

ഫാ. ചാൾസ് പൈങ്ങോട്ടിന്റെ ഒരു അഭിപ്രായംകൂടി ഉദ്ധരിക്കട്ടെ. “വികാരി അപ്പസ്തോലിക്കാമാർ ചെയ്യേണ്ടിയിരുന്നത് ചെയ്തില്ലെന്നു മാത്ര മല്ല, ചെയ്യേണ്ടാത്തതാണ് ചെയ്തത്. അതിന്റെ ദുരന്തഫലം സുറിയാനി സഭയിൽ ഇന്നും നിലനിൽക്കുന്നു. ആരാധനാക്രമ പുനരുദ്ധാരണം എങ്ങും എത്താത്ത മട്ടിലായി എന്നല്ല വീണ്ടും പിന്നോക്കം പോകുന്ന ലക്ഷണവും കാണുന്നുണ്ട്. പൗരസ്ത്യ സുറിയാനി സഭയുടെ ആരാധനാക്രമത്തിന്റെയും പൈതൃകത്തിന്റെയും ചൈതന്യം ഈ സഭ ഇന്നും മനസ്സിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നില്ല. കുറേ ഭക്തിമുറകളാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതൽ എന്ന മട്ടിലാണ് ഇന്നത്തെ പോക്ക്. മനുഷ്യനായി വന്ന രക്ഷകനെ മാറ്റി

www.malankaralibrary.com

നിർത്തി കുറെ പുണ്യവാന്മാരെ മുഖ്യസ്ഥാനത്ത് പ്രതിഷ്ഠിച്ച് ആവശ്യങ്ങൾ സാധിച്ചുകിട്ടാനുള്ള ബദ്ധപ്പാടാണ് പൊതുവേ കാണുന്നത്. അന്ന് മാണിയച്ചനും കട്ടക്കയത്ത് ചാണ്ടിയച്ചനും അഭിപ്രായപ്പെട്ടതുപോലെ വികാരി അപ്പസ്തോലിക്കാമാർ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്നത്തെ സുറിയാനിസഭ തീർത്തും വ്യത്യസ്തമായ ഒന്നായിരുന്നേനെ"

## യഥാർത്ഥ കാരണം എം.ഒ. ജോസഫ് പറയുന്നു

ദീർഘനാളത്തെ സമരത്തിനുശേഷം നാം നേടിയെടുത്ത സ്വാതന്ത്ര്യം വേണ്ടവിധം ഉപയോഗിക്കാൻ സാധിക്കാത്ത കാരണത്തെപ്പറ്റി പ്രമുഖ ചരിത്രകാരനായ ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം ക്രിസ്തുമതവും ഭാരതവും എന്ന ഗ്രന്ഥത്തിൽ (പേജ് 419) ഇപ്രകാരം എഴുതിയിരിക്കുന്നു. "പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ കേരളസഭയ്ക്കുണ്ടായിരുന്ന ഒരു പ്രത്യേക നേട്ടം ആ സഭയുടെ അവകാശങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ദത്തശ്രദ്ധരായ നേതാക്കന്മാരുണ്ടായിരുന്നുവെന്നതാണ്. അവകാശ സംരക്ഷണത്തിനുവേണ്ടി സമരം ചെയ്യേണ്ടിയിരുന്ന അന്ന് നേതാക്കന്മാർക്ക് നിക്ഷിപ്ത താൽപര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഈ നൂറ്റാണ്ടിന്റെ പ്രത്യേകത സ്വയംഭരണം സിദ്ധിച്ച നേതാക്കന്മാർ ഉണ്ടായി എന്നതാണ്. കൂടുതൽ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നതിനേക്കാൾ കിട്ടിയ അധികാരം നിധിപോലെ സൂക്ഷിക്കുന്നതിലാണ് അവർക്കു നോട്ടം. നേതാക്കന്മാരുടെ ഈ നിക്ഷിപ്ത താൽപര്യചിന്തയാണ് കേരളീയ സുറിയാനി സഭയ്ക്ക് ആവശ്യം കിട്ടേണ്ടതായ പല അവകാശങ്ങളും ചോദിച്ചു വാങ്ങുന്നതിന് പ്രതിബന്ധമായിരിക്കുന്നത്. പാറേമ്മാക്കൽ തോമ്മാ കത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ മുതലായ ധീരപുരുഷന്മാരുടെ ചൈതന്യമുൾക്കൊള്ളുന്ന സമുദായ സ്നേഹികളായ നേതാക്കന്മാരാണ് കേരളസഭയ്ക്ക് ഇന്ന് ആവശ്യമായിരിക്കുന്നത്."

www.malankaralibrary.com

# 5. പുതിയ നേതൃത്വം - തോട്ടക്കര ബോസ്കോ അച്ചൻ

സ്വയംഭരണം ലഭിച്ചെങ്കിലും - സ്വദേശി മെത്രാന്മാരെ ലഭിച്ചെങ്കിലും സീറോ-മലബാർ സഭയ്ക്ക് വേണ്ട അംഗീകാരം ലഭിക്കാത്ത ഒരു സ്ഥിതി വിശേഷം നിലനിന്നിരുന്നു. ഇതിൽ ദുഃഖിതരായവരിൽ പ്രമുഖനായിരുന്നു സി.എം.ഐ. സഭാംഗമായ തോട്ടക്കര ബോസ്കോ അച്ചൻ. നമുക്ക് ലഭിച്ച സ്വാതന്ത്ര്യം ശരിക്കുപയോഗിക്കാൻ തയ്യാറാകാത്തവരുടെ നേരെ വിരൽ ചൂണ്ടുവാൻ ധീരത കാട്ടിയ വൈദികനായിരുന്നു അദ്ദേഹം. തന്റെ സ്വന്തം ലാഭനഷ്ടങ്ങൾ ഓർക്കാതെ സഭയുടെ നന്മമാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ച ബോസ്കോ അച്ചനെയും മറ്റെല്ലാവരെയും പോലെ വിസ്മരിക്കുകയാണ് നാം. തത്വം പറയുകയും അതിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർ അവരുടെ ജീവിതകാലത്ത് കനത്ത എതിർപ്പുകളെ നേരിടേണ്ടിവരിക സ്വാഭാവികമാണ്. എന്നാൽ അവർ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ വിജയിക്കുമ്പോഴെങ്കിലും അവരെ അഭിനന്ദിക്കാൻ പാടില്ലേ. അവരുടെ മരണ ശേഷമെങ്കിലും അവരെപ്പറ്റി ഒരു നല്ല വാക്കുപറയുവാൻ നമുക്കെന്താണ് വിഷമം.

തോട്ടക്കര ബോസ്കോ അച്ചനെപ്പറ്റി ഫാ. മാത്യു കൂട്ടുങ്കൽ എഴുതി സി.എം.ഐ. സഭയുടെ പൂഞ്ഞാർ ഹൗസിൽ സൂക്ഷിച്ചിരുന്ന കുറിപ്പിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "കേരളത്തിൽ മുഴുവനും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും സുറിയാനി കത്തോലിക്കാസഭയ്ക്ക് ഗണ്യമായ സഭാ പ്രവർത്തനസ്വാതന്ത്ര്യം ലഭിക്കാൻ നിർണ്ണായക പങ്കുവഹിച്ച വ്യക്തിയാണ് ജോൺ ബോസ്കോ തോട്ടക്കരയച്ചൻ.

നിവേദനങ്ങളിലൂടെയും നവജീവ പരിഷിത് എന്ന സംഘടനയുടെ പ്രസിദ്ധീകരണങ്ങളിലൂടെയും അദ്ദേഹം നടത്തിയ ശ്രമത്തിന്റെ ഫലമായിട്ടു കൂടിയാണ് തലശ്ശേരി രൂപതയുടെ സ്ഥാപനം, രണ്ടാംവത്തിക്കാൻ കൗൺസിൽ പൗരസ്ത്യ സഭകൾക്കു നല്കിയ അംഗീകാരം, മലബാർ സഭയ്ക്ക് അടുത്തകാലത്ത് ലഭിച്ച ഉന്നതപദവി എന്നിവ.

രണ്ടാംവത്തിക്കാൻ സൂനഹദോസ് പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രിക്ക് അന്തിമരൂപം നല്കി പാസ്സാക്കിയ 1964 നവംബർ 21-ന് ഒരുമാസം മുൻപ് "ഹെന്ദോ" (ഇന്ത്യ) എന്ന പേരിൽ ഇംഗ്ലീഷിൽ എഴുതിയ ഒരു നിവേദനം സൂനഹദോസ് പിതാക്കന്മാർക്ക് എത്തിച്ചു കൊടുക്കാൻ അദ്ദേഹം

www.malankaralibrary.com

മുൻകൈയെടുത്തു. ലഘുലേഖ നവജീവപരിഷത് എന്ന സംഘടനയുടെ പ്രസിദ്ധീകരണമായിരുന്നു. എഴുത്തുകാരന്റെ പേര് വച്ചിരുന്നില്ല.

ഹെന്ദോവിലെ പ്രധാന പ്രമേയങ്ങൾ ഇന്ത്യയുടെ സഭ സുറിയാനി കത്തോലിക്കാ സഭയാണ്. ആ സഭയുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ പാശ്ചാത്യ സഭയുടെ നിയമം മൂലം പരിമിതപ്പെടുത്തിയിരിക്കുന്നത് അനീതിയാണ്. പേപ്പൽ പ്രതിനിധിയായ "ഇന്റർനൂൺഷ്യോ" സുറിയാനി സഭയുടെ വികസനത്തിന് എതിരാണ്. ലത്തീൽ റീത്തിലെ സഭ ഇന്ത്യയിൽ നിന്നു പിന്മാറി സുറിയാനിക്കാരെ ഏല്പിക്കണം. സുറിയാനി സഭയെ മേജർ എപ്പിസ്കോപ്പൻ സഭയെങ്കിലും ആക്കണം.

ഏതുമത വിഭാഗത്തിനും ഇന്ത്യയിലെവിടെയും വിശ്വാസാചാരങ്ങൾ പുലർത്താനും വളർത്താനുമുള്ള അവകാശം ഇന്ത്യൻ ഭരണഘടന നല്കുന്നു. ഭരണഘടനയിലെ ഈ അവകാശം ഹെന്ദോവിൽ ഉദ്ധരിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിൽ നിന്നുള്ള ഹെന്ദോവിലെ ഉദ്ധരണികൾ സൂനഹദോസ് ശാലയിൽ മാത്രമല്ല കത്തോലിക്കാസഭയിലാകെ, പ്രത്യേകിച്ച് ഇന്ത്യയിലെ ലത്തീൻ സഭാധികാരികളിൽ ഞടുക്കവും പ്രതിഷേധവും ഉളവാക്കി.

സഭാധികാരത്തിനെതിരെ സ്റ്റേറ്റിന് പരാതികൊടുത്തു എന്ന ആരോപണമാണ് ബോസ്കോ അച്ചനെതിരായി ഉണ്ടായത്. വിചാരണ കൂടാതെ അദ്ദേഹം ശിക്ഷിക്കപ്പെട്ടു.

കടുത്ത ശിക്ഷയിൽ നിന്ന് രക്ഷനേടാനായിരിക്കണം ഹൈന്ദോവിന്റെ കർത്തൃത്വം അദ്ദേഹം നിഷേധിച്ചു. ഇന്ത്യൻ ഭരണഘടനയിൽ നിന്ന് ഉദ്ധരിക്കാൻ തനിക്ക് കഴിയില്ലെന്നും ഭരണഘടന മുഴുവൻ വായിക്കുക പോലും ചെയ്തിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു. ഹെന്ദോവിലെ ചില കാര്യങ്ങൾ അതിന്റെ കർത്താക്കൾ തന്നോട് ചർച്ചചെയ്തിട്ടുണ്ടെന്നും അങ്ങനെ ഒരു ബന്ധമേ അതുമായി ഉള്ളുവെന്നും അദ്ദേഹം ബോധിപ്പിച്ചു. ഈ മറുപടിയിൽ തൃപ്തിപ്പെടാതെ പ്രയോർ ജനറാൾ ബോസ്കോ അച്ചനെ ശിക്ഷിച്ചു.

ഈ ശിക്ഷ അന്യായമാണെന്ന് കാണിച്ചുകൊണ്ട് ബോസ്കോ അച്ചൻ ഇന്ത്യയിലെ ബിഷപ്പുമാർക്കും വിദേശത്തുള്ള ബിഷപ്പുമാരിൽ ചിലർക്കും കത്തുകൾ അയച്ചുകൊടുത്തു.

ഹെന്ദോവിന് അനുകൂലമായും പ്രതികൂലമായും വന്ന പ്രതികരണങ്ങൾ ബോസ്കോ അച്ചൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

ചരിത്രം പഠിക്കുന്നതിലും പുസ്തകങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിലും ജീവിതം മുഴുവൻ ചിലവഴിച്ചെങ്കിലും അദ്ദേഹത്തിന്റെ ലിഖിത സംഭാവന പരിമിതമാണ്. എഴുതിയതിൽ തന്നെ പേരും ചേർത്തിട്ടില്ല. പ്ലാസിഡ് പൊടിപാറ, പാപ്പച്ചൻ വെള്ളാപ്പാട്ടുകുന്നേൽ എന്നിവരെക്കുറിച്ചുള്ള സ്മരണി

www.malankaralibrary.com

കളിലും തന്റെ പ്രത്യേകമായ സഭാവീക്ഷണത്തിനാണ് അദ്ദേഹം ഊന്നൽ കൊടുത്തിരിക്കുന്നത്.

റവ. ഡോ. എൻ.എ. തോമസ് നങ്ങച്ചിവീട്ടിൽ ഏഷ്യയിലെ മാർ ത്തോമ്മാ സഭകൾ എന്ന ഗ്രന്ഥം രചിക്കുന്നതിന് ബോസ്കോ അച്ചൻ സഹാ യിച്ചിരുന്നു. നസ്രാണി എന്ന പ്രസിദ്ധീകരണത്തിലൂടെയാണ് അദ്ദേഹം ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നത്."

ഫാ. മാത്യു കൂട്ടുങ്കൽ എഴുതിയ കുറുപ്പുകളിലെ ഏതാനും ഭാഗങ്ങൾ ആണ് മുകളിൽ ചേർത്തത്. അദ്ദേഹത്തിന്റെ ചിന്തകളും ആശയങ്ങളും പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും രണ്ടുവഴികളാണ് അദ്ദേഹം തിരഞ്ഞെടുത്തത്. ഒന്ന് നവജീവ പരിഷത് എന്ന സംഘടന രണ്ട് നസ്രാണി എന്ന പ്രസദ്ധീകരണം. ഈ വഴികളെപ്പറ്റിയും ചിന്തിക്കാം.

www.malankaralibrary.com

# 6. നസ്രാണി നവജീവൻ

മാർത്തോമ്മാശ്ലീഹായല്ലാതെ മറ്റാരുമല്ല നസ്രാണി സമൂഹ ജനയിതാവ്. ഇന്ത്യയിൽ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ദക്ഷിണേന്ത്യയിലും അവർ നൂറ്റാണ്ടുകളായി നിലനിന്നുപോന്നിരുന്നു. മദ്ധ്യകേരളത്തിൽ അവർ ഒരു നിർണ്ണായക ഘടകമായിരുന്നു; സാമ്പത്തിക സൈനികശക്തിയിൽ അവർ അദ്വിതീയരുമായിരുന്നു. സ്വയം പര്യാപ്തരും സഹായഹസ്തം ഇതരർക്കു നീട്ടുവാൻ കഴിവുള്ളവരും എല്ലാരംഗങ്ങളിലും ഊർജ്ജ്വസ്വലരായി പ്രവർത്തിച്ച് ചരിത്രം സൃഷ്ടിച്ചവരുമാകുന്നു അവർ. പ്രതാപൈശ്വര്യങ്ങളും ഞെരുക്കങ്ങളുമെല്ലാം അതിജീവിച്ച് 1900 വർഷങ്ങൾ കടന്ന് 20 -ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ എത്തിയിരിക്കുന്ന നാം ഇന്ത്യയിലെ അത്ഭുതങ്ങളിൽ ഒന്നായി ഗണിക്കപ്പെടാം.

ചരിത്രാതീത കാലങ്ങളിലെ ഊഹാപോഹങ്ങളും ഐതിഹ്യങ്ങളുമെല്ലാം അങ്ങു മാറ്റിവച്ചാൽതന്നെ നിലവിലുള്ള ആചാര വിശേഷതകളും കൈവശമുള്ള രേഖകളും നമ്മുടെ ആഭിജാത്യവും നേട്ടങ്ങളും അർഹതകളും സവിശേഷം പ്രഖ്യാപിക്കുവാൻ മതിയാകുന്നവയാണ്. "പ്രതാപപൂർണ്ണമായ ചരിത്ര സാഹിത്യ സമ്പത്തോടു കൂടിയതും സംതൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും മാതൃകയും ധാർമ്മികവൈശിഷ്ട്യത്തിൽ അദ്വിതീയവുമായ ഒരു സമുദായമാണ് നിങ്ങളുടേത്" എന്ന് തിരുവിതാംകൂറുകാർ മഹാരാജാവായ വിശാഖം തിരുനാളിനെ കൊണ്ട് പറയിക്കത്തക്ക ഉന്നതനിലവാരമാണ് നമുക്കുണ്ടായിരുന്നത് എന്ന് ഇന്നു നമ്മിൽ പലരും അറിയുന്നതേയില്ല. ഒരു ജനപദമായി കഴിഞ്ഞിരുന്നപ്പോളെല്ലാം നാം എല്ലായിടത്തും അജയ്യരും അദ്വതീയരുമയിരുന്നു. ഇന്നു മറിച്ചു കാണുന്നതിനു ന്യായം ഒന്നു മാത്രമേയുള്ളു. നാം ഒരു ജനപദമായിട്ടില്ല. ഒരു സമുദായമായിട്ടല്ല നീങ്ങുന്നത്. തനിക്കൂതാനായി കഴിയുന്ന പല ലക്ഷണങ്ങളുടെ ഒരു കൂട്ടമായി മാത്രം. അതുമൂലം നമ്മുടെ സംസ്ക്കാരവും സമ്പത്തും സാമർത്ഥ്യവുമെല്ലാം ചൂഷണ വിധേയമാകുവാൻ സമ്മതിച്ചു വിട്ടിരിക്കുന്നു എന്നല്ലാതെ നമുക്കു തന്നെ പ്രയോജനകരമായിത്തീരാനുള്ള - തീർക്കാനുള്ള മാർഗ്ഗം അടച്ചുകളഞ്ഞിരിക്കയാണ്.

ആദ്യകാലങ്ങളിലെ ഞെരുക്കങ്ങളും മറ്റുവിവിധ പ്രതിസന്ധിഘട്ടങ്ങളും മദ്ധ്യകാലങ്ങളിലെ അസ്പഷ്ടമായ സംഭവ പരമ്പരയുമെല്ലാം നമ്മുടെ തന്നെ കാര്യമാണെങ്കിലും വിദൂരതയിൽ കിടക്കുന്നവയാണ്. പാശ്ചാത്യ സമ്പർക്കം തുടങ്ങിയ 16-ാം നൂറ്റാണ്ടു മുതലുള്ള കാര്യങ്ങളാ

www.malankaralibrary.com

കട്ടെ നമ്മുടെ വർത്തമാനചരിത്രത്തെ നിർണ്ണയിച്ചിട്ടുള്ളവയും ഇനിയും നമ്മുടെ കാര്യമായ ശ്രദ്ധ ചെല്ലേണ്ടവയുമാണ്. മദ്ധ്യകേരളം രാഷ്ട്രീയ പ്രാധാന്യമുള്ളതായിരുന്നപ്പോൾ നമുക്കു നല്ല കാലമായിരുന്നു. അവിടെ നിന്ന് സാമൂതിരിയുടെയും തിരുവിതാംകൂറിന്റെയും ഉയർച്ചയുടെ കാലത്ത് യഥാക്രമം കോഴിക്കോട്ടിനും തിരുവനന്തപുരത്തിനും കേന്ദ്രം മാറിയപ്പോൾ മഹമ്മദീയരുടെയും ശൂദ്രരുടെയും അവഗണനയും ഉപദ്രവവും നേരിടേണ്ടതായും വന്നിട്ടുണ്ട്. മഹമ്മദീയ ഉപദ്രവത്തിൽ നിന്നു രക്ഷപെടാൻ മാർഗ്ഗം നോക്കിയിരുന്നപ്പോളാണ് പറങ്കികൾ ഇവിടെ എത്തിയത്. 1502 ഡിസംബർ 7-ാം തിയതി കൊച്ചിയിൽ വച്ചു നസ്രാണി പ്രതിനിധികൾ വാസ്കോഡിഗാമയ്ക്കു തങ്ങളുടെ രാജചെങ്കോൽ സമർപ്പിച്ച് അവരെ മിത്രങ്ങളായും സംരക്ഷകരായും വരിച്ചപ്പോൾ രാജകീയാഡംബരത്തോടെ നമ്മെ സ്വീകരിച്ചു വാക്കു തന്നു. അന്നു മുതൽ ഒരു നൂറ്റാണ്ടിനകം അവർ നമ്മുടെ അന്തകന്മാരായി വേഷം മാറി. 17-ാംനൂറ്റാണ്ടിന്റെ ആരംഭം മുതൽ 19-ാം നൂറ്റാണ്ടവസാനത്തോടെ വൈദികസ്വയംഭരണം വീണ്ടും ലഭിച്ചതുവരെ ഒരു ജീവന്മരണസമരമായിരുന്നു നമ്മുടേത്. അതിൽ പിന്നെയും സമരം നിർത്തിവയ്ക്കേണ്ട പരിതസ്ഥിതിയായിട്ടില്ല. പൗലീസ്തരും കർമ്മലീത്തരും അവരുടെ ഉൽകൃഷ്ടദൗത്യവും സേവനവും മനുഷ്യദ്രോഹമായി മാറ്റുകയാണുണ്ടായത്. തുടർച്ചയായി മൂന്നു നൂറ്റാണ്ടുകാലം സമരം നടത്തുവാൻ പ്രഗത്ഭമതികളായ നേതാക്കന്മാരുണ്ടായിരുന്നു. സമുദായമുള്ളിടത്തോളം കാലം അവരുടെ പ്രശസ്തി അക്ഷയമായിരിക്കുകയും ചെയ്യും. ഇവയെല്ലാം കഴിഞ്ഞുപോയ സമരങ്ങളാണെങ്കിലും ആധുനികകാലത്തെ കരുനീക്കത്തിന് അവ നമുക്കു പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകാൻ പറ്റിയവതന്നെയാണ്. തിരുവിതാംകൂറിലെ അനീതികൾക്ക് തിരുവിതാംകൂർ ഇല്ലാതായശേഷവും മാറ്റം വന്നിട്ടില്ല. കേരളത്തിലെ ചെറുരാജാക്കന്മാരുടെ സംരക്ഷകരെന്ന നിലയിൽ തിരുവിതാംകൂറിന്റെ ദൃഷ്ടിയിൽ നാം അത്ര സ്വീകര്യരായില്ലെങ്കിൽ അത്ഭുതമില്ല. എന്നാൽ ആക്രമണം പോലുള്ള അത്യാഹിത സന്ദർഭങ്ങളിൽ ആവശ്യത്തിലധികം സേവനം അനുഷ്ഠിക്കയും ബ്രിട്ടീഷ് കമ്പനിയുമായുള്ള ഇടപാടിൽ പണത്തിനു വിഷമിച്ചപ്പോൾ പണം കോരിച്ചൊരിയുകയും ചെയ്തിട്ടും, നാടു തെളിച്ചു കൃഷി വികസിപ്പിക്കയും മുതൽ കൂട്ടുകയും ചെയ്തിട്ടും കൃതഘ്നതയും ഉപദ്രവവുമാണ് തിരിച്ചു കിട്ടിയതെങ്കിൽ അങ്ങനെയുള്ള ഒരു രാജ്യമാകട്ടെ ഭരണകൂടമാകട്ടെ രാജകുടുംബമാകട്ടെ തക്കതായ പ്രതിഫലം പ്രാപിച്ചു കഴിഞ്ഞിട്ടുണ്ട്. ആധുനിക തിരുവിതാംകൂറിൽ നസ്രാണി പരിത്യക്തനായിരുന്നു. ആനപ്പുറത്ത് നിന്ന് താഴെയിറങ്ങിയ പ്രതീതി മാത്രമല്ല, ഒരു തരം ദാസ്യത്തിലായിത്തീരുകയാണുണ്ടായത്. മാത്തുതരകന്റെ സേവനസ്വാധീനങ്ങൾ കൊണ്ട് ധർമ്മരാജാവിന്റെ കാലത്തും മൺട്രോയുടെ കാലത്തും സ്വപക്ഷീയർക്കും പ്രയാസമില്ലായി

www.malankaralibrary.com

രുന്നു. എന്നാൽ ഉത്രട്ടാതി പാർവ്വതീറാണിയുടെ കാലത്തുണ്ടായ ശ്രദ്ധേയ ങ്ങളായ കാര്യങ്ങളാണ് ഹിന്ദുക്കളുടെ മതസംബന്ധമായ അടിയന്തിര ങ്ങൾക്ക് "സിരിയൻസ്" ചെയ്തു വന്നിരുന്ന ഊഴിയം നിർത്തിയതും ഞായ റാഴ്ച ദിവസം ഒഴിവു കൊടുത്തതും (ശൂദ്രർക്ക് സ്വർണ്ണാഭരണം ധരിക്കു വാൻ അനുവദിച്ചതും ഇക്കാലത്തായിരുന്നു). ദുഷ്ടനായ വേലുത്തമ്പിയുടെ കടുംകൈകളും അക്രമങ്ങളും വിവരണാതീതമാണ്. അടുത്തകാലത്തു ണ്ടായ സി.പി.ഭരണം എല്ലാവരുടെയും ഓർമ്മയിൽ ഉള്ളതുകൊണ്ട് അതും വിവരിക്കേണ്ട ആവശ്യമില്ല. സ്വേഛാധിപതികൾ അപ്രത്യക്ഷരാകയും ജനാ യത്ത ഭരണം ആവിർഭവിക്കയും ചെയ്തശേഷമാണ് അരക്ഷിതാവസ്ഥയും കയ്യേറ്റങ്ങളും ഒന്നു കൂടെ ഉഗ്രതരമായിരിക്കുന്നത്.

ബഹുമുഖങ്ങളായ ബലഹീനതയാണ് നമ്മുടെ സമുദായത്തിനുള്ളത്. അല്ലെങ്കിൽ ഇത്ര നല്ല പരിതസ്ഥിതികൾ വന്നിട്ട് നമ്മുടെ ദുർദ്ദശ നീങ്ങാതി രിക്കയില്ലായിരുന്നു. നേതൃത്വമില്ലാതെ ദീർഘനാളായി നമ്മുടെ സമുദായം കിടന്നു വട്ടം കറങ്ങുകയാണ്. സകലവിധത്തിലും അനുഗ്രഹീതമായ നമ്മുടെ സമുദായം ചൂഷണവിധേയമായിരിക്കുകയാണ്. ഏറ്റം മുൻപ ന്തിയിൽ നിൽക്കാൻ അർഹതയുള്ള നാം ഏറ്റം പിൻപന്തിയിൽ ചെന്നു പതി ക്കാനുള്ള കാരണം നാം സമുദായബോധത്തോടെ ജീവിക്കുന്നില്ല, സംഘ ടിതരല്ല, നേതൃത്വമില്ല. ഒരു സമുദായമെന്ന നിലയിൽ ആത്മാവില്ല എന്ന തുതന്നെ. പലപ്പോഴും ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷംപോലെ ആയിത്തീരു കയും, ഭൂരിപക്ഷം ന്യൂനപക്ഷങ്ങളാൽ, പന്താടപ്പെടുകയും ചെയ്യുന്നതിന്റെ രഹസ്യംതന്നെ നമ്മുടെ കാര്യത്തിലും യഥാർത്ഥമായിത്തീർന്നിരിക്കുന്നു. നാനാപ്രകാരത്തിൽ വന്നുഭവിച്ചിരിക്കുന്ന കെടുതികളെ ഇല്ലായ്മ ചെയ്തു അഭിമാനപൂർവ്വവും മറ്റുള്ളവരുടെ ഔദാര്യം ഇരക്കാതെയും ജീവിക്കുവാൻ നമുക്കു സാധിക്കണം. പണ്ടേ നാടിന്റെ നായകന്മാരാകേണ്ടവരായിരുന്നു നാം. നാമായിരുന്നു, പക്ഷേ താഴെപോയി, നേരം വന്നപ്പോൾ കയറിയതുമില്ല.

സമ്പൽസമൃദ്ധമായ സമുദായത്തിൽ ദാരിദ്ര്യദുഃഖവും അവഗണനയും കുടുംബത്തകർച്ചയുമെല്ലാമായാലത്തെ സ്ഥിതിയെപ്പറ്റി എന്തു പറയാനാണ്. സാമർത്ഥ്യമുണ്ടെങ്കിലും അതു വിനിയോഗിക്കുവാൻ അറിഞ്ഞുകൂടെങ്കിൽ എന്തു പ്രയോജനം? അനീതിക്കു വിധേയമാകുന്നതു മനസ്സിലായതുകൊണ്ട് എന്തു ഗുണം, അതിനു പരിഹാരം കാണാൻ ശ്രമിക്കുന്നില്ലെങ്കിൽ! നമ്മുടെ സമുദായം ഭത്സിക്കപ്പെടുന്നതും, സമുദായാംഗങ്ങൾ അനീതിക്കു വിധേയരാ ക്കപ്പെടുന്നതും, കുടുംബപരമായ പല കുഴപ്പങ്ങൾ നിലനിന്നുപോരുന്നതും മറ്റുമായി നിരവധി കാര്യങ്ങൾ സമുദായത്തെ വിഷമിപ്പിക്കുന്നതായിട്ടുണ്ട്. എത്രനാൾ ഇവയെല്ലാം കണ്ടുകൊണ്ടിരിക്കും! നമ്മുടെ സമുദായാംഗങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ നമുക്കറിഞ്ഞുകൂടാ എന്നതിനെക്കാൾ അപഹാസ്യമായി മറ്റെന്താണുള്ളത്? മനക്കരുത്തുള്ള ഒരു ജനതയെ

www.malankaralibrary.com

അടിപ്പെടുത്താൻ ലോകത്തു ഒരു ശക്തിയുമില്ല എന്നു നാം ധരിച്ചിരിക്കുക.

"കത്തോലിക്കാ സമുദായം" ആശയക്കുഴപ്പത്തിനു കാരണമാകുന്നു. വിവിധ സമുദായങ്ങൾ കത്തോലിക്കരിലുള്ള സ്ഥിതിക്കു മതപരമായവയ്ക്കു കത്തോലിക്കാ എന്ന സംജ്ഞയും സാമുദായികങ്ങളിൽ സമുദായത്തിന്റെ പ്രത്യേക പേരും ഉപയോഗിക്കുകയാണുത്തമം. ഇന്നു പ്രത്യേക വിശേഷണം കൂടാതെ കത്തോലിക്കർ എന്നു പറയുന്നത് പഴയകൂറ്റു നസ്രാണികളിൽ വടക്കുംഭാഗരെ ഉദ്ദേശിച്ചാണ്. അങ്ങനെയാണെങ്കിലും നേരമാകുമ്പോൾ പല അവകാശികളെയും കണ്ടെന്നു വരും. മാത്രമല്ല പൗരാണിക സംജ്ഞയുടെ സ്ഥാനം അതു കൈക്കലാക്കുന്നതും അഭിലഷണീയമല്ല. അതുകൊണ്ട് നസ്രാണി (പഴയ കൂർ) നാമധാരണത്തോടെ പൂർണ്ണമായി നമുക്കു മാത്ര മായ ഒരു സമുദായസംഘടന രൂപമെടുക്കട്ടെ. കുടുംബം, ഇടവക, രൂപത, സമുദായം ഈ മുറയ്ക്കു ഇപ്പോഴേ ക്രമീകൃതമാണ് എങ്കിലും സമുദായലവ ലിൽ അതു പ്രവർത്തിച്ചു കാണുന്നില്ല. അതുകൊണ്ടാണ് പുതിയ രൂപത്തിൽ പ്രവർത്തനം ആവശ്യമായിത്തീർന്നിരിക്കുന്നത്.

1 സാമുദായികം

2 സാംസ്ക്കാരികം

3 സാമ്പത്തികം

4 രാഷ്ട്രീയം

ഇങ്ങനെ നാലു വകുപ്പുകളിൽ എല്ലാ പ്രശ്നങ്ങളും കൊള്ളിച്ചും വിഭ ജിച്ചും സമുദായത്തിന്റെ കാര്യത്തിൽ ഒരു നീക്കു പോക്കുണ്ടാകണം. പ്രതി നിധികളുടെ യോഗം നിശ്ചിതകാലങ്ങളിൽ വേണം, നായക സമിതി വേണം കാര്യങ്ങൾ നിയന്ത്രിച്ചു നടത്തുവാൻ. പ്രവർത്തകസമിതി, പൂർണ്ണ ശ്രദ്ധയും ചെലുത്തി നടത്തുന്ന കാര്യനിർവ്വാഹകരുടേതായിരിക്കണം, ചുരുക്കത്തിൽ ഒരു കാബിനറ്റുതന്നെയായിരിക്കണം. അങ്ങനെ ജനപദത്തിനാവശ്യമായ രീതിയിലുള്ള നേതൃത്വവും ഭരണവും ഉണ്ടാകണം എന്നതാണ് ഇന്നത്തെ നമ്മുടെ ആവശ്യം.

(1958 നവംബർ 21-ലെ നസ്രാണിയിൽ പ്രസിദ്ധീകരിച്ച ലേഖനം)

www.malankaralibrary.com

# 7. ഈ നൂറ്റാണ്ടിൽ

മഹത്തായ നസ്രാണി സമുദായത്തിനനുയോജ്യനായ ഒരു ജനനേതാവുണ്ടായിരുന്നത് തിരോധാനം ചെയ്തു. The light and leading star of the Syrians- സമുദായത്തിന്റെ വിളക്കും വഴികാട്ടിനക്ഷത്രവും എന്നു പൂർണ്ണമായ അർത്ഥത്തിൽ പ്രകീർത്തിക്കപ്പെട്ടിരുന്ന നീധീരിക്കലച്ചന്റെ മരണമാണ് ഈ നൂറ്റാണ്ടാരംഭത്തിലെ ഏറ്റം വലിയ സംഭവം.Thou art gone and hast left our hearts bleeding and torn എന്നു എഴുതത്തക്കവിധം ഓരോ മലയാളിയുടെയും ഹൃദയത്തിൽ പ്രതിഷ്ഠ ലഭിച്ച മഹാനായരുന്നു അദ്ദേഹം. സമുദായ ഐക്യവും ശ്രേയസ്സും പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ട് സേവനം ജീവിത ദൗത്യമായി കരുതിയിരുന്ന അദ്ദേഹത്തെ ഒരു മഹാത്മനും ധീരനും സഹായിയും ആയി സമുദായാംഗങ്ങളും സമുദായേതരരും കരുതിയിരുന്നു എന്നതാണ്. അദ്ദേഹം നസ്രാണിസമുദായത്തിനനുയോജ്യമായ നേതാവായിരുന്നു എന്നു പറയാൻ കാരണം" ഇവയ്ക്കെല്ലാം സാക്ഷാൽ കാരണക്കാരനും കാലത്തിന്റെ സ്ഥിതിയെ അതിക്രമിച്ചുള്ള മഹാനും സർവ്വതോന്മുഖമായ പാണ്ഡിത്യമുള്ളയാളും ധീരനും സമുദായാഭിമാനിയുമായിരുന്നു......" എന്നാണ് മനോരമ ഒരിക്കൽ എഴുതിയത്. നസ്രാണികൾക്ക് പൂർവ്വകാലത്ത് ഉണ്ടായിരുന്നിട്ട് അചിരേണ നിന്നുപോയ ബഹുമതിയും വിലയും നിലയും വീണ്ടെടുത്തു എന്നതാണ് മാണിയച്ചന്റെ പരിശ്രമങ്ങളുടെ സംക്ഷേപം. സന്ധിബന്ധം തകർന്ന ഒരു ദേഹം പോലെ ബലം കുറഞ്ഞ രണ്ടു ഭാഗക്കാരായിത്തീർന്ന പഴയകൂർ, പുത്തൻകൂർ ശാഖകളെ ഏകീകരിച്ചും, സുസ്ഥിരമായ ഒരു ഹയരാർക്കി സ്ഥാപിച്ചും നസ്രാണി ജനതയെ പൂർവ്വനിലയിലെത്തിക്കുക എന്നതിനായി ആയുസ്സ് ഉഴിഞ്ഞു വച്ചിരുന്നു." ഇത്രശിഷ്ടനായ ഒരു പുരുഷരത്നത്തിന്റെ അഭാവം ജാതിക്കു ദുസ്സഹമായ ഒരനുഭവത്തിനു ഹേതുവായിത്തീരുമെന്നുള്ള വാസ്തവം ദീർഘദൃഷ്ട്യാ അറിയിച്ചുകൊള്ളുന്നു." ഈ അറിയിപ്പ് കഴിഞ്ഞ അര നൂറ്റാണ്ടുകാലം മുഴുവൻ വാസ്തവമായി പരിണമിച്ചു.

"മാർത്തോമ്മാ സമൂഹത്തിന്റെ പ്രതിനിധിയായിട്ടും ആ ജനത്തിന്റെ ജാതിസംബന്ധമായും സമൂഹസംബന്ധമായും ഉള്ള ഗുണീകരണങ്ങളെ വിചാരിച്ചു നടത്തുവാൻ ചുമതലപ്പെട്ടതായിട്ടും ഒരു സംഘടന ഏർപ്പെടുത്തേണ്ടതാകുന്നു. ഗ്രാമകമ്മറ്റികളിലും ഇടവകകമ്മറ്റികളിലും നിന്ന് എഴുതി അയയ്ക്കുന്ന സംഗതികളെ പൊതുക്കമ്മറ്റിക്കാർ ആലോചിച്ചു തീരുമാനിപ്പാനും, സംഘത്തിനു മുതൽ വരുവാനുമുള്ള എല്ലാ മാർഗ്ഗങ്ങളേയും ആലോചിച്ചു പിരിച്ച് പൊതു ഖജനാവിൽ മുതൽ ശേഖരിപ്പാനും, തക്ക മേൽ വിചാ

www.malankaralibrary.com

രക്കാരെ അയച്ചു സംഘകാര്യങ്ങൾ എല്ലാ ദേശങ്ങളിലും ശരിയായി നടക്കുന്നുണ്ടോ എന്നന്വേഷിച്ച് ക്രമപ്പെടുത്തുവാനും, ആവശ്യമെന്നു തോന്നുമ്പോൾ അവയ്ക്കു സർക്കുലർ അയയ്ക്കുവാനും, നസ്രാണി ജാതിയ്ക്കുള്ള ആവലാതികളെയോ അപേക്ഷകളെയോ ഭരണാധികാരികളെ ബോധിപ്പിച്ചു നിവൃത്തി വരുത്തുവാനും.......... ചുമതലപ്പെട്ടവരാകുന്നു. പൂർവ്വ ചരിത്രവും ആചാരങ്ങളും: കോളേജ്: ലൈബ്രറി(കേന്ദ്രലൈബ്രറി, ഇടവകലൈബ്രറി,ആവശ്യംപോലെ ഗ്രാമലൈബ്രറിയും) അനാഥ ശാലകൾ: തൊഴിൽവർഗ്ഗം: സംഘം വകകൃഷി: കച്ചവടപ്പീടിക: തുറമുഖ പണ്ടകശാല: (കടംമേടിച്ചു ക്ഷയിക്കുന്നതു തടയാൻ ) ബാങ്ക്........

ഇങ്ങനെയെല്ലാം പരിപാടികളുണ്ടാക്കിയതാണെങ്കിലും ഒന്നും നടപ്പിൽ വരാതിരുന്നതിനു കാരണം സമുദായമർഹിക്കുന്ന രീതിയിലുള്ള ഒരു നേതാവ് അല്ലെങ്കിൽ പ്രവർത്തിക്കത്തക്ക ഒരു സംഘടന ഉണ്ടായില്ല എന്നതാണ്. സാമൂഹ്യസമ്മേളനം ആരംഭിച്ചിട്ട് അത് കൊസ്മോപോളിറ്റൻ കത്തോലിക്കാ കോൺഗ്രസ്സായി. പ്രയോജനമില്ലാതെയുമായി. പൊതുനേതൃത്വമില്ലാതായതോടൊപ്പം പല രൂപതകളായി വിഭജനം വരികയും ചെയ്തു. ഈ ദുരവസ്ഥ കണ്ടുകൊണ്ടാണ് അന്നത്തെ മെത്രാന്മാർ മൂന്നുപേരും കൂടെ 1905 ഫെബ്രുവരി 21 നു റോമിലേയ്ക്ക് അയയ്ക്കാൻ ഹർജി തയ്യാറാക്കിയത്. മാർ ളൂയിസ് റോമിൽ പോയപ്പോൾ നേരിട്ട് സമർപ്പിക്കുകയും ചെയ്തു. നടപ്പിലിരിക്കുന്ന വ്യവസ്ഥിതിമൂലം നസ്രാണി സമുദായത്തിനു സംഭവിച്ചിരിക്കുന്ന ബഹുനായകത്വവും തന്നിമിത്തം ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈവിധ്യവും; ഉദയംപേരൂർക്കു ശേഷം മുന്നൂറു വർഷം കഴിഞ്ഞ് സ്വയംഭരണം നൽകിയിരിക്കുന്ന ഇക്കാലത്ത് അതിനു ബഹുനായകത്വം ഉണ്ടാകാൻ അനുവദിക്കുന്നത് ഉചിതമല്ല. കഴിഞ്ഞ പതിനെട്ടു വർഷങ്ങൾക്കിടയിൽ പൊതുക്കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ യാതൊരു സൂനഹദോസും കൂടിയില്ല; അതു നിമിത്തം സമുദായാചാരങ്ങൾ മൂന്നിടങ്ങളിലും ഭിന്നപ്രകാരമായിരിക്കുന്നു എന്നിങ്ങനെ ഹർജിയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. 15-ാം ബെനദിക്തോസ് മാർപ്പാപ്പാ ഹയരാർക്കി സ്ഥാപിക്കുമെന്ന് ഉറപ്പുതന്നു. 11-ാം പീയൂസ് മാർപ്പാപ്പാ 1923 ൽ സ്ഥാപിക്കുകയും ചെയ്തു. പക്ഷേ വേണ്ടവിധത്തിലാക്കാൻ നമുക്കു കഴിവില്ലാതെ പോയി. അങ്ങനെ അധികാരസ്ഥാനങ്ങളിൽ നിന്നു വേണ്ടതു ചെയ്തു തന്നാലും പ്രയോജനകരമാക്കിത്തീർക്കാൻ നമുക്കറിവില്ലാത്തതു കൊണ്ട് ഇന്നുവരെ നേതൃത്വമില്ലാതെ കുഴയുന്നു.

സഭയ്ക്കു ഹയരാർക്കിയില്ല, സമുദായത്തിനു കെട്ടുറപ്പില്ല. ഇതിനേക്കാൾ സഹതാപാർഹമായ ഒരു അവസ്ഥ ഒരു ജനതയ്ക്കു വരാനില്ല. പ്രത്യേകിച്ച് നമ്മുടേതുപോലെ പ്രശസ്തമായ ഒരു സമൂഹത്തിന് മറ്റു സമുദായങ്ങൾ ആവേശപൂർവ്വം കുതിച്ചു പായുന്നതിനു കാരണം. അവർക്കു ഭാവിയെക്കുറിച്ച് ഒരു ലക്ഷ്യവും ദർശനവും, ഭാവനയുമെല്ലാമുണ്ടെന്നതാണ്.

www.malankaralibrary.com

ഭോഷന്റെ വിശാലാശയത്വവും സ്വസമുദായഭിമാനരാഹിത്യവുമാണ് ഇന്നു നമ്മുടെ അനാരോഗ്യസ്ഥിതിക്കു കാരണം. നസ്രാണിസമുദായം പലതായിത്തീർന്നപ്പോൾ നമ്മുടേത് ഒരു കത്തോലിക്കാ സമുദായമായി. ഈ കത്തോലിക്കാസമുദായത്തിൽ നസ്രാണികളല്ലാത്തവർക്ക് എങ്ങനെയാണ് അംഗത്വമുണ്ടാകുക? നസ്രാണികളുടെ ആശ്രിതരായി ഒരു കാലത്ത് കഴിഞ്ഞിരുന്നവരെങ്കിലും, പണ്ടേ സ്വതന്ത്രരായി കഴിഞ്ഞിട്ടുള്ളവർ ഇനിയും നമ്മുടെ സമുദായത്തിൽപ്പെട്ടവർതന്നെ എന്ന് കരുതുന്നതും വിവരമില്ലായ്കയാണ്. ഇന്ന് അർത്ഥമാക്കുന്നവിധത്തിൽ ഒരു കത്തോലിക്കാ സമുദായമില്ല, സമുദായങ്ങളേയുള്ളു. സഭാകാര്യങ്ങൾ നോക്കാൻ ഹയരാർക്കികളും മേലദ്ധ്യക്ഷകോൺഫ്രൻസുകളുമെല്ലാമുണ്ട്. സമുദായോദ്ധാരണ പരിപാടിയെ വിജയിപ്പിക്കാനുള്ള മുഖവുരതന്നെ. കത്തോലിക്കരുടെ പരമാധിപതി വിദേശത്താണെന്നും അങ്ങോട്ടാണ് അവരുടെ വിധേയത്വം കിടക്കുന്നതെന്നും അങ്ങനെ അത് സ്വദേശസഭയല്ല, വിദേശസഭയാണ് എന്നും മറ്റും തെറ്റായ വിധത്തിൽ നമ്മെക്കുറിച്ച് വിചാരിക്കുന്നതിനും പറയുന്നതിനും പരിഗണിക്കുന്നതിനും നാം തന്നെ അവസരം ഉണ്ടാക്കുന്നതെന്തിനാണ്? നസ്രാണികളായ നാം സമുദായ നാമം കളഞ്ഞിട്ട് മതത്തിന്റെ പേര് സമുദായത്തിനു കൊടുത്തതെന്തിനാണ്? യാക്കോബായസമുദായക്കേസിൽ ബാവാക്കക്ഷിക്കു അനുകൂലമായ ഹൈക്കോട്ടുവിധി സുപ്രീംകോർട്ടിൽ ചെന്നപ്പോൾ മറിഞ്ഞുപോകാൻ കാരണം, മെത്രാൻകക്ഷിയാണ് സാക്ഷാൽ ഇന്ത്യൻ സഭയെന്ന് ന്യായാധിപന്മാരുടെ ബോധത്തിൽ അടിച്ചുകയറ്റിയതാണ്. അതുപോലെതന്നെ, കേന്ദ്രഗവൺമെന്റിന്റെ എല്ലാ ക്യാബിനറ്റിലും ഒരു ക്രിസ്ത്യൻ മെമ്പറെ എടുത്തിട്ടുണ്ട്. കത്തോലിക്കേതരക്രിസ്ത്യാനിമാത്രം അവിടെ കയറാനിടവന്നിട്ടുള്ളതും അർത്ഥവത്താണ്. അങ്ങനെ സമുദായത്തിനല്ല, സഭയ്ക്കുപോലും വിദേശനിറം കൊടുപ്പിക്കുന്ന ആവശ്യമില്ലാത്ത സംജ്ഞ നാമെന്തിനാണ് വഹിക്കുന്നത് ? നമുക്കു ലാഭം വരുത്താതിരിക്കാനും, നമ്മെക്കൊണ്ട് തങ്ങൾക്കു ലാഭമുണ്ടാക്കാനും പ്രയത്നിക്കുന്നവരുടെ നിർദ്ദേശമേ നമ്മുടെ ചെവികൾ കേൾക്കുകയുള്ളല്ലോ! സഭയെക്കുറിച്ച് മലങ്കര സഭ, ചർച്ച് ഓഫ് ഇന്ത്യ എന്നും സമുദായത്തെപ്പറ്റി നസ്രാണി എന്നും പുരാണപ്രസിദ്ധങ്ങളും എല്ലാ വിധത്തിലും ലാഭകരവുമായ പേരുകളിൽ വേണം ഇനി നാം അറിയപ്പെടാൻ. സാമൂഹ്യപ്രവർത്തനങ്ങൾക്കും മിഷ്യനറി പ്രവർത്തനങ്ങൾക്കും ബാലിശമായ രീതിയിൽ വിദേശികളെ അനുകരിക്കുകയും അവർക്കു ദാസ്യവൃത്തി ചെയ്കയുമല്ലാതെ നമ്മുടെ വ്യക്തിത്വം കാണിക്കുന്നതിനോ, സ്വന്തമായി ചെയ്യുന്നതിനോ ആവശ്യമില്ലെന്നു ധരിച്ചിരിക്കയാണോ എന്നു കൂടെ തോന്നിപ്പോകുന്നു. സമുദായത്തെ സംബന്ധിച്ച് അംഗങ്ങൾക്ക് അഭിമാനവും ഭാവിപരിപാടികളെക്കുറിച്ച് ഒരു ദർശനവും പ്ലാനും ഉണ്ടാകണം. സമുദായം എത്ര നിസ്സാരമായാലും കെട്ടുറപ്പുണ്ടാകയും

www.malankaralibrary.com

അംഗങ്ങൾ ആവേശമുള്ളവരാകുകയും ചെയ്യുന്നെങ്കിൽ എത്രവലിയ ഭൂരി പക്ഷം എതിരായി വരുന്നതും ഒരു പ്രശ്നമല്ല. ഇന്നത്തെപ്പോലെ പുറകേ പുറകേ പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല; അവകാശങ്ങളിൽ കൈവയ്ക്കുവാൻ ആരും ധൈര്യപ്പെടുകയുമില്ല. നാം സംഘടിതരല്ല എന്ന് അറിയാമായിരുന്നതുകൊണ്ട് രാഷ്ട്രീയാധികാരികൾ അല്ല ഇതര വിഭാഗങ്ങൾ പോലും നമ്മെ കണക്കിലെടുത്തതേയില്ല. ദിവാൻ ഭരണത്തിലും കമ്യൂണിസ്റ്റു ഭരണത്തിലും ജീവന്മരണസമരത്തിലേർപ്പെടേണ്ടിവന്നു. ഇത്രയേറെ തിക്താനുഭവങ്ങൾക്കു ശേഷവും, ഭാവിയെ നേരിടാൻ തയാറെടുത്തിട്ടില്ല. അക്കാര്യം തന്നെ മറന്നു പോയതുപോലെ കഴിയുന്നു!!! വാസ്തവത്തിൽ സങ്കടകരമായ ഒരു അവസ്ഥാവിശേഷമെന്നേ പറയേണ്ടു.

നാല്പത്തഞ്ചു കൊല്ലം മുമ്പ് ഐ. സി. ചാക്കോ അവർകൾ എഴുതിയതാണ്:"ഒരു സമുദായത്തിന്റെ ഭാവി വ്യപാരങ്ങളെ നയിക്കുന്നതിന് ആ സമുദായത്തിന്റെ ഭൂത വ്യാപാരങ്ങളെക്കുറിച്ചുള്ള വിജ്ഞാനം നേതാക്കന്മാർക്ക് അത്യാവശ്യമാണ്" പതിനഞ്ചു കൊല്ലം മുമ്പ് മുത്തോലിയിൽ നിന്നും ഫാ. ചാൾസ് എഴുതി." Communities as well as individuals must have high aspirations and lofty goal if they are ever to attain greatness proportionate to their resources in men, materials, talents and opportunities, and be able to perform some notable service to Church and country. Such ideals will have to guide our path and direct our latent and diffused energies to united action resulting in great success.It is the duty and privilege of the leaders of a community to focus and co-ordinate the attention and good will of the common people to the great good they could jointly perform."

"The individuals needs the Society as a medium through which the great creative impulses of humanity may reach him, and shape him to higher ends" വ്യക്തിക്കു വളരാനും വികസിക്കാനും സമുദായം ആവശ്യമാണ്. ഈ ഒരു കാര്യത്തിലാണ് നമ്മുടെ പോരായ്ക മുഴുവൻ കിടക്കുന്നത്. പ്രതിരോധത്തിനും വളർച്ചയ്ക്കും സമുദായ സംഘടന അനുപേക്ഷണീയമാണ്. എന്നാൽ നമ്മുടെ രൂപതകളേക്കാൾ ബലവത്തായ ഒരു സംഘടനയോ ഭരണരീതിയോ എവിടെയുണ്ട്? അതേസമയും ഊ സുസംഘടിതരൂപത്തിന്റെ (organism) ഫലം വേണ്ട വിധത്തിലനുഭവപ്പെടുന്നില്ല എന്നതും നമ്മുടെ മാത്രം കുറ്റമാകുന്നു. ആദ്ധ്യാത്മികം, സഭാസംബന്ധം, സാമൂഹ്യം സാമുദായികം, രാഷ്ട്രീയം, സാമ്പത്തകം, സാംസ്ക്കാരികം.......... ഇങ്ങനെ ഒരു ജനസമൂഹത്തിനാവശ്യമായ എല്ലാ രംഗങ്ങളിലും ശ്രദ്ധ ചെല്ലുകയും പ്രവർത്തനം നടക്കുകയും വേണം. അങ്ങനെയെല്ലാം പൂർണ്ണമായാലും ഒരു

www.malankaralibrary.com

ജനപദമെന്ന നിലയ്ക്ക് ഒരു പൊതുനേതൃത്വവും ഭരണ പ്ലാനുമെല്ലാം ഉണ്ടായേ മതിയാകൂ. ഇക്കാര്യത്തിൽ സ്വിറ്റ്സർലന്റ് ഒരു നല്ല മാതൃകയാണ്. സ്വാതന്ത്ര്യത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉച്ചകോടിയിൽ നില്ക്കുന്ന ഒരു ചെറു ജനത എന്ന നിലയിൽ നമുക്ക് അനുകരിക്കാൻ പറ്റിയ ഒരു മാതൃകയാണ് അവിടുത്തെ ഭരണതരീതി-ഫെഡറൽ. ഓരോ കാന്റണും പരിപൂർണ്ണ സ്വാതന്ത്ര്യം കമ്യൂൺ ഏറ്റവും ചെറിയഘടകവും. നമ്മുടെ രൂപതയോടും ഇടവകയോടും അവയെ സാമ്യപ്പെടുത്താം. നമ്മുടെ പള്ളികൾക്കും രൂപതകൾക്കും പൂർണ്ണ അർത്ഥത്തിലും സ്വയംഭരണമുണ്ട്. അതോടൊപ്പം ഒരു ഫെഡറൽ ഗവൺമെന്റിനു സമാനമായ ഒരു അധിപനും (കാത്തോലിക്കയോ പാത്രിയാർക്കീസോ) ഒരു എക്സിക്യൂട്ടീവും (അർക്കദിയാക്കോൻ) ഡിപ്പാർട്ടുമെന്റുകളും, ഹൈക്കോർട്ടും (രൂപതകളിൽ നിന്നുള്ള അപ്പീലിന്) ഉണ്ടായാൽ മാത്രം മതി. കർമ്മാനുഷ്ഠാനം, നിയമം, വേദപ്രചാരം, ഗവൺമെന്റുമായും പരി.സിംഹാസനവുമായും ഉള്ള ഇടപാടുകൾ ഇത്രയും കാര്യങ്ങൾ അതിനു നൽകിയാൽ മതിയാകുകയും ചെയ്യും. സഭാസംബന്ധമായി കാര്യങ്ങൾ അതിനു നൽകിയാൽ മതിയാകുകയും ചെയ്യും സഭാസംബന്ധമായി കാര്യങ്ങൾ നേരെയായിട്ടുവേണം ആ പശ്ചാത്തലത്തിൽ സാമുദായികകാര്യങ്ങളെല്ലാം ശരിയായിത്തീരാൻ.

കുടിപ്പാർപ്പ്, കൃഷി, വ്യപാരവ്യവസായങ്ങൾ, ബാങ്കിംങ്ങ്, വിദ്യാഭ്യാസം ഈ രംഗങ്ങളിൽ അസൂയാർഹമായ നില ഈ നൂറ്റാണ്ടിൽ നമുക്കു കൈവന്നിട്ടുണ്ടെന്നുള്ളത് അഭിമാനിക്കത്തക്ക നേട്ടങ്ങൾതന്നെയാണ്. സംഘടിത ശ്രമം കൂടാതെ തന്നെ ഉത്തരകേരളം നമ്മുടേതായികഴിഞ്ഞിരിക്കുന്നു. മലബാർ കുടിയേറ്റത്തെപ്പറ്റി മാതൃ ഭൂമിയിൽ ഒരിക്കൽ ഒരു ലേഖനം വന്നു. "ഈ കുടിയേറിപാർപ്പിന്റെ ചരിത്രം മനുഷ്യ പ്രയത്നത്തിന്റെ മഹിമയുടെ ചരിത്രമാണ്. കാട്ടു ജന്തുക്കളുടെ ആവാസസ്ഥാനമായിരുന്ന കിഴക്കൻ പ്രദേശങ്ങൾ ഈ മണ്ണിന്റെ മക്കളുടെ പ്രയത്ന ഫലമായി കണ്ടാലറിയാത്ത വിധം മാറിയിരിക്കുന്നു. മൊട്ടക്കുന്നുകളെ മനോഹരദ്യാനങ്ങളാക്കി മാറ്റിക്കൊണ്ട് ഇവർ മണ്ണിൽ നിന്ന് പൊന്നു വിളയിച്ചിരിക്കുന്നു.

മലമ്പനിയോടും കാട്ടു മൃഗങ്ങളോടും, പ്രകൃതിയുടെ പരുഷതകളോടും മല്ലിട്ടു ജയിച്ചിട്ടാണ് അവരിതു സാധിച്ചിട്ടുള്ളത്. ജീവിതത്തിനു വേണ്ടി ആദ്യകാലത്തുണ്ടായ ഈ കുരിശു യുദ്ധത്തിൽ നിരവധി പേർ മരണമടയുകയുണ്ടായി. മിക്ക കുടുംബങ്ങൾക്കും അവരുടെ രക്ത സാക്ഷികളുണ്ടായിട്ടുണ്ട്. പക്ഷേ അവരുടെ അധിവാസകേന്ദ്രങ്ങൾ അവരുടെ സമരവിജയത്തെ വിളിച്ചു പറയുകയാണിന്ന്. കാടു വെട്ടിത്തെളിച്ച് കൃഷിസ്ഥലങ്ങളും കുടിയിടങ്ങളും സ്ഥാപിച്ച് ഈ കർഷക സമുദായം അവയോടൊപ്പം പള്ളികളും വിദ്യാലയങ്ങളും സ്ഥാപിച്ചു." (1959 നവംബർ 21 -ന് നസ്രാണിയിൽ പ്രസിദ്ധീകരിച്ച ലേഖനം)

www.malankaralibrary.com

# 8. നസ്രാണി നവജീവനെപ്പറ്റി വീണ്ടും

കേരളത്തിലെ നസ്രാണി സമുദായം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിച്ചുകൊണ്ട് 1961-ൽ നസ്രാണി പ്രസിദ്ധീകരണത്തിൽ ഒരു ലേഖനം വന്നു. എറണാകുളത്തെ പ്രയോർജനറാൾ ഹൗസിൽ നിന്നും 1961 നവംബർ 21-ാം തീയതി വച്ചാണ് ആ ലേഖനം വന്നിരിക്കുന്നത്. പേരു പ്രത്യേകം വച്ചിട്ടില്ല. ഓർഗനൈസർ എന്നു മാത്രമേയുള്ളു. ആ ലേഖനത്തിന്റെ കർത്താവ് ബോസ്കോ അച്ചൻ തന്നെയാണെന്ന് അനുമാനിക്കാം. നവജീവ പരിഷത്ത് ആരംഭിക്കാനുള്ള പ്രഥമപടിയായി ഈ ലേഖനത്തെ കണക്കാക്കാം. ആ ലേഖനം താഴെ ചേർക്കുന്നു.

"കഴിവുകൾ മുറ്റിനിൽക്കുന്ന ഒരു സമുദായം. ഇതുപോലുള്ള അവഗണനകൾ എത്ര നാൾ ക്ഷമിക്കണം. അവിടവും കഴിഞ്ഞ് തുടരെ തുടരെ അനീതി സഹിക്കേണ്ടി വരുമ്പോൾ രക്ഷാമാർഗ്ഗം കാണാൻ തത്രപ്പെടുകയുണ്ടായി. സമുദായ നേതൃത്വം സംബന്ധിച്ച് ഇപ്പോൾ കാണുന്ന ഉണർവ്വ് ഇതാണ്. നേതൃത്വഗുണം അനുഭവിക്കുന്ന വിഭാഗങ്ങളെ അനുകരിക്കാൻ തോന്നുകയും ചെയ്യും. എൻ.എസ്.എസും, എസ്.എൻ.ഡി.പി. യുമാണ് പലരും എടുത്തുകാണിക്കുന്നത്. എന്നാൽ ആ രണ്ട് സമുദായങ്ങളോട് കത്തോലിക്കരെ തുലനം ചെയ്യുന്നത് കണ്ണുതുറന്നു നോക്കാത്തതുകൊണ്ടാണ്. സമുദായം നശിച്ചിരിക്കുന്നു. രക്ഷപെടാൻ ഒരു മാർഗ്ഗവുമില്ല എന്ന ബോദ്ധ്യത്തിൽ നിരാശചുഴിയിൽ കിടന്ന് ജീവന്മരണ പരിഭ്രാന്തിയിൽ മുളച്ചുവന്നതാണവ. ബുദ്ധിമുട്ടു സഹിച്ചും തന്ത്രപൂർവ്വവും, ക്ഷമയോടെ ദീർഘകാലത്തേക്ക് ഏതാനും വ്യക്തികൾ ജ്വരം പിടിച്ച് പണിയെടുത്തതിന്റെ ഫലമാണ് പ്രസ്തുത സംഘടനകൾ. അതു പലരും ഓർക്കുന്നില്ല. കത്തോലിക്കർക്ക് എന്തുവന്നാലും പേടിക്കാനില്ല എന്ന് ബോദ്ധ്യമുള്ളപ്പോൾ പിന്നെയെങ്ങനെയാണ് ഇതുപോലെ ജ്വരമുണ്ടാകുക? പോരെങ്കിൽ തനിക്ക് താൻ പോരുന്നവരായിട്ടാണ് നാമൊക്കെ കഴിയുന്നത്. അതങ്ങനെ.

പിന്നെ ഏതടിസ്ഥാനത്തിൽ കത്തോലിക്കാസമുദായം എന്നു പറയും? മാമ്മോദീസായുടെ ഐക്യം പോലെ മനുഷ്യരെ തമ്മിൽ അടിപ്പിക്കാൻ വേറൊന്നില്ല. എങ്കിലും ക്രൈസ്തവസമൂഹങ്ങൾ ശത്രുഭാവത്തിൽ കഴിഞ്ഞു പോരുന്നുണ്ട്. അകത്തോലിക്കരുടെ കാര്യത്തിൽ അറിവ് കുറവെന്നോ മറ്റോ വല്ല ഒഴിവും പറയാമെന്ന് വയ്ക്കുക. ഭിന്നിച്ചുമാറി നിന്നുവെന്ന ന്യായം ഒന്നുകൊണ്ടുമാത്രം അവരെ അന്യരെപ്പോലെയല്ലേ കരുതിപ്പോരുന്നത്? മാമ്മോദീസായുടെ ഐക്യത്തെ ഇങ്ങനെ കരുതുന്നവർ കത്തോലിക്കാവിശ്വാസം

www.malankaralibrary.com

ഒന്നുകൊണ്ട് മാത്രം ഒരു സമുദായമാകുമെന്ന് എങ്ങനെ പറയും. ആചാരാനുഷ്ഠാനങ്ങളും സംസ്കാര നിലവാരങ്ങളും ധ്രുവങ്ങൾപോലെ അകന്നു നിൽക്കുമ്പോൾ? കത്തോലിക്കാ സമുദായത്തിന് പലപ്പോഴും അന്യസമുദായങ്ങളെക്കാൾ കത്തോലിക്കരെത്തന്നെയാണ് ഭയപ്പെടേണ്ടിവന്നിട്ടുള്ളത്. ലോകചരിത്രവും നാട്ടുചരിത്രവും വേണ്ടുവോളം ഉദാഹരിക്കും. അതുകൊണ്ട് 'കത്തോലിക്കർ' പല സമുദായങ്ങളാണെന്ന കാര്യം മറച്ചുവച്ചിട്ട് ഒരു കാര്യവുമില്ല. ഈഴവരും നായന്മാരും ഹിന്ദുക്കളാണെങ്കിലും ഒരു സമുദായമായി ഗണിക്കപ്പെടാത്തതുപോലെ, ലത്തീൻകത്തോലിക്കരും സുറിയാനി ക്രിസ്ത്യാനികളും വെവ്വേറെ സമുദായങ്ങളാണ് എന്ന് മന്ത്രിസഭയിൽ പ്രാതിനിദ്ധ്യം ലഭിക്കാൻ മുഖ്യമന്ത്രിക്കുകൊടുത്ത നിവേദനത്തിൽ ലത്തീൻ കത്തോലിക്കർ പ്രസ്താവിച്ചിരുന്നു. ജാതിയടിസ്ഥാനത്തിലാണ് സമുദായ തിരിവ്. കത്തോലിക്കാ സമുദായം കത്തോലിക്കാ സമുദായം എന്ന് ഇനിയും ആവർത്തിക്കുന്നതിന്റെ അർത്ഥമെന്ത്? ഓരോ വിഭാഗത്തിനും അതിന്റേതായ സമുദായ സംഘടനയോ സംഘടനകളോ വേണം കാര്യനടത്തിപ്പിന്. ആദ്യസഭയിൽപ്പോലും യൂദർക്കും യവനർക്കും വേറെ വേറെ ശുശ്രൂഷകരെ (ഡീക്കൻമിനിസ്റ്റർ) വയ്ക്കേണ്ടിവന്നു. അത് അവർ വ്യത്യസ്ഥ സമുദായങ്ങളായിരുന്നതുകൊണ്ടാണ്. ഇതാണ് ഇന്നും സ്വീകരിക്കേണ്ട പ്രായോഗിക വീക്ഷണം. അങ്ങനെ വരുമ്പോൾ ഒരു പ്രത്യേക സമുദായമായി കഴിഞ്ഞുപോരുന്ന നമുക്ക്-നസ്രാണികൾക്ക്-ഒരു സംഘടന ഇന്ന് അത്യാവശ്യമായി തീർന്നിരിക്കുകയാണ്. കത്തോലിക്കാ സ്ഥാപനങ്ങൾ, കത്തോലിക്കാ സംഘടനകൾ, കത്തോലിക്കാ പ്രസദ്ധീകരണങ്ങൾ-ഇവയിലെ കത്തോലിക്കാ പ്രയോഗം എത്രമാത്രം തെറ്റിദ്ധാരണയ്ക്കാണിടം കൊടുത്തിട്ടുള്ളതും കൊടുത്തുകൊണ്ടിരിക്കുന്നതും? ഭരണാധികാര സ്ഥാപനങ്ങളിൽ തന്നെയും ഉളവായിരിക്കുന്ന ധാരണ നാം ശരിക്കു മനസ്സിലാക്കിയിട്ടില്ല. കത്തോലിക്കർ എന്നു വച്ചാൽ അവർ ഗ്രഹിച്ചിരിക്കുന്നത് ആംഗ്ലോ ഇന്ത്യർ, വിദേശ സംസ്കാരത്തോടും സംഘടനയോടും ഒട്ടിനിൽക്കുന്നവർ എന്നൊക്കെയാണ് എന്ന് നാം ഇനിയെങ്കിലും അറിയാത്തത് വലിയ തരക്കേടു തന്നെയാണ്. നസ്രാണി സമൂഹത്തിൽ നിന്നും പിരിഞ്ഞുപോയ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം പേരുള്ളതുകൊണ്ട് പഴയ കൂറ്റുകാർ നമ്മുടെ പേരായി തന്നെ നസ്രാണി അവശേഷിക്കുന്നു.

ചരിത്രപശ്ചാലത്തിൽക്കൂടി മാത്രമേ നിലവിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിക്കു. മുൻകാല ചരിത്രം ഓരോ സമുദായത്തിനും ഓരോന്നാണ്. എല്ലാ സമുദായങ്ങൾക്കും അവരവരുടെ അർഹത ലഭിക്കണം. വലിപ്പമനുസരിച്ചും കഴിവനുസരിച്ചുമുള്ള അർഹതയ്ക്കായി വാദിക്കാം അതിലാർക്കും പരിഭവിക്കാനില്ല. അതോടൊപ്പം ഇതരരുടെ അർഹതകളെ തടയ

www.malankaralibrary.com

രുത്. പിടിച്ചെടുക്കരുത്. ചൂഷണവുമരുത്. സഹവർത്തിത്വം എന്തുകൊണ്ട് ഇവിടെയും പ്രവർത്തിയാലാക്കികൂടാ? അന്തർദേശീയ രംഗത്ത് രാഷ്ട്രങ്ങൾ എങ്ങിനെയോ ഏകദേശം അതുപോലെയാണ് രാഷ്ട്രത്തിനുള്ളിൽ സമുദായങ്ങൾ. ചെറുതും വലുതുമായവയുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടണം. ഓരോ വിഭാഗക്കാർക്കും അവരവരുടെ കാര്യം നോക്കാം, തനിച്ചു നോക്കേണ്ടത് തനിച്ചു. ചിലർക്കുമാത്രം താല്പര്യമുള്ളവ അവർ തമ്മിൽ സഹകരിച്ചും, രാഷ്ട്രീയ സാമൂഹിക കാര്യങ്ങൾക്ക് ജാതിവ്യത്യാസമില്ലാതെ എല്ലാവർക്കും അംഗത്വം കൊടുക്കാവുന്ന സംഘടനകളുണ്ട്. മതപരമായ കാര്യങ്ങളിൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മേലദ്ധ്യക്ഷന്മാരും അവരുടെ കോൺഫറൻസുകളും സഭയിലെ കേന്ദ്രഭരണ ഡിപ്പാർട്ടുമെന്റുകളുമെല്ലാമുണ്ട്. തനിസമുദായ കാര്യങ്ങൾ നോക്കാനാണ് ആളില്ലാതെ വന്നിരിക്കുന്നത്. അതേപ്പറ്റി ആരും അഭിപ്രായം പറഞ്ഞു കേൾക്കുന്നുമില്ല. ആദ്യസഭയിൽ ലൗകീകകാര്യങ്ങൾ നടത്താൻ ശുശ്രൂഷകരെ നിശ്ചയിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ വക കാര്യങ്ങൾക്ക് സംഘടനകളാണ് ഉള്ളത്. എല്ലാ കത്തോലിക്കർക്കും കൂടെ ഒരു സംഘടന വേണം എന്നു പറയുന്നു ചിലർ. എല്ലാവർക്കും പൊതുവായ കത്തോലിക്കാ കോൺഗ്രസ്സ് ഉള്ളപ്പോൾ അതിന്റെ സ്ഥാനത്ത് അതുപോലെ വേറൊന്നുണ്ടായിട്ട് എന്തുചെയ്യാനാണ്? കത്തോലിക്കാ കോൺഗ്രസ്സ് പ്രയോജനമില്ലാത്തതാണെന്ന് കാണുന്നെങ്കിൽ അത് നിറുത്തിക്കളയുക. അര നൂറ്റാണ്ടു കാലത്തെ പരീക്ഷണം കഴിഞ്ഞിട്ടും കത്തോലിക്കാ കോൺഗ്രസ്സ് എവിടെ പരാജയപ്പെട്ടു എന്നു മനസ്സിലാകുന്നില്ലെങ്കിൽ അത്തരം വേറൊരു സംഘടനയുണ്ടാക്കാൻ നേരം കളയണമോ? രൂപതാടിസ്ഥാനത്തിലുള്ള കത്തോലിക്കാ കോൺഗ്രസ്സിന്റെ പുതിയ സംവിധാനം ആദർശവാദികൾക്കും പ്രയോഗജ്ഞാനികൾക്കും തൃപ്തികരമായ ഒരു നീക്കമാണ്. പ്രാദേശികമോ വിഭാഗീയമോ ആയ താല്പര്യങ്ങളും പൊതുവായ താല്പര്യങ്ങളും ഒരുപോലെ നോക്കാൻ പറ്റിയ മാർഗ്ഗമിതാണ്. മനസ്സുവച്ച് പ്രവർത്തിക്കയേ വേണ്ടു.

പക്ഷെ കത്തോലിക്കാ കോൺഗ്രസ്സ് മതിയായ സമുദായ സംഘടനയുമായി പ്രവർത്തിച്ചു മുന്നേറുമെന്ന് ഇനിയും ഉറച്ചിരിക്കാമോ? അത് കാലം തെളിയിച്ചുതരുമെന്ന് സമാധാനിക്കാം. എന്നാൽ അതിനിടക്ക് അത്യാവശ്യ സ്വഭാവത്തോടുകൂടി ചില കാര്യങ്ങൾ സാധിക്കുവാനുണ്ട്. നസ്രാണി സമുദായത്തിന് അതിന്റേതായ വ്യക്തിത്വമുണ്ടെന്നും സ്വതാൽപര്യങ്ങൾ സംരക്ഷിക്കുവാൻ ചില കാര്യങ്ങളിലെങ്കിലും തനിച്ച് നിൽക്കേണ്ടതാവശ്യമാണെന്നും കരുതുന്നവരുണ്ട്. ചങ്ങനാശ്ശേരി, പാലാ, കോതമംഗലം, എറണാകുളം, തൃശൂർ, തലശ്ശേരി എന്നീ ആറു വൈദിക യൂണിറ്റുകളിലായി ഇടയന്മാരുടെ നോട്ടത്തിൽ കഴിയുന്ന പതിനാലുലക്ഷം ആളും രണ്ടുലക്ഷം വീടുമാണുള്ളത്. അനാഥരായി ഇന്ത്യയുടെ പല

www.malankaralibrary.com

ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നവരായി ഒരു നല്ല സംഖ്യവേറെയും നേതാക്കന്മാർ സമുദായത്തിന് നേതൃത്വം കൊടുക്കുന്നില്ല. നേതൃത്വമുണ്ടായി കാണുവാൻ ആഗ്രഹിക്കുന്നവർ സമുദായത്തിന്റെ വ്യക്തിത്വം മറന്നു സംസാരിക്കുന്നതായും കാണുന്നു. ഇപ്പോഴത്തെ നിലയിൽ തുടരട്ടെയെന്നു വച്ചാൽ കാര്യങ്ങളൊന്നും നേരെയാകുകയില്ല. ഒന്നിനൊന്ന് ഇടിഞ്ഞു കൊണ്ടിരിക്കുകയേ ഉള്ളു. അതതു കുടുംബങ്ങൾ കഴിഞ്ഞുപോകണം. സമുദായത്തിന് പുരോഗതി ഉണ്ടാകണം. സ്വയരക്ഷക്ക് വഴി നോക്കണം. നയിക്കാൻ ആളുണ്ടാകണം. മുൻകാലങ്ങളിൽ അതിപ്രഗത്ഭരായ നേതാക്കന്മാരുണ്ടായിരുന്നെങ്കിലും അവരുടെ കഴിവുകൾ മിക്കവാറും പ്രതിരോധത്തിനാണ് ചെലവാക്കേണ്ടി വന്നത്. എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിയ ഇരുപതാംനൂറ്റാണ്ടായപ്പോൾ സമുദായം നാഥനില്ലാത്ത നിലയിൽ ഭാഗിക്കപ്പെടുകയാണുണ്ടായത്. ഒരു കേന്ദ്രഭരണമില്ലാതെ രൂപതകൾ പലതുണ്ടായതിന്റെ ദൂഷ്യഫലങ്ങൾ ഇന്നു നാം അനുഭവിക്കുകയാണ്. അഭിപ്രായ ഐക്യത്തിൽ എത്തുന്നതിനോ ധീരമായനേതൃത്വം നൽകുന്നതിനോ പ്രാപ്തമാകുന്നില്ല. സമുദായാംഗങ്ങൾ വേണ്ടതരത്തിലുള്ള പരിശീലനം ലഭിക്കാതെ വളർന്നപ്പോൾ ഇന്നത്തെ ശോച്യാവസ്ഥ അനിവാര്യമായും തുടർന്നു. സമുദായസേവനത്തിന് സമർത്ഥരായ അംഗങ്ങൾ ഉണ്ടാകണം. അതിൽകൂടുതൽ ആവശ്യമാണ് സമുദായത്തെക്കൊണ്ട് അംഗങ്ങൾക്ക്: വളരാനും വികസിക്കാനും പ്രയോജനമുള്ളവരായി തീരാനും. സഭാധിനാഥനും നേതാവും ഇല്ലെന്നുള്ളകുറവ്, ഹെന്ദോയുടെ മെത്രാപ്പോലിത്തായും അർക്കദിയാക്കോനുംവീണ്ടും സ്ഥാനാരോഹിതരാകുമ്പോൾ മാത്രമേ പരിഹരിക്കപ്പെടുകയുള്ളു അതുവരെ എന്തെങ്കിലും തല്ക്കാലമാർഗ്ഗങ്ങൾ കണ്ടു പിടിക്കയേ വഴിയുള്ളു. മാന്നാനത്തെ സന്യാസ സംഘം മിക്കവാറും സമുദായസംഘടനകളുടെ ജോലിയാണ് നിർവഹിച്ചിട്ടുള്ളത്.ഇന്നും മാന്നാനം നമ്മുടെ സംസ്കാര കേന്ദ്രമായിരിക്കുന്നു. വിവിധ താൽപര്യങ്ങളെ തമ്മിലടുപ്പിക്കാൻ പറ്റിയ വേറൊന്നില്ലാതായിട്ടാണിരിക്കുന്നത്. രൂപതാഘടകങ്ങളെ ശക്തിപ്പെടുത്താൻ ഓരോ രൂപതയിലും ഓരോ ആശ്രമം സമുദായ കേന്ദ്രമായി പ്രവർത്തിച്ചുതുടങ്ങുകയെന്നത് കത്തോ. കോൺഗ്രസിനു സ്വീകരിക്കാവുന്ന ഒരു പരിപാടിയാണ്. ഇങ്ങനെ ചില്ലറവിദ്യകൊണ്ട് സമുദായപ്രവർത്തനം ശക്തമാക്കാം; സംഘടന ബലിഷ്ഠമാവുകയും ചെയ്യും. അതല്ലാതെ ജനപിന്തുണയില്ലാത്ത, സാമ്പത്തിക കഴിവില്ലാത്ത, മുഴുവൻ സമയം ജോലിചെയ്യാനാളില്ലാത്ത കത്തോ. കോൺഗ്രസ്, സമുദായത്തെ പ്രതിനിധീകരിക്കാനോ ശക്തമാക്കാനോ കഴിവുള്ളതായിരിക്കുന്നതല്ല. സ്ത്രീപുരുഷന്മാരും അംഗങ്ങളാകണം എന്നു പറഞ്ഞാൽ ആരുടെയും ചെവിയിൽ പതിയുകയില്ല. മറിച്ച്, ഓരോ കുടുംബത്തിനും സംഘടനയിൽ പ്രാതിനിധ്യം ഉണ്ടായിരിക്കണം ഓരോ കുടുംബത്തിന്റെ കാര്യവും സംഘടനയുടെ അന്വേഷണ

www.malankaralibrary.com

ത്തിൽ പെട്ടുകൊണ്ടിരിക്കണം എന്ന നിർബന്ധമാണുണ്ടാകേണ്ടത് രണ്ടു വശത്തുനിന്നും.

കാലാകാലങ്ങളിലായി നിലനിന്നു പോന്നിരുന്ന നമ്മുടെ നിലയും വിലയും ഇന്നെവിടെ? എന്തിനുപകരിക്കുന്നു.? നേടിത്തന്നതു സൂക്ഷിക്കാൻ കൂടെ അറിഞ്ഞുകൂടാ. "വെന്തീങ്ങമിട്ട നായന്മാർ" എന്നു കത്തോലിക്ക എം.എൽ.എ. മാരെ വിളിക്കേണ്ടിവന്നിരിക്കുന്നു. നേതൃവേഷം കെട്ടി നടക്കുന്നവരെ കണക്കിലെടുക്കേണ്ട. സാക്ഷാൽ നേതാക്കൾ എന്നു കരുതേണ്ടവർ കൂടെ ഭീരുക്കളായും ആവശ്യനേരത്ത് കൈമലർത്തുകയും ഇതര സമുദായ നേതാക്കന്മാരുടെ തണലുപിടിക്കുകയും ചെയ്യുന്നത് കാണുമ്പോൾ ലജ്ജയുടെയും കോപത്തിന്റെയും വികാരങ്ങൾ മത്സരിച്ചു മുന്നോട്ടുവരികയാണ്. അമരാവതിയിൽ കേട്ട വടക്കനച്ചന്റെ സ്വരം ഒരു നേതാവിന്റേതായിരുന്നു. നട്ടു പിടിപ്പിച്ചതൊക്കെ ചുവടെ വെട്ടുകയും പുരയ്ക്കു തീവയ്ക്കുകയും കൈയ്ക്കുപിടിച്ചു പെരുവഴിയിൽ തള്ളുകയും, ജനനവും മരണവും മരച്ചുവട്ടിൽ നടക്കുകയും ചെയ്യുന്നത് ജനകീയത്തിന്റെയും വെൽഫെയർ സ്റ്റേറ്റിന്റെയും കാലത്താണെന്നോർക്കുക. പ്രായ, വർഗ്ഗ വ്യത്യാസങ്ങൾ നോക്കാതെ മൃഗത്തൊഴുത്തിലടച്ചതും നനഞ്ഞു നരകിച്ചതും കണ്ടിട്ട് ചോദിക്കാനാരുമുണ്ടായില്ല! ആയിരക്കണക്കിനു കുടുംബങ്ങളെ പെരുവഴിയാധാരമാക്കുന്നതു കണ്ടിട്ട് ഒരു വികാരവുമുണ്ടാകാത്തവർക്ക് സമുദായകാര്യം പറഞ്ഞു നടക്കുവാൻ അർഹതയില്ല തന്നെ. ആർഭാട പ്രകടനത്തിനും പെരുമ്പറയടിക്കും കഴിവും നേരവുമുള്ള ഇവരുടെ കണ്ണിൽ നീറുന്ന പ്രശ്നങ്ങൾ പെടുകയില്ല. "ദൈവമഹത്വത്തിന്" എന്ന് പറഞ്ഞതുകൊണ്ടായില്ല. മനുഷ്യനെ ദൈവത്തിങ്കലേയ്ക്ക അടുപ്പിക്കുവാൻ ഉപകരിക്കുമോ എന്നതായിരിക്കും അളവുകോൽ. ദൈവമഹത്വത്തിനുപകരിക്കുമെങ്കിൽ നാസ്തികനുപോലും അഭിനന്ദനം തോന്നും. എല്ലാക്കാര്യവും ശാസ്ത്രദൃഷ്ട്യാവീക്ഷിക്കുവാൻ കഴിയുന്നു ഇന്ന്, മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന തെറ്റുംശരികളും ഔചിത്യ അനൗചിത്യങ്ങളും ബഹുജനം മനസ്സിലാക്കുന്ന ഇന്ന് നാട്ടിൽ നടക്കുന്ന കാപട്യവും നീചത്വവും ഒഴിഞ്ഞുമാറലും ഭീരുത്വവുംകൊണ്ട് മൂക്കേൽ കൈവച്ചുപോകും.

സംഖ്യാബലവും സാമ്പത്തികസ്ഥിതിയും സാമാന്യരീതിയിൽ ഒരു സമുദായത്തന്റെ നല്ല കാലം കുറിക്കേണ്ടതാണ്. എന്നാൽ ഇവയിലേറെ കാര്യപ്പെട്ട സാംസ്കാരികവശത്തും സംഘടിത പ്രവർത്തനത്തിലും ശ്രദ്ധചെല്ലാതിരുന്നതിന്റെ ദൂഷ്യഫലമാണ് ഇന്നു നാം കടിയ്ക്കുന്ന തിക്തകം. ആദർശങ്ങൾ വെറും ആശയങ്ങളായിരുന്നാൽ എങ്ങനെ സംസ്കാരം സിദ്ധിക്കും? ചെറുപ്പത്തിൽ മതതത്വങ്ങൾ മനഃപ്പാഠമാക്കുന്നതുകൊണ്ടുമാത്രം നാം ക്രൈസ്തവരായി ജീവിക്കയില്ല. അസ്ഥിപഞ്ജരമല്ല പ്രവർത്തിക്കുന്നത്, മാംസവും രക്തവുമുള്ള മനുഷ്യനേ അതിനു

www.malankaralibrary.com

കഴിവുണ്ടാകൂ. സമുദായത്തിന്റെ ഭൂതകാല ചരിത്രമറിയാതെ ഭാവിയെ എങ്ങനെ കരുപ്പിടിപ്പിക്കാനാണ്? തത്വങ്ങളിലും ചരിത്രയാഥാർത്ഥ്യങ്ങളിലും വേരുന്നിക്കൊണ്ടാണ് അനുഷ്ഠാനങ്ങൾ രൂപം കൊള്ളുന്നത്. ബുദ്ധി വികാസവും മനവിശാലതയും വികാരവിശേഷതയും പ്രവൃത്തിമാഹാത്മ്യവും അതിൽനിന്നളക്കാവുന്ന ആത്മികഉയർച്ചയും നമുക്കുണ്ടാകണം. നമ്മുടെ കുഞ്ഞുങ്ങളെ നമ്മുടെ ആദർശമനുസരിച്ച് വളർത്തിയെടുക്കാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ പിന്നെ ജീവിതലക്ഷ്യം തന്നെ എന്താണ്? സംസ്കാര കർമ്മങ്ങളെ അവയുടെ അർത്ഥവ്യാപ്തിയിലും വിശദാംശങ്ങളിലും മനസ്സിലാക്കാത്തതുകൊണ്ട് അവ മിക്കവാറും ഒരു അനുഷ്ഠാനം മാത്രമായിത്തീരുന്നു. തൽഫലമായി സംസ്ക്കാര ശൂന്യതയും അതിലും മോശമായി സംസ്കാരശൂന്യതയുമാണ് അവശേഷിക്കുന്നത്. പൗരാണികരുടെ ദർശനങ്ങളും ആധുനികരുടെ നിരീക്ഷണപരീക്ഷണങ്ങളും ഒന്നുചേർന്ന് മനുഷ്യനെ ഇന്ന് സംസ്കാരകൊടുമുടിയിൽ എത്തിച്ചതായി കരുതുന്നു. പ്രകൃതീതമായവയിൽ എത്തുപെടത്തക്ക സംഭാവന ക്രൈസ്തവാവിഷ്കരണം പ്രദാനം ചെയ്തിരിക്കുന്നത് എത്രമാത്രം നമ്മെ സംബന്ധിച്ച് പ്രയോജനപ്രദമാകുന്നുണ്ട്? ചുരുക്കത്തിൽ, വിശ്വോത്തരമായ ക്രൈസ്തവ മൂല്യങ്ങൾ നമ്മെ സാരമായി സ്പർശിക്കാതെ പോകുന്നു. കൈവന്നിരിക്കേണ്ട സംസ്കാരവിശേഷം ഇല്ലാതെപോകുന്നു. സാംസ്കാരികമായ ഉണർവുണ്ടാകാത്തിടത്തോളംകാലം നാം വീണിരിക്കുന്ന കുഴിയിൽ നിന്നു കയറുന്നതല്ല. പുരോഗമനത്തിനോ പ്രതിരോധത്തിനുപോലുമോ ഉള്ള ശക്തിവിശേഷം ലഭ്യമാകുന്നതുമല്ല. അതിനാൽ പ്രധാനമായും സാംസ്കാരിക വശത്തുകൂടെ പ്രവർത്തിച്ച് സമുദായസേവനത്തിനു സന്നദ്ധരാകേണ്ടിയിരിക്കുന്നു. 16-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ മതത്യാഗത്തെപ്പറ്റി പ്രതിപാദിക്കവെ മാക്ഗോൾഡ്രിക്ക് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ശരിയായ പഠനമില്ലാതെ പോയതാണ് കുഴപ്പത്തിനൊക്കെ കാരണം. കത്തോലിക്കനായിരിക്കുക എന്നതെന്താണെന്നുകൂടെ അവർ മനസ്സിലാക്കിയിരുന്നില്ല. അവർക്ക് മുമ്പ് അവരുടെ മാതാപിതാക്കൾക്കും ഇതറിഞ്ഞുകൂടായിരുന്നു...... ആകപ്പാടെ നോക്കിയാൽ ഇംഗ്ലീഷ് ജനത നിദ്രയിലായിരുന്നു. ആദ്യത്തെ വെല്ലുവിളികൾ മുഴങ്ങിയപ്പോൾ" ഇന്ന് നമ്മുടെ സ്ഥിതിയും ഇതിൽ നിന്നു വ്യത്യസ്ഥമല്ല . ദീർഘനാളായി നാം ഉറങ്ങിക്കഴിയുകയായിരുന്നു. അതിനിടയ്ക്ക് ശക്തിമത്തായ പ്രചാരണവേലകൾ നടന്നുകഴിഞ്ഞതും, പുതിയ ആശയങ്ങൾ മനുഷ്യരുടെ മനസ്സിൽ സ്ഥലം പിടിച്ചതും. പ്രചാരണത്തിന്റെ ശക്തിനിമിത്തം നമ്മുടെ ആളുകൾക്കുതന്നെ ആശയകുഴപ്പവും മാർഗ്ഗഭ്രംശവും വന്നതും നാം കണ്ടില്ല എന്നുതന്നെ പറയണം. തത്വവും ചരിത്രവും പഠിച്ചില്ല. പ്രചാരകന്മാർ കൊണ്ടുവന്നതപ്പടി സ്വീകരിക്കയല്ലാതെ തരമില്ലെന്നായി. മതതത്വങ്ങൾ ഗ്രഹിച്ചുകൊണ്ടുള്ള മതാഭ്യസനം, സേവനാത്മകമായ

www.malankaralibrary.com

സമുദായജീവിതം, സ്വാധീനം ചെലുത്തത്തക്ക ജീവിതവൈശിഷ്ട്യം എന്നിവ ഇനി നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ട പ്രതികരണങ്ങളാണ്. അതുകൊണ്ടാണ് സാംസ്കാരിക വശത്തുകൂടെ സമുദായോദ്ധാരണം തുടങ്ങണമെന്നു പറയുന്നത്. ദുഷ്പ്രചരണത്തെ കടന്നാക്രമിച്ചല്ലാതെ ഇന്നത്തെ മനോഭാവത്തിനു മാറ്റം വരുത്തുക ദുസാദ്ധ്യമായി തോന്നുന്നു.

നമ്മുടെ കുറെ വീടുകൾ കയറി ഇറങ്ങുക. നീറുന്ന പ്രശ്നങ്ങൾ ഏവയെന്നും എത്രയെന്നും മനസ്സിലാകും. പട്ടിണി ഒടുക്കാനും, കണ്ണുനീർ തുടയ്ക്കാനും, അടങ്ങാത്ത ആഗ്രഹം സംതൃപ്തിയായി മാറ്റാനും ഉപയോഗിക്കാമായിരുന്ന ധനം ധൂർത്തടിക്കപ്പെടുന്നത് ദൈവസമക്ഷം നിലവിളിക്കുന്നില്ലേ? സ്തുതിപാഠകരുടെ കൈ നിറയ്ക്കുന്നതുകൊണ്ടും പൊങ്ങച്ചവേഷം കെട്ടുന്നതുകൊണ്ടും ആർക്ക് എന്തു ഗുണം കിട്ടാനാണ്? സോഷ്യലിസ്റ്റ് വ്യവസ്ഥിതി പ്രഖ്യാപിച്ചിരിക്കുന്ന ക്ഷേമരാഷ്ട്രാദർശം നടപ്പിലാക്കാൻ വെമ്പൽകൊള്ളുന്നു. എങ്കിലും പോലീസ് സ്റ്റേഷൻ ഇതിലും ഭേദമായിരുന്നു എന്നാണ് ജനസാമാന്യത്തിന്റെ അനുഭവം. അനീതിയുടെ കൂർത്തമുനകൾ കണ്ഠത്തിൽ തറച്ചു കയറുന്നു. കനത്തഭാരം ഞെക്കിക്കളയുന്നു... ആരിൽ നിന്നും അധികമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ആത്മാഭിമാനത്തോടെ, ഉള്ള കഴിവ് (സാമ്പത്തികവും സംഘടനാപരവും) പ്രയോജനപ്പെടുത്തി സ്വന്തം കാലിൽ നില്ക്കാനും നീങ്ങാനും സാധിക്കുക. അതിനുള്ള ശ്രമമാണ് ഇനി നടക്കേണ്ടത്.

സമുദായത്തിന്റെ പ്രശ്നങ്ങൾ നിരവധിയാണ്; ഗാർഹികം മുതൽ രാഷ്ട്രീയം വരെ, സാമ്പത്തികത്തെക്കാൾ ഒട്ടും കുറഞ്ഞതല്ലാത്ത സാംസ്കാരികവും ദീർഘനാളായി നിന്നുപോരുന്നതൊന്നും ഞൊടിയിടകൊണ്ട് നേടിയെടുക്കാമെന്നു വിചാരിക്കരുത്. അത്യദ്ധ്വാനം തന്നെ വേണം. അതു ബുദ്ധിപൂർവ്വമായിരിക്കണം, മടുപ്പുതോന്നാതെ പണിയെടുക്കാനുള്ള ക്ഷമയും വേണം. കാര്യം വേണ്ടവിധം ഗ്രഹിച്ചാൽ ആവേശമുണ്ടാകും. വിശദമായി ഗ്രഹിപ്പിച്ച് ചൂടുപിടിപ്പിക്കുന്നതിനാണ് പ്രചരണോപാധികളെ അവലംബിക്കുന്നത്. ഇക്കാര്യത്തിലാണ് നാം തീർത്തു പരാജയപ്പെട്ടിരിക്കുന്നത്. വാസ്തവം പറഞ്ഞാൽ നാം ഒന്നും ചെയ്യുന്നില്ല. കത്തോലിക്കരും പൗരന്മാരാണ് എന്ന് നിയമസഭയിൽ വിളിച്ചു പറഞ്ഞിട്ടു വേണം ജീവിക്കാനുള്ള സൗജന്യം ലഭിക്കുവാൻ!

നേരം നന്നാ വൈകിയിരിക്കുന്നു. വേണ്ടതു ചെയ്യാൻ ഇനി ഒട്ടും താമസിച്ചുകൂടാ. കരകയറണം എന്നതാണ് പ്രമേയം. വേണ്ടവിധത്തിൽ സംവിധാനം ചെയ്ത് പ്രവർത്തിച്ചു തുടങ്ങുക. നമുക്ക് ബുദ്ധിയുണ്ടെന്നും നിശ്ചയദാർഢ്യമുണ്ടെന്നും പ്രവർത്തനമാണ് കാണിക്കേണ്ടത്.

മദ്യപാനം, ധൂർത്തടി, നടപടിപ്പിശക്, കുടുംബകലഹം, രോഗം, പട്ടിണി, തൊഴിലില്ലായ്മ, വിദ്യാഭ്യാസ പ്രയാസങ്ങൾ, വിവാഹപ്രയാസങ്ങൾ

www.malankaralibrary.com

ദുർവ്യയങ്ങൾ-കുടുംബരംഗം അലങ്കോലപ്പെടുന്ന ഈ ദുർഭൂതങ്ങളെ ആട്ടിപ്പായിക്കുക.

ഉദ്യോഗം ലഭിക്കാനില്ല, ധനാഗമ മാർഗ്ഗങ്ങളൊന്നും തുറന്നു കിട്ടുകയില്ല., ഉള്ളതുതന്നെ ഒന്നൊന്നായി അടയ്ക്കപ്പെട്ടുംകൊണ്ടിരിക്കുന്നു. അദ്ധ്വാനിച്ചെങ്കിലും കഴിഞ്ഞുകൂടാമെന്നുവച്ച് മണ്ണ് അന്വേഷിച്ചാൽ അവിടെയും ആശാഭംഗം തന്നെ. അദ്ധ്വാനിച്ചുണ്ടാക്കിയത് പിടിച്ചുപറിക്കുകകൂടെ ആയാൽ സാമ്പത്തിക ഭദ്രതയ്ക്കായി മാർഗ്ഗം ആരായുക.

സമുദായങ്ങളും സംഘടനകളും ഗവണ്മെന്റുംകൂടെ നമ്മെ കബളിപ്പിക്കുകയാണ്. നമുക്ക് സ്വന്തമായിട്ടൊരു പ്രോഗ്രാമില്ലാത്തതുകൊണ്ടും സംഘടിച്ചു പ്രവർത്തിക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. സുവിശേഷപഠനം നമ്മുടെ ജീവനും, ആർഷസംസ്കാരം നമ്മുടെ ശ്വാസവുമാണെന്നോർക്കുക. സമുദായചരിത്രവും മതതത്വങ്ങളും നല്ല നിശ്ചയം വരുത്തുക. ചിന്താഗതികൾ മനസ്സിലാക്കുകയും, നീക്കങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. സർവ്വോപരി പ്രചരണോപാധികൾ സ്വീകരിച്ച് പ്രയോഗിച്ചു തുടങ്ങുക-സാംസ്കാരിക ഉയർച്ചയും സംഘടനാബലവും ആർജ്ജിക്കുവാൻ.

www.malankaralibrary.com

# 9. നസ്രാണി നവജീവപരിഷത്ത്

നസ്രാണി നവജീവൻ എന്ന ലേഖനം പ്രസിദ്ധീകരിച്ച അതേ ലക്കത്തിൽ തന്നെ നസ്രാണി നവജീവ പരിഷത്തിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും പ്രവർത്തന പരിപാടികളും വിശദീകരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ഉള്ളടക്കം താഴെ ചേർക്കുന്നു.

ഉദ്ദേശം (1) സാംസ്ക്കാരിക നിലവാരം ഉയർത്തുക
(2) സംഘടിച്ച് പ്രവർത്തിക്കുവാൻ പഠിക്കുക
(3) സംരക്ഷിതമായി മുന്നോട്ടുനീങ്ങുക

ഉപാധി : (1) പഠനം
(2) സേവനം
(3) സംസ്ക്കാര കർമ്മങ്ങൾ

അംഗത്വം : നസ്രാണികുടുംബങ്ങൾക്കു മാത്രം

വ്യവസ്ഥകൾ (1) പ്രായ പൂർത്തി, മദ്യവർജ്ജനം (3)മതാനുഷ്ഠാനം (4)സമുദായസ്നേഹം (5) സാന്മാർഗ്ഗ ജീവിതം (6) ഹൈസ്കൂൾ നിലവാരം

ഘടന : നാലുപേരെങ്കിലും ഉണ്ടെങ്കിൽ ഒരു ബാൻഡ് (Band) ആരംഭിക്കാം. നിയമാവലി ഉണ്ടാകുന്നതുവരെ ബാൻഡ് -ലെ അംഗസംഖ്യ നിയന്ത്രിക്കുന്നില്ല. പള്ളി- കൊവേന്ത -കോളേജ് ഇവയോടനുബന്ധിച്ചുള്ള ബാൻഡുകൾ പ്രവർത്തിച്ചു തുടങ്ങണം. 25 വീട്ടുകാർക്ക് ഒരാൾ എന്ന തോത്.

പ്രവർത്തക സമിതി : നാലു സെക്രട്ടറിമാരും ഒരു ഡയറക്ടരും

പ്രവർത്തനം : (1) കുടുംബങ്ങളെപ്പറ്റിയുള്ള അന്വേഷണം (2) വസ്തുവകകൾ, ജോലികൾ, മുതലായവ നഷ്ടപ്പെടുത്താൻ സമ്മതിക്കാതിരിക്കുക പുതിയവ സമ്പാദിച്ചുകൊടുക്കുവാൻ സഹായിക്കുക.

പ്രചരണപരിപാടി: പുസ്തകമാസികകൾ വില്പന നടത്തിയും വായനശാല വഴിയും മീറ്റിംഗുകൾ സംഘടിപ്പിച്ചും മറ്റും സമുദായ സ്പർശയായി അന്നന്നുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും അനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുകയും സംഘടിച്ച് പ്രവർത്തിച്ച് കാര്യസാദ്ധ്യമുണ്ടാക്കുകയും വേണം. പരിഷത് വകയായി ബിസിനസ് സംരംഭങ്ങൾക്ക് ഉദ്യമിക്കണം. പുതിയ പുതിയ കോളണികൾക്കായി ശ്രമിച്ചുകൊണ്ടിരിക്കണം.

www.malankaralibrary.com

ധനാഗമമാർഗ്ഗം പ്രവേശന ഫീസ്, മെമ്പർഷിപ്പ് ഫീസ്. സംഭാവനകൾ മുതലായവ.

ബോസ്കോ അച്ചന്റെ ഭാവനയിൽ രൂപം കൊണ്ട ഒരു പ്രസ്ഥാനമാണ് നസ്രാണി നവജീവ പരിഷത്ത്. നസ്രാണി ജനവിഭാഗത്തിന്റെ ഒരു ശക്തമായ സംഘടനയായി വളർത്താനുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രായോഗികമായി ഒരു സംഘടനകെട്ടിപ്പെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി അദ്ദേഹം ബോധവാനായിരുന്നില്ല എന്നുവേണം മനസ്സിലാക്കാൻ. അദ്ദേഹം ഭാവനയിൽ മാത്രം കണ്ട പരിഷത്ത് ശക്തിയായി പ്രവർത്തിച്ചിരുന്നുവെങ്കിൽ നമ്മുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. കേരളത്തിന്റെ പശ്ചാത്തലത്തിൽ അങ്ങനെയൊരു പ്രബല സംഘടന കെട്ടിപ്പടുക്കുവാൻ ആർക്കും സാധിക്കുമായിരുന്നില്ല.

ഒരു പക്ഷെ നിധിരിക്കൽ മാണിക്കത്തനാർ രൂപം കൊടുത്ത നസ്രാണി ജാത്യൈക്യസംഘത്തിന്റെ രൂപരേഖയായിരിക്കും നവജീവപരിഷത്ത് എന്ന ആശയത്തിന് രൂപം കൊടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പരിഷത്ത് വകയായി ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കണമെന്ന് ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾടൈുത്തിയത് ജാത്യൈക്യസംഘത്തിൽ നിന്നും ലഭിച്ച പ്രചോദനമായിരിക്കാം.

കത്തോലിക്കാകോൺഗ്രസിനെപ്പറ്റി നസ്രാണി നവജീവൻ എന്ന ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകൾ, സംഘടനാപരമായ കാര്യങ്ങളെപ്പറ്റിയുള്ള അവരുടെ അജ്ഞതയാണ് വ്യക്തമാക്കുന്നത്. നസ്രാണി ജനതയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു സംഘടനയുണ്ടാക്കണമെന്ന അദ്ദേഹത്തിന്റെ ആശയം നമുക്ക് ഉൾക്കൊള്ളാൻ വിഷമമില്ല. എന്നാൽ കത്തോലിക്കാ കോൺഗ്രസ്സ് അപ്രസക്തമാണെന്ന അദ്ദേഹത്തിന്റെ ചിന്ത ആർക്കും സ്വീകാര്യമല്ല.കത്തോലിക്കാ കോൺഗ്രസ്സ് രൂപീകരിച്ചതും പ്രവർത്തിച്ചതും കത്തോലിക്കരുടെ താല്പര്യങ്ങൾ മാത്രം സംരംക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയല്ലായിരുന്നു. അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ജനവിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പോരാട്ടമായിരുന്നു അത്. പൗരസമത്വവാദപ്രക്ഷോഭണത്തിന്റെയും നിവർത്തനപ്രക്ഷോഭണത്തിന്റെയും ചരിത്രം പഠിച്ചവർക്കേ കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സാധിക്കുകയുള്ളു. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിദ്ധീകരിച്ച കത്തോലിക് ക്ലെയിംസ്. ട്രാവൻകൂർ ടുഡേ. കാത്തലിക് ഗ്രീവൻസസ് മെമ്മോറിയലുകൾ ഒരു പ്രാവശ്യം വായിച്ചിരുന്നുവെങ്കിൽ അദ്ദേഹം കോൺഗ്രസ്സ് ആവശ്യമാണെന്ന് സമ്മതിക്കുമായിരുന്നു. സീറോ -മലബാർ സഭയുടെ ചരിത്രവും പൈതൃകവും സംരക്ഷിക്കുകയെന്നതല്ല കത്തോലിക്കാകോൺഗ്രസ്സിന്റെ ലക്ഷ്യം. കേരള കത്തോലിക്കരുടെ പൊതു

www.malankaralibrary.com

വായ നന്മ ലക്ഷ്യം വച്ചാണ് കോൺഗ്രസ്സ് പ്രവർത്തിച്ചിട്ടുള്ളത്. ബോസ്കോ അച്ചൻ വിഭാവന ചെയ്ത നസ്രാണി നവജീവപരിഷത്ത് സീറോ -മലബാർ സഭയുടെ താല്പര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഒരു പ്രസ്ഥാനത്തെയാണ്. ആ രണ്ടു സംഘടനകളുടെയും പ്രവർത്തനങ്ങളെപ്പറ്റി പറയുവാൻ, ആ കാലഘട്ടത്തിന്റെ ചരിത്രം പഠിച്ചവർക്കേ സാധിക്കുകയുള്ളു.

ഏതായാലും നവജീവ പരിഷത്ത് ബോസ്കോ അച്ചൻ ഉദ്ദേശിച്ചതുപോലെ ഒരു ബഹുജന പ്രസ്ഥാനമായി വളർത്താനും അദ്ദേഹം ഭാവന ചെയ്തതുപോലെ യൂണിറ്റുകൾ രൂപീകരിക്കുവാനും ഒന്നും സാധിച്ചില്ല. നവജീവപരിഷത്തിന് ഒരു കേന്ദ്രകമ്മറ്റിയുണ്ടായിരുന്നുവെന്ന് മാത്രമേ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നുള്ളു എങ്കിലും നവജീവപരിഷത്തിന്റെ യത്നങ്ങളെ സഹായിക്കാൻ സമൂഹത്തിലെ ഒരു സംഘം ബുദ്ധിജീവികൾ തയ്യാറായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ബോസ്കോ അച്ചന്റെ മലങ്കര ഇൻസ്റ്റിറ്റ്യൂട്ടിന് പലരും പ്രോത്സാഹനം നൽകിയത് ഈ സാഹചര്യത്തിലാണ്. സഭയോട് ബന്ധപ്പെട്ട് ഒരു ആഘോഷം നടത്തുന്നത് ഭാവിയിലേക്കുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ആ ആഗ്രഹമാണ് ഒരു പുതിയ പരീക്ഷണമെന്ന പേരിൽ ഒരു സംയുക്ത പ്രസ്താവന 1962 നവംബർ 21 നസ്രാണി ലക്കത്തിൽ പ്രസിദ്ധീകരിച്ചത്.

## മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് -ഒരു പുതിയ പരീക്ഷണം

1962 നവംബർ 21 ന് നസ്രാണിലക്കത്തിൽ പ്രസിദ്ധീകരിച്ച എട്ടു സമുദായ നേതാക്കളുടെ സംയുക്ത പ്രസ്താവന താഴെ ചേർക്കുന്നു. അവർ എട്ടു പേരും സഭയിലെ ഉന്നതന്മാരും ചരിത്രകാരന്മാരും സഭാസ്നേഹികളുമാണ്.

" ഒരു സമുദായമെന്ന നിലയിലും, പ്രാദേശിക സഭയെന്ന നിലയിലും നമ്മുടെ നില തൃപ്തികരമല്ല. അത്ര സുരക്ഷിതവുമല്ല; നാഥനില്ലാത്ത വീടിന്റെ പ്രതീതിയും! സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമങ്ങളും പടവെട്ടലുകളും ഫലമണിഞ്ഞുകണ്ട സംതൃപ്തിയോടെയാണ് നസ്രാണി സമുദായം 20-ാം നൂറ്റാണ്ടിലേക്ക് കാലെടുത്തു വച്ചത്. പക്ഷെ സമൂദായബോധവും പുനരുദ്ധാരണ സംരംഭങ്ങളും പൂർണ്ണതയിലെത്തുകയല്ലാ ഉണ്ടായത്, സുരക്ഷിതാവസ്ഥയുടെ നൈസർഗ്ഗിക ഫലമായിരിക്കാമത്. സമുദായ ബോധം ക്ഷയിച്ചു തുടങ്ങുന്നത് പുറകോട്ടു നോക്കിയാൽ കാണുകയും ചെയ്യാം സംഘടിത ശ്രമങ്ങൾ പലതുണ്ടായി. എല്ലാം അത്ര ശരിയായിട്ടല്ല മുന്നോട്ടു പോയത്. സ്വന്തമായി വൈദികാധികാരികൾ ഉണ്ടായതു കൊണ്ടുമാത്രം പ്രശ്നങ്ങൾ തീരുകയില്ലെന്നും സാമൂദായിക സാംസ്ക്കാരികകാര്യങ്ങളിൽ

www.malankaralibrary.com

ശ്രദ്ധിക്കാനും പ്രവർത്തിക്കാനും ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ ഉണ്ടാകാതെ തരമില്ലെന്നുമാണ് " നസ്രാണി ഗുണദായിനി സഭ ഏർപ്പെടുത്തണമെന്ന് നിശ്ചയിച്ചവർക്കുണ്ടായിരുന്ന അഭിപ്രായം. ആ അഭിപ്രായം ശരിയായിരുന്നു വെന്ന് കഴിഞ്ഞ 70 വർഷത്തെ ചരിത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

പ്രസ്ഥാനങ്ങളും സംഘടനകളും സ്ഥാപനങ്ങളും ഇന്ന് ധാരാളം. സമുദായത്തിന്റെ മേൽ ഗതിക്ക് എത്രമാത്രം ഉതകുന്നു എന്നത് ഒരു ചോദ്യവും.

എല്ലാവശത്തുനിന്നും ചൂഷണത്തിന് വിധേയരായികഴിയുകയാണ് നാമിപ്പോൾ. ഒരു വൈമനസ്യവും ഇല്ലാത്ത വിധത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രവർത്തനങ്ങളും പ്രക്ഷോഭണങ്ങളും സമരങ്ങളുമെല്ലാമുണ്ട് പ്ലാൻവല്ലതുമുണ്ടോ ? ഇത്ര അലക്ഷ്യമായി ഭാവിയിലേക്ക് തയ്യാറെടുക്കുന്ന ഒരു ജനവിഭാഗത്തെയും കാണുകയില്ല.

കാര്യങ്ങൾക്കൊക്കെ ഒരു തീരുമാനം വേണം. സഭാസംബന്ധവും സാമുദായികങ്ങളുമായവയിലെല്ലാം നടത്താനാളുണ്ടാകണം, നയിക്കാനാളുണ്ടാകണം. ഓളത്തിൽചെല്ലുന്ന വഞ്ചിപോലെ ചെല്ലുന്നിടത്ത് ചെല്ലട്ടെ ! അത് ഇനി അനുവദിച്ചു കൂടാ.1952-ൽ 19-ാം ശതാബ്ദി ജൂബിലിയാഘോഷം നടത്തി കാര്യമായ പലതീരുമാനങ്ങളുമെടുക്കാനുണ്ടായിരുന്നു. പക്ഷെ പതിവു പോലെ ഒരു ഘോഷമായിട്ടതവസാനിച്ചു ഇപ്പോൾ ഇതാ ഒരു പത്തുകൊല്ലം കൂടി കടന്നു പോയിരിക്കുന്നു. ഇന്നത്തെ തലമുറക്ക് സമുദായമാതാവിനെപ്പറ്റി വ്യക്തമായ ധാരണയില്ലെന്നു തന്നെ പറയണം. സംസ്ക്കാര സമ്പത്തിനെപ്പറ്റിയോ ആഭിജാത്യത്തെപ്പറ്റിയോ കഴിവുകളെപ്പറ്റിയോ തങ്ങളുടെ ദൗത്യത്തെപ്പറ്റിയോ വേണ്ടവിധം അറിയാനുള്ള സൗകര്യവും അവർക്കുണ്ടായിട്ടില്ല. ഇങ്ങനെ പോയാൽ എഡിൻബറോ അക്കാഡമി പ്രിൻസിപ്പൽ പറഞ്ഞതുപോലെ We shall produce a muleish generation without pride of ancestry or hope of posterity" (Quoted in the lamb Jan 1960) വംശമാഹാത്മ്യത്തെക്കുറിച്ച് അഭിമാനമോ ഭാവിതലമുറകളെപ്പറ്റി പ്രതീക്ഷയോ ഇല്ലാത്ത കഴുത സമാനമായ ഒരു തലമുറയുടെ ആവിർഭാവമായിരിക്കും ഫലം.

ഒരുപ്രതിവിധി കാണേണ്ടത് നമ്മുടെ ചുമതലയായാൽ ഇവിടെ തുടങ്ങുന്ന മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് അതിനുപകരിക്കാൻ ദൈവം ഇടയാക്കട്ടെ.

വിധേയർ

| | | |
|---|---|---|
| 1 | കവലക്കാട്ട് ഗീവർഗീസ് കത്തനാർ | - അങ്കമാലി |
| 2 | കട്ടക്കയം സി.മാത്യുവക്കീൽ | - പാലാ |
| 3 | വി.സി. ജോർജ്ജ് ബി.എ. എൽറ്റി | - കുറവിലങ്ങാട് |
| 4 | പോൾ വർഗ്ഗീസ് അഡ്വക്കേറ്റ് | - ചങ്ങനാശ്ശേരി |
| 5 | മനയാനി ഡി. കുരുവിള | - ഭരണങ്ങാനം |
| 6 | പറമുണ്ടയിൽ സി. ദേവസ്യ അഡ്വക്കേറ്റ് | - പാലാ |
| 7 | വെള്ളാപ്പാട്ടുകുന്നേൽ വി.എം.ജോസഫ് | - പാലാ |

www.malankaralibrary.com

8 സി.എം. ഐ. ബോസ്കോ പു. ക. എറണാകുളം

പാലാ

1962 നവംബർ 21

മലങ്കര ഇൻസ്റ്റിറ്റ്യൂട്ടിന് പ്ലാനും പദ്ധതിയും തയ്യാറാക്കിയത് ബോസ്കോ അച്ചനാണ്. അതും പ്രവർത്തിപഥത്തിൽ എത്തിക്കാൻ സാധിച്ചില്ല. അതിന് ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നല്ല ഒരു ആശയം സമൂഹത്തിന് മുൻപിൽ അവതരിപ്പിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ദശാബ്ദങ്ങൾ കഴിഞ്ഞാണെങ്കിലും മലങ്കര ഇൻസ്റ്റിറ്റ്യൂട്ടിന് സമാനമായ പല പ്രസ്ഥാനങ്ങളും മലങ്കര സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് അഭിമാനകരമാണ്. വടവാതൂർ സെമിനാരിയോടനുബന്ധിച്ച് സ്ഥാപിച്ച പൗരസ്ത്യ വിദ്യാപീഠം അതിലെ നിർണ്ണായകമായ ഒരു കണ്ണിയാണ്. റോമിലെ ഡൊമീഷ്യൻ കോളേജും നമുക്ക് അഭിമാനകരമാണ്.

നസ്രാണി നവജീവപരിഷത്ത് ശാഖകളോടുകൂടി വലിയ പ്രസ്ഥാനമായി വളർന്നില്ല മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായതുമില്ല എന്നാൽ സഭയോടനുബന്ധിച്ച് ഉള്ള പ്രധാന സംഭവങ്ങൾ പലതും പഠന വിധേയമാക്കാൻ നവജീവ് പരിഷത്ത് പ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്. സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിക്കാനും ചർച്ച ചെയ്യാനുമുള്ള പല വേദികളും രൂപപ്പെടുത്തി.

www.malankaralibrary.com

# 10. വിവിധ മേഖലകളിൽ –1962 –ലെ വലിയ സംഭവങ്ങൾ

നസ്രാണി ജനതയെ പ്രബുദ്ധമാക്കുന്നതിനുള്ള പല പദ്ധതികളും നവജീവ പരിഷത്ത് ആസൂത്രണം ചെയ്തുകൊണ്ടിരുന്നു. സീറോ മലബാർ സഭയെ കേരളത്തിൽ മാത്രമായി ബന്ധിച്ച് നിർത്തിയിരുന്നു. ആ അവസ്ഥക്ക് പരിഹാരമുണ്ടാക്കണമെന്നും പ്രവർത്തനം ഭാരതമൊട്ടാകെ വ്യാപിപ്പിക്കണമെന്നും പ:സിംഹാസനത്തോട് നവജീവപരിഷത്ത് ആദ്യകാലം തുടങ്ങി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പരിഷത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപുതന്നെ ഈ ലക്ഷ്യ പ്രാപ്തിക്കുവേണ്ടി ബോസ്കോ അച്ചൻ ശ്രമിച്ചു. ഏതായാലും പരിഷത്തിന്റെ സ്ഥാപനം കഴിഞ്ഞ് ഒരു വർഷത്തിനകം പരിഷത്ത് ഉന്നയിച്ച പല കാര്യങ്ങളും നടപ്പിലാക്കാൻ റോം സന്നദ്ധമായി. അതിനെ ആസ്പദമാക്കി 1963 മാർച്ച് 20 ലക്കത്തിൽ 1962 ലെ വലിയ സംഭവങ്ങൾ എന്ന പേരിൽ ഒരു ചെറു ലേഖനം നസ്രാണി പ്രസിദ്ധീകരിച്ചിരുന്നു. അത് താഴെ ചേർക്കുന്നു.

"റിപ്പബ്ളിക്കിന്റെ ഹൃദയഭാഗത്ത് ഒരു മിഷ്യൻ രൂപത നമുക്കായി സ്ഥാപിച്ചുകിട്ടിയിരിക്കുന്നു.എന്നുള്ളത് ഒരു അനന്യസാധാരണമായ സംഭവമായിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ നടന്ന പാശ്ചാത്യ മിഷനറിമാരുടെ കയ്യേറ്റഫലമായി പതിനേഴാം നൂറ്റാണ്ടാരംഭം മുതൽ ഭാരത സഭയെ കേരളത്തിൽ ബന്ധിച്ചു നിർത്തിയിരിക്കുകയായിരുന്നു. 1887 –ലെ ഉദ്ധാരണത്തിൽ അതുതന്നെ മദ്ധ്യകേരളത്തിൽ മാത്രമായിപ്പോയി 1953–ൽ തലശ്ശേരി രൂപത സ്ഥാപിക്കുകയും 1955–ൽ ചങ്ങനാശ്ശേരി രൂപതയും തൃശൂർ രൂപതയും വികസിപ്പിക്കുകയും ചെയ്തപ്പോൾ കേരളത്തിലെ വേലികൾ മാറ്റപ്പെട്ടു. എന്നാൽ ഇന്ത്യയിൽ ഇന്ത്യൻ പൗരൻമാരായ നമുക്ക് മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന കിരാത രീതിക്ക് വിരാമം ഇതുവരെ ആയിട്ടില്ല. എങ്കിലും പ്രത്യാശക്ക് വഴിയുണ്ടെന്നുള്ളതിന് ഒരു തെളിവ് ലഭിച്ചത് കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിലുണ്ടായ വലിയ സംഭവം തന്നെയാണ്. റിപ്പബ്ളിക്കിന്റെ ഹൃദയഭാഗത്ത് രൂപമെടുത്തിരിക്കുന്ന ഛാന്ദാ എക്സാർക്കാസനം തന്നത്.

1962 ജൂലൈ 3 മുതൽ വി. കുർബ്ബാന ശരിയായ രീതിയിൽ അനുഷ്ഠിക്കാൻ സൗകര്യമുണ്ടായി എന്നതാണ് വേറൊരു സംഭവം. അതുതന്നെ ക്രമം വിട്ട രീതിയിൽ നടത്തുന്നത് നമ്മുടെ കുറ്റം മാത്രമാകുന്നു. അജ്ഞത വിളംബരം ചെയ്യുകയുമാണ്.

ആഹ്ളാദിക്കാനും പ്രയത്നിക്കാനുമുള്ള അവസരം.!!

www.malankaralibrary.com

# 11. ഗോവർണ്ണദോറച്ചന്റെ ചരമ വാർഷികം

നസ്രാണി സമുദായത്തിന്റെ അഭിമാന ഭാജനമായിരുന്ന പാറേമാക്കൽ തോമ്മാ ഗോവർണ്ണദോറുടെ 164-ാം ചരമവാർഷികം പരിഷത്ത് വിവിധ പരിപാടികളോടെ ആചരിച്ചു. സമുദായാംഗങ്ങളുടെ സഭാസ്നേഹം ആളിക്കത്തക്കുവാൻ ഈ വാർഷികാചരണം സഹായകരമായി. നസ്രാണി 1963 മാർച്ച് ലക്കത്തിൽ ഗോവർണ്ണദോറുടെ ചരമവാർഷികാചരണത്തെപ്പറ്റി എഴുതിയ ലേഖനം തന്നെ സഭാംഗങ്ങളിൽ ആത്മവീര്യം വളർത്തുന്നതിന് സഹായകരമായി. കൂടിയിറക്കുപോലെ സമുദായം നേരിടുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്ത റിപ്പോർട്ടിൽ ഉണ്ട്. അത് താഴെ ചേർക്കുന്നു.

## ഗോവർണ്ണദോറച്ചന്റെ (164-ാം ) ചരമവാർഷികം

നസ്രാണി സമുദായം ഇന്ന് വേരില്ലാമരം പോലെ വളരുകയാണ്; വളർച്ച നിലച്ചെന്നും ഉണങ്ങിതുടങ്ങിയെന്നും സാരം. നിർദ്ദേശം നൽകുന്നവരും നിയമം നിർമ്മിക്കുന്നവരും കർമ്മം പരിഷ്ക്കരിക്കുന്നവരും ..... മറ്റുമായ ലൗകിക വൈദിക നേതൃസ്ഥാനങ്ങൾ സമുദായമറിയാതെ, ചരിത്രം പഠിക്കാതെ, മുൻപന്തിയിലേക്കിറങ്ങിയതിന്റെ മുഖചിത്രമാണ് നാമിന്നു കാണുന്നത്. "കത്തോലിക്കരൊന്നും ഭയപ്പെടാനില്ല. ഉറച്ച പാറമേൽ പണി ചെയ്തിരിക്കുന്നു. ലോകാവസാനപര്യന്തം നിലനിൽക്കുമെന്നുറച്ച് , രൂപത പോലെ ഇത്ര വിശേഷമായ ഏർപ്പാടുള്ളപ്പോൾ വെറോരു സംഘടന തന്നെ ആവശ്യമില്ലാത്തതാണ്..... " എന്നീവിധം ചിന്തിച്ച് അലസതയെ ന്യായികരിക്കുകയും ചെയ്യുന്നു. നാമിന്നു സ്മരിക്കുന്ന ഗോവർണ്ണദോറന്റെ കാലത്തും കത്തോലിക്കാസഭയുണ്ടായിരുന്നു. രൂപതയുടേയും ഭരണമുണ്ടായിരുന്നു. പക്ഷെ ബുദ്ധി ഉപയോഗിക്കാൻ കഴിവുള്ളവരും ഉണ്ടായിരുന്നു എന്നതാണ് ഇന്നത്തതിൽ നിന്ന് വ്യത്യാസമായി അന്നുണ്ടായിരുന്നത്. ഗോവർണ്ണദോറച്ചന്റെ കൈകൊണ്ട് എഴുതിയ വാക്കുകൾ ഇതാ:

"ഇങ്ങനെയുള്ള നിലയില്ലായ്മയുടെയും ചിന്നലിന്റെയും അവകാശമെന്തെന്നു സൂക്ഷിച്ചുകണ്ടാൽ ജാതിക്കു തലവൻ ഇല്ലായ്മകൊണ്ടെന്നുള്ളതല്ലാതെ വേറൊരവകാശം. യാതൊന്നുമില്ല. അതെന്തെന്നാൽ പണ്ടുകഴിഞ്ഞ ആളുകളുടെ മക്കളും ആ ജാതിതന്നെയും ഇന്നും ആയിരിക്കുന്നതിനാൽ അന്നത്തെ അവസ്ഥയുംകൂടി നോക്കിയാൽ അന്ന് ജാതിക്കു തലവൻ ഉണ്ടാ

www.malankaralibrary.com

യിരിക്കുകയും ഇന്നു തലവൻ ഇല്ലാതിരിക്കുകയും ചെയ്യുന്നതൊഴിയെ ഇത്ര പോരുന്ന മറ്റൊരവകാശം തോന്നുന്നില്ല. അപ്പോഴോ ഈ ഒരു കാര്യത്തിന്റെ കുറച്ചിൽ എത്ര കുറവും നിലയില്ലായ്കയും നമ്മുടെ ജാതിക്കുണ്ടായി എന്ന് ബുദ്ധിയുള്ളവരൊക്കെയും വിചാരിച്ചുകണ്ടാൽ അറിയുകയുമാവാം."

"........തലവനുണ്ടായിരുന്ന നാൾ നമ്മുടെ പള്ളിയോടും താൻ പട്ടക്കാറരോടും താൻ, ഇണങ്ങരിൽ ഒരുത്തനോടുതാൻ ഏറെക്കുറെയും ആരാനും കാട്ടിയാൽ അതിനു ഒരുത്തരം കൂടാതെ കഴിഞ്ഞതുമില്ല. .........തല്ലിക്കയും കൊല്ലിക്കയും ചെയ്തതിനു ഉത്തരം ഒന്നും ചോദിക്കാതെ ഇരിക്കുന്നതും വിചാരിച്ചുകണ്ടാൽ ഈ കാര്യത്തിന്റെ പരമാർത്ഥം വേണ്ടും വണ്ണം ബോധിക്കുകയുമാം."

"ഇങ്ങനെ പല പല വന്തികളും വകുപ്പുകളുമായി........ചൊക്കാനില്ലാത്ത കപ്പൽ തനിക്കുള്ള വഴി അറിയാതെ കാറ്റൂതുന്ന പുറത്തോട്ടുപോകുമാറാകുന്നതുപോലെ നമ്മുടെ ജാതിയുടെ ഗുണത്തിനും ഉപകാരത്തിനും ഏതു പ്രകാരം നല്ലതെന്നു വിചാരിക്കാതെ ഓരോരുത്തൻ തനിക്കുതനിക്കുള്ള മനസ്സും പക്ഷപ്രീതിയും പോലെ ഓരോരോ കൂട്ടം പറഞ്ഞു വരികയും ചെയ്യുന്നു." ചിരംജീവിയായ ഈ മഹോന്നതനേതാവിന്റെ വാക്കു കേട്ടിട്ടെങ്കിലും ഒരു വ്യത്യാസം വരണം.

കേരളത്തിലെ കത്തോലിക്കർ ഒരു ജാതിയിലോ വകുപ്പിലോ പെട്ടവരല്ല. പൊതുവായി ബാധിക്കുന്നതും ഒന്നുമില്ല; ബന്ധിക്കുന്നതും ഒന്നുമില്ല. സമുദായലവലിൽ ആചാരമര്യാദകളിലും തൊഴിലിലും ലക്ഷ്യത്തിലും സാമൂഹ്യമായി ഐക്യരൂപ്യമില്ലാത്ത കത്തോലിക്കർക്ക് പൊതുവായ ഒരു സംഘടനയുള്ളത് കത്തോലിക്കാകോൺഗ്രസിനാണ് എന്ന വസ്തുതതന്നെ വിളിച്ചു പറയുന്നുണ്ട്, കത്തോലിക്ക കോൺഗ്രസിന്റെ ലക്ഷ്യം വളരെ പരിമിതമാണെന്നും അത് ഒരു സമുദായത്തെ പ്രതിനിധീകരിക്കുകയല്ല പല സമുദായങ്ങളായ കത്തോലിക്കരുടെ ഇടയിൽ അവരെ പൊതുവിൽ ബാധിക്കുന്ന കാര്യങ്ങൾ വിചാരിച്ച് വേണ്ടതു ചെയ്യുകയാണ്. കത്തോലിക്കാദർശം സംരക്ഷിക്കുകയാണ് എന്നു പറയുന്നതായിരിക്കും ശരി. വിദ്യാഭ്യാസ വിഷയത്തിൽ പോലും ഭിന്നാഭിപ്രായമുണ്ടായ സ്ഥിതിക്ക് പൊതുവിൽ ബാധിക്കുന്ന കാര്യങ്ങൾ ഏവയെന്നു നിർണ്ണയിക്കുക അത്ര എളുപ്പമായി വരുന്നതല്ല. ആ സ്ഥിതിക്ക് ഇന്നുള്ളതിൽകൂടുതൽ ഊർജ്ജസ്വലതയോ ആവേശമോ കാര്യക്ഷമതയോ പ്രതീക്ഷിക്കേണ്ടതുമില്ല. അപൂർവ്വം അവസരങ്ങൾ ഒഴിച്ചാൽ ഓരോ വിഭാഗവും താന്താങ്ങളുടെ താല്പര്യം നോക്കുകയാണ് ഇവിടത്തെ പതിവ്. ലത്തീൻ, തെക്കുംഭാഗ, പിന്നോക്ക, വിഭാഗങ്ങൾക്കെല്ലാം അവരവരുടെ പ്രത്യേക സാമുദായിക സംഘടനകളുണ്ട്. നസ്രാണി വിഭാഗത്തിനാണ് സാമുദായിക സാംസ്ക്കാരികകാര്യങ്ങൾക്കായി സ്വന്തമായൊന്നില്ലാത്തത്. ഭക്തപരവും ഏറെക്കുറെ സാമൂഹ്യ സേവനമനുഷ്ഠിക്കുന്നതു

www.malankaralibrary.com

മായ സംഘടനകൾ പലതുണ്ട്. അവയെ എല്ലാം പരസ്പരം ബന്ധിച്ച രീതിയിൽ പ്രവർത്തനക്ഷമമാക്കിയിരുന്നെങ്കിൽ, ഒന്നു കോ ഓർഡിനേറ്റ് ചെയ്തിരുന്നെങ്കിൽ, ഒരു പക്ഷെ വല്ലതുമാകുമായിരുന്നു. സാമുദായിക പ്രശ്നങ്ങൾ വ്യക്തികൾ സ്വയം ഏറ്റെടുക്കേണ്ടിവരുന്നതാണ് ഇന്നത്തെ സ്ഥിതി. വേണ്ടത് സാധിക്കുന്നില്ലെന്നതിനു പുറമെ നിർബന്ധപ്പെട്ട് സമുദായത്തെ അവഗണിക്കേണ്ട പരിതസ്ഥിതി ഉണ്ടാക്കിത്തീർക്കുന്നു എന്നതാണതിന്റെ ദൂഷ്യഫലം. അങ്ങനെയാണ് സമുദായമറിയാത്ത തലമുറയുടെ ആവിർഭാവം. ആകെക്കൂടെ ഒരു ദീപികയുണ്ട് നേതാവും നേതൃസ്ഥാനവുമെല്ലാമായിട്ട്. ഏറ്റക്കുറച്ചിലോടുകൂടിയെങ്കിലും നസ്രാണി ദീപികയായിട്ട് അതിന്റെ ധർമ്മം നിർവ്വഹിക്കേണ്ടെന്ന് സമാധാനിക്കാം. ശരിയായ വശത്തുകൂടെ വഴി കാട്ടിയിട്ടുണ്ട്.... കടുകടുപ്പമായി പറയാനും മടിച്ചിട്ടില്ല. മുഖം നോട്ടമില്ല കോഴ വാങ്ങുന്നില്ല. പുത്തൻകൂർ വിഭാഗങ്ങൾക്കു സഭതന്നെ സമുദായവുമാണ്. സഭയെപ്പറ്റി ശരിയായ ധാരണ ഉണ്ടായിക്കഴിഞ്ഞാൽ, പ്രാദേശിക ഭരണവ്യവസ്ഥിതി ശരിപ്പെട്ടുകഴിഞ്ഞാൽ നമുക്കും സഭതന്നെ മതിയാകും സമൂഹ കാര്യങ്ങളുടെ നിർവ്വഹണത്തിന്.

ഇന്ത്യ ഒന്നായത്, രാഷ്ട്രപതി പ്രസിഡന്റിനോടും ഭരണസാരഥി പ്രൈംമിനിസ്റ്ററോടുംകൂടെ ഒരു റിപ്പബ്ളിക്കായത് ആയിരമാണ്ടുകളിൽ നടന്ന സംഭവമാണ്. ആയിരത്തിനപ്പുറത്തും ഇന്ത്യ ഒരു വൈദിക യൂണിറ്റായിരുന്നു അധിനാഥനായ മെത്രാപ്പോലീത്തായോടും ഭരണാധിപനായ അർക്കദീയാക്കോനോടും കൂടെ. വിദേശകയ്യേറ്റത്തിൽ നഷ്ടപ്പെട്ടുപോയ നമ്മിൽ നിന്നപഹരിക്കപ്പെട്ട ഈ രണ്ടു അധികാരസ്ഥാനങ്ങളും വിശാലമായ ആർഷഭാരതവും തിരിച്ചെടുക്കാൻ എല്ലാ തലമുറയിലെയും കാരണവന്മാർ അത്യദ്ധ്വാനം ചെയ്തിരുന്നു. എല്ലാത്തരത്തിലും അനുകൂല സാഹചര്യം വന്നിട്ടും വത്തിക്കാനുമായി നയതന്ത്രബന്ധമുള്ള ഒരു ദേശീയ ഗവൺമെന്റുണ്ടായിട്ടുകൂടെ നമുക്കതു സാധിക്കാതെ കിടക്കുന്നത് ഒന്നുമറിയാൻ പാടില്ലാത്ത നിലയിൽ നാം അധ:പ്പതിച്ചു പോയതുകൊണ്ടു മാത്രമാണ്. റിപ്പബ്ളിക്കിനെ സംബന്ധിച്ച് ഏറ്റവും ഉത്തരവാദപ്പെട്ടയാൾ പ്രൈംമിനിസ്റ്റർ ആയിരിക്കുന്നതുപോലെ (ഹെന്ദോ) ഇന്ത്യാ സഭയുടെ നട്ടെല്ല് അർക്കദിയാക്കോനാണ്. (അർക്കദിയാക്കോൻ -പ്രൈംമിനിസ്റ്റർ) ആ സ്ഥാനം പുന:സ്ഥാപിക്കുന്നതിനാണ് ഗോവർണ്ണദോരച്ചൻ പണിയെടുത്തത്. അങ്കമാലി പടിയോല വായിച്ചുനോക്കുക. വർത്തമാനപ്പുസ്തകത്തിൽ ആദ്യന്തം ധ്വനിക്കുന്നതും അതുതന്നെയാണ്. ഇന്ത്യൻ സഭയെ കേരളസഭയെന്നു വിളിക്കുന്നതും "സീറോ -മലബാർ"എന്തോ വിശേഷണമാണെന്ന ഭാവത്തിൽ ചുമന്നു കൊണ്ടു നടക്കുന്നതും എത്രമാത്രം ആക്ഷേപാർഹമായിരിക്കുന്നു! അടിമത്വത്തിന്റെ അടിത്തട്ടിൽ കിടന്നുപോലും " അലക്സാന്തർ മെത്രാപ്പോലീത്താദ് ഹെന്ദോ " "മത്തായി മ്ദബ്റാനാദ്ഹെന്ദോ എന്ന് പൂർവ്വന്മാർ ഉച്ചെസ്ഥരം വിളിച്ചു പറ

www.malankaralibrary.com

ഞ്ഞിരുന്നു. അതായത് ഇന്ത്യാ മുഴുവൻ നമ്മുടേതാണെന്ന്. പുരുഷകേസരികളായവരുടെ അവകാശികൾ നമ്മളോ? അടുത്തകാലത്ത് കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷന്റെ ഒരു മഹായോഗം കൂടിയത് കാണുകയുണ്ടായി. ഒരാങ്ഗ്ലോ ഇന്ത്യൻ യോഗമായിട്ടേ കാഴ്ചക്കാർക്കു തോന്നിയുള്ളു. അതാണ് കത്തോലിക്കത്തമെങ്കിൽ കത്തോലിക്കരെ വിദേശികളായിട്ടേ എണ്ണാവൂ. നസ്രാണി എന്നുവെച്ചാൽ വിശ്വാസസഭയിലെ ഹിന്ദു വിഭാഗം എന്നാണർത്ഥം. കുലമറിയാതെ, വംശപാരമ്പര്യമറിയാതെ, കത്തോലിക്കാസമുദായം എന്നു പറഞ്ഞുവന്നതിന്റെ ഫലം, കഴുത്തിൽ സ്വയം കുടുക്കിടുകയാണെന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ, പുത്തൻകൂറിലെ നമ്മുടെ സ്വന്തപ്പെട്ടവരുടെ വെറുപ്പിനും വിരോധത്തിനുംകൂടെ അതു കാരണമായിട്ടുണ്ട് സ്വദേശ സഭയും വിദേശ സഭയും തമ്മിൽ കാര്യമായ മത്സരമുണ്ടെന്നോർക്കേണ്ടതുണ്ട്. ജീവിക്കേണ്ടതും വളരേണ്ടതും നമ്മുടെ ആവശ്യമാണ്. അതിനു വഴിനോക്കേണ്ടതും വേറെയാരുമല്ല. യൂറോപ്പിലും അമേരിക്കയിലും ആസ്ത്രേലിയായിലും പൗരസ്ത്യ കത്തോലിക്കർക്ക് എക്സാർക്കന്മാരെ കൊടുത്തിട്ടും നമ്മുടെ രൂപതകൾക്കു പുറത്ത് നമുക്കു നമ്മുടെ നാട്ടിൽ നസ്രാണികളായി ജീവിച്ചുകൂടാ എന്നു വന്നിട്ടുള്ളതിന്റെ അർത്ഥമെന്താണ്? മിഷ്യനറിമാർക്കെതിരായി നിയമകോടതിയെ സമീപിക്കണമോ ? ആത്മനാശത്തിന് ആരാണ് ഉത്തരവാദികൾ?.

ഒരിക്കലും ഒരുത്തരോടും ദോഷം ചെയ്യാത്ത നമ്മുടെ സമുദായം ഇന്ന് രാഷ്ട്രീയക്കാരോടും വർഗ്ഗീയക്കാരോടും സാമൂഹ്യവിരുദ്ധരോടും നാസ്തികരോടും മിഷനറിമാരോടും ലത്തീൻ മേധാവികളോടും ഉദ്യോഗമണ്ഡലത്തോടും ഗവൺമെന്റിനോടുപോലും പടവെട്ടേണ്ടിവന്നിരിക്കുന്നതിന്റെ കാരണമെന്താണ്? അറിയണമെങ്കിൽ വർത്തമാനപ്പുസ്തകം വായിക്കുക.

## ബലമില്ലാത്തവനെ ആരും ഗൗനിക്കയില്ല.

എത്രതന്നെ നിവേദനവും ഒച്ചപ്പാടും ഉണ്ടായിക്കൊള്ളട്ടെ; കേട്ടഭാവമേ ഇല്ല. അവഗണനയ്ക്കും അനീതിക്കും പുറമെ കുതിരകയറ്റം കൂടെയാണെങ്കിലോ? നാമെവിടെനില്ക്കുന്നു എന്നു സ്വയം പരിശോധിക്കുക. സോഷ്യലിസ്റ്റാദർശം പുലർത്തുവാൻ പുതിയ ജോലികളും തസ്തികകളും ഗ്രാന്റുകളുമൊക്കെയേർപ്പെടുത്തുന്ന ഗവൺമെന്റിന് മണ്ണിൽ പണിയാൻ കഴിവും ആഗ്രഹവുമുള്ളവർക്കായിട്ട് എന്തു കൊണ്ട് ഭൂമി സമ്പാദിച്ചുകൂടാ? കോടിക്കണക്കിൽ രൂപാ ചെലവാക്കി വനംതെളിക്കുന്ന കേന്ദ്രഗവൺമെന്റിനെ എന്തുകൊണ്ട് സ്വാഭരണീയരുടെ ആവശ്യം അറിയിച്ചുകൂടാ? വനം തെളിച്ചതു ഗവൺമെന്റിന് ലാഭമോ നഷ്ടമോ? വൃക്ഷങ്ങളെ നശിപ്പിക്കുന്നില്ല. വെട്ടിയതിനെക്കാളധികം വച്ചു പിടിപ്പിച്ചിട്ടുണ്ട്. പുൽമേടുകൂടെ പച്ചിലമരക്കാടായിത്തീർന്നു. വനവിഭവങ്ങളായ തേനും നെല്ലിക്കായും കൊണ്ട് ആണ്ടിൽ എത്ര രൂപ ഗവ. ന് കിട്ടും അതിനേക്കാൾ നൂറല്ല ആയിരമിരട്ടി

www.malankaralibrary.com

നികുതിയിനത്തിൽ ഗവൺമെന്റിനു കിട്ടുന്ന കൃഷിക്കാരിൽ നിന്ന് ആളുകൾക്ക് ആഹാരം,തൊഴിൽ, കിടപ്പാടം ഇതുമായി. അപ്പോൾ കുടിയിറക്കാൻ ന്യായമെന്ത്? കൃഷിനശിപ്പിക്കുകയും കുടിലു കത്തിക്കുകയും പെരുവഴിയാധാരമാക്കുകയും ചെയ്യുന്നതിന്റെ പേരാണ് ക്ഷേമരാഷ്ട്രമെന്ന് ! വൃദ്ധരും ഗർഭിണികളും അമരാവതിയിൽ കിടന്നു പിടച്ചു മരിച്ചതിനുത്തരവാദികളെ വെറുതെ വിടാൻ പാടില്ല. നമ്മുടെ പ്രതിനിധികളായി തിരഞ്ഞെടുത്തു വിട്ടവരിൽ നിന്ന് വോട്ടിടാൻ വെയിൽകൊണ്ടതിനുള്ള പ്രയോജനം പോലുമില്ലാതെ പോയല്ലോ! ജനകീയ ഗവൺമെന്റു കുടിയിറക്കു നടത്തി.അതിനെതിരായി ശബ്ദിക്കുന്നത്, കമ്യൂണിസം വർദ്ധിക്കും എന്നായി. ഈ അത്യാപത് ഘട്ടത്തിൽ കുടിലത മനസ്സിലാക്കി ജനതതിക്കാവശ്യമായിരുന്ന നേതൃത്വം കൊടുക്കാൻ ഒരേ ഒരു വ്യക്തിയേയുണ്ടായുള്ളു. കപടനേതാക്കളെ തട്ടിമാറ്റിയിട്ട് രംഗത്തുവരികയും അനീതിക്കെതിരെ ശബ്ദമുയർത്തുകയും നിസ്സഹയരെ പരിചരിക്കുകയും ചെയ്ത് കമ്യൂണിസത്തെ പരാജയപ്പെടുത്തിയ പുരുഷനാണ് വടക്കനച്ചൻ. ഒരു നാളും പൊറുക്കാനാവാത്ത അധർമ്മം ചെയ്ത ജനകീയ ഗവൺമെന്റിനോട് കാര്യം തുറന്നു പറയാൻ ധൈര്യപ്പെട്ട എല്ലാവരെയും കൃതജ്ഞതാപൂർവ്വം സ്മരിക്കുവാൻ ഈ അവസരം വിനിയോഗിച്ചു കൊള്ളുന്നു.

ഇന്നിവിടെ നമ്മുടെ മദ്ധ്യേ സന്നിഹിതനല്ലെങ്കിലും എടുത്തു പറയേണ്ട ഒരു പേരുണ്ട്. കഴിഞ്ഞ കാൽ ശതാബ്ദമായി സമുദായ കാര്യങ്ങൾ പഠിക്കയും നോക്കി മനസ്സിലാക്കി പൊതു ജനദൃഷ്ടിയിലും നേതാക്കളുടെ ശ്രദ്ധയിലും പെടുത്തിക്കൊണ്ടിരിക്കുകയും ലേഖനങ്ങൾ വഴി അന്നന്ന് മറുപടി പറയുകയും ചെയ്തു പോരുന്ന ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം അവർകളോട് സമുദായത്തിന്റെ പേരിൽ നന്ദി പറയേണ്ടതുണ്ട്. മുമ്പൊരിക്കൽ എ. കെ.സി.സി. ജനറൽ ,സെക്രട്ടറിയുമായി സമർത്ഥമായി വാദം നടത്തിയതും അടുത്തകാലത്ത് മനോരമ, മാതൃഭൂമി, അപ്നാദേശ് പത്രങ്ങൾക്കും മോൺ, ചിറ്റിലപ്പള്ളിക്കും മറുപടിനൽകുകയും കുടിയിറക്കിനെ ചെറുക്കുകയും ശക്തമായ ഭാഷയിൽ വസ്തുനിഷ്ഠമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളത് ഒരു നാളും മറക്കത്തക്കതല്ല. അദ്ദേഹത്തിന്റെ 'മാത്തുത്തരകൻ'എന്ന ചരിത്രഗ്രന്ഥം വഴി ചരിത്രം തിരുത്തിയെഴുതി ദൂരാരോപണങ്ങളെ സുധീരം നേരിട്ടു പരാജയപ്പെടുത്തുവാൻ കഴിഞ്ഞ അദ്ദേഹത്തിന് നമോവാകം.

അവകാശവാദം നടത്തുവാനല്ല ചുമതല അനുസ്മരിക്കാനാണ് നാമിവിടെ കൂടിയിരിക്കുന്നത്. ആളുകളുടെ ആശയങ്ങൾ എങ്ങനെ രൂപമെടുക്കുന്നു, മോൾഡ് ചെയ്യപ്പെടുന്നു? വിമർശനങ്ങളുടെ പോക്ക് എങ്ങനെ? നാം തന്നെ എന്തു ചെയ്യുന്നുണ്ട്? വിശാല വീക്ഷണത്തിന്റെയും സൗഹൃദത്തിന്റെയും വിട്ടുവീഴ്ചയുടെയും ദേശീയതയുടെയും കറപ്പുതീറ്റി നമ്മെ മത്തു

www.malankaralibrary.com

പിടിപ്പിച്ചിരിക്കുകയാണ്. നഞ്ചു കലക്കിയിട്ടുവേണമല്ലോകോരിയെടുക്കാൻ. കൗശലത്തിൽ സമീപിച്ച് പല വാഗ്ദാനങ്ങളും തന്ന് നമ്മെ സംതൃപ്തരാക്കുന്നതാണ് ഇതുവരെയുള്ള ചരിത്രം. അത് ആവർത്തിച്ചുകൊണ്ടിരിക്കുമെന്നത് വിധിയോ മറ്റോ ആണോ? അല്ലെങ്കിൽ നമുക്കു കണ്ണുതുറന്നു കാണാൻ എന്തു കൊണ്ടു സാധിക്കുന്നില്ല? വെളിച്ചെണ്ണ കത്തിച്ച് കളിച്ചു വച്ച് എലിയെ പിടിക്കാറുണ്ട്. സുഗന്ധം ഘ്രാണിച്ച് എലി വന്നു വീഴുകയും ചെയ്യും നമ്മുടെ എതിരാളികൾ നമ്മുടെ നേതാക്കന്മാരെ പാട്ടിലാക്കുന്നതും ഇങ്ങനെ തന്നെയാണ്. ഭൂതകാലത്തെപ്പറ്റി നിശ്ചയമില്ലാതെ ഭാവിക്ക് എങ്ങനെ എന്ത് രൂപം കൊടുക്കും? കാര്യക്ഷമമായ നേതൃത്വത്തിനായി സമുദായം ദാഹിക്കുന്നു. സമുദായമറിയാതെ വളർന്ന തലമുറയിൽ നിന്ന് അതു പ്രതീക്ഷിക്കുന്നതു മൗഢ്യമായിരിക്കും. സംസ്ക്കാര വളംകിട്ടി വളരുമ്പോൾ പ്രശ്നം താനേ പരിഹരിക്കപ്പെടും. ചരിത്രം പഠിക്കുക, പൗരുഷമാർജ്ജിക്കുക; മുമ്പിൽ വഴി താനേ തുറന്നുകൊള്ളും.

ചിറകൊടിഞ്ഞ, മനസ്സിടിഞ്ഞ, പ്രതീക്ഷയറ്റ, വിഷമസന്ധിയിൽ നിലയില്ലാവെള്ളത്തിൽ നടന്നു കൊണ്ട് നേതൃത്വം നൽകി നയിച്ച ധീരപുരുഷനാണ് ഗോവർണ്ണദോറച്ചൻ. എല്ലാവിധത്തിലും പൂർണ്ണതയിലെത്തിയ ഒരു മഹാചാര്യനും ഇടയനും നേതാവും യോദ്ധാവുമായിരുന്നദ്ദേഹം; വീരശൂരനും പരമഭക്തനും പരിപക്വബുദ്ധിയും കരൾ കട്ടിയുള്ളവനും. ചിരംജീവിയായ അദ്ദേഹത്തിന്റെ വീരാത്മാവ് എന്നും നമ്മെ നയിക്കട്ടെ.

## കോളിളക്കം സൃഷ്ടിച്ച ഒരു നിവേദനം

നവജീവപരിഷത് വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർക്ക് സമർപ്പിച്ച മെമ്മോറാണ്ടം വലിയ കോളിളക്കം സൃഷ്ടിച്ചു. ആ മെമ്മോറാണ്ടം ഹെന്ദോ : ഇന്ത്യയിലെ സഭ എന്ന പേരിലാണറിയപ്പെടുക. ഇംഗ്ലീഷിൽ തയ്യാറാക്കിയ ആ മെമ്മോറാണ്ടത്തിന്റെ മലയാള പരിഭാഷ അടുത്ത താളുകളിൽ

www.malankaralibrary.com

# 12. ഹെന്ദോഃ ഇന്ത്യയിലെ സഭ

പ്രതാപൈശ്വര്യത്തോടുകൂടിയ ഒരു പൂർവ്വചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. അതിൽ അവൾ അഭിമാനം കൊള്ളുകയും ചെയ്യുന്നു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന രാഷ്ട്രീയ മാത്സര്യങ്ങളും അടിമത്തവുമെല്ലാം കഴിഞ്ഞ് നമ്മുടെ ഇക്കാലത്ത് പരമാധികാരജനായത്ത രാഷ്ട്രമായിട്ടവൾ ഉണർന്നെഴുന്നേറ്റിരിക്കുന്നു. പരിപൂർണ്ണമായും ജനായത്തരീതിയിൽ ഒരു യുവ രാഷ്ട്രമായിത്തീർന്നിട്ടുള്ള അവളുടെ മുന്നേറ്റം ആധുനിക യുഗത്തിലെ അതുല്യമായൊരു നേട്ടം തന്നെ. സ്ഥിരഭരണത്തോടുകൂടിയ ബലിഷ്ഠ ദേശീയ ഗവണ്മെന്റില്ലായിരുന്നുവെങ്കിൽ അവളുടെ രാഷ്ട്ര നിർമ്മാണപരിപാടികൾ യാഥാർത്ഥ്യമാക്കുവാനാകുമായിരുന്നില്ല. നവമായി രൂപംകൊണ്ടു കഴിഞ്ഞിരുന്ന ഇതരരാഷ്ട്രങ്ങളെ സ്വാധീനിക്കാൻ ഇടയാകുമായിരുന്നില്ല. സീറോ മലബാർ എന്ന പേരിൽ അറിയപ്പെട്ടുപോരുന്ന ഇന്ത്യൻ സഭയുടെ കാര്യത്തിൽ ഇതു വളരെ പ്രസക്തം. നൂറ്റാണ്ടുകളായി മാറിമറിഞ്ഞു കൊണ്ടിരുന്ന ചുറ്റുപാടുകളെ അതിജീവിച്ച ശേഷം ഭാഗികമായ ഒരു തിരിച്ചുവരവ് അതിനുമുണ്ടായിട്ടുണ്ട്. ഹയരാർക്കി (1923), നിയമസംഹിത (1948-59), ആരാധനാക്രമം (1957). പക്ഷേ, ഇതൊരു നേട്ടമായിരുന്നില്ല, അർത്ഥരഹിതമായ നിഴൽമാത്രം. ഞങ്ങളുടെ സഭയ്ക്ക് ഒരു കേന്ദ്രഭരണമില്ലാതിരുന്നതിനാലാണ് ദുഃഖകരമായ ഈ പരാജയമനുഭവപ്പെട്ടത്. രൂപതാഘടകങ്ങൾക്ക് അധിപന്മാർ എന്നല്ലാതെ സഭയ്ക്ക് ഒരധിനാഥനില്ല ഞങ്ങൾക്ക്. പുനരുദ്ധാരണം വഴിവിട്ടുപോകാനിടയായി. അതു നിമിത്തമുണ്ടായ ശൂന്യത ഇന്നും തുടർന്നുപോരുന്നു. മുൻകാലങ്ങളിലെ അർക്കദിയാക്കോനു സമമായൊരു നേതാവില്ലാത്തതുകൊണ്ട് ഞങ്ങളുടെ സഭ ഇനിയും ഇരുട്ടിൽ കഴിയുകയാണ്.

നൂറ്റാണ്ടുകളായി ക്രൈസ്തവലോകത്തിന്റെ അതിരുകൾവരെ ഇന്ത്യൻ സഭ അറിയപ്പെട്ടിരുന്നു. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ഇവിടെയെത്തിയ വ്യാപാരികൾക്കും പുണ്യയാത്രക്കാർക്കും ചരിത്രാന്വേഷികൾക്കുമൊക്കെ ഇവിടെക്കണ്ട സഭയെപ്പറ്റി ഏറെക്കാര്യങ്ങൾ പറഞ്ഞറിയിക്കാനും കുറിച്ചുവയ്ക്കാനുമുണ്ടായിരുന്നു. അവരുടെ കുറിപ്പുകളുടെയും പ്രസ്താവനകളുടെയും രത്നച്ചുരുക്കം ദ്വാദശിഷ്യരിലൊരുവൻ മാർത്തോമ്മാ ശ്ലീഹായാണ് ഈ സഭയുടെ സ്ഥാപകനെന്നും ഇവിടത്തെ ക്രിസ്തുവിശ്വാസികൾ ഏറെ പ്രാപ്തരായി കാര്യങ്ങൾ നിയന്ത്രിക്കാൻ പ്രാപ്തരായി കഴിയുന്നു

www.malankaralibrary.com

വെന്നുമാണ്. കഴിഞ്ഞ പത്തൊൻപതു നൂറ്റാണ്ടുകളായി പശ്ചിമതീരത്തും ചോഴമണ്ഡലത്തിലും ക്രൈസ്തവരുടെയും ക്രൈസ്തവേതരുടെയുമിടയിൽ ഒരേവിധം സ്ഥിരീകൃതമായിട്ടുള്ള സ്ഥലചരിത്രമാണിത്. ഒരുകാലത്ത് ചില യൂറോപ്യൻ എഴുത്തുകാർ ഇതിനെ ചോദ്യം ചെയ്തിട്ടുണ്ട്. പക്ഷേ, നിധീരി, ബർണാഡ്, തോമസ് തുടങ്ങി ഞങ്ങളുടെ പണ്ഡിതന്മാർ അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിച്ചു. വിദേശപണ്ഡിതന്മാരും വിൻസെന്റ് സ്മിത്ത്, ഹോസ്റ്റൻ, ഫർക്കുഹാർ, ഷുറാമർ, ഹീറാസ്, ടിർറാങ്ങ്, ബെൽട്രമി ഞങ്ങളുടെ നിലപാടിനെ അനുകൂലിച്ച് ഞങ്ങളോടൊപ്പം നില കൊള്ളുകയാണുണ്ടായത്. മാർത്തോമ്മാശ്ലീഹാ സുവിശേഷമറിയിച്ചതും രക്തസാക്ഷിമകുടമണിഞ്ഞതും ഇന്ത്യയിലാണെന്നുള്ള ചരിത്രപാരമ്പര്യം ചരിത്രകാരന്മാർ സ്വീകരിച്ചിരിക്കുന്ന മറ്റേതു ക്രിസ്തു സഭാപാരമ്പര്യത്തോടൊപ്പം പുരാതനവും ആഴത്തിൽ വേരൂന്നിയിട്ടുള്ളതുമാണ്. പ്രാചീന ഇന്ത്യയെപ്പറ്റി സ്വീകരിച്ചുപോരുന്ന ചരിത്രയാഥാർത്ഥ്യങ്ങളോളം തന്നെ ആധികാരികതയോടെ ഇതും നിലകൊള്ളുന്നുവെന്ന് നിഷ്പക്ഷപഠനം ഒരുവനെ ബോദ്ധ്യപ്പെടുത്താതിരിക്കില്ലെന്നാണ് മദ്രാസ് യൂണിവേഴ്സിറ്റി പ്രൊഫസർ പി.ജെ. തോമസ് പറഞ്ഞിട്ടുള്ളത്. സഭയുടെ പരമാദ്ധ്യക്ഷന്മാരായിരുന്ന പോപ്പ് പോൾ V, ലിയോ XIII, പയസ് XI, പയസ് XII എന്നിവർ അവരുടെ പ്രഖ്യാപനങ്ങളിലൂടെ ഞങ്ങളുടെ ശ്ലൈഹികപാരമ്പര്യത്തിന്റെ യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിച്ചിട്ടുള്ളവരാണ്. പേർഷ്യ, സെലൂഷ്യ കേന്ദ്രങ്ങളുമായി ഇന്ത്യൻസഭ ബന്ധം പുലർത്തിയിരുന്നുവെന്നത് ചരിത്രമത്രേ. ഇതെല്ലാമാണെങ്കിലും സ്വന്തമായ നിയമങ്ങളും നടപടികളും പാരമ്പര്യങ്ങളും സ്വന്തമായ പ്രത്യേകതകളും സഹിതം എന്നും ഇന്ത്യയുടെ സഭയായി നിലപാലിച്ചുപോരുന്നു.

പതിനാറാം നൂറ്റാണ്ടാരംഭത്തോടെ യൂറോപ്പിലെ ജനങ്ങൾ സാഹസികരും കുടിയേറ്റക്കാരും നാടുകൾ പിടിച്ചെടുക്കുന്നവരുമായി ലോകമാകെ വ്യാപിച്ചു. ഇന്ത്യയിലെ പറങ്കി (പോർത്തുഗീസ്) ജനസമൂഹത്തിനുവേണ്ടിയാണ് ഫുഞ്ചാൽ രൂപതയുടെ അധികാരപരിധി ഇന്ത്യയിലേക്കു നീട്ടിയത്. 1534-ൽ ഗോവ രൂപത സ്ഥാപിതമായി. പിന്നീട് 1557-ൽ അതിരൂപതയായി, കൊച്ചി സാമന്തരൂപതയും. ഇതിനകം പറങ്കികൾ പൗരസ്ത്യദേശത്തെ അപ്രതിഹതരാഷ്ട്ര ശക്തിയായിത്തീർന്നിരുന്നു. ഒരു സാമ്രാജ്യത്തിന്റെ മുഴു ശക്തിയോടെ, മിഷനറി പിൻബലത്തോടെ ഇന്ത്യൻസഭയെ അലട്ടുകയും ഞെരുക്കുകയും ഒടുവിൽ 1599-ൽ ഉദയമ്പേരൂർ സമ്മേളനത്തിലൂടെ അവരുടെ ആധിപത്യത്തിൻ കീഴാക്കുകയും ചെയ്തു. ഈ അക്രമണത്തിനെതിരെ പിടിച്ചുനില്ക്കുക 'ഹെർക്കുല്യൻ' സാഹസികമായി ഭവിച്ചു. മൂന്നു നൂറ്റാണ്ടു നീണ്ടുനിന്ന കീഴ്പ്പെടലും മർദ്ദനവും അനിഷ്ടസഹനങ്ങളും കഴിഞ്ഞ് ഞങ്ങൾ സ്വതന്ത്രമേഖലയിലെത്തി. പക്ഷേ, വലിയൊരു നഷ്ടത്തോടെ,

www.malankaralibrary.com

നേതാവും തലവനുമില്ലാതെ നിയമവും ആരാധനമുറയും നഷ്ടപ്പെട്ട് 1887-ലും 1896-ലും ഞങ്ങളുടെ സഭയെ കേന്ദ്രവും നേതൃത്വവുമില്ലാതെ പല നേതൃസ്ഥാനങ്ങളോടെ ചിതറിക്കുകയാണ് ചെയ്തത്. അധികാര പരിധിയാകട്ടെ ശ്വസിക്കാൻ ഇടമില്ലാത്തവിധം പരിമിതപ്പെടുത്തുകും ചെയ്തു. ഞങ്ങളുടെ സഭയാകട്ടെ മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി ഇന്ത്യ മുഴുവനേയും ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു. അദ്ദേഹത്തിനുവേണ്ടി അർക്കദിയാക്കോൻ സഭാഭരണം നിർവ്വഹിക്കുകയും ചെയ്തുപോന്നു.

സഭാനാഥനായി ഒരാൾ ഉണ്ടാകണം, ഒരാളേ ഉണ്ടാകാവൂ, പലരുടെ കീഴായി വിഭജിക്കപ്പെട്ടുകൂടാ എന്ന് നിർബന്ധമായും ആവർത്തിച്ച് ഞങ്ങൾ അഭ്യർത്ഥന നടത്തിയിരുന്നതാണ്. പക്ഷേ, നേരെ വിപരീതമായിട്ടാണ് അനുഭവം ഉണ്ടായത്. ഞങ്ങളെ രണ്ടാക്കി പങ്കിട്ടുകളഞ്ഞു. അന്നത്തെ ഡെലിഗറ്റ് അപ്പസ്തോലിക്ക് ആയിരുന്നു ആ നിർഭാഗ്യസംഭവത്തിനുത്തരവാദി. ഞങ്ങളുടെ വൈദികവിദ്യാർത്ഥികൾ ലത്തീൻ സെമിനാരികളിൽ പരിശീലിപ്പക്കപ്പെട്ടുപോന്നു. തക്കവരും സഭാസ്നേഹികളും കാര്യവിവരമുള്ളവരുമായ ഭരണകർത്താക്കളെ ലഭിക്കുമെന്ന പ്രതീക്ഷയും അറ്റുപോയി. 1923-ൽ ഹയരാർക്കി പുനസ്ഥാപിച്ചപ്പോൾ അധികാര രഹിതനായി സമന്മാരിലൊരുവൻ മാത്രമായിട്ടൊരു മെത്രാപ്പോലീത്തയെയാണ് വാഴിച്ചു കിട്ടിയത്. ഇന്നാകട്ടെ മെത്രാപ്പോലീത്തമാർ രണ്ടാണ്! സഭയെ നയിക്കാൻ ആരുമില്ലെന്ന ദുരവസ്ഥയും! ചുരുക്കത്തിൽ പുനരുദ്ധാരണം വേണ്ടവിധമായില്ല. ഇന്ന് ഞങ്ങൾക്ക് ഞങ്ങളുടേതായ സെമിനാരികളുണ്ട്, മെത്രാന്മാരുണ്ട്. പക്ഷെ, ഞങ്ങളുടെ സഭയ്ക്ക് സഭാതലവനില്ലാത്തതിനാൽ അത് ശോചനീയാവസ്ഥയിലാണ്. കഴിവില്ലാതെ കഴിയേണ്ടിയും വന്നിരിക്കുന്നു. വിഭജിക്കപ്പെട്ട ഒരു രാഷ്ട്രംപോലെ എല്ലാ ബലഹീനതകളും പ്രകടമാക്കി കഴിയുകയും ചെയ്യുന്നു.

സൈറോ മലബാർ എന്നൊരു പുതുപ്പേര് പുനരുദ്ധാരണത്തോടൊപ്പം ഞങ്ങളുടെ സഭയ്ക്ക് വന്നുചേർന്നിരിക്കുന്നു. അസ്ഥാനസ്ഥിതമാണത്; തീർത്തും അപഹാസ്യവും. ഇതു ഞങ്ങൾക്ക് അപമാനകാരണമാണ്. ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്ന് വെട്ടിമാറ്റുന്നതിനു നേരത്തെ കണ്ടുവച്ചിരുന്ന പ്ലാനായിരുന്നു. പരിമിതിയിൽ ബന്ധിച്ചുനിർത്താനും പിളർക്കാനുമുള്ള ആപ്പിന്റെ നേരിയ ആറ്റമായിരുന്നു ആ പേരിടൽ എന്നു പറയാതെ തരമില്ല. ഇന്ത്യ മുഴുവൻ ലത്തീൻ രൂപതകളാക്കി തിരിച്ചിരിക്കുന്നു. ഇന്ത്യൻ ഹയരാർക്കി ഇന്ത്യയിലെ കത്തോലിക്കാസഭ എന്നീ സംജ്ഞകളും ഈ മിഷൻ മേഖലയ്ക്ക് നൽകിയിരിക്കുന്നത് അപമാനകരമാണ്. സാക്ഷാൽ ഇന്ത്യൻ സഭയായ ഞങ്ങളെ അസ്ഥിത്വമില്ലാത്ത, ജീവിക്കാൻ അർഹതയില്ലാത്ത, എന്തോ ആക്കിയിരിക്കുന്നത് വെറും യാദൃച്ഛികമോ? ഉപഭൂഖണ്ഡം മുഴുവൻ ബ്രിട്ടീഷ് ഗവർണർമാരുടെ അധീനത്തിലാക്കിയിട്ട് ഈ കോളനിയെ ഇന്ത്യാ

www.malankaralibrary.com

സാമ്രാജ്യമെന്നു വിളിക്കുന്നതിന്റെ ഔചിത്യം, സാഗത്യം എവിടെ? അതേ പോളിസി തന്നെ റോമാസഭയും സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. സാമ്രാജ്യമല്ല, ഇന്ത്യൻ രാഷ്ട്രമല്ല, ബ്രിട്ടീഷ് കോളനിയാണ്. ബ്രിട്ടീഷുകാർ ഉടമസ്ഥരും നാട്ടുരാജാക്കന്മാർ അധികാരരഹിതരായി മേൽക്കോയ്മയുടെ പാവകളും. ഇതുപോലെ ഇന്ത്യയിലെ ലത്തീൻമിഷനുകൾക്ക് നാടുമുഴുവൻ ഏൽപിച്ചുകൊടുത്തിട്ട് പൗരസ്ത്യരൂപതകൾ ഒന്നുമല്ലാത്തവിധം വിഴുങ്ങപ്പെട്ടിരിക്കുന്നു. കഷ്ടിച്ചു ജീവിക്കാം, വേണമെങ്കിൽ എന്ന ഔദാര്യം വച്ചുനീട്ടിയിരിക്കുന്നു. നാട്ടുരാജാക്കന്മാരുടെ വ്യക്തിത്വത്തെ അവകാശങ്ങളോടുകൂടെ അധീശശക്തി ബഹുമാനിച്ചിരുന്നു. ഒരു സ്വതന്ത്രരാഷ്ട്രമായ ഇന്ത്യയിൽ ഇന്ത്യയിലെ സഭ അനുഭാവരഹിതമായി പീഡിപ്പിക്കപ്പെടുന്നു. അവകാശം നിഷേധിക്കപ്പെടുന്നു. കൈയേറ്റക്കാരി അവകാശിയുടെമേൽ കുതിരകയറ്റം നടത്തിക്കൊണ്ടിരിക്കുന്നു.

പോർത്തുഗീസ് കോളനിവാഴ്ചക്കാലത്തും പിന്നീട് റോമിലെ പ്രൊപ്പഗാന്താ വകുപ്പിന്റെ നേരിട്ടുള്ള ഭരണത്തിലും ഇന്ത്യയിലെ സഭയെ നിശ്ശേഷം നശിപ്പിക്കുവാനുള്ള പദ്ധതികളാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഒരവസരവും പാഴാക്കിയിട്ടില്ല, ഒരു വിദ്യയും പ്രയോഗിക്കാതെയുമിരുന്നില്ല. ഫലമോ? ഇന്നു ഞങ്ങളുടെ ഈ മാതൃരാജ്യത്ത് ഈ സഭയ്ക്ക് സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ റോമിലെ സഭയ്ക്കുമാത്രമായി സംവരണവും! ഇതു തീർത്തും അസഹനീയമായ അവസ്ഥയത്രേ. ജനായത്തഭാരതത്തിന്റെ ഭരണഘടന ഉറപ്പാക്കിയിട്ടുള്ള സ്വാതന്ത്ര്യമാണ് ഈ സംവിധാനം നിമിത്തം ലംഘിക്കപ്പെട്ടിരിക്കുന്നത്. ഞങ്ങൾക്ക് ഞങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു.

"വകുപ്പ് 26: മതാത്മകവും സമൂഹസേവനപരവുമായ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകാനുള്ള അവകാശം ഓരോ മതവിഭാഗത്തിനും അവകാശപ്പെട്ടതാണ്"

ഇന്ത്യയിലൊട്ടാകെ വളരെയേറെ സ്ഥലങ്ങളിൽ ഞങ്ങളുടെ ആളുകളുടെ മതാത്മകവും സേവനപരവുമായ സ്ഥാപനങ്ങളുണ്ടാകേണ്ടത് അടിയന്തിരാവശ്യമായിത്തീർന്നിരിക്കുകയാണ്. പക്ഷെ, ഈ അവകാശം പ്രായോഗികമാക്കാൻ ഞങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നുവെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

"വകുപ്പ് 29: ഇന്ത്യൻ ദൂരപരിധിയിലെവിടെയും ഭാഷയോ ലിപിയോ സംസ്കാരമോ സ്വന്തമായുള്ള പൗരരിലേതു വിഭാഗത്തിനും അവ സംരക്ഷിക്കുവാനവകാശമുണ്ട്"

ഞങ്ങൾക്ക് വ്യതിരിക്തമായ ഒരു ഭാഷ നിലനിർത്തേണ്ടതുണ്ട്. പത്തൊമ്പതു നൂറ്റാണ്ടുകാലമായി സംരക്ഷിച്ചുപോന്നിട്ടുള്ളതും അതീവമൂല്യവത്തും അസൂയാർഹമായി അവശേഷിച്ചിട്ടുള്ളതുമായ ഒരു നിധി ഞങ്ങളുടെ

www.malankaralibrary.com

നാഥനായ ഈശോമിശിഹാ സംസാരിച്ചിരുന്ന ആ ദിവ്യഭാഷ; ആർഷ/ഹിന്ദു സംസ്കാരം സദ്വാർത്താ സമ്പർക്കത്താൽ അത്യുദാത്തമാക്കപ്പെട്ടത് ഞങ്ങൾക്കു സംരക്ഷിച്ചേ പറ്റൂ. നിലനിർത്തി തുടരേണ്ടതുമുണ്ട്. പക്ഷേ, ഈ അവകാശം ഞങ്ങൾക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു.

"വകുപ്പ് 30: മതമോ, ഭാഷയോ അടിസ്ഥാനപ്പെടുത്തിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും സ്വന്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കും.

"മനസാക്ഷി സ്വാതന്ത്ര്യവും നിർബാധം മതവിശ്വാസം പ്രഖ്യാപിക്കാനും അനുഷ്ഠിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശവും എല്ലാ വ്യക്തികൾക്കും ഉണ്ടായിരിക്കുന്നു."

മതന്യൂനപക്ഷമെന്ന നിലയിലും സംസ്കാരഘടകമെന്ന നിലയിലും ഞങ്ങൾക്ക് ഞങ്ങളുടേതായ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തേണ്ടതായുണ്ട്. പക്ഷെ, ഇന്ത്യയിൽ പള്ളിവ്യവസ്ഥയിൽ ലത്തീൻസഭയെ പ്രതിഷ്ഠിച്ചിരിക്കയാൽ ഈ അവകാശങ്ങൾ അനുഭവിക്കുന്നതിൽ നിന്ന് ഞങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ അതിന്റെ നിലനില്പുതന്നെ ക്രിസ്തുധർമ്മപ്രചാരത്തിനു തടസ്സമായിത്തീർന്നിരിക്കുന്നു. സദ്വാർത്താ പ്രഘോഷണം നടത്തിയും രൂപതാഘടകത്തിനു വെളിയിൽ കഴിയുന്നവരുടെ കാര്യമന്വേഷിച്ചും ഞങ്ങളുടെ മതാഭിവൃദ്ധിക്ക് പ്രയത്നിക്കാനും ഒരു മാർഗ്ഗവും ശേഷിച്ചിട്ടില്ല. ഞങ്ങളുടെ അസ്തിത്വംതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. ഇന്ത്യൻ ജനതയ്ക്ക് അതിലുപരി ഇന്ത്യാ ഗവണ്മെന്റിന്, വിദേശികളുടെ വിദേശസംസ്കാരത്തിന്റെ ഇത്തരം ധിക്കാരത്തിനെതിരെ കണ്ണടച്ചിരിക്കുക സാദ്ധ്യമല്ല. ഭരണഘടന ഉറപ്പുവരുത്തിയിരിക്കുന്ന ഇവയൊക്കെ ഒരു നിയമകോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ അർഹതയുള്ളവതന്നെ. അടിസ്ഥാനസ്വഭാവത്തോടുകൂടിയ ഈവക കാര്യങ്ങളാണ് ഇന്ത്യൻ പൗരരായ ഞങ്ങൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നത്. അതും ജനത്താലോ ജീവിതശൈലികൊണ്ടോ വിദേശികളായിരിക്കുകയും അതേസമയം മതപ്രചാരണതീക്ഷ്ണതയിൽ മികച്ചുനിൽക്കുന്നു എന്നു ഭാവിക്കുകയും ചെയ്യുന്ന ഇക്കൂട്ടരുടെ അസഹിഷ്ണുത മൂലവും അവരുടെ തന്നെ സ്വാധീനബലത്താലുമാണിത്.

കൃത്യമായി പറഞ്ഞാൽ ഇക്കൂട്ടർതന്നെയാണ് അനുരൂപണത്തിനു വേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നത്. ഇവർ ഇവിടെക്കൊണ്ടുവന്ന് ഇറക്കുമതി ചെയ്യുന്നത് വിദേശച്ചരക്കാണെന്നതിനു തെളിവത്രേ ഇവരുടെ അനുരൂപണഭ്രമം. സഭ എന്തിനോട് അനുരൂപപ്പെടണം? അങ്ങനെ ചെയ്യാൻ ഇവളൊരു വിദേശിയോ? സദ്വാർത്താധർമ്മത്തിനു യൂറോപ്പിലുണ്ടായ രണ്ടാംപതിപ്പാണ് ക്രിസ്തുമതം എന്നു പറഞ്ഞു കേൾക്കാറുണ്ട്. വാസ്തവത്തിൽ ദൈവികമാനം വിട്ടു പരിഗണിച്ചാൽ ഓരോ സഭാവിഭാഗവും

www.malankaralibrary.com

ദേശീയമതമായിപ്പോലും കരുതപ്പെടും. ക്രിസ്തീയശൈലിയിൽ ദേശീയ സഭയെന്ന പ്രയോഗത്തിനാണു സാധുത. ആ വിധം നോക്കുമ്പോൾ റോമാ സഭയെ യൂറോപ്യരുടെ മതമായി കാണാം. ഇന്ത്യൻ സഭയെ ഹിന്ദുക്കളു ടേതായും, സുവിശേഷാവിഷ്കാരം ഹിന്ദുമതത്തിനു പൂർണ്ണിമ നല്കി യിരിക്കുകയാൽ, അതുപോലെ പൂർണ്ണരൂപത്തിലായ യൂറോപ്പിലെ മതം ഇവിടെ ഇറക്കുമതി ചെയ്തിട്ടാവശ്യമില്ല, കെട്ടിയേൽപിച്ചിട്ടൊരാവശ്യവുമില്ല. ചുരുക്കി പറഞ്ഞാൽ ഇത്രനാളും പാശ്ചാത്യമിഷനറിമാർ ഇവിടെ പ്രചാരം നൽകിപ്പോന്നത് ഒരു വിദേശമതത്തിനാണ്. അങ്ങനെ ഇവിടെ ക്രിസ്തു മതത്തിനു പ്രസക്തിയേ ഇല്ലെന്നു വന്നിരിക്കുന്നു. ഇന്ത്യയിൽ യൂറോപ്യരായ മിഷനറിമാർ നിർവ്വഹിച്ച പങ്കാകട്ടെ സാംസ്കാരികാക്രമണത്തിന്റേതാ യിരുന്നു (കെ.എം. പണിക്കർ) അത് എതിർക്കപ്പെടണം, തിരസ്കരിക്ക പ്പെടുക തന്നെ വേണം.

കോളനിയുഗം പര്യവസാനിച്ചിരിക്കുന്നു. ഇന്ത്യയിൽനിന്ന് യൂറോ പ്യൻമാർ കെട്ടുമുറുക്കി പോയിക്കഴിഞ്ഞിരിക്കുകയാൽ യൂറോപ്യൻ മിഷന റിമാർക്ക് ഇവിടെയുണ്ടായിരുന്ന അവകാശവും കൈമോശം വന്നിരിക്കുന്നു. ഇന്ത്യയിൽ അവശേഷിച്ചിരിക്കുന്ന യൂറോപ്യരും യുറേഷ്യരുമായ ജനസമൂ ഹത്തെ പരിചരിക്കാനുള്ള അനുവാദം ഔദാര്യമായി നൽകാമെന്നതു മാത്ര മാണ് അവരോടു കാണിക്കാവുന്നത്. രാഷ്ട്രീയവും വൈദികവുമായ കോള നിഭരണത്തിന്റെ തുടക്കം ഗോവായിൽ. ഗോവാ കൈമോശം വന്നതോടെ പാശ്ചാത്യസഭയ്ക്ക് യഥാർത്ഥാവകാശിക്കുവേണ്ടി - സീറോ മലബാർ എന്ന പേരോടുകൂടിയ ഇന്ത്യൻസഭയ്ക്ക് മാറിക്കൊടുക്കണം. സ്ഥലം വിട്ടുകൊടു ത്തുപൊയ്ക്കൊള്ളണം.

സാക്ഷാൽ ക്രിസ്തീയബോധമുള്ള മിഷനറിമാർക്ക് ഇന്ത്യാസഭയെ സേവിക്കാൻ താൽപര്യമേ ഉണ്ടാകൂ. അവരുടെ ലക്ഷ്യം സ്നേഹവും സേവ നവുമാണ്, കോളനിരാജിനെ പൂജിക്കുകയല്ല. അവർക്ക് സേവനം നടത്താ നുദ്ദേശിക്കുന്ന, ആഗ്രഹിക്കുന്ന സഭയോടു താദാത്മ്യപ്പെടാൻ ശ്രമിക്കുക യാണ് ചെയ്യാവുന്ന നല്ല കാര്യം, സ്വീകരിക്കാവുന്ന മാർഗ്ഗം. യൂറോപ്പിൽ നിന്നുള്ള ലത്തീൻമിഷനറിമാർ പശ്ചിമേഷ്യയിലെ പൗരസ്ത്യസഭകളെ (ഉ ദ. മെൽക്കൈയെറ്റ്സഭയെ) ഈവിധം സേവിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തി യുടെ ആരംഭകാലത്ത് നമ്മുടെ പ്രധാനമന്ത്രി പറഞ്ഞു : "വിദേശികളോട് ഞങ്ങൾക്ക് അപ്രിയമൊന്നുമില്ല. ഏവരേയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അവർ സേവനത്തിനു തയ്യാറെങ്കിൽ, ചൂഷണം ലക്ഷ്യമല്ലെങ്കിൽ." ഇതേ വാക്കുകൾ മിഷനറിമാരെപ്പറ്റിയും പ്രസക്തമത്രേ. പല മിഷനറി വകുപ്പു കാരും ഇന്ത്യൻസഭയെ നിർദ്ദയം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നുവെ ന്നത് ദുഃഖകരമായ കാഴ്ചയാണ്. സത്യമായും അവർ ക്രിസ്തുവിനുവേ ണ്ടിയുള്ള ജോലിക്കു തടസ്സം സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ സഭയുടെ

www.malankaralibrary.com

വളർച്ചയെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെമേൽ പാശ്ചാത്യസഭാരൂപത്തെ കെട്ടിയേൽപിക്കാൻ സർവ്വവിധത്തിലുമവർ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇവിടെ ഇന്ത്യയിൽ ലാറ്റിൻ മിഷനറിമാർ അനുരൂപണത്തിനായി ചെയ്തുകൊണ്ടിരിക്കുന്നവയെ പുച്ഛരസത്തോടെയാണ് ക്രൈസ്തവേതർകൂടെ നോക്കിക്കാണുന്നത്. തീർത്തും ഉപരിപ്ലവമാണവയൊക്കെ. വസ്ത്രധാരണം, ചിത്രരചന, ദേവായനിർമ്മിതി, അനാഗത നടപടിക്രമങ്ങൾ എന്നിവയൊക്കെ മിഷണറി ലക്ഷ്യങ്ങൾക്കു സഹായകമെന്നവർ കരുതുന്നുണ്ടാകും. പാശ്ചാത്യരുടെ ക്രിസ്തുമത പ്രബോധനതീക്ഷണതയാൽ രൂപകൽപ്പന നൽകുന്നതുമാകാം. പക്ഷേ സംസ്കൃതചിന്തകരായ ഹിന്ദുക്കളുടെ കാഴ്ചപ്പാടിൽ വില കുറഞ്ഞവയാണവയൊക്കെ. ഭാരതീയ മാതൃകയായിട്ടവർ പ്രദർശിപ്പിക്കുന്നവയ്ക്ക് ഒരർത്ഥവും അവർ കാണുന്നില്ല. ക്രിസ്തുസഭയെ ഒന്നുകൂടെ വിലയിടിച്ചു കാട്ടാനേ അതൊക്കെ പ്രയോജനപ്പെടുന്നുള്ളു. എന്നാൽ ഇന്ത്യയിൽ ഉത്ഭവിച്ച ക്രൈസ്തവസമൂഹം ഇവിടത്തെ ഉച്ചകോടിവർഗ്ഗങ്ങളുടെയും സമുദായങ്ങളുടെയും മതിപ്പിനും ബഹുമാനത്തിനും അഭിനന്ദനത്തിനും പണ്ടേ അർഹത നേടിക്കഴിഞ്ഞു. ഞങ്ങൾ അവരിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. അവർ ഞങ്ങളോട് എത്ര സാധർമ്യമുള്ളവരാണ് എന്നെല്ലാം അവർക്കറിയാം. സുവിശേഷസന്ദേശത്തോടും ക്രിസ്തു ധർമ്മത്തോടും ഹിന്ദുക്കൾക്ക് ഏറെ ആദരവുണ്ട്. പലതും സ്വീകരിച്ച് സ്വന്തമാക്കിക്കഴിഞ്ഞിട്ടുമുണ്ട്. മിഷണറിമാരുടെ ഭാവധാർഷ്ട്യവും അക്രമസ്വഭാവവും നിമിത്തമാണ് ക്രിസ്തീയതയെ അവർ പള്ളിമതമാക്കി താഴ്തിക്കെട്ടുന്നത്. പരദേശിമതമെന്ന് മുദ്രകുത്തുന്നതും അന്യമായതെന്തെങ്കിലും ഇറക്കുമതി ചെയ്യാനായിരുന്നില്ല. സ്വശിഷ്യർക്ക് ക്രിസ്തു നൽകിയ നിർദ്ദേശം, മതാത്മകതയെ ധർമ്മാവിഷ്കാരത്തിലൂടെ ശോഭനമാക്കി ഭൂമുഖം ജീവത്താക്കുകയായിരുന്നു. മാനവികതയ്ക്കൊരു പുതുമുഖം നൽകാൻ ദൈവം ആഗതനായി, സ്വരക്തത്തിൽ ശുചിയാക്കിയെന്ന സദ്വാർത്തവിളംബരം ചെയ്യുകയായിരുന്നു.

സദ്വാർത്താവിഷ്കാരത്തോളംതന്നെ പഴക്കമുണ്ട് ഇന്ത്യയുടെ ക്രിസ്തുധർമ്മാഭിമുഖ്യത്തിന്. സ്വഗുരുനാഥന്റെ നേരിട്ടുള്ള നിർദ്ദേശങ്ങൾ ഇവിടെ ആഗതനായ മാർത്തോമ്മാശ്ലീഹാതന്നെയാണ് ഞങ്ങളെ തിരുവചനമറിയിച്ച് പ്രഘോഷണം നടത്തിയത്, ഞങ്ങളുടെ പൂർവികന്മാരുടെ സ്നാനത്തോടെ ഇന്ത്യൻസഭ ജന്മമെടുത്തു. ഇന്നുവരെ അത് ഇവിടെ നിലനിന്നു പോരുകയും ചെയ്യുന്നു. ഈ മണ്ണിൽ മുളയെടുത്ത സഭാസമൂഹമാണത്. ലോകക്രൈസ്തവമണ്ഡലത്തിലെ ഏതു സഭാസമൂഹത്തോടുമൊപ്പം പൂർവികവും നവീനവും സാർവത്രികവും ദേശീയവുമായി ഇവിടുത്തെ ക്രൈസ്തവേതരരുമായി ഒന്നുചേർന്നു കഴിഞ്ഞുപോരുന്നു. അതുതന്നെ ഞങ്ങളുടെ രൂഢിയും. ജൈനബൗദ്ധ, സിഖ് മതങ്ങൾ ഇന്ത്യയിൽ ആരംഭിച്ചവ

www.malankaralibrary.com

തന്നെ, എങ്കിലും ഹിന്ദുമതത്തിനന്യമാണ്. ഇന്ത്യൻസഭയാകട്ടെ, സുവിശേഷം സ്വന്തമാക്കിയ ഹിന്ദുവിഭാഗമെന്ന പരിഗണനയ്ക്കർഹമാണ്, ഹിന്ദുമതത്തിലെ ഉപവിഭാഗങ്ങളായ ശൈവ, വൈഷ്ണവരെപ്പോലെ. പതിവുകളും ജീവിതരീതികളും നിമിത്തം മാർത്തോമ്മാ നസ്രാണികൾ നൂറുശതമാനം ഹിന്ദുക്കൾതന്നെ. ജനനം, വിവാഹം, ശവസംസ്കാരം, ഉത്സവാദി ചടങ്ങുകളെല്ലാം നമ്പൂതിരിക്കും നസ്രാണിക്കും ഒന്നുതന്നെ. ഉണ്ണിക്ക് പരമ്പരാഗതമായ നാമകരണം, ചോറൂട്ട്, ആഹാര, വസ്ത്രാഭരണ ഇനങ്ങൾ, വാസ്തുശിൽപം, ശുചിത്വം, വിദ്യാദാനം, വിനയവിശുദ്ധിയാദി വനിതാഗുണങ്ങൾ, മംഗല്യസൂത്രം, ഭർത്ത്യപരിചരണം, ശവസംസ്കാരത്തിൽ സീമന്ത പുത്രധർമ്മം, ശ്രാദ്ധം, പുല, പള്ളിഭരണം, അലങ്കാരാഡംബരങ്ങൾ എന്നിവയൊക്കെ.

ഉത്തരേന്ത്യയിലും മറ്റും ഞങ്ങൾ രംഗത്തുവന്നശേഷമേ ക്രൈസ്തവന് മാന്യത കൈവന്നുള്ളു. ജനനം, സാമൂഹ്യനിലവാരം, വർണ്ണശ്രേഷ്ഠത എന്നീ ഘടകങ്ങൾ നിമിത്തം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിനു കൈവന്ന പുരോഗതിക്ക് മുഖ്യനിദാനം സ്വദേശസ്വഭാവമുള്ള ക്രിസ്തീയ സഭയുടെ സ്വാധീനമാണെന്നതിൽ തർക്കമില്ല. അനാഗതരീതികൾ അർത്ഥരഹിതമായി ഭൂരിപക്ഷമാളുകളും സ്നാനപ്പെടാത്ത ക്രൈസ്തവരായി കരുതപ്പെടും. ക്രിസ്തീയ മൂല്യങ്ങൾ അതീവം മതിക്കപ്പെടുന്നു. സാമൂഹ്യ, ദേശീയതലങ്ങളിൽ, ക്രിസ്ത്യൻരാഷ്ട്രങ്ങളിലെക്കാൾ ക്രൈസ്തവചേതന ഈ നാട്ടിൽ കൂടുതലുണ്ട്. സാമൂഹ്യനീതി, സഹിഷ്ണുത എല്ലാം ഉറപ്പുവരുത്തിയിട്ടുണ്ട്. എല്ലാ തലങ്ങളിലും മാതൃഭൂമിക്കു നൽകിയിട്ടുള്ള സേവനങ്ങളോർത്ത് മാർത്തോമ്മാക്രിസ്ത്യാനികൾക്ക് അഭിമാനം കൊള്ളാം. ഇന്ത്യയെ ഒന്നായിക്കണ്ട മഹാൻ ഞങ്ങളുടെ മതനേതാവായിരുന്നു എന്നു പറയുന്നതിൽ അഭിമാനമുണ്ട്, അർഹതകളും അവകാശങ്ങളും പ്രഖ്യാപിക്കുന്ന കാര്യത്തിലും അങ്ങനെതന്നെ. ആ പാരമ്പര്യം തുടർന്നുപോരുകയും ചെയ്യുന്നു. സ്വാതന്ത്ര്യസമരകാലത്തും, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം രാജ്യഭരണത്തിലും സേവനരംഗങ്ങളിലും രാജ്യസംരക്ഷണത്തിലുമെല്ലാം ഞങ്ങളുടേതായ വിഹിതം വഹിച്ചിട്ടുണ്ട്, അത് തുടർന്നു പോരുകയും ചെയ്യുന്നു. സി.ജെ. വർക്കി, എ.ജെ. ജോൺ, ആർ.വി. തോമസ്, റ്റി.എം. വർഗീസ്, ജോൺ മത്തായി, പി.ജെ. തോമസ്, സി.പി. മാത്തൻ, പി.ടി. ചാക്കോ.... എന്നും അനുസ്മരിക്കപ്പെടുന്ന നാമങ്ങളത്രേ. ഞങ്ങളുടെ സഭ വേരുറച്ച്, അഭിവൃദ്ധിനേടി, വിപുലമായ മിഷനറി സാദ്ധ്യതകളും അഭിനിവേശങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ എല്ലാ രൂപതകളിലും ഞങ്ങളുടെ മിഷനറിമാർ സേവനമനുഷ്ഠിച്ചുപോരുന്നു. മിഷൻപ്രവർത്തനത്തിന്റെ മുഖ്യ പങ്ക് വഹിക്കുന്നതും അവർതന്നെ, കണക്കുകൾ സംസാരിക്കുന്നു: ഒരായിരം വൈദികർ, രണ്ടായിരം വൈദികാർത്ഥികൾ, നാലായിരം സഹോദിമാർ ഇങ്ങനെ പോകുന്നു മിഷൻരംഗത്തെ ഞങ്ങളുടെ ഭാഗഭാഗിത്വം. രൂപതകളിലും സന്യാ

www.malankaralibrary.com

സസംഘങ്ങളിലുമായി വളരെയേറെപ്പേർ മിഷൻ ജോലിക്കു പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. ചില രൂപതകളിൽ ബഹുഭൂരിപക്ഷവും ഞങ്ങളുടെ ആളുകൾതന്നെ. (നെല്ലൂർ,വൈശാഖ്, പട്ന, ആജ്മിർ, ആജ്മീരിൽതന്നെ 200 സഹോദരിമാർ) ഊട്ടി ബിഷപ്പ് ഞങ്ങളുടെ സഭാംഗം.

"വ്യക്തിയുടെയും, ഇടവക, രൂപതാസമൂഹങ്ങളുടെയും വിശ്വാസ, സ്നേഹ, ചൈതന്യത്തിന്റെ തോത് അളക്കുവാനുള്ള മാനദണ്ഡമാണ് വൈദികജീവിതത്തിലേക്കുള്ള ആഹ്വാനമെങ്കിൽ, ക്രിസ്തീയകുടുംബങ്ങളുടെ ധാർമ്മികനിലവാരസൂചനയെങ്കിൽ, സീറോമലബാർ എന്ന ഇന്ത്യൻസഭയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തലാണത്. സന്യാസസഭകളുടെ കാര്യമെടുത്താൽ, കാർമ്മലൈറ്റ്, കപ്പൂച്ചിൻ, ജസ്വിറ്റ്, സലേഷ്യൻ, വിൻസെൻഷ്യൻ, റെഡംപ്റ്ററിസ്റ്റ്, ടി.ഓ.ആർ. തുടങ്ങി മിക്കവാറും എല്ലാ സഭകളിലും അവർക്ക് പ്രാതിനിദ്ധ്യമുണ്ട്. ഇവയൊക്കെ ലത്തീൻസഭയിലെ സന്യാസ വിഭാഗങ്ങളാണ്; ഇത്രയേറെപ്പേർ സുറിയാനിസഭയിൽനിന്നായിരിക്കെ, എന്തുകൊണ്ട് ടി സഭകൾക്ക് സിറിയൻപ്രവിശ്യകൾ ഉണ്ടായിക്കൂടാ? ഞങ്ങളുടെ ആളുകൾ മുഖ്യമായി സേവനം നടത്തുന്ന രൂപതകളിൽ ചിലവ, എന്തുകൊണ്ട് സുറിയാനിരൂപതകളായി പരിവർത്തനപ്പെടുത്തിക്കൂടാ? ഈ മിഷണറിമാരത്രയും ഇന്ത്യൻസഭാംഗങ്ങളാണ്, മാനസാന്തരപ്പെട്ടവരും അതിനു തയ്യാറായി നിൽക്കുന്നവരും ഇന്ത്യൻപൗരന്മാരാണ്, ഇന്ത്യയുടെ സ്വന്തമായ സഭ ഇവിടെ പത്തൊമ്പതു നൂറ്റാണ്ടുകാലമായി നിലനിന്നുപോരുന്നു. അങ്ങനെയിരിക്കെ ഇവിടെ എന്തിന് ലത്തീൻസഭയെ കെട്ടിയേൽപ്പിക്കുന്നു? മിഷനറിമാരെ ഞങ്ങൾ നൽകുന്നു. അതേസമയം മിഷൻരംഗങ്ങളിൽ നിന്നു ഞങ്ങളെ മാറ്റി നിർത്തുകയോ? ഈ വൈകൃതത്തിന് സാധൂകരണമില്ലതന്നെ. പണിയെടുക്കാൻ ആൾ ഏറേ, പണിയാനിടമില്ല താനും!"

തഴച്ചുവളർന്നു മുന്നേറുന്ന ഇത്തരമൊരു സഭയുടെ ഗതിയെ തടഞ്ഞു നിറുത്തിയിരിക്കുന്നത്, ലത്തീൻകാർ അതിന്റെ മാർഗ്ഗത്തിൽ പ്രതിബന്ധങ്ങളെടുത്തിട്ടിരിക്കുന്നത്, ഈ വ്യക്തി സഭയുടെ വളർച്ചയ്ക്കെതിരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്, തീർച്ചയായും ദൈവസ്തുതിക്കായിട്ടല്ല, മനുഷ്യരുടെ പരിത്രാണമുദ്ദേശിച്ചുമല്ല, തീർച്ച. സുവിശേഷ പ്രചാരണത്തെ തടസ്സപ്പെടുത്തുന്നതാണോ മിഷനറി പ്രവർത്തനം? റോമാസഭ, അതായത് യൂറോപ്യരുടെ പള്ളിപ്രസ്ഥാനം ഇന്നും ഇന്ത്യയിൽ ആധിപത്യം നടത്തിക്കൊണ്ടിരിക്കുന്നു. അത് ഇന്ത്യയിലെ സഭയ്ക്ക് നാശം, സഭയെപ്പറ്റിത്തന്നെ ജനതയ്ക്കും ഗവൺമെന്റിനും ദുരാശങ്കയ്ക്കു കാരണവുമായിരിക്കുന്നു!. ബലപ്രയോഗത്താൽ മതപരിവർത്തനം നടത്തിയിട്ടുണ്ട്. ക്രൈസ്തവേതരെയല്ലാ, ക്രൈസ്തവരെത്തന്നെ! പതിനഞ്ചു നൂറ്റാണ്ടായിട്ടിവിടെ നിലനിന്നുപോരുന്ന സഭയെ ചുവടെ പറിച്ചുമാറ്റി ഒരു യൂറോപ്യൻ സഭാ സമൂഹത്തെ പ്രതിഷ്ഠിച്ചുറപ്പിക്കുക!! ഈ കാൽവയ്പിന്റെ പൊരുൾ ഇന്ത്യൻ ജനതയ്ക്കു തിരി

www.malankaralibrary.com

യും. ജനസമൂഹത്തെ മതപരിവർത്തനം ചെയ്യിക്കുകയും ഒരു മതസമൂഹത്തെ സൃഷ്ടിച്ചുറപ്പിക്കുകയും ചെയ്തത്, ചെയ്തുകൊണ്ടിരിക്കുന്നത് വൈദിക കോളനി മേൽക്കോയ്മ സ്ഥാപിക്കുന്നതിന്റെ പദംവച്ചു കയറ്റമായിരുന്നു! കത്തോലിക്കാ സഭയെ ഏകസംസ്കാരസമൂഹമാക്കുന്നത് വിശാല ലോകത്ത് അവൾക്കുള്ള യഥാർത്ഥസ്ഥാനം നിരസിക്കലത്രേ! ഇത് ദുരന്ത നാടകം, അതെപ്പറ്റി റോമാസഭയ്ക്ക് സ്വയം കുറ്റപ്പെടുത്താനും വിലപിക്കാനും ഇടവന്നിരിക്കുന്നു. കത്തോലിക്കാസഭ, റോമാ സഭയും, പാശ്ചാത്യലോകവും ലാറ്റിൻ സംസ്കാരവുമായി സ്വയം പരിമിതപ്പെടുത്തിയിരിക്കുന്നു. സഭകൾ പലതുണ്ട്, ഉണ്ടായിരിക്കുകയും വേണം, ഇവയെല്ലാം ഒരുമിച്ചാണ് മിശിഹായുടെ ഏക സഭയായിത്തീർന്നിരിക്കുന്നത്. ആ നിലയിൽ മാത്രമേ കത്തോലിക്കാസഭയ്ക്ക് അവളുടെ സാർവ്വത്രിക സ്വഭാവം അവകാശപ്പെടാനാകൂ. ഇപ്പോൾ പരിശുദ്ധപിതാവുതന്നെ സൂനഹദോസിൽ പരസ്യമായി കുറ്റമേറ്റു പറഞ്ഞിരിക്കെ, റോമനിതരസഭകൾക്ക് ഭാവിയെപ്പറ്റി നല്ല പ്രതീക്ഷയായിട്ടുണ്ട്. ദേശീയ സഭാകാര്യങ്ങൾ പ്രതിപാദിക്കാൻ ദേശീയ മെത്രാൻ സമൂഹങ്ങൾക്ക് വ്യവസ്ഥയായിരിക്കുന്നത്, പൂർവകാലങ്ങളിലുണ്ടായ തെറ്റുകൾ ആവർത്തിക്കാതിരിക്കേണ്ടതിലേക്കു കരുതുന്ന, നേർവഴിക്കുള്ള ഒരുന്നത പരിപാടിതന്നെയായിരിക്കുന്നു. എന്നാൽ, പൗരസ്ത്യ സഭാവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ദേശീയസഭാതലവനായ പാത്രിയാർക്കീസിനെ കൂടാതെയുള്ള മെത്രാൻസംഘങ്ങൾ നിരർത്ഥകമാണ്. ഇത്തരത്തിലുള്ള ഒരു പാത്രിയാർക്കിനെ നിയമിച്ചുകിട്ടാൻ ഞങ്ങൾ അഭ്യർത്ഥിക്കുകയും അപേക്ഷിക്കുകയുമാണ്.

ഇത്തരത്തിൽ ഒരു പൊതുഭരണാധികാരി ഞങ്ങളുടെ സഭയ്ക്ക് ഇല്ലെന്നുള്ളത് മനശല്യത്തിനുതന്നെ കാരണമായിത്തീർന്നിരിക്കുന്നു. ഞങ്ങളുടെ സഭയുടെ ക്ഷേമൈശ്വര്യങ്ങളിൽ താൽപര്യമെടുക്കാനോ, അതിനുവേണ്ട ഉപാധികൾ തേടാനോ ആരുമില്ലാത്ത സ്ഥിതിവിശേഷം! വിവിധതരപ്രശ്നങ്ങൾ – സാമൂഹികം, രാഷ്ട്രീയം, ആത്മീയം, ധാർമ്മികം, പള്ളികാര്യങ്ങളും വേദപ്രചാരകാര്യങ്ങളും – എല്ലാം മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. അത് സഭാതലത്തിലുമാണ്. നോക്കാനാളില്ലാത്തൊരവസ്ഥ! കേരളത്തിനു വെളിയിൽ കഴിയുന്ന, ഞങ്ങളുടെ ആളുകളുടെ കാര്യമാണ് മനസ്സിനേറ്റമധികം വ്യഥയ്ക്കു കാരണമായിരിക്കുന്നത്. അവർ രൂപതയ്ക്കു വെളിയിലായതിനാൽ, ഞങ്ങളുടെ മേലദ്ധ്യക്ഷന്മാർക്ക് ഒന്നും ചെയ്യാനാകുന്നില്ല. ലത്തീൻ ബിഷപ്പുമാർക്ക് അതിൽ താൽപര്യം വരേണ്ട കാര്യവുമില്ല. മതനിഷ്പക്ഷതയും മതരാഹിത്യവും കൂടിക്കൂടിവന്നുകൊണ്ടിരിക്കുന്നു. മതപഠനം, കൂദാശാ സ്വീകരണം, കത്തോലിക്കാ സമ്പർക്കങ്ങൾ ഒന്നുംതന്നെ അവർക്കാകാവുന്നതല്ല. ഇതിനൊക്കെ ആര് ഉത്തരവാദി? നിവേദനങ്ങൾ എല്ലാത്തലത്തിലുമുള്ള അധികാരികളുടെയും പക്കലെത്തിച്ചിട്ടുണ്ട്. രൂപതാദ്ധ്യക്ഷന്മാർ

www.malankaralibrary.com

മുതൽ വത്തിക്കാൻ പ്രതിനിധിവരെ, റോമിലെ അത്യുന്നത അധികാര കേന്ദ്ര മായ പ്രൊപ്പഗാന്തയിലും, പൗരസ്ത്യ സംഘത്തിലും, പരിശുദ്ധ പിതാവിന് നേരിട്ടും നിവേദനമയച്ചു നോക്കി. ഫലം നാസ്തി! ഇന്നുവരെ ഒരു പ്രയോ ജനവും ഉണ്ടായിട്ടില്ല. പ്രൊപ്പഗാന്താദ്ധ്യക്ഷൻ കർദ്ദിനാൾ അഗജ്യാൻജൻ, ദില്ലിയിലെത്തിയ അവസരത്തിൽ അവിടുത്തെ സുറിയാനി കത്തോലിക്കർ നിവേദനം നേരിട്ടു സമർപ്പിച്ചു നോക്കിയിട്ട് മൂന്നു വർഷമായിരിക്കുന്നു. ഒരു നടപടിയുണ്ടായിട്ടില്ല. തീർത്തും വ്യസനകരം എന്നു പറയേണ്ടിവന്നിരിക്കു ന്നൊരവസ്ഥ! ഇന്റർനൺഷ്യോ, പ്രശ്നത്തിൽ നിന്നൊഴിഞ്ഞുമാറുന്നു. മാത്രമോ? ഇന്ത്യൻ പൗരസ്ത്യസഭ വളർന്നു വരുന്നതിനോട് അനുഭാവമി ല്ലാത്തയാളാണദ്ദേഹമെന്നത് ബഹുജനവിദിതം. ഇന്ത്യയിലെ മദ്ധ്യപ്രദേശ് സംസ്ഥാനത്ത് ഞങ്ങൾക്കായി തയ്യാറായിവരുന്ന മിഷൻരൂപത, പത്തു വർഷത്തെ പ്രതീക്ഷ കഴിഞ്ഞിട്ടും ഒരു യാഥാർത്ഥ്യമായിട്ടില്ല എന്ന കാര്യം ഈ ബോദ്ധ്യത്തെ ബലപ്പെടുത്തുന്ന തെളിവായി നിൽക്കുന്നു! വളരെ ചുരുക്കം പേരൊഴിച്ച് ഇന്ത്യയിലെ ലത്തീൻ രൂപതാദ്ധ്യക്ഷന്മാരെല്ലാം ഇന്ത്യൻ സഭയുടെ കാര്യത്തിൽ ശത്രുതാമനോഭാവമാണ് കാട്ടിക്കൊണ്ടിരിക്കുന്നത്. അവരുടെ നിലപാട് ഏറെ അപലപനീയം! "റീത്തു കളഞ്ഞിട്ടുള്ള സഭാ വ്യാപ്തി ഞങ്ങൾക്കാവശ്യമില്ല" - പറഞ്ഞത് അല്ലഹബാദ് ബിഷപ്പ് റൈമ ണ്ട്, 1953 ൽ റോമിലെ പ്രപ്പഗാന്താ ആഡിറ്റോറിയത്തിൽ! കർദ്ദിനാൾ തിസ്സ രാങ്ങ് പൗരസ്ത്യവകുപ്പ് അദ്ധ്യക്ഷനായിരുന്ന കാലത്ത്, ബോംബെയിലെ സുറി യാനി കത്തോലിക്കർക്ക് സുറിയാനി വൈദികരെ നൽകാൻ ഏർപ്പാടാക്കിയി രുന്നു. പക്ഷേ, ഈ പദ്ധതിയ്ക്കെതിരെ ടോപ്പിഡോ വിക്ഷേപിച്ചത് അവിടുത്തെ കർദ്ദിനാൾ ആർച്ചുബിഷപ്പ് വലേര്യൻ ഗ്രേഷ്യസ്.

ഇന്ത്യയിലെ ചില ലത്തീൻ രൂപതകളിൽ ലത്തീൻ കത്തോലിക്കരെ ക്കാളധികം സുറിയാനി കത്തോലിക്കരാണുള്ളത്. ഭോപ്പാൽ അതിരൂപത ഒരുദാഹരണമാണ്. അവിടെ ലത്തീൻ കത്തോലിക്കർ അഞ്ഞൂറുമാത്രം, സുറി യാനി കത്തോലിക്കർ ആയിരത്തിൽപരം, അകത്തോലിക്കാ സുറിയാനിക്കാർ അതിലുമധികം. മലയാളി പട്ടണങ്ങൾ എന്നു പറയാവുന്ന ഭീലായി, റൂർക്ക ല, ജംഷഡ്പൂർ, റാഞ്ചി തുടങ്ങിയ വ്യവസായ കേന്ദ്രങ്ങൾ ഇതേ ചിത്ര മാണു നൽകുന്നത്. മുപ്പതിനായിരം കത്തോലിക്കരും അതിലധികം അക ത്തോലിക്കരുമുള്ള ബോംബെ നഗരം, നമ്മുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കു ന്നു. രാഷ്ട്രതലസ്ഥാനമായ ന്യൂ ദില്ലിയിൽ കാണുന്ന ചിത്രവും ഇതുത ന്നെ, പട്ടാള കേന്ദ്രങ്ങളും സർകലാശാല പ്രദേശങ്ങളും കൂടെ ഇതോടൊപ്പ മെടുക്കുക. അത്യന്താടിയന്തിരസ്വഭാവമുള്ളതാണു ഇവിടങ്ങളിൽ നിന്നുള്ള ആഹ്വാനം. അവരോട് നമുക്ക് ഒരുത്തരവാദിത്വവുമില്ലേ? "അജപാലനശ്രദ്ധ കാര്യക്ഷമമാകണമെങ്കിൽ, ഇടയനായ ബിഷപ്പ് സജനത്തോടൊപ്പമുണ്ടാ യിരിക്കണം." മോൺറിയാൽ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ലെജറിന്റെ ഈ

www.malankaralibrary.com

വാക്കുകൾ സുനഹദോസിന്റെ ഇക്കഴിഞ്ഞ സമ്മേളനത്തിൽ മുഴങ്ങിക്കേട്ട താണ്. നോക്കി പരിചരിക്കാൻ വൈദികർ പോലുമില്ലാത്തപ്പോൾ, അതിനുള്ള സാദ്ധ്യതതന്നെ നിരോധിക്കപ്പെടുമ്പോൾ അജപാലനത്തെപ്പറ്റി പറയാനെ ങ്ങനെ സാധ്യമാകും? സുറിയാനി കത്തോലിക്കർ ഗണ്യമായ സംഖ്യയുള്ള സ്ഥലങ്ങളിൽ സുറിയാനി മെത്രാന്മാരെ എന്തുകൊണ്ട് നിയമിച്ചുകൂടാ? മദ്രാസ് നഗരം വിശേഷമായിട്ടതർഹിക്കുന്നു. ഞങ്ങളുടെ പിതാവ് മാർത്തോ മ്മാശ്ലീഹായുടെ കുടീരവും അതോടു ബന്ധപ്പെട്ട മറ്റു സ്ഥലങ്ങളും മൈലാ പ്പൂരിലാണ്. പദ്രോവാദോ നിർത്തൽ ചെയ്തപ്പോൾ മൈലാപ്പൂർ രൂപത ഞങ്ങൾക്ക് ഏൽപ്പിച്ചു തരാമായിരുന്നു. ഏൽപ്പിച്ചു തരേണ്ടതായിരുന്നു. പോരെങ്കിൽ ഇത്രയേറെ സുറിയാനി കത്തോലിക്കർ വസിക്കുന്ന മദ്രാസിൽ ഒരു സുറിയാനി മേലദ്ധ്യക്ഷൻ ഉണ്ടായിരിക്കുക എന്നത് നീതി മാത്രമാണ്. ഞങ്ങളുടെ നിവേദനങ്ങൾ മിക്കപ്പോഴും ബധിരശ്രവണേന്ദ്രിയങ്ങളിലാണെ ത്തിയത് എന്നു പ്രസ്താവിക്കാൻ ഞങ്ങൾ നിർബന്ധിക്കപ്പെട്ടുപോകുന്നു. ഒരിക്കൽകൂടി ഞങ്ങളുടെ പരാതികൾ ഞങ്ങൾ സമർപ്പിക്കുന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളായ ഞങ്ങളെപ്പറ്റിയാണ് ഇതുവരെ ഞങ്ങൾ പ്രതിപാദിച്ചത്. എന്നാൽ ഞങ്ങളുടെ മിഷണറിമാരുടെ അദ്ധ്വാന ഫലമായ കത്തോലിക്കരുടെ കാര്യം കൂടെ പരിഗണിച്ചാൽ, വൈശാഖ്, നെല്ലൂർ, പാട്നാ.... രൂപതകളും നേരത്തെയുള്ള കൊച്ചി, വരാപ്പുഴ രൂപത കളും ഞങ്ങൾക്കു തിരിച്ചു തരേണ്ടിവരും. വിജയപുരം, കോഴിക്കോട്, ഊട്ടി, ആഗ്രാ, മീററ്റ്, ഭോപ്പാൽ, റയ്പൂർ..... വേറെയും പലതു നിലനിൽക്കാൻ തന്നെ അർഹമല്ല. ഇടയ്ക്കിടെ പുതിയ രൂപതകൾ സ്ഥാപിക്കുന്നു. ജംഷ ഡ്പൂർ, ഡുംഖ, ചിക്ക്മംഗലൂർ എന്നിങ്ങനെ...... ഞങ്ങളുടെ കാര്യം വരു മ്പോൾ അർഹിക്കുന്നവതന്നെ, മാറ്റിവെയ്ക്കുന്നു, വേണ്ടെന്നു വെയ്ക്കുന്നു. ലത്തീൻകാർക്കുവേണ്ടിയോ, മറ്റു പൗരസ്ത്യർക്കുവേണ്ടിപോലുമോ, എത്ര എത്ര രൂപതകൾ ഇതിനകം നിലവിൽ വരുമായിരുന്നു? ബ്രസീലിലും അർജെ ന്റൈനിലും 1,50,000/- പൗരസ്ത്യകത്തോലിക്കർക്കായി എക്സാർക്കമാരു ണ്ട്, ഓഷ്യാനിയയിൽ 30,000 റുത്തേനിയർക്ക് എക്സാർക്കുണ്ട്, ജർമ്മനി യിൽ 20,000 പേർക്കുണ്ട്. ഏതാനും ആയിരങ്ങൾ മാത്രമുള്ള ആസ്ത്രേലി യ, ഫ്രാൻസ്, ഇംഗ്ലണ്ടിലുമൊക്കെ എക്സാർക്കുമാരുണ്ട്. അമേരിക്കയിലും കാനഡയിലും ഹയരാർക്കികൾതന്നെ സ്ഥാപിച്ചുകഴിഞ്ഞു പൗരസ്ത്യർക്കാ യി. ജനസംഖ്യാ പട്ടിക ഞങ്ങൾ നീട്ടുന്നില്ല. പാശ്ചാത്യ രാജ്യങ്ങളിൽ മഹാ ഭൂരിപക്ഷവും പ്രോട്ടസ്റ്റന്റായ ഇംഗ്ലണ്ടിൽപോലും പട്ടാളക്കാർക്കായി രൂപത ഏർപ്പാടായിട്ടുണ്ട്, കലാശാലകൾക്കായി പരിഗണിച്ചുകൊണ്ടിരിക്കുന്നു. ഇതി ന്റെയൊക്കെ വെളിച്ചത്തിൽ ചിതറിക്കിടക്കുന്ന ഞങ്ങളുടെ ആളുകൾക്കാ യി, പേരേതായാലും രൂപമേതായാലും, ഇടയന്മാരെ നിയമിച്ചു കിട്ടുകയാണ് ഉടനടി ഉണ്ടാക്കേണ്ടതായ നീക്കം. "ഇടയനില്ലാത്ത ആടുകൾ."

www.malankaralibrary.com

ഇന്ത്യയിലെ ഏഴുപതിൽപരം രൂപതകളൊന്നിച്ചെടുത്തിട്ടും ആറുദശ ലക്ഷം കത്തോലിക്കർ മാത്രമാണുള്ളത്. ഇതിൽ രണ്ടര ദശലക്ഷം കേരള ത്തിലാണ്. സുറിയാനി, ലത്തീൻ, 2:1 അനുപാതത്തിൽ. അടുത്ത സ്ഥാനം തമിഴ്നാടിനാണ്, ഒന്നേകാൽ ദശലക്ഷം. ഗോവയും ബോംബെയും ഗണ്യ മായി കത്തോലിക്കരുള്ള സ്ഥലങ്ങൾ തന്നെ. റാഞ്ചിയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളും പ്രതീക്ഷ നൽകുന്ന മിഷൻ കേന്ദ്രങ്ങളാണ്. വെറും ബിന്ദു ക്കൾ, പൊട്ടുകൾ എന്നു മാത്രം പറയാവുന്ന ഈ ക്രിസ്തീയ കേന്ദ്രങ്ങളൊ ഴിച്ചാൽ വിശാലമായ ഇന്ത്യ ഒരു മരുഭൂമിതന്നെ. ക്രിസ്തുമതത്തെ സംബ ന്ധിച്ച്, മിഷനറി പ്രവർത്തനം അത്ര ആശാവഹവുമല്ല. മതപരിവർത്തനം പൂർണ്ണമായിത്തന്നെ കീഴേക്കിടവിഭാഗങ്ങളിൽ നിന്നാണ്, അതുതന്നെ മന്ദ ഗതിയിലായിട്ടുണ്ട്, ബാഹ്യപ്രേരണ പ്രധാനം. അതുനിമിത്തം എതിർപ്പ് നാനാഭാഗത്തുനിന്നും, ഇത്ര അടിയന്തിരാവശ്യം ഭൂമിയുടെ ഈ ഭാഗത്തു ണ്ടായിരിക്കേ, മിഷണറിമാരെന്ന് പടിഞ്ഞാറൻ നാടുകളിൽ നിന്ന് ഇങ്ങോട്ടു വരുന്നവരുടെ പ്രവർത്തനം ഏതുതരം? "പൗരസ്ത്യരെ ശല്യപ്പെടുത്തുക, അവരുടെ സഭാനീക്കങ്ങളെ തടസ്സപ്പെടുത്തുക!" അതാണവരുടെ മുദ്രാവാ ക്യമെന്നുതോന്നും. മാറിവന്നിരിക്കുന്ന ചുറ്റുപാടുകളിൽപോലും വൈദികരും മേൽപട്ടക്കാരുമുൾപ്പെട്ട മിഷനറിഗണം ഇന്ത്യൻസഭയുടെ അവകാശങ്ങൾ അംഗീകരിക്കാൻ സന്നദ്ധരായിട്ടില്ല. പ്രതിബന്ധങ്ങളുണ്ടാക്കാനുള്ള ശ്രമ ത്തിലാണവർ. ബോംബെ ആർച്ചുബിഷപ്പിനെപ്പോലുള്ളൊരു വ്യക്തി നമു ക്കെതിരെ നിർഭാഗ്യകരമായ പ്രസ്താവനകൾ നടത്തിക്കഴിഞ്ഞിരിക്കുന്നു. മുൻകാലങ്ങളിലെ ഡെലഗേറ്റുമാർക്കും അവരുടെ തുടർച്ചയായ ഇക്കാലത്തെ പ്രൊനുൺഷ്യോമാർക്കും ഞങ്ങൾക്കെതിരായി പ്രവർത്തിച്ചതിന്റെ മനസാ ക്ഷിഭാരം മാറ്റിക്കളയാൻ പറ്റുന്നതല്ല. ഞങ്ങളുടെ അവകാശ സംരക്ഷണ ത്തിനായി സംസാരിക്കേണ്ട അവസരങ്ങളിൽ ഞങ്ങളുടെ വായ് മൂടിക്കെട്ടി യതിന്റെ പാപഭാരം അവർ വഹിക്കുകതന്നെവേണം. "ദ്വയാധികാര''മെന്ന പേടിസ്വപ്നം അവരെ സദാ അലട്ടിക്കൊണ്ടിരിക്കുന്നതായി തോന്നിപ്പോകും. എന്നാൽ കേരളത്തിൽ നിന്നു പോരുന്ന ദ്വയാധികാര, ത്രൈയാധികാര, ചതുർത്ഥാധികാര അധികാരമണ്ഡലങ്ങൾ അവരുടെ അടിസ്ഥാനരഹിതഭ യപ്പാടിനെതിരെയുള്ള തെളിവു തന്നെയാണ്. വാസ്തവത്തിൽ ഇടർച്ചക ളുണ്ടായിട്ടുണ്ട്. പക്ഷേ, അതു ലത്തീൻ വിഭാഗക്കാരുടെയിടയിൽത്തന്നെ യായിരുന്നു. അത്തരമൊരു ഭീതി ഉണ്ടെന്നിരിക്കട്ടെ. എന്നാൽതന്നെ ഒരു സഭയെ ശ്വാസംമുട്ടിച്ച് ഇല്ലായ്മചെയ്യുന്നതിന് അതു ന്യായമാകുമോ? ലോകത്തു പല സ്ഥലങ്ങളിൽ വിവിധ ഗ്രൂപ്പുകളിൽപ്പെട്ട കത്തോലിക്കർ ഒരുമിച്ചു വസിച്ചു പോരുന്നു. ഒരു പ്രശ്നവും സൃഷ്ടിക്കാതെ. ഉദാഹരണ ത്തിന് യു.എസ്.എ. യിൽ 25 സഭാപ്രവിശ്യകളിൽ 21 വിവിധ പൗരസ്ത്യ ഗ്രൂപ്പുകാരുള്ളതാണ്. അത്രയുംതന്നെ നൈയാമിക അധികാരങ്ങളും ആ

www.malankaralibrary.com

സ്ഥലഭാഗത്തുണ്ട്. ഇവയിൽ ഒന്നിൽപോലും അവർ ലത്തീൻ രൂപതാദ്ധ്യക്ഷന്റെ കീഴിലല്ല. അവർക്കൊക്കെ അവരുടെ വൈദിക നേതാക്കളുണ്ട്. അർമേനിയൻ, യുക്രൈൻ, മാറനൈറ്റ്, സിറിയൻ, കാൽഡിയൻ, മെൽക്കൈറ്റ് എല്ലാ വിഭാഗക്കാരും ലോകത്തെമ്പാടും സ്വതന്ത്രരായി കഴിയുന്നു. അവരവരുടെ ഹയരാർക്കിയോടും ലിറ്റർജിയോടും കാനോനകളോടുംകൂടെ. നമ്മുടെ ഈ ഇന്ത്യയിൽതന്നെ ജേക്കബൈറ്റ്, മാർത്തോമ്മാ തുടങ്ങിയ നമ്മുടെ സ്വന്തമാളുകൾ - അകത്തോലിക്കർ - എവിടെ ആയിരുന്നാലും സ്വന്തം പള്ളികളും സ്ഥാപനങ്ങളുമായി കഴിയുന്നു. അവരുടെ കേന്ദ്രങ്ങളിൽപോയി സന്ദർശനം നടത്തുന്ന മിഷനറി ബിഷപ്പുമാരും അവർക്കുണ്ട്. മദ്രാസ്, ബോംബെ, കൽക്കട്ടാ നഗരങ്ങളിലും ഇന്ത്യക്കുപുറത്ത് മലയാ, സിംഗപ്പൂർ, ഈസ്റ്റ് ആഫ്രിക്കാ ദേശങ്ങളിലും അവർക്ക് അവരുടെ പള്ളികളും സ്ഥാപനങ്ങളും സംഘടനകളുമുണ്ട്. കഴിഞ്ഞ മെയ് മാസത്തിൽ ഇന്ത്യ സന്ദർശിച്ച യാക്കോബായ പാത്രിയാർക്കീസ് ദില്ലിയിൽ വീണ്ടുമൊരു പള്ളിക്കു കല്ലിടുകയുണ്ടായി. കത്തോലിക്കരായ ഞങ്ങൾമാത്രം നിരോധിക്കപ്പെട്ടിരിക്കുന്നു സ്വന്തം നാട്ടിൽ ഇറങ്ങി നടക്കാൻ, മതമനുഷ്ഠിക്കാൻ. പ്രചാരണത്തിന്റെ കാര്യം പറയുകയേ വേണ്ട. മറ്റെല്ലാ പൗരവിഭാഗങ്ങളും അതനുഭവിക്കുകയും ചെയ്യുന്നു! കത്തോലിക്കാവിശ്വാസം അനുഷ്ഠിക്കുന്നതിനു ശിക്ഷയോ ഇത്? ഈ അവസ്ഥ റീത്തുപരിവർത്തനത്തിനായി നടത്തുന്ന ബലപ്രയോഗമായി കരുതാനേ കഴിയുന്നുള്ളു. ഏതുവിധം നോക്കിയാലും ഇത് ഞങ്ങളുടെ അവകാശലംഘനമാണ്, തീർച്ചയായും, സത്യമായും.

ഭൂപരിധിവച്ചുള്ള രൂപതാവിഭജനം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ദ്രോഹപരമാണ്, ഉപദ്രവകരമാണ്. യൂറോപ്പിനു പറ്റിയതായിരിക്കും. പക്ഷേ ജാതി - വർഗ്ഗ - വർണ്ണ പരിഗണനയ്ക്കാണിവിടെ സ്ഥാനം, പ്രാധാന്യം, ഭൂപരിധിക്കല്ല. തന്നിമിത്തം ഇന്ത്യയിൽ ഭൂപരിധിവച്ച് അധികാരം സഭാദ്ധ്യക്ഷർക്ക് നൽകാതിരിക്കേണ്ടതാണ് ആവശ്യം. ഓരോ വിഭാഗത്തിന്മേലും വ്യക്ത്യാധിഷ്ഠിതാധികാരമാണ് ആവശ്യം. പാത്രിയാർക്ക് ഉണ്ടാകണം. അദ്ദേഹത്തിനു മാത്രമാണ് ഇന്ത്യൻ മണ്ണിൽ സഭാധികാരം.

ഉത്തരാഫ്രിക്കയിൽ അൽജീറിയയിൽനിന്ന്, ടുണീഷ്യയിൽ നിന്ന് ഫ്രഞ്ചുകാർ പിൻവാങ്ങിയപ്പോൾ പരിശുദ്ധ സിംഹാസനം സ്വീകരിച്ച നടപടി എന്തായിരുന്നു? അവിടത്തെ ഒരുനൂറു പള്ളികളിൽ തൊണ്ണൂറ്റിയൊൻപതും രാഷ്ട്രത്തിനു വിട്ടുകൊടുത്തു. മിക്കതും മുസ്ലീം പള്ളിയാക്കി മാറ്റാൻ. ഇവിടെ ഇന്ത്യയിൽ ഇത്തരമൊരു അവകാശവാദത്തിന് ഞങ്ങൾ മുതിരുന്നില്ല. എല്ലാ ലത്തീൻപള്ളികളും വിട്ടുതരണമെന്ന്, മുൻകാലങ്ങളിൽ ഞങ്ങളിൽ നിന്ന് പിടിച്ചെടുത്തവപോലും.

നിലനിൽപ്പിനാവശ്യമായ ഏറ്റം കുറഞ്ഞതെങ്കിലും കിട്ടുമോയെന്നറിയാൻ ഞങ്ങൾ കാത്തിരിക്കുകയാണ്. ഞങ്ങളുടെ സഭയ്ക്ക് പാത്രിയാർക്ക്

www.malankaralibrary.com

പദവിയുള്ള സഭാനാഥനെ നിയമിച്ചു കിട്ടുക. ഇന്ത്യയിൽ പലയിടത്തായി ആവശ്യാനുസരണം വൈദികാദ്ധ്യക്ഷരും.

12-ാം പീയൂസ് മാർപ്പാപ്പ പ്രഖ്യാപനത്തിൽ പറഞ്ഞതുപോലെ ഏറ്റം വിഷമം പിടിച്ച ചുറ്റുപാടുകളിൽ വിശ്വാസം സംരക്ഷിച്ച മാർത്തോമ്മാമക്കളെന്നാണ് ഞങ്ങൾ അറിയപ്പെടുകയും അനുസ്മരിക്കപ്പെടുകയും ചെയ്തു പോന്നിട്ടുള്ളത്. ഇതിലും പ്രയാസമേറിയ സാഹചര്യങ്ങൾ ഇനിയുമുണ്ടാകാം. പരിശുദ്ധ സിംഹാസനത്തിന്റെ പൈതൃകപരിഗണനയും ലോകത്തെമ്പാടുമുള്ള ക്രൈസ്തവസമൂഹങ്ങളുടെ ഭ്രാതൃഭാവവുമാണ് ഞങ്ങൾക്കാവശ്യം.

സമസ്തേന്ത്യാനിലവാരത്തിൽ പ്രാചീനമഹത്വത്തിൽ മാർത്തോമ്മാ സിംഹാസനം പുനസ്ഥാപിച്ചു കിട്ടുകയും ഇന്ത്യയുടെ സഭായായിട്ടതിനെ പ്രഖ്യാപിക്കുകയും എല്ലാ അവശതകൾക്കുമങ്ങനെ നിവാരണമുണ്ടായിക്കാണാൻ ഇടവരണം. ഇതാണ് ഞങ്ങളുടെ പ്രാർത്ഥന.

സ്വയംഭരണത്തിന് ഇത്തരമൊരു ക്രമീകരണമുണ്ടായാൽ തിരുസിംഹാസനത്തിന്റെ തലവേദനകൾ പലതും ഇല്ലാതാകും. നിക്ഷിപ്ത താൽപര്യങ്ങൾ നിമിത്തമുണ്ടായിട്ടുള്ള അവശതകൾക്കൊരവസാനമുണ്ടാകും. താൽപര്യപൂർവ്വം ഞങ്ങൾ നോക്കിയിരിക്കുകയാണ് പൗരസ്ത്യസഭാകാര്യങ്ങളിൽ തിരുസിംഹാസനവും രണ്ടാം വത്തിക്കാൻ കൗൺസിലും എന്തു താൽപര്യമെടുക്കുന്നുവെന്നു കാണാൻ, എങ്ങിനെ പഴയകാല പിഴകൾ തിരുത്തി പരിഹാരമുണ്ടാക്കുന്നുവെന്നു കാണാൻ, മാറിനിൽക്കുന്ന സഭാവിഭാഗങ്ങൾ പ്രത്യാശയോടെ റോമിലേക്ക് ദൃഷ്ടി തിരിക്കുന്നതു കാണാൻ.

ബദൽ ലത്തീൻ പാത്രിയർക്കാസ്ഥാനങ്ങൾ നിർത്തലാക്കി, മാറിനിൽക്കുന്ന സഭകളുമായി നിരുപാധികമായ തുറന്ന സംഭാഷണം - എല്ലാം ഇതിനു തെളിവായിരിക്കുന്നു.

മറ്റു പൗരസ്ത്യ സഭകളുമായിട്ടൊത്തു നോക്കുമ്പോൾ "ഞങ്ങൾ" പരിഗണനയിൽ വരാൻ മാത്രമുണ്ട്. സംഖ്യയിൽ യുക്രേനിയർ മാത്രമേ ഞങ്ങളിൽ കൂടുതൽ വരുന്നുള്ളു. എണ്ണത്തിൽ സീറോ മലബാർ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. നമ്മുടെ കാലത്തെ ഏറ്റം തഴച്ചുവളരുന്ന സഭയെന്നു പറയാം (കാർഡിനൽ ക്യൂസ) എന്നിട്ടും അസ്തിത്വമില്ലാത്ത മട്ടിലുള്ള അവഗണന ഞങ്ങൾക്ക്. തീരെ ചെറിയ സഭകളായ മറ്റുള്ളവയോടെങ്ങനെ വർത്തിക്കുന്നുവെന്നു നോക്കുക. ഒരു പാത്രിയാർക്കിനെ നിയമിച്ചാൽ മാത്രമേ ഞങ്ങളുടെ സ്ഥിതി ഉറപ്പാക്കാനാവൂ. ഞങ്ങളുടെ ആശങ്കകൾക്കു ശമനം വരൂ.

കാലോചിതമായ മിഷനറി പ്രവർത്തനത്തിന്റെ അടിയന്തിരസ്വഭാവത്തെ ആധുനികപാപ്പാമാർ ഊന്നിയുറപ്പിച്ചിട്ടുള്ളതാണ്. പിരിഞ്ഞുപോയ സഹോദരങ്ങളോടുള്ള സമീപനംപോലും പാടേ മാറിക്കഴിഞ്ഞിരിക്കുന്നു.

www.malankaralibrary.com

മേല്പട്ട ശുശ്രൂഷയുടെ അജപാലന ധർമ്മം സുഗ്രാഹ്യമായി അവതരിപ്പിച്ചിട്ടുമുണ്ട്. പ്രേഷിത പ്രവൃത്തിയുടെ കാതൽ ദൈവസ്നേഹമാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഭാഷ വശമില്ലാത്തവർക്ക്, ബലപ്രയോഗവും ചൂഷണവും തൊഴിലാക്കിയവർക്ക് ദൈവസ്നേഹം എങ്ങനെയുണ്ടാകും? ദൈവകരങ്ങളുടെ വിശിഷ്ടശില്പമായ സഭയുടെ സൗന്ദര്യമാസ്വദിക്കാൻ സന്മനസ്സുള്ളവർക്കുകൂടെ കഴിയാതെ പോകുന്നു. അതിനുള്ളിലുള്ളവർ പരത്തുന്ന പുകമറ നിമിത്തം, ചുക്കാൻ പിടിക്കുന്നവരിൽനിന്നും പ്രത്യേകിച്ചും അകത്തോലിക്കർ വിട്ടുമാറി നിൽക്കുന്നതിനെ നമുക്കു കുറ്റപ്പെടുത്താനാകുമോ? പതിനാറും പതിനേഴും നൂറ്റാണ്ടുകളിലെ മിഷനറിമാരായിരുന്നില്ലേ ഇന്ത്യയിലെ സഭയിലുണ്ടായ വേദന നിറഞ്ഞ സംഭവപരമ്പരകൾക്ക് കാരണക്കാർ? ഇന്ത്യയിലെ ഇന്നത്തെ മിഷനറിമാർക്ക് അൽപ്പമെങ്കിലും മേന്മ കൂടുതലുണ്ടോ? കേരളത്തിലെ പൗരസ്ത്യ കത്തോലിക്കർ എന്തു കാരണത്താൽ മിഷൻ ഏറ്റെടുക്കുന്നതിൽനിന്ന് തടയപ്പെട്ടിരിക്കുന്നു? അവർക്കു മനസ്സില്ലാഞ്ഞിട്ടോ, കഴിവില്ലാഞ്ഞിട്ടോ? അവരിൽ ഇത്രയധികം പേർ ലത്തീൻമിഷനുകളിലും സന്ന്യാസ സമൂഹങ്ങളിലും പ്രവേശനം തേടി അംഗങ്ങളാകുന്നു? സഭാസംബന്ധമായ കാര്യങ്ങളന്വേഷിച്ച് ഇന്ത്യയിലെ മിഷനുകളെയും മിഷൻ പ്രവർത്തനങ്ങളെയും വിലയിരുത്താൻ ഒരു കമ്മീഷനെ നിയമിക്കുന്നപക്ഷം, ഇന്നത്തെ സങ്കടകരമായ അവസ്ഥയ്ക്കുള്ള കാരണങ്ങൾ പലതാണെന്നു കാണാൻ കഴിയും. ഇവയിലൊന്ന് തീർച്ചയായും ഇന്ത്യൻസഭയിലെ ആൾശേഷി പ്രയോജനപ്പെടുത്തുന്നതിൽ കാണിക്കുന്ന ഉപേക്ഷതന്നെ. മറ്റൊന്ന് സാധൂകരിക്കാനാവാത്ത വൃഥാവ്യയവും പാഴ്വേലയും. അനാരോഗ്യകരമായ അസൂയയും ആധിപത്യബോധവും വരുത്തിവയ്ക്കുന്ന ധനനഷ്ടം, ഊർജ്ജനഷ്ടം തുടങ്ങി വിഭവചേതവും, മേൽപ്പട്ടക്കാർക്ക് ആകമാനസഭയോട് പ്രതിബദ്ധതയും ഉത്തരവാദബോധവുമുണ്ടെന്നാണ് വയ്പ്. പക്ഷേ, എന്തൊരു വൈരുദ്ധ്യമാണ് ഇവിടെ നാം കണ്ടുകൊണ്ടിരിക്കുന്നത്? ഇടയനില്ലാതെ അലയുന്ന അജഗണങ്ങൾക്കായി വൈദികസേവനത്തിനു സൗകര്യമുണ്ടാക്കാനുള്ള ന്യായയുക്തശ്രമങ്ങളെല്ലാം അപ്പാടെ തിരസ്കൃതമാകുന്നു!

നൂറ്റാണ്ടുകളായി സഭ ഈ മണ്ണിൽ ആഴത്തിൽ വേരിറങ്ങി നിൽക്കുന്നു. നാടിന്റെ, രാഷ്ട്രത്തിന്റെ ചേതനയ്ക്കും പാരമ്പര്യത്തിനും അനുഗുണമായി ഇന്ത്യയുടെ ശ്ലൈഹികസഭ തഴച്ചു വളർന്ന് വൈവിദ്ധ്യത്തിൽ ഫലപുഷ്ഠമായി നിൽക്കുന്നു. അംഗീകാരത്തിനായി അത്യുച്ചത്തിൽ നിലവിളിക്കുകയാണ് ഈ സഭ.

ഇത്തരമൊരുസഭയ്ക്ക് നീതി നിഷേധിക്കുന്നത്, അതിനെ ബന്ധിച്ച് ബലഹീനമാക്കുന്നത് അകമാനസഭയ്ക്ക് ഹാനികരമാകുന്നു. രാഷ്ട്രത്തെ നിന്ദിക്കുന്ന ഈ നടപടിയെ സുബുദ്ധിയുള്ളവരൊക്കെ കുറ്റപ്പെടുത്തുക

www.malankaralibrary.com

തന്നെ ചെയ്യും. സാർവത്രിക സൂനഹദോസിലെ പിതാക്കന്മാർക്ക് ഞങ്ങൾ സമർപ്പിക്കുന്ന ഈ നിവേദനം പരിഗണിക്കപ്പെടുമെന്നുതന്നെ ഞങ്ങൾ പ്രത്യാശിക്കുന്നു. എക്യുമെനിക്കൽ കൗൺസിൽ എന്ന ഈ അപൂർവ്വസന്ദർഭം ഞങ്ങൾ നഷ്ടപ്പെടുത്തിയില്ല എന്ന സംതൃപ്തി ഞങ്ങൾക്കുണ്ട്. പാശ്ചാത്യസഭയുടെ നുഴഞ്ഞുകയറ്റം വാസ്തവത്തിൽ സഭയ്ക്കും രാഷ്ട്രത്തിനും ദോഷകരമായിത്തീർന്നിരിക്കുകയാണ്. അത് ഇവിടെ ആവശ്യമില്ലാത്തതാണ്, അസ്വീകാര്യമാണ്. ഇന്ത്യക്ക് സ്വന്തമായ സഭയെ പരിചരിച്ച് വളർത്തിയെടുത്താൽ വിശ്വസഭയുടെ ചരിത്രത്തിൽ മഹത്തായൊരു നൂതനാദ്ധ്യായം എഴുതിച്ചേർക്കാൻ ദൈവതൃക്കരങ്ങളിൽ അത് ഒരു ഉപകരണമായിത്തീരാതിരിക്കില്ല.

ഭാഗ്യമോടെ വാഴുന്ന 6-ാം പോൾ മാർപ്പാപ്പാ സമക്ഷം ഇതിനകം ഒരു നിവേദനം ഞങ്ങൾ സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ പരിദേവനങ്ങൾ ഞങ്ങൾ അതിൽ ചുരുക്കമായി കാണിച്ചിട്ടുണ്ട്. അവയ്ക്കു നിവാരണമുണ്ടാക്കണമെന്ന് തിരുമനസ്സിലെ പക്കൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പരിശുദ്ധ പിതാവിന്റെ പക്കൽ അത് എത്തിച്ചേർന്നിട്ടുണ്ടെന്നും വായിച്ചുനോക്കിയെന്നും നമ്മുടെ സഭ (Hendo) യുടെ അർഹതകൾ മനസ്സിലാക്കിയിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു. സൂനഹദോസ് പിതാക്കന്മാർ ഞങ്ങളുടെ നിവേദനം പൈതൃകമായ ദയവോടും ആകാംക്ഷയോടുംകൂടെ പരിഗണിച്ചനുഗ്രഹിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ്.

എറണാകുളം, ഇന്ത്യ<br>1964 ഒക്ടോബർ 18<br>മിഷൻ ഞായർ

കാര്യദർശി<br>നവജീവപരിഷത്ത്

(ഇന്ത്യയിലെ സുറിയാനിസഭയുടെ പുനരുദ്ധാരണത്തിനും നവ്യവ്യവസ്ഥിതിക്കും വേണ്ടിയുള്ള സംഘടന)

(18-10-1964 ൽ രണ്ടാംവത്തിക്കാൻ സാർവ്വത്രിക സൂനഹദോസിൽ നവജീവപരിഷത്ത് സമർപ്പിച്ച നിവേദനം (മലയാള വിവർത്തനം)

www.malankaralibrary.com

# 13. കേരളാ ടൈംസ് വിമർശിക്കുന്നു

കോളിളക്കം സൃഷ്ടിച്ച ഒരു മെമ്മോറിയൽ ആയിരുന്നു ഹെന്ദോ. 1964 ഒക്ടോബർ 18-ാം തീയതി എറണാകുളം ഓഫീസിൽ നിന്ന് നവജീവപരിഷത്ത് സെക്രട്ടറി വത്തിക്കാൻ സൂനഹദോസ് പിതാക്കന്മാർക്കയച്ച മെമ്മോറാണ്ടം 1964 നവംബർ 22-ാം തീയതിയിലെ കേരളാ ടൈംസിൽ വലിയ വിമർശനത്തിന് തിരികൊളുത്തി. കേരളാ ടൈംസിന്റെ നാലു പേജു മുഴുവൻ ഈ മെമ്മോറാണ്ടത്തെ വിമർശിച്ചുകൊണ്ടുള്ളതായിരുന്നു. മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് ഒന്നിനുപോലും മറുപടി പറയാൻ ശ്രമിക്കാതെ കാടടച്ച് വെടിവയ്ക്കുകയാണ് ചെയ്തത്. അതേപ്പറ്റി നസ്രാണിയുടെ 1965 ജൂലൈ ലക്കത്തിൽ ഇപ്രകാരം എഴുതി "ഞങ്ങളുടെ വാദമുഖങ്ങളിൽ ഒന്നിനുപോലും നിങ്ങൾക്ക് മറുപടി പറയാനില്ലായിരുന്നു. വൈരാഗ്യപൂർണ്ണമായ ഭത്സനത്തിന് കാരണമെന്തെന്ന് നിങ്ങൾ വിശദമാക്കിയിട്ടുമില്ല. സഭയിലെ അധികാര സ്ഥാനങ്ങളിലേക്ക്, അയക്കുന്ന നിവേദനങ്ങൾ വിപത്താണെന്നും ഗൂഢാലോചനയാണെന്നും സമർത്ഥിച്ചതിന്റെ ഉത്തരവാദിത്വം ഏറ്റുകൊണ്ടുതന്നെയാണോ, നിങ്ങൾ അത് ചെയ്തിരിക്കുന്നത്. കത്തോലിക്കാ ചൈതന്യവും അച്ചടക്കവും വിധേയത്വവും ഉപദേശിക്കുന്നവർക്ക്തന്നെ അതാദ്യമുണ്ടാകട്ടെ.

ലത്തീൻ ഹയരാർക്കിയുടെ നേതൃത്വമോ കേരളാ ടൈംസിന്റെ ശുപാർശയോ കൂടാതെ കേരളത്തിലോ ഇന്ത്യയിലോ ഒന്നും നടക്കാൻ പാടില്ലെന്നാണോ നിങ്ങളുടെ വാദമുഖമെന്ന് സംശയിക്കുന്നു. 22-ാം തീയതിയിലെ വിമർശനം ക്രിസൻഡം സ്ഥാപിക്കാനുള്ള മിഷനറിമാരുടെ ഗൂഢശ്രമത്തെപ്പറ്റി നിയോഗിച്ച കമ്മറ്റി പറഞ്ഞിട്ടുള്ളത് അടിസ്ഥാന രഹിതമല്ലെന്ന് വിചാരിക്കാനും അതു വക നൽകുന്നു. വിദേശ ഭാണ്ഡം ചുമന്നുകൊണ്ടിരിക്കണമെന്ന് കേരളാടൈംസിന് നിർബന്ധമാണെങ്കിൽ. ചെയ്തുകൊള്ളുക. പക്ഷേ ദീർഘ ദൃഷ്ടിയുണ്ടെങ്കിൽ ഇവിടുത്തെ സഭയോട് ചേർന്നു പോകാനാണ് നോക്കേണ്ടത്. വിദേശ കൂട്ട് അപകടം വിളിച്ചു വരുത്തും.

സെന്റ് തോമസ് വന്നിട്ടുപോലുമില്ലെന്ന് പറയുകയും അടുത്ത നിമിഷം തങ്ങളും സെന്റ് തോമസിന്റെ അവകാശികളുമാണെന്ന് വാദിക്കുകയും ചെയ്യുന്നതിന്റെ പേര് Double Talk എന്നായിരിക്കണമല്ലോ. പ്രായോഗികവും പ്രാമാണികവുമായ പല തത്വങ്ങളും വിസ്മരിച്ചുകൊണ്ടുള്ള നീക്കങ്ങളെപ്പറ്റിയും നടപടികളെപ്പറ്റിയും ദുർവാശിയെപ്പറ്റിയും എന്താണ് പറയേണ്ടത്? പാപം ചെയ്തവർ പാപഭാരമൽക്കാനും ഉന്നതാധികാരികളുടെ പ്രസ്താവനകളുദ്ധരിച്ചാൽ ഭത്സനമാകും എന്നതും ഒരു പുതിയ അറിവുതന്നെ.

www.malankaralibrary.com

തൽക്കാലത്തേയ്ക്കാണെങ്കിലും എറണാകുളം ആഫീസ് അടച്ചിടേണ്ടി വന്നത് കേരളാ ടൈംസിന്റെയും അതിന്റെ ആൾക്കാരുടെയും ആക്രമണതൃഷ്ണയുടെ ശാശ്വതസ്മാരകമായിരുന്നുകൊള്ളും!

## വിമർശനം കേരളാ ടൈംസിൽ (1964 നവംബർ 22)

മെമ്മോറാണ്ടത്തിന്റെ ആയിരക്കണക്കിന് കോപ്പികൾ സൂനഹദോസ് പിതാക്കന്മാരുടെ കൈകളിൽ കിട്ടിയിരിക്കുന്നു. ഈ സാഹചര്യത്തിന് അതിന്റെ ഉള്ളടക്കം കേരള കത്തോലിക്കൻ അറിഞ്ഞിരിക്കേണ്ടതാണല്ലോ. റീത്ത് ഭ്രമം വളർന്ന് റീത്ത് ഭ്രാന്തായി മാറി എങ്ങനെ കത്തോലിക്കാ ചൈതന്യത്തിനും വിധേയത്വത്തിനും അച്ചടക്കത്തിനും തുരങ്കം വയ്ക്കുന്നുവെന്നതിന് ഒന്നാന്തരമൊരു ഉദാഹരണമാണ് ഈ മെമ്മോറാണ്ടം. സൂക്ഷ്മമായ അപഗ്രഥനം നടത്തി കേരളത്തിലെ എല്ലാ കത്തോലിക്കരെയും പ്രസ്തുത വിപത്തിനെപ്പറ്റി ഗാഢാവബോധമുള്ളവരാക്കി തീർക്കുവാൻ സാധിക്കണമെന്ന ഉദ്ദേശമാണ് വളരെ സങ്കോചത്തോടെയാണെങ്കിലും ഈ ലേഖനമെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.

എന്നിങ്ങനെ ആരംഭിച്ച്, വിമർശനത്തോടെ മെമ്മോറാണ്ടത്തിന്റെ ഉള്ളടക്കത്തെപ്പറ്റി പ്രതിപാദിക്കുന്നു. "സി.ജെ. വർക്കി, എ.ജെ.ജോൺ എന്നിവരോടൊപ്പം ടി.എം. വർഗ്ഗീസ്, ജോൺ മത്തായി, സി.പി. മാത്തൻ എന്നിവരുടെ പേരുകൾ ഭാരതസഭയുടെ അംഗങ്ങളായി എടുത്തു കാണിക്കുന്നു.

"......ചില മെത്രാന്മാരെയും കർദ്ദിനാൾ ഗ്രാസിയസിനെയും പേരുപറഞ്ഞ് ഭത്സിക്കുന്നു."

"We Catholics alone are forbridden to move about in our own land and practise our religion........"

(നോക്കണേ മതവും റീത്തും ഒന്നാണെന്ന് തെറ്റിദ്ധരിക്കുന്നതിന്റെ പരിതാപകരമായ ഫലം ഈ മെമ്മോറാണ്ടം തയ്യാറാക്കിയവർ ദൈവശാസ്ത്രത്തിന്റെയല്ല കത്തോലിക്കാവിശ്വാസത്തിന്റെ പോലും ബാലപാഠം അറിയാത്തവരാണെന്ന് തോന്നിപ്പോകുന്നു. തിരുസഭയിലെ വിവിധ ആരാധനാക്രമങ്ങൾ ഒരൊറ്റ വിശ്വാസത്തിന്റെ ബാഹ്യ നിദർശനമാണെന്ന യാഥാർത്ഥ്യം സെമിനാരികളിലും മറ്റും വച്ച് നന്നായി പഠിപ്പിക്കണമെന്നതല്ലേ ഇതിന്റെ ധ്വനി. പൗരസ്ത്യവിജ്ഞാന ബിരുദധാരികൾ - അവരിൽ പലരും തിയോളജിയും മറ്റും കൈകാര്യം ചെയ്യുന്നവരാണ്. സാക്ഷാൽ തിയോളജിക്കും പൗരസ്ത്യതയ്ക്കുമല്ല, ഒരു തരം പോർത്തുഗീസ് അഥവാ, ലാറ്റിൻ വിരുദ്ധ മനസ്ഥിതിക്കാണ് കൂടുതൽ പ്രാധാന്യം നൽകിവരുന്നതെന്ന അഭിപ്രായം ശരിയോ തെറ്റോ? ഗുരുവിനെപ്പോലെ ശിഷ്യരും) ലേഖകൻ.

ലേഖനം ഉപസംഹരിക്കുന്നതിങ്ങനെയാണ്. കത്തോലിക്കരുടെ പാവനമായി പരിഗണിക്കുന്ന പ്രായോഗികവും പ്രാമാണികവുമായ പല തത്വങ്ങളും വിസ്മരിച്ചുകൊണ്ടും സ്വന്തം സഭയുടെതന്നെ സൽപേരിന് കത്തോ

www.malankaralibrary.com

ലിക്കാസഭയിലെ മെത്രാന്മാരെല്ലാവരുടെയും മുൻപാകെ കളങ്കം ചേർക്കുവാൻ പര്യാപ്തമായതിന് ഈ മെമ്മോറാണ്ടം നിർമ്മിക്കുവാൻ മുതിരുന്നവർ ആരാണ്? ആരെല്ലാം ഇതിന് സഹകരിച്ചു. ആരൊക്കെ ഇതിന് ആശിസ് നൽകിയെന്ന് അറിയുവാൻ കേരള കത്തോലിക്കർക്ക് അവകാശമുണ്ട്. (2) ചില കത്തോലിക്കാ പത്രങ്ങളിൽ പാത്രിയാർക്കാഭരണം അത്യസന്നമായിരിക്കുന്നതായി പ്രവചനം നടത്തിയ ലേഖനങ്ങൾ ഈയിടെ പ്രത്യക്ഷപ്പെടുകയുണ്ടയല്ലോ? പൗരസ്ത്യ വിഷയ ബിരുദധാരികളായ സെമിനാരി പ്രൊഫഷണൽമാരുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. വൈദിക വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന ഇവർക്ക് ഇതിന് കൈയുണ്ടായിരുന്നുവെന്നത് ഊഹിക്കുന്നത് തെറ്റായിരിക്കുമോ? (3) The Eastern Churches and catholic community എന്ന പേരിൽ ലത്തീൻ സഭയെ സ്ഥാനത്തും അസ്ഥാനത്തും തൊലിയുരിയുന്ന ഒരു ഗ്രന്ഥം Maxiamos IV മറ്റും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വത്തിക്കാൻ കൗൺസിലിലെ ലത്തീൻ വിരുദ്ധ മനസ്ഥിതിയുടെ പ്രതീകമായി പേരെടുത്തുകഴിഞ്ഞ അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചാണോ മെമ്മോറാണ്ടം തയ്യാറാക്കപ്പെട്ടതെന്നും ബാക്കി കാര്യങ്ങൾ അദ്ദേഹം ഏറ്റിരിക്കുകയാണെന്നും കേൾക്കുന്നു. ഇങ്ങനെയെങ്കിൽ ഒരു ഭയങ്കര ഗൂഢാലോചനസംഘം അടിയിൽ പ്രവർത്തിക്കുന്നുണ്ടാവുമെന്ന അഭ്യൂഹം കൂടുതൽ വിശ്വസനീയമായിത്തീരുന്നു. (4) ഐക്യത്തിന്റെ കൂദാശയായ പരിശുദ്ധ കുർബ്ബാന വിവിധ റീത്തുകളിൽ സമർപ്പിച്ചുകൊണ്ടും മറ്റും സാർവ്വത്രിക സഭയുടെ പ്രാതിനിദ്ധ്യത്തിൽ നമ്മുടെ ഭാരതമണ്ണിൽത്തന്നെ നടക്കാൻ പോകുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സീറോ - മലബാർ റീത്തിലെ മെത്രാന്മാർക്ക് തലയുയർത്തിപ്പിടിച്ച് നടക്കാൻ അസാദ്ധ്യമാക്കിത്തീർത്ത ഈ മെമ്മോറാണ്ടം ജുഗുപ്സാവഹമായിപ്പോയി. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തിന്റെയും പൗരസ്ത്യ തിരുസംഘത്തിന്റെ അധികാര വ്യാപ്തിയുടെയും സീറോ - മലബാർ ഹൈരാർക്കിയുടെ ഇടയലേഖനത്തിന്റെയും പേരിൽ അൽമായ പ്രമുഖർ ഇന്റർനുൺഷ്യോക്കു നൽകിയ മെമ്മോറാണ്ടം പിൻവലിക്കണമെന്ന് ചിലർ ആവശ്യപ്പെട്ടിട്ട് അധിക നാളുകളായില്ലല്ലോ. അവർക്കെതിരായിരിക്കാം ഈ മെമ്മോറാണ്ടത്തെപ്പറ്റി പറയാനുള്ളത്. Double talk, double think, double Act എന്ന് ഈയിടെ ഒരു ഭാരതീയ നിരീക്ഷണ ശാസ്ത്രജ്ഞനായ V.S. Naipal പ്രസിദ്ധീകരിച്ച An area of darkness an experience of India എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയുള്ള ഭാരത മക്കൾക്കാണ് കൂടുതൽ അനുയോജ്യമായിരിക്കുന്നത്.

"മാർത്തോമ്മാൻ താതനെയാക്ഷേപിച്ചീ ഞങ്ങൾ....."

കേരളാ ടൈംസിൽ ഇപ്രകാരം വിമർശനാത്മകമായ ലേഖനം വന്നെങ്കിലും ഹെന്ദോയെ അനുകൂലിച്ചുകൊണ്ട് വിവിധ പ്രദേശങ്ങളിലുള്ളവർ എഴുതിയിട്ടുണ്ട്. അവയിൽ ചിലതുമാത്രം നസ്രാണിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് താഴെ ചേർക്കുന്നു.

www.malankaralibrary.com

## അഭിപ്രായങ്ങൾ

"I have read the pamphlet 'Hendo' It is very well written; the presentation is excellent. I have found the ideas acceptable..

"Let me congratulate you very sincerely

May I suggest the following:-

1) Establishment of an institute or broad-based organization for this purpose with the H.Q. in an important city outside Kerala.

I feel that if we are to win the appreciation of the intellectual we must run institutes such as the Social Institute or Delhi etc.

2) Press the request for the immediate appointment of a Patriarch for India.

3) A separate Bishop's Confrence.

4) An excellent publishing firm in Bombay or any other such city.

I will do all I can to promote the ideas contained in the pamphlet...

Bombay
19/11/1964

2) Although it is full of facts and figures and just demands, its tone is bitter irreverent and even unXtian for you have attacked even the Cardinal and the Internutio and called the Roman Church an "Impostor"

Ernakulam
10.12.64

3) ഈ ലഘുലേഖ അവസരോചിതമായിട്ടുണ്ട്. അതിൽ താരതമ്യ പഠനം കുറച്ചുകൂടെ വ്യക്തമാക്കാമായിരുന്നു. നമ്മുടെ കാര്യം ഉറക്കെപ്പറയാനും ചിന്തിക്കാനും നല്ല പശ്ചാത്തലം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അതു കളയാൻ പാടില്ല.

Andhra
3/11/64

4) Church of India- അതു വളരെ നന്നായിരിക്കുന്നു. കയ്യിൽകിട്ടിയ ഉടനെ ഒറ്റശ്വാസത്തിനു മുഴുവൻ വായിച്ചു.. പരിശ്രമം നൂറുശതമാനം വിജയത്തിൽ എത്തിയതിൽ വളരെ സന്തോഷം.... സുറിയാനിക്കാർക്ക് ഇപ്പോൾ ഇൻഡ്യയിൽ മുഴുവൻ പോയി വേല ചെയ്യാൻ സ്വാതന്ത്ര്യമുണ്ടെന്നും ഒരു പാത്രിയർക്കീസ് ഉണ്ടാകുമെന്നും മാർപ്പാപ്പാ പറഞ്ഞതായി അറിഞ്ഞു.

Iran
16.12.64

www.malankaralibrary.com

Hearty congratulations for the publication of the "Hendo" church of India.

It would be very good and useful if you could put this matter in better and stronger English. Let us have it reprinted in a book-form with details of the Syrian Church. I desire that we send the copies to all the Bishops in India to all the Cardinals to Oriental Congregation and Propaganda and to His Holiness. I too shall try to help you financially though not much.

Once more congratulating you and hoping to hear from you...

Kottayam
10/11/64

6) ഉപകാരം, കേരളത്തിനകത്തും പ്രശ്നം ഇനിയും ആളുകൾ ശരിക്കു ഗ്രഹിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല... ഭാരതത്തിനു പുറത്ത് നമ്മുടെ സമുദായത്തെപ്പറ്റിയും ഈ പ്രശ്നത്തെപ്പറ്റിയും അറിയുന്നവർ വളരെ കുറവാണല്ലോ. ആ കുറവു പരിഹരിക്കാത്തിടത്തോളം കാലം നമ്മുടെ പരാധീനതകൾ നീണ്ടുപോകുക തന്നെ ചെയ്യുമെന്നു കരുതാം....

സേലം
9/1/65

This is to acknowledge my appreciation of your booklet "Hendo the Church of India" with its many and reasonable appeals. I chanced to read it getting from one my friends.....

Poona
11/1/65

8) നിങ്ങളുടെ പ്രവർത്തനങ്ങൾക്കു സകല വിജയങ്ങളും ആശംസിച്ചുകൊണ്ടും ലത്തീൻകാരുടെയും അവരുടെ പിടിയിൽ അകപ്പെട്ടു വഞ്ചിതരായ നസ്രാണി നായകരുടെയും പിന്തിരിപ്പൻ പ്രചരണത്തിൽ കുടുങ്ങാതെ ധൈര്യമായി മുമ്പോട്ടു പോകുക....

പൂനാ
4/1/65

9) Hendo ചിലടത്തൊക്കെ അല്പം കടന്നുപോയില്ലേ എന്നു സംശയം.

Bagdad
26/12/64

10) Hendo യിലെ ഭാഷ ഒന്നുകൂടി മയപ്പെടുത്താമായിരുന്നുവെന്നു ചിലർ പറഞ്ഞു.

എറണാകുളം
9/1/65

www.malankaralibrary.com

11) Hendo മൂലം വലിയ ഗുണങ്ങളും ഉണ്ടായി. ഒന്നാമതായി നാം നമ്മുടെ അവകാശങ്ങൾ ശക്തിയായി ചോദിച്ചപ്പോൾ ഇത്രയും ശക്തിയായി ചോദിക്കുവാൻ കഴിവുള്ളവർ കേരളത്തിലുണ്ടെന്നു ആളുകൾക്കു മനസ്സിലായി. നമ്മുടെ അവകാശങ്ങൾ ഓരോന്നായി നമുക്കു നേടണം.... കേരളത്തിനു പുറത്ത് നമ്മുടെ ആളുകൾ താമസിക്കുന്നിടത്ത് നമ്മുടേതായ ഇടവകകളും രൂപതകളും തുടങ്ങേണ്ടത് ഒരു വലിയ കാര്യമാണ്. അതു നമ്മുടെ മെത്രാന്മാരുടെ സഹായംകൂടാതെ നടക്കുകയില്ല. ഓരോ സ്ഥലത്തെയും ആളുകൾ ഏതു രൂപതയിൽ നിന്ന് പോയവരാണെന്നു പഠിച്ചിട്ട് ആ രൂപതാദ്ധ്യക്ഷൻ അവരുടെ കാര്യങ്ങൾക്കായി പരിശ്രമിക്കണം. മാത്രമല്ല ബോംബെ, മദ്രാസ്, കൽക്കട്ടാ മുതലായ എല്ലാ സ്ഥലത്തുനിന്നും അവിടത്തേതായ കുട്ടികളെ സെമിനാരിയിൽ പ്രവേശിപ്പിച്ച് വൈദികരാക്കിയാൽ ബാക്കികാര്യം അവർ നോക്കിക്കൊള്ളും.

Hendo വായിച്ചിട്ട് ഇവിടെയുള്ള മെത്രാന്മാർ അല്പം ഭയത്തിലാണ് കഴിയുന്നത്. ഈ അവകാശങ്ങൾ ഒരുദിവസം നാം നേടും. അപ്പോൾ അവരുടെ സ്ഥാനം പരുങ്ങലിലാകും. പൊതുഗണത്തിനായി പ്രവർത്തിക്കുന്നവരെ നിന്ദിക്കുവാൻ ധാരാളം പേർ കാണും. (പൊതുജനസ്നേഹികൾ ഒളിച്ചു നടക്കേണ്ടി വരും)...

സൂനഹദോസ് കഴിഞ്ഞിട്ട് നമ്മുടെ മെത്രാന്മാർ എന്തുനിലപാടാണ് എടുത്തിരിക്കുന്നത്; അവരും നല്ലപിള്ള ചമയുവാനാണോ പരിശ്രമിക്കുന്നത്? ധൈര്യമായി നമ്മുടെ അവകാശങ്ങൾക്കായി യുദ്ധം ചെയ്യുന്നുണ്ടോ? നമ്മുടെ കുറെ രൂപതകളുണ്ടായാൽ ചുറ്റുപാടു മാറിവീഴും.... ഫലം നമ്മുടെ റീത്തിന്റെ വിജയമായിരിക്കും.

West Bengal
30/2/65

12) ....നമ്മുടെ മെത്രാന്മാർ കാര്യമായൊന്നും ചെയ്യാൻ നോക്കാത്തതും എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനവുമായ ചില കാര്യങ്ങളെപ്പറ്റി ശക്തിയായി പറയാൻ തന്റേടമുണ്ടായ അതിന്റെ പ്രണേതാക്കൾക്കു എന്റെ അനുമോദനങ്ങൾ.

പൂനാ

13) Dr. Johannes Madey (Germany)

(To his friend in Rome from whom he got the booklet)

Today I received the paper "Hendo" the Church of India...It is well written and so I congratulate the author (s) for this work which should be spread among many Latin People of good will. The attitude f Cardinal Gracias to all what is non-latin was known to me and I remarked it myself in 1960 when...

www.malankaralibrary.com

If you ask me what is to do in India so I reply. In every place where the community of the Malabar Rite is found there should be a personal parish under the jurisdiction of the Archbishop of Ernakulam (for this is the prima sedes) The diocese with a majority of priests hailing from Kerala should pass slowly but successively from the Latin to the Malabar rite. In those dioceses where the latin Rite is established and where only a minority of Malabar emigrants is living there should be at least a Vicar General for this rite or better an Exarch with the full jurisdiction on the persons of his rite, as eg. the Apostolic Exarch for the Ukranians in Germany, Bp. Platon Kornyljak.

There should be no struggle or conflicts among the different rites but a fruitful coexistence. As history brought up aside the Malabar the western Syrian rite of Antioch (Jacobite and Malankara) this rite should be respected by all communities of other rites because of its ecumenical value. Both the rites Malabar and Malankar, are today eminenfly indigence. Oriental and should have the preeminence before the Roman Rite....

In general the Malabar Catholics are here regarded as latinized through and through This leaflet proves that it is not so. If I'll be having the opportunity, I shall publish extracts of it.

(When he was informed by his friend of the consequences and esp. of the criticism he wrote back). What you are writing about the consequences of the paper "Hendo" was to be foreseen, since many minds are still very narrow and far from a true catholic view. Sure, one must admit that certain formules of the paper were very sharp, but they didi not offend the truth of facts. The authors could omit the quotation of the Indian Constitution and if they did not, I can understand, because they are suffering under the circumstances in which the Syro-Malabar Church has to live until today. If some latin catholics in India, Rome, or any where try to minimize the role of the Syro-Malabar Church, their behaviour is to be regarded as foolish. And the Syro-Orthodox Christians being separated from the Syro-Malabar and the Catholic rumiversal Church because of faults of the Latin Missionaries at the synod of Diamper? (This synod surely was a triumphal event in the history of the so-called Latin triumphalism but in the history of the Church it was a black day, when the decisions were proclaimed)

www.malankaralibrary.com

# 14. മഹാവിജയം

നവജീവപരിഷത്തിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമായൊരു വർഷമായിരുന്നു ഇക്കഴിഞ്ഞത്. തിരക്കിട്ടപ്രവർത്തനം; പ്രതീക്ഷയിൽ കവിഞ്ഞ വിജയവും! പൂർണ്ണ സംതൃപ്തിക്കവകാശമുണ്ട്. 1964 ജൂൺ മാസത്തിലാണ് കാര്യമാത്രമായ ഒരു ലഘുമെമ്മോറാണ്ഡം ഇരുപത്തഞ്ചുപേർ ഒപ്പിട്ട് മാർപ്പാപ്പായ്ക്കു സമർപ്പിച്ചത്. പരിശുദ്ധ പിതാവിന്റെ കയ്യിൽ കൊടുത്തെന്നും അതു താല്പര്യപൂർവ്വം വായിച്ചുനോക്കിയെന്നും ആഗസ്റ്റ് ആദ്യം അറിവുകിട്ടി. സൂനഹദോസ് പിതാക്കന്മാർ ശ്രദ്ധിച്ചു വേണ്ടതു ചെയ്യാൻവേണ്ടി, പല കാര്യങ്ങളും വിശദമാക്കിക്കൊണ്ട് ഒക്ടോബറിൽ കൊടുത്ത നിവേദനമായിരുന്നു മറ്റൊന്ന്. സഭയെപ്പറ്റി, പ്രത്യേകിച്ച് പൗരസ്ത്യസഭകളെപ്പറ്റി ചർച്ച നടന്നുകൊണ്ടിരുന്നപ്പോൾതന്നെയാണ് ആ നിവേദനം അവിടെ എത്തിയത്. പ്രതീക്ഷയിലധികം പിതാക്കന്മാർ അതിൽ ശ്രദ്ധ പതിക്കുകയും ചെയ്തു. തീരുമാനങ്ങളെടുക്കുന്നതിൽ ഈ നിവേദനം കാര്യമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് നവജീവ പരിഷത്തിന് അഭിമാനിക്കാം. പരിഷദ് ദിനമായ നവം. 21-നു തന്നെ കൗൺസിൽ ഡിക്രികൾ പാസ്സാക്കി ഒപ്പുവച്ചു എന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണ്; പ്രസ്താവ്യവുമാണ്.

നീതിക്കുവേണ്ടിയുള്ള നിലവിളി എത്ര നൂറ്റാണ്ടു കാലത്തേക്കാണ് മലങ്കരസഭയിൽനിന്നുയർന്നിട്ടുള്ളത്. അസുഖകരങ്ങളായ ചിന്തകൾക്ക് ഈ ശുഭാവസരത്തിൽ ഇട കൊടുക്കേണ്ടന്നു കരുതി അവയെപ്പറ്റിയൊക്കെ ഞങ്ങൾ ഇപ്പോൾ മനഃപൂർവ്വം മൗനം ഭജിക്കുന്നു. യൂദന്മാരോട് സഭ തെറ്റൊന്നും ചെയ്തിട്ടില്ല. എങ്കിലും അവർ കുറ്റക്കാരല്ലെന്ന് പ്രഖ്യാപിക്കുന്നു. സഹോദരീസഭയായ ഹെന്ദോയോട് റോമാസഭ ചെയ്തിട്ടുള്ള അകൃത്യങ്ങളും പറഞ്ഞുണ്ടാക്കിയ പാഷണ്ഡതയുൾപ്പെടെയുള്ള ദുരാരോപണങ്ങളും തെറ്റിയിപ്പോയെന്നു പ്രഖ്യാപിക്കുവാനുള്ള സന്മനസ്സെങ്കിലും ഇപ്പോൾ ഉണ്ടാകേണ്ടതാണ്. രണ്ടാം സമ്മേളനോൽഘാടനത്തിൽ മാർപ്പാപ്പാ നടത്തിയ ക്ഷമാപണം മതിയാകാഞ്ഞിട്ടല്ല, യൂദന്മാരുടെ കാര്യത്തിൽ ഇത്രയധികം ബദ്ധപ്പെടുന്നതു കാണുമ്പോൾ അങ്ങനെ ഒരു വിചാരം ഉണ്ടാകുന്നെന്നു മാത്രം.

ഏതായാലും പ്രതീക്ഷകളെയെല്ലാം അതിലംഘിക്കത്തക്ക രീതിയിൽ പൗരസ്ത്യരുടെ അവകാശാധികാരങ്ങളെല്ലാം അതേപടി സൂനഹദോസ് അംഗീകരിച്ചിരിക്കുന്നു. എല്ലായിടത്തും പള്ളി പണിയാനും പുതിയ രൂപതകൾ സ്ഥാപിക്കാനും വേദപ്രചാരം നടത്താനുമെല്ലാം അനുവാദവും

www.malankaralibrary.com

കല്പനയുമായിരിക്കുന്നു. പാശ്ചാത്യ സന്യാസസമൂഹങ്ങൾ അവയുടെ പൗരസ്ത്യസഭാ പ്രവിശ്യകൾ സ്ഥാപിക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സഭകൾക്ക് പാത്രിയർക്കീസുമാർ ഉണ്ടാകണമെന്നും തീരുമാനിച്ചിരിക്കുന്നു. ഇതിൽകൂടുതൽ എന്തുവേണം? ദൈവത്തിനു സ്തുതി! ഭിന്നിച്ച് നിൽക്കുന്ന സഹോദരരുമായി അടുത്തു പെരുമാറുക, അന്യമതക്കാരുമായിട്ടുപോലും. അങ്ങനെ പണ്ടേ നാം ചെയ്തിരുന്നത് ശരി വയ്ക്കപ്പെട്ടിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ നസ്രാണികൾക്കുണ്ടായിരുന്ന ക്രിസ്തീയ നിലവാരത്തിലെത്താൻ പാശ്ചാത്യർ ഈ ഇരുപതാം നൂറ്റാണ്ടുവരെ കാത്തിരിക്കേണ്ടി വന്നു.

പവിത്രാത്മാവ് സൂനഹദോസിനെ നയിക്കുമ്പോൾ കുറവൊന്നുമുണ്ടാകയില്ല. പക്ഷെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ദിവ്യാത്മാവിന്റെ ചലനമല്ലായിരിക്കും പ്രബലപ്പെടുക. കിട്ടിയതു കളയാതെ പ്രയോജനപ്പെടുത്താൻ സർവ്വശക്തിയുമെടുത്തു ശ്രമിക്കണമെന്നു സിദ്ധം. സൂനഹദോസിൽ നമ്മുടെ കാര്യം പറയാൻ ചുമതലപ്പെട്ടവർ ഒരക്ഷരം ഉച്ചരിച്ചില്ലെന്നതോ പോകട്ടെ. ദൈവം നേരിട്ട് എല്ലാം നടത്തിതന്നിട്ടും അതു സ്വീകരിക്കാനോ പ്രസിദ്ധമാക്കാനോ, അറിയേണ്ടവരെ ജാഗ്രതപ്പെടുത്താനോ അർത്ഥം മനസ്സിലാക്കുവാൻ പോലുമോ ചുമതലപ്പെട്ടവർക്കു സാധിക്കുന്നില്ല എന്നത് പാരം പരിതാപകരംതന്നെ. എട്ടുമാസം കഴിഞ്ഞിട്ടു പോലും നമ്മുടെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താത്തതിനെപ്പറ്റി എന്തു പറയട്ടെ. ഏതുകാര്യത്തിലാണ് നമുക്കു താല്പര്യമുള്ളത് എന്നു ചോദിച്ചു പോകും ചുമതലപ്പെട്ടവരുടെ നടപടി കണ്ടാൽ.

സൂനഹദോസിനു സമർപ്പിച്ച നിവേദനം നാട്ടിലുണ്ടാക്കിയ ഒച്ചപ്പാടിനെപ്പറ്റി ഒരു വാക്കുപറയാതെ പോയാൽ അത് കൃത്യവിലോപനമായേക്കും. വരാപ്പുഴക്കാർ അവരുടെ പത്രത്തിലും (കേരള ടൈംസ്) ലഘുലേഖകളായി പല പേരിൽ റോമിലും ഇന്ത്യയിലും പ്രചരിപ്പിച്ച ദുർവ്യാഖ്യാനങ്ങളും, കളമശ്ശേരി മെമ്മോറാണ്ടത്തിന്റെ സൂത്രധാരൻ സ്വാധീനമുപയോഗിച്ചു ചെയ്ത ചതിപ്രയോഗങ്ങളും വിശ്വാസവഞ്ചനയുമാണ് മുഖ്യമായവ.

കാര്യം ധരിക്കാൻ സന്നദ്ധതയില്ലാത്തവരെ എന്തെങ്കിലും പഠിപ്പിക്കണമെന്ന് ഞങ്ങൾക്ക് ഒരു നിർബന്ധവുമില്ലെന്ന് ആദ്യമേ വ്യക്തമാക്കിക്കൊള്ളട്ടെ. മലങ്കര അഥവാ ഹെന്ദോസഭയുടെ ചരിത്രാവേശത്തെ ഏതാനും വരികളിൽ ഒതുക്കിക്കാണിക്കുകയും ഇന്നത്തെ അനീതിപരമായ അവസ്ഥാവിശേഷത്തിന് ഒരു പരിഹാരമുണ്ടാകണം, ഉണ്ടാക്കണം എന്ന് സൂനഹദോസ് പിതാക്കന്മാരോട് അപേക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇന്നു നിലവിലുള്ള അവശതകൾ എല്ലാംതന്നെ റോമൻ മിഷനറിമാരുടെ അരുതാത്ത മനോഭാവം നിമിത്തമുണ്ടായിട്ടുള്ളതാണെന്ന വസ്തുതയും ഞങ്ങൾ എടുത്തുകാട്ടിയിട്ടുണ്ട്. ഇതിനെല്ലാം ഒരു പരിഹാരമുണ്ടാകാനുള്ള ഏകവഴി ഹോംറൂൾ അനുവദിച്ചു കിട്ടുക, ഒരു പാത്രിയർക്കീസിനെ സഭാനാഥനായി

www.malankaralibrary.com

വാഴിച്ചു കിട്ടുക എന്നുള്ളതാണ് എന്ന ബോദ്ധ്യവും വിശദമാക്കിയിട്ടുണ്ട്. ശാന്തമായി Hendo വായിച്ചശേഷം അതിൽ ഏതുഭാഗമാണ് വാസ്തവ വിരുദ്ധമെന്ന് ആരെങ്കിലും പറയട്ടെ. മലങ്കരസഭയുടെ ന്യായമായ അവകാശങ്ങൾ ലഭിക്കാനാഗ്രഹിക്കുന്നതിനെ ചോദ്യം ചെയ്യാൻ റോമാസഭയ്ക്കെന്തുകാര്യം? പൊന്നൊരുക്കുന്നിടത്ത് പൂച്ച ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ല.

അധികാരസ്ഥാനങ്ങളിൽ അനാവശ്യ മെമ്മോറാണ്ഡം കൊടുക്കുന്നതിന് ഒത്താശ ചെയ്തുകൊടുക്കുന്നവർ അതേ അവകാശം മറ്റുള്ളവർക്ക് നിഷേധിച്ചിരിക്കുന്നു! എന്താണതിനു കാരണം? ഹാലിളക്കത്തിനും മദംപൊട്ടലിനും അവിഹിത പ്രചാരണ കോലാഹലത്തിനും കാരണമെന്തെന്ന് അവർതന്നെ വിശദമാക്കിയെങ്കിലേമനസ്സിലാക്കാൻ കഴിയൂ. ജീവിക്കാനും വളരാനും സ്വതന്ത്രവായു ശ്വസിക്കാനുമുള്ള അവകാശം തങ്ങൾക്കു മാത്രമെന്നും മറ്റുള്ളവർക്കാർക്കതുണ്ടായിക്കൂടെന്നാ കുടിലിൽ കയറിയ ഒട്ടകത്തെപ്പോലെ ഭാവിക്കുന്നവർ വിപത്തിന്റെ വക്കിലാണെന്ന് ഓർത്തുകൊള്ളണം, അപകടം അവരെ ഗ്രസിച്ചിരിക്കുന്നതു കാണാനെങ്കിലും കഴിയണം. യൂറോപ്യരുടെ മത-രാഷ്ട്ര വാഴ്ചകളെ പുലർത്തി കൊണ്ടു പോകുക എന്നതായിരുന്നു പതിനാറുമുതൽ ഇരുപതിന്റെ മദ്ധ്യംവരെയുള്ള നൂറ്റാണ്ടുകളിലെ പരിശ്രമം. സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യ സമ്പാദനശ്രമത്തെ എങ്ങനെ വീക്ഷിച്ചിരുന്നു എന്നതിന്റെ പാടുകൾ ഇനിയും മാഞ്ഞിട്ടില്ല. യൂറോപ്യന്മാർ കെട്ടുകെട്ടി. അവസാനംവരെ പിടിച്ചുനിൽക്കാമെന്നു വ്യാമോഹിച്ച പറങ്കിയേയും കടലിനപ്പുറത്താക്കി. റോമൻ മേധാവിത്വം നിലനിറുത്താൻ വഴി എന്തെന്ന് പല തലകൾകൂടി ആലോചിച്ചു കണ്ടുപിടിച്ചിരിക്കുന്നു. "സുറിയാനി സഭയെ ശ്വാസം മുട്ടിക്കുക" എന്തിനു പാഴ് വേല തുടരുന്നു? യൂറോപ്യൻ ക്രിസൻഡമാണ് കത്തോലിക്കാസഭയെന്നു കരുതിയിരുന്നവർക്ക് രണ്ടാംവത്തിക്കാൻതന്നെ മറുപടി കൊടുത്തുകഴിഞ്ഞു. ഇനിയും അന്ധവിശ്വാസങ്ങളും രാഷ്ട്രവാഴ്ചാ മോഹവും കളഞ്ഞ്, മനുഷ്യരുടെ നേതാവും രക്ഷകനും സർവ്വ തലമുറകളുടെയും പ്രതീക്ഷയുമായ മിശിഹായെ പഠിക്കുവാനും അന്വേഷിച്ചു കണ്ടെത്തുവാനും അനുകരിക്കുവാനും നോക്കട്ടെ. ഇന്ത്യയെ ഒറ്റിക്കൊടുക്കാൻ ഹെന്ദോസഭയെ വശത്താക്കാമെന്ന മോഹമൊക്കെ അങ്ങു കളഞ്ഞേക്കുക. ഹെന്ദോ സശ്രദ്ധം വായിക്കുക അപ്പോൾ കാണാം, മറുപടിയെന്നവിധം ചെയ്ത പരാക്രമ പ്രസ്താവനകളും അടിച്ചിറക്കിയ ലഘുലേഖകളും 'ബൂമറാങ്ങായി'പ്പോയെന്ന്. അവരുടെ തന്നെ ഭാവി സന്താനങ്ങൾ അവരെ പഴിക്കാതിരിക്കത്തക്കവണ്ണം അവയെല്ലാം പിൻവലിച്ച് ക്ഷമാപണം ചെയ്യുകയും, ക്രൈസ്തവോചിതമായി ഇന്ത്യയിൽ മറ്റു ക്രിസ്തുവിശ്വാസികളോടൊപ്പം സുവിശേഷവെളിച്ചം പ്രകാശിപ്പിക്കുന്നതിന് ദത്തശ്രദ്ധരാകുകയും ചെയ്യട്ടെ.

www.malankaralibrary.com

## നസ്രാണി

കഴിവുറ്റവരും ഊർജ്ജസ്വലരും സ്വയംപര്യാപ്തരുമായ ഒരു ജനപദം; കാൽകോടി അംഗസംഖ്യയും പഴയകൂറും, പുത്തൻകൂറും, നവീകരണവും; തൃശൂർ, തൊഴിയൂർ ന്യൂനപക്ഷങ്ങളും; ആംഗ്ലിക്കൻ, റോമൻ വകുപ്പുകളിൽ പ്പെട്ടുപോയവരും

പഴയകൂർ ഇന്നൊരു സമുദായമാണോ? കാറ്റുകടക്കാത്തവിധം ഭദ്രമാക്കിയിട്ടുള്ള ആറു കമ്പാർട്ടുമെന്റുകളത്രെ. ചങ്ങനാശ്ശേരി, പാലാ, കോതമംഗലം, എറണാകുളം, തൃശൂർ, തലശ്ശേരി.

ഇടയനില്ലാത്ത ആടുകൾ മദ്രാസിലും മൈസൂറിലും ആന്ധ്റായിലും മഹാരാഷ്ട്രത്തിലും മദ്ധ്യപ്രദേശിലും, മഹാനഗരങ്ങളിലും വ്യവസായ കേന്ദ്രങ്ങളിലും, കലാലയങ്ങളിലും തലസ്ഥാനത്തുമെല്ലാം ചിതറി കിടപ്പുണ്ട് ആർ, എന്ത് ചെയ്യണം?

സ്വതന്ത്ര ഇന്ത്യയിൽ റോമാസഭയുടെ കൊളോണിയൽവാഴ്ച തുടർന്നനുവദിക്കുന്നതിന്റെ അർത്ഥമെന്ത്? ഹെന്ദോസഭ ഞെരുക്കപ്പെടുന്നതിനും മലങ്കര സിംഹാസനം ഒഴിഞ്ഞുകിടക്കുന്നതിനും ആരാണ് ഉത്തരവാദി?

മലങ്കര സിംഹാസനത്തിൽ-പിതാവും പ്രധാനാചാര്യനും; അർക്കദിയാക്കോൻ-നേതാവും രാജാവും സേനാപതിയും; മെത്രാന്മാർ-ഇടയന്മാരും ഭരണകർത്താക്കളും; പള്ളികൾ-സമൂഹജീവിതത്തിന്റെ കേന്ദ്രങ്ങൾ, ജീവനും ശക്തിയും അവിടെയാണ്.

ഓരോ വീടും പരിഷത്തിന്റെ ശ്രദ്ധയിൽപ്പെടണം, ഓരോ വ്യക്തിയെപ്പറ്റിയും ജാഗ്രതവേണം, കുട്ടികൾ ആരോഗ്യകരമായ അന്തരീക്ഷത്തിൽ വളരണം. ചെറുപ്പക്കാർ തിരിവുള്ളവരും, കാര്യക്ഷമരും, പരിശീലനം കിട്ടിയവരുമാകണം. പ്രായമുള്ളവർ വിജ്ഞാനവും പാകതയും കാര്യശേഷിയും കൊണ്ട് നേതൃത്വം വഹിക്കാൻ കൊള്ളാവുന്നവരാകണം. പള്ളികളിൽ നിന്നുള്ള പ്രതിനിധികൾകൂടി കാര്യങ്ങൾ തീരുമാനിക്കണം, പ്രശ്നങ്ങൾ പരിഹരിക്കണം, നായകസമിതി ഏർപ്പെടുത്തണം, അവരുടെ കയ്യിൽ സമുദായം ഭദ്രമായിരിക്കും. എല്ലാംകൊണ്ടും തികഞ്ഞ വ്യക്തികളെ അഗ്രാസനത്തു നിറുത്തുകയും ചെയ്യുക. ആഭ്യന്തരവും രാഷ്ട്രീയവും, സാംസ്കാരികവും സാമ്പത്തികവുമെല്ലാം അവരുടെ കൈകളിൽക്കൂടെ രൂപമെടുത്തുകൊള്ളും. നസ്രാണിസമുദായത്തെ ഉൽബുദ്ധമാക്കുന്നതിനാണ് മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്തിരിക്കുന്നത്. ശരിയായി സംഘടിക്കണമെങ്കിൽത്തന്നെ സമുദായം ഉൽബുദ്ധമാകാതെ തരമില്ല. അവശതകളും അർഹതകളും അഴിമതികളും ഒന്നുമില്ലെന്ന ധാരണപോലെ ഒരപകടം വരാനുമില്ല.

1. സർവ്വാധികാരങ്ങളോടുംകൂടെ മലങ്കര സഭാനാഥനെ വാഴിച്ചുകിട്ടുക.

www.malankaralibrary.com

2. രാജ്യത്തെ മേഖലകളായി തിരിച്ച് അവിടെ മെത്രാന്മാരെ നിശ്ചയിക്കുക.

3) ഗണ്യമായ തോതിൽ നസ്രാണി മിഷണറിമാരുള്ള ലാറ്റിൻ രൂപതകൾ സുറിയാനി രൂപതകളാക്കുക.

4. സന്യാസസഭകൾക്കെല്ലാം സുറിയാനി പ്രവശ്യകൾ ഉണ്ടാകണം. സമ്മതമില്ലാത്തവരെ ഇന്ത്യയിൽ നിറുത്തിക്കൂടാ.

5. കേരളത്തിലെ രൂപതകൾ പുനഃസംഘടിപ്പിക്കുക.

6. മെത്രാന്മാർക്ക് പള്ളികളുടെയോ ജാതികളുടെയോമേൽ അധികാരമുണ്ടായിരിക്കുകയാണു വേണ്ടത്.

7. രൂപതയ്ക്കു പുറത്തുള്ള നമ്മുടെ ആളുകൾക്കായി എല്ലാ കേന്ദ്രങ്ങളിലും പള്ളി പണിയണം, ഇടവക രീതിയിലാക്കണം. പ്രാധാന്യവും ആവശ്യവും നോക്കി മുൻഗണന നല്കുക. 1 ദില്ലി, 2 ബോംബെ, 3 ബാംഗ്ലൂർ, 4 മദ്രാസ്, 5 ഭോപ്പാൽ, 6 ഭീലായി, 7 ജംഷദ്പൂർ, 8 റവുർക്കേലാ, 9 കൽക്കത്താ, 10 പൂനാ, 11 അഹമ്മദുബാദ്, 12 ജബൽപൂർ, 13 കാൺപൂർ, 14 അംബാല, 15 വെല്ലൂർ, 15 സെക്കണ്ടറാബാദ്....

8. എയർഫോഴ്സ് മിലിറ്ററി കേന്ദ്രങ്ങളിലും വിദ്യാകേന്ദ്രങ്ങളിലും ഗണ്യമായ സംഖ്യ നമ്മുടെ ആളുകൾ ഉള്ളിടത്ത് ഉടനെ വൈദികരെ അയയ്ക്കണം.

9. നവജീവപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു കേരളത്തെ പത്തുമേഖലകളും (പത്തു കേന്ദ്രങ്ങളും)മാക്കിയിരിക്കുന്നു.

പാലാ, പൊൻകുന്നം, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, തൊടുപുഴ, എറണാകുളം, ഇരിങ്ങാലക്കുട, തൃശൂർ, കോഴിക്കോട്, കണ്ണൂർ ആഫീസും ഏജന്റും ഓരോ സ്ഥലത്തുമുണ്ടാകണം, പ്രധാന പള്ളികളിലെല്ലാം പ്രതിനിധികളുണ്ടാകണം. (തൽക്കാലം നമ്മുടെ ഹൈസ്കുൾ ഉള്ളിടത്തെല്ലാം.)

## ബോസ്കോച്ചന് ശിക്ഷ

ഹെന്ദോ - മെമ്മോറാണ്ടത്തിനെതിരായി നിരവധി ലഘുലേഖകൾ പുറത്തുവന്നു. കേരളാടൈംസ് ഉൾപ്പെടെയുള്ള ചില പ്രസിദ്ധീകരണങ്ങളും ഹെന്ദോയ്ക്ക് എതിരായ നിലപാട് സ്വീകരിച്ചു. ഹെന്ദോ നമ്പർ 2, ഹെന്ദോ നമ്പർ 3 എന്നീ ക്രമത്തിൽ ഈ മെമ്മോറാണ്ടത്തിനെതിരായി ലഘുലേഖകൾ തയ്യാറാക്കി. പ്രതികാരബുദ്ധിയോടെ ചില കേന്ദ്രങ്ങൾ ഇളകി മറിഞ്ഞു. ഈ മെമ്മോറാണ്ടം തയ്യാറാക്കി റോമിലേക്കയച്ചത് ബോസ്കോച്ചൻ ആണെന്ന് പ്രയോർ ജനറൽ വിധിയെഴുതി. ബോസ്കോച്ചനെ ശിക്ഷിച്ചു. ബോസ്കോച്ചനോട് യാതൊരു വിവരവും ചോദിക്കാതെ ശിക്ഷിച്ചതിൽ സമുദായസ്നേഹികൾ ദുഃഖിച്ചു. ആരെങ്കിലും തെറ്റു ചെയ്താൽപോലും വിശദീകരണം ചോദിച്ച് കേസ് വിസ്തരിച്ചേ ശിക്ഷിക്കുകയുള്ളു. അതൊരു സാമാന്യ മര്യാദയാണ്. ചോദ്യം ചെയ്യലും വിസ്താരവും ഒന്നും കൂടാതെ

www.malankaralibrary.com

അച്ചനെ ശിക്ഷിച്ചു. മൂന്നു മാസത്തേയ്ക്ക് മുറിയിൽ നിന്നും പുറത്തുപോകരുതെന്നായിരുന്നു ശിക്ഷ. ആ വിവരം ഇന്ത്യയിലെ എല്ലാ കത്തോലിക്കാ ബിഷപ്പുമാരെയും ബോസ്കോച്ചനെ ശിക്ഷിച്ചുവെന്ന വിവരം എഴുതി അറിയിച്ചു. ഈ നടപടിയിലും നവജീവപരിഷത്ത് പ്രതിഷേധിച്ചു.

ഹെന്ദ്രോ അച്ചടിപ്പിച്ചതും എല്ലാവർക്കും അയച്ചുകൊടുത്തതിനും ഉള്ള ഉത്തരവാദിത്വം നവജീവപരിഷത് സെക്രട്ടറിക്കാണ്. അദ്ദേഹം അത് ഏറ്റെടുക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബോസ്കോ അച്ചനെതിരായി ഒരു നടപടിയും സ്വീകരിക്കുവാൻ പാടില്ലായിരുന്നു. എങ്കിലും സഭയിലെ ചില പ്രഗത്ഭ അംഗങ്ങൾവരെ അദ്ദേഹത്തെ ശിക്ഷിക്കണമെന്നും സഭയിൽ നിന്നും പുറത്താക്കാണമെന്നും ആവശ്യപ്പെട്ടു. അങ്ങനെ സഭയിൽ നിന്നും പുറത്താക്കിയിരുന്നെങ്കിൽ 8-ാമത്തെ വ്യാകുലമായി ബോസ്കോച്ചൻ അറിയപ്പെടുമായിരുന്നു. തന്റെ പേരിൽ എടുത്ത ശിക്ഷണ നടപടിക്കെതിരായി ബോസ്കോഅച്ചൻ പരാതി സമർപ്പിക്കുകയും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വൈദികമേലദ്ധ്യക്ഷന്മാരെ വിവരം അറിയിക്കുകയും ചെയ്തു. റോം ഒരു കമ്മീഷനെ വച്ച് ബോസ്കോ അച്ചന്റെ പരാതിയെപ്പറ്റി അന്വേഷിച്ചു. ശിക്ഷണ നടപടി തെറ്റായി എന്ന് കമ്മീഷൻ വിലയിരുത്തി. പ്രയോർ ജനറാളോട് അപ്പോളജി ആവശ്യപ്പെട്ടുവെന്നാണ് വി.എം. ജോസഫ് വെള്ളാപ്പാട്ടുകുന്നേലിന്റെ ശതാഭിഷേകസ്മരണികയിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

## പരിഷത് ഏഴാം വയസ്സിൽ

നാലു നൂറ്റാണ്ടു കാലത്തെ സമരങ്ങളും പരാധീനതകളും പിന്നിട്ട നസ്രാണി സമുദായം വ്യക്തിത്വ ബോധമില്ലാതെ നിരങ്ങുന്ന കാഴ്ചയാണ് ഈ തലമുറ കണ്ടത്. ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രാപ്തിയും മാർത്തോമ്മാ ശ്ലീഹായുടെ ആഗമനത്തിന്റെ 19-ാം ശതാബ്ദിയുമെല്ലാം കഴിഞ്ഞിട്ട് സമുദായം ഉറക്കത്തിൽതന്നെ കഴിയുന്ന കാഴ്ച അനൽപ്പമായ വേദനയാണ് യുവതലമുറയിലുളവാക്കിയത്. ഇതിനൊരു പരിഹാരമുണ്ടാക്കുകതന്നെ എന്ന ദൃഢ നിശ്ചയത്തിൽ നിന്ന് രൂപം കൊണ്ടതാണ് നവജീവപരിഷത് 1962 നവംബർ 21.

സഭ വൈദികരുടേത്, സമുദായം അൽമേനികളുടേത്. ഈ വിധം ചിന്തിക്കുന്നവർ ഇന്ന് ധാരാളമുണ്ട്. പ്രസ്താവനകളും പ്രവർത്തനങ്ങളും ഇതിനെ ഉറപ്പിക്കുന്നതേയുള്ളു. വാസ്തവം പറഞ്ഞാൽ ഈ മനോഭാവമാണ് സഭയെ ഇന്നത്തെ നിർജ്ജീവവസ്ഥയിലാക്കിയത്. സഭയെപ്പറ്റിയുള്ള ശരിയായ ആശയങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി നിലവിൽ വന്നിട്ടുണ്ട്. എല്ലാം തന്നെ മലങ്കര സഭയിൽ ഉണ്ടായിരുന്നതാണ്. അന്നൊക്കെ ഇടയന്മാരില്ലാത്ത കാലത്തു പോലും അൽമായരാണ് പള്ളിക്കാര്യങ്ങൾ തൊട്ട് സഭയുടെ പൊതുകാര്യങ്ങൾ വരെ നടത്തിപ്പോന്നതും പ്രതിസന്ധി ഘട്ടങ്ങളിൽ സഭയെനയിച്ചിരുന്നതും സ്വയം ഭരണ പ്രാപ്തിക്കുശേഷമുള്ള

www.malankaralibrary.com

കഴിഞ്ഞ എഴുപതിലധികം വർഷം കൊണ്ട്പ്രത്യേകിച്ചും ഹയരാർക്കി സ്ഥാപന ശേഷമുള്ള നാൽപത്തിയഞ്ചുവർഷം കൊണ്ടുണ്ടായ പതനം ഭയം ജനിപ്പിക്കുന്നതാണ്. കഷ്ടകാലങ്ങളും വിഷമതകളും ഒന്നുമല്ല അവ ചെയ്യു. എന്നാൽ ആശയാദർശങ്ങളിൽ പാപ്പരത്തം വന്നാലെന്താകുമെന്ന് കണ്ണുള്ള വർക്ക് ഇന്നുകാണാം. നമ്മുടെ പൂർവ്വികന്മാർ ഏതെല്ലാം കാര്യത്തിനായി പണിയെടുത്തുവോ, പടവെട്ടിയോ, പാടുപെട്ടുവോ അതെല്ലാം കളഞ്ഞുകുളിച്ചിരിക്കയാണ്നാമിപ്പോൾ! വിദ്യാഭ്യാസരംഗത്ത് ഏറ്റം സമർത്ഥമായി പ്രവർത്തിക്കുന്നുവെന്ന് അവകാശപ്പെടുന്ന നമുക്ക് നമ്മുടെ വിദ്യാലയങ്ങൾ പ്രയോജനപ്പെടുന്നില്ല എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. സമുദായമറിയാതെ സഭയറിയാതെ വളർന്നുവന്ന ഒരു തലമുറയും തൽഫലമായി സഭയെനയിക്കാൻ ആളില്ലാത്ത ഒരവസ്ഥയും! എല്ലാവിധത്തിലും സംഘടിതവും സമ്പന്നവുമായി കരുതപ്പെടുന്ന നമ്മുടെ സഭ അതുതന്നെയാണല്ലോ. സമുദായങ്ങൾ എങ്ങനെ മുന്നോട്ടുനീങ്ങണം!

ഉദ്യോഗ മണ്ഡലവും സൈന്യവും റിസർവ് ഫോഴ്സും രാജ്യത്തെരക്ഷിക്കുകയില്ല. പൗരബോധമുള്ള ജനാവലിയാണ് ഏതൊരു രാജ്യത്തിന്റെയും ഭാവിസുരക്ഷിതമായിരിക്കുക. വൈദികർ ധാരാളമുണ്ടെങ്കിലും വൈദീക നേതൃത്വം ആദർശകോട്ടയിൽ കഴിഞ്ഞു പോരുന്നതേയുള്ളു. സന്യസ്ഥരും അവരുടെ സങ്കേതങ്ങളും പരലോകത്തേക്ക് ദൃഷ്ടിവച്ചിരിക്കുന്നു എന്തെങ്കിലും ചെയ്യുക അവർക്കാകാവുന്നതല്ല. കത്തോലിക്കജനതയുടെ ആദ്ധ്യാത്മികാരോഗ്യം തന്നെയും ഒരൽമായ പ്രേഷിതഗണത്തെ ആശ്രയിച്ചിരിക്കുന്നു. എല്ലാക്കാലത്തും കത്തോലിക്കാചൈതന്യത്തിന്റെമാനദണ്ഡം അൽമായ ജനമാണെന്ന് ന്യൂമൻ പറഞ്ഞിട്ടുണ്ട്.

സാമൂഹ്യവും പ്രേഷിതാത്മകം തന്നെയുമായ വമ്പിച്ച പ്രവർത്തനങ്ങൾ അകത്തോലിക്കരും അക്രൈസ്തവരും നടത്തുന്നുണ്ട്. അവ നമ്മെ ലജ്ജിപ്പിക്കുവാൻ പര്യാപ്തവുമാണ്. ഏതെങ്കിലും സ്ഥലത്ത് സഭയുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരുടെ പ്രവർത്തനങ്ങളെക്കാൾ താഴ്ന്ന നിലയിലാണെങ്കിൽ അവിടെയുള്ള കത്തോലിക്കരുടെ ആത്മവീര്യത്തെ സ്പർശിക്കാതിരിക്കുകയില്ല. പ്രത്യാഘാതങ്ങൾ സുലഭമായിരിക്കും. കത്തോലിക്കരുടെ അശ്രദ്ധ ദൈവപുത്രനെ വിഢ്ഢിവേഷം കെട്ടിക്കുന്നത് സഹിക്കാവതല്ല. നമ്മെയൊക്കെ കണ്ട്പഠിച്ച്, സംഘടിച്ച് ഉയർന്നുവന്നിട്ടുള്ളവരുടെ പുറകിൽ നിൽക്കാൻ പോലും നമുക്കിപ്പോൾ സാധിക്കുന്നില്ല.! ലജ്ജിച്ച് തലതാഴ്ത്തണം. രൂപതപോലെ സംഘടിതമായ സഭായൂണിറ്റുകളുണ്ടായിട്ട് അവ പ്രയോജനപ്പെടുത്താത്തതിന് പ്രധാനകാരണം സഭക്ക് വൈദീക കാര്യമെയുള്ളു എന്ന തെറ്റായധാരണയാണ്. സഭയെന്നുവച്ചാൽ എന്താണെന്ന് ബോധം വരുന്നവർക്കു മാത്രമേ രക്ഷയുള്ളു. അന്ന് രണ്ടാം വത്തിക്കാൻ കഴിഞ്ഞിരിക്കും. ഇപ്പോൾ ഉണ്ടായിട്ടില്ലെങ്കിൽ ഇനി എന്നുണ്ടാകാനാണ്. ഇടയന് നോക്കാൻ എത്ര തട്ടകളുണ്ടോ, അതു മുഴുവനുമാണ് സഭ.

www.malankaralibrary.com

ആദർശങ്ങളാണ് ഭരിക്കുന്നത്. അങ്ങനെയെങ്കിൽ ഉയർന്ന ആദർശങ്ങൾ നടപ്പിൽ വരുത്തുന്നവർ മനുഷ്യരാശിയെ ഉന്നയിപ്പിക്കുന്നവരാണ് ശ്രേഷ്ഠമായ ഒരു സ്ഥിതി വിശേഷം. മനുഷ്യസമൂഹത്തിന് പ്രദാനം ചെയ്യുന്നവരാണ് നാമെങ്കിൽ എങ്ങിനെ എന്തുകൊണ്ട്, നാം മനുഷ്യരാൽ ആദരിക്കപ്പെടാതെ പോകുന്നു. ആഗ്യണരായിത്തീരുന്നു, പുഛിക്കപ്പെടുന്നു.

സമുദായത്തെ രക്ഷിക്കാൻ ഇന്ന് ഏറ്റം പറ്റിയമാർഗ്ഗമെന്തെന്ന് വിശുദ്ധനായ 10-ാം പീയുസ് മാർപ്പാപ്പായുടെ ഈ ചോദ്യത്തിന് പലരും പല ഉത്തരങ്ങൾ നൽകി. കത്തോലിക്കവിദ്യാലയങ്ങൾ, ദേവാലയങ്ങൾ, കൂടുതൽ വൈദികർ "പഴയ ഒരു പുണ്യപുരുഷൻ എടുത്തുകാട്ടിയത് വേറൊന്നായിരുന്നു". ഇക്കാലത്ത് എത്രയും അവശ്യമായത് സുകൃതികളും ഉൽബുദ്ധത പ്രവർത്തിസന്നദ്ധരും യഥാർത്ഥ പ്രേഷിത ചൈതന്യമുള്ളവരുമായ ഒരു അൽമായഗണം. എല്ലാ ഇടവകകളിലും ഉണ്ടായിരിക്കുകയെന്നതാണ്. നാം സ്കൂളുകൾ നിരത്തിസ്ഥാപിച്ചു. പക്ഷേ നമുക്ക് പറ്റിയവരായി അംഗങ്ങളെ വളർത്തിയെടുക്കാൻ അവ വേണ്ടുവോളം പ്രയോജനപ്പെട്ടില്ല. പള്ളികൾ എണ്ണത്തിലും വലുപ്പത്തിലും കലാഭംഗിയിലും മികച്ചുനിൽക്കണം ഫലമോ? വൈദികർ ധാരാളം ഇടവകകൾക്ക് സത്യസ്ഥരായി പൊതുസേവനത്തിനും മിഷൻ രംഗങ്ങൾക്കും. ഫലത്തെപ്പറ്റിപ്പറയുമ്പോൾ ഇനി അവശേഷിക്കുന്നത് അൽമായഗണം പരീക്ഷിച്ചുനോക്കുകയാണ്. സുകൃതരും ഉൽബുദ്ധരും പ്രതിസന്ധരും പ്രേഷിതചൈതന്യമുള്ളവരും എല്ലാ ഇടവകകളിലും ഉണ്ടായിരിക്കുവാൻ വ്യവസ്ഥചെയ്യുക! ചെയ്തിരുന്നുവെങ്കിൽ സമുദായ മണ്ഡലത്തിലും മതസ്ഥാപന കാര്യത്തിലും സംസ്കാരരംഗങ്ങളിലും പറ്റിയ അബദ്ധങ്ങൾ ഒഴിവാക്കാമായിരുന്നു

ഒരു വ്യഴവട്ടത്തിലധികമായി ഇതിലേക്കു പള്ളിസ്ഥലമൊരുക്കുകയായിരുന്നു, 1962-ൽ നവജീവ പരിഷത്ത്. ജന്മമെടുത്തതു മുതൽ സംഘടനാരൂപത്തിലും. എങ്ങിനെയെങ്കിലും പോകുന്നവഴിക്ക പോകട്ടെ എന്നു നിരാശപ്പെട്ടിരുന്നവർപോലും പരിഷത്തിന്റെ പരിപാടികൾ കേട്ടപ്പോൾ, കണ്ടപ്പോൾ, ആശയുള്ളവരായിത്തീർന്നു. അത്രനിസ്സാരമല്ലാത്ത പലനേട്ടങ്ങളുണ്ടായെന്നതും പ്രസ്താവാർഹമാണ്. 1967-ന് മുമ്പുതന്നെ പൂർണ്ണരൂപത്തിൽ ഈ പരിഷത്തിനെ സദാസമയം അവതരിപ്പിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയോടെ പണിയെടുത്തുവരവെ അധികാരസ്ഥാനങ്ങളിൽനിന്നും അക്രമാസക്തമായ പാതകൾ തന്നെ ഒന്നിനു പുറകെ ഒന്നായി ചെയ്തുതുടങ്ങി അധികാര ദുർവിനയോഗത്തിന് തടയിടാൻ മാർപ്പാപ്പ വരെ പോകേണ്ടിവന്നു. അതു ഫലിക്കുകയും ചെയ്തു. നാടുകടത്തിയതും, പല ഉന്നതസ്ഥാനങ്ങൾ നിശ്ശബ്ദമായതും പരിഷത്തിനുണ്ടായ അപ്രതീക്ഷിതമായ അസാധാരണ വിജയം തന്നെ സംശയമില്ല. മാർപ്പാപ്പ നേരിട്ടിടപെട്ടതുകൊണ്ടു മാത്രമേ പ്രശ്ന പരിഹാരമുണ്ടാകുകയുള്ളു എന്ന സത്യം ആശങ്കാജനകം തന്നെ.

www.malankaralibrary.com

അങ്ങനെ നടക്കാൻ സാധാരണഗതിയിൽ സാദ്ധ്യതയില്ലാത്തതാണതിനുകാരണം. അക്കാര്യത്തെപ്പറ്റി എല്ലാവരും ബോധവാന്മാരായതുകൊണ്ടുതന്നെയാണ് സൂനഹദോസ് സഭയുടെ സ്വയംഭരണത്തിൻ വ്യവസ്ഥകൾ ഏർപ്പെടുത്തിയിരിക്കുന്നത്. അതിനെതിരായനിലപാട് ചുമതലപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത് തീർത്തും പ്രതിഷേധാർഹമാണ്. സഭക്കുള്ളിൽതന്നെയുള്ള ശത്രുക്കളെ കണ്ടുപിടിച്ചു നേരിടുകയാണ് അടുത്ത നടപടി. നിയമപരമായും പ്രോത്സാഹനം പ്രയോജനപ്പെടുത്തിയും ജനാഭിലാഷം നിറവേറ്റിന്നതിൽ ഒട്ടുംതന്നെ അമാന്തം ഉണ്ടായിക്കൂടാ. സ്വയം രക്ഷക്കുവേണ്ടി സമരം ചെയ്യാൻ കാലം വൈകിയിരിക്കുന്നു.

www.malankaralibrary.com

# 15. അസ്ലെത്താ ദ് ഹെന്ദോ

സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിക്കുന്നവരെ ആദരിക്കാൻ നവജീവ പരിഷത്ത് ആണ് ആദ്യം തയ്യാറായത് എന്നു പറയാം. അതുവരെ ഷെവലിയർ സ്ഥാനങ്ങളും മോൺസിഞ്ഞോർ സ്ഥാനങ്ങളും നൽകി സഭ പലരെയും ആദരിച്ചിട്ടുണ്ടെന്ന വസ്തുത വിസ്മരിച്ചുകാണില്ല. ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ബഹുമതി മുദ്ര നൽകുന്നതിൽ നവജീവ പരിഷത്ത് പുതിയ അദ്ധ്യായം കുറിച്ചു. നവജീവ പരിഷത്തിന്റെ ചുവടു പിടിച്ച് ആ രംഗത്ത് അവാർഡുകൾ നൽകിയത് പിന്നീട് കത്തോലിക്കാ കോൺഗ്രസ്സാണ്. അതിനു ശേഷം അവാർഡുകളുടെ ബഹളമായി കെ. സി.ബി.സി.യും സീറോ- മലബാർ സഭയും നിരവധി സംഘടനകളും ഇപ്പോൾ അവാർഡ് നൽകി വരുന്നുണ്ട്.

നവജീവ പരിഷത്ത് നൽകിയ അവാർഡിന്റെ പേര് അസ്ലെത്താ ദ് ഹെന്ദോ എന്നായിരുന്നു. അത്‌ലെറ്റ് എന്ന പദത്തിന്റെ അർത്ഥം യോദ്ധാവ്. ദ ഹെന്ദോ എന്ന പദത്തിന്റെയർത്ഥം ഇന്ത്യയുടെ എന്നാണ്. ചുരുക്കി പറഞ്ഞാൽ അസ്ലെത്താദ് ഹെന്ദോ എന്നതിന്റെയർത്ഥം ഇന്ത്യയുടെ യോദ്ധാവ് എന്നായിരുന്നു. ഇന്ത്യയോടൊപ്പം പേരും പഴക്കവുമുള്ള ശ്ലൈഹിക സഭാസമൂഹത്തിനുവേണ്ടി ഉറച്ച നിലപാടും ധീരസേവനവും അനുഷ്ഠിച്ചവരെ ബഹുമാനിക്കാനാണ് ഈ കീർത്തിമുദ്ര ഏർപ്പെടുത്തിയത്.

## 1. എം. ഒ. ജോസഫ് നെടുംകുന്നം

നവജീവ പരിഷത്തിന്റെ പ്രഥമ അവാർഡിന് പ്രമുഖ ചരിത്രകാരനായ ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നമാണ് അർഹനായത്. ശക്തനായ ഗദ്യകാരൻ, പത്രപ്രവർത്തകൻ, ചരിത്രകാരൻ എന്നീ നിലകളിൽ എം. ഒ. യെ അറിയപ്പെടാത്തവരായി കേരളസമൂഹത്തിൽ ആരും ഉണ്ടായിരുന്നില്ല. ഓജസും വീര്യവും ഓളം വെട്ടുന്ന ഭാഷാ വസ്തുതകൾ നിരത്തിവച്ചു കൊണ്ടുള്ള പ്രതിപാദനവും, എം. ഒ. ജോസഫിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥനാക്കി. സർ. സി. പി. യുടെ വിദ്യാലയദേശസാൽക്കരണ ശ്രമങ്ങളെ എതിർത്ത് പരാജയപ്പെടുത്തുന്നതിൽ മലബാർ മെയിലിനെ ശക്തമാക്കിയത് എം.ഒ. ജോസഫ് തന്നെയായിരുന്നു. അദ്ദേഹം രചിച്ച തച്ചിൽ മാത്തുത്തരകൻ എന്ന ഗ്രന്ഥം മാത്രം മതി അദ്ദേഹത്തെ എന്നും ഓർമ്മിക്കാൻ. കുടിയിറക്കിനെതിരായി നടന്ന ബഹുജന പ്രക്ഷോഭണത്തിന്റെ മുന്നണി പോരാളിയും ആയിരുന്നു എം. ഒ. ജോസഫ്, ഈ ലേഖകൻ ക

www.malankaralibrary.com

ത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സംഘം സെക്രട്ടറിയായിരുന്ന 1966 ലാണ് എം.ഒ. ജോസഫിന് ഈ അവാർഡ് നൽകിയത്. എ.കെ.സി.സി. പാലാ രൂപതാ സംഘവും നവജീവ പരിഷത്തും കൂടിയാണ് അവാർഡ്ദാന സമ്മേളനം സംഘടിപ്പിച്ചത്.

## 2. റവ: തോമസ് നങ്ങച്ചിവീട്ടിൽ

1984- ൽ ആണ് ഈ ബഹുമതി പിന്നീട് നൽകിയത്. 1984-ൽ തിരുവനന്തപുരത്തുവച്ചാണ് അവാർഡ് ദാനം നടന്നത്. കലാലയനിയന്താവായിരുന്ന ഡോ. തോമസ് നങ്ങച്ചിവീട്ടിൽ ചരിത്രരചനയിലൂടെ ചാമ്പ്യനായി. അദ്ദേഹം രചിച്ച ഏഷ്യയിലെ മാർത്തോമ്മാ സഭകൾ (2 വാല്യങ്ങൾ) എന്ന ഗ്രന്ഥത്തെ ആധാരമാക്കിയാണ് അസ്ലെത്താ ദ ഹെന്ദോ എന്ന ബഹുമതി അദ്ദേഹത്തിന് നൽകിയത്.

## 3. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി

35 വർഷത്തെ സേവനവും നേതൃത്വവും വഴി മലബാർ പ്രദേശത്തിന്റെ പുനർനിർമ്മിതി നടത്തിയ മാർ വള്ളോപ്പള്ളി തിരുമേനിക്കാണ് മൂന്നാമത്തെ അവാർഡ് അസ്ലത്താ ദ് ഹെന്ദോ എന്ന ബഹുമതി നവജീവപരിഷത്ത് നൽകിയത്. വേറൊരു തിരുവിതാംകൂർ സൃഷ്ടിച്ച പ്രതീതിയാണ് മലബാറിൽ ദൃശ്യമായത്. ഇത്തരത്തിലൊരു പരിവർത്തനം ഇന്ത്യയിലൊരിടത്തും നേടിയിട്ടില്ല. 1992-ലാണ് മാർ വള്ളോപ്പള്ളിക്ക് കീർത്തി മുദ്രസമ്മാനിച്ചത്.

## 4. വി.എം. ജോസഫ് വെള്ളാപ്പാട്ടുകുന്നേൽ

നവജീവപരിഷത്തിന്റെ സ്ഥാപക നേതാവും പരിഷത്തിന്റെ കാര്യദർശിയും ആയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പാപ്പച്ചൻ വെള്ളാപ്പാട്ടുകുന്നേലിനാണ് നാലാമതായി അസ്ലേത്താ ദ് ഹെന്ദോ എന്ന ബഹുമതി നൽകിയത്. നവജീവ പരിഷത്തിന്റെ എല്ലാ കാൽവയ്പുകളിലും ബോസ്കോ അച്ചനോട് ഒന്നു ചേർന്ന് പ്രവർത്തിച്ച വി.എം.ജോസഫിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. 1997-ലാണ് ഈ അവാർഡ് നൽകിയത്.

www.malankaralibrary.com

# 16. Hendo After, Thirty years-Forward

Hendo thirty years after എന്ന ഒരു ഗ്രന്ഥം നവജീവ് പരിഷത് 2000-ാം ആണ്ടിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ Forward -ൽ നമ്മുടെ സീറോ മലബാർ സഭയുടെ ചരിത്രപാരമ്പര്യം ഇന്നത്തെ സഭയുടെ അവസ്ഥ എന്നിവയെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ആ ഭാഗം താഴെ ചേർക്കുന്നു.

## Foreward

Many and manifold are the Christian Denominations of India. That this least for minority religions should be vexed with problems of varied types, looks funny; most of these churches are of foreign origin and camped here for active propaganda. Had it been for ascetical discipline or mystical experiences, people would feel attraction. But dispute, rivalry, infight...... have no bearing with Christianity. Hence the question why should they be called Chrisitian? A good number of people are convinced that Christianity appeared here along with the sixteenth century colonial powers from Western Europe-the Portuguese, the Dutch and the latecomers the French and the English. Christ, Christian, Christianity or anything of the sort was unheard of till them. But then what about the oft-repeated claims for an apostolic beginning for the Church here in India? That Apostle Thomas, one of the disciples of Jesus the Christ, came over here, announced the Good Tidings, made friends, and that was how there happened to be an original Church-is legend and history as well as popular faith, established by authoritative testimonies, monuments, folklore, and hence commending attention.

We have to bear in mind that in continental Asia, the Christian Church and religion with a Syrian (Aramaic) background did never use or even know Greek terminologies coined in the Western World. Followers of Jesus were called or Known by such names as Nazrani, faithful people of God, of Baptism, Tharixackal, Boudha and son on. The scholar missionary Paulinus has recorded "The Malabar Brahmins call St. Thomas Aposle, Buddha and the Christians Boudhanmar...... as if they had received from Buddha or a manfull of Spirit of God and piety,

www.malankaralibrary.com

the institutions of the Chrisian faith". History –source book "Antiquities from San Thome and Mylapore" P. 577 has this testimony-"Christians in Malabar are even now called Buddhists". The appearance of a new form of Buddhism, the Mahayana Buddism, around the first-second century A.D. certainly points to the existence or even the prevalence of the Christian religion there. "From about the first or second century A.D. onwards, a new and very different kind of Buddhism arose in India. The new School which claimed to offer salvation for all, styled itself Mahayana, The Greater Vehicle (to salvation) as opposed to the elder Buddhism which is contemptuously referred to as Hinayana or Lesser Vehicle.... Mahayana with its Pantheon of heavenly Buddhas and Bodisathvas and its idealistic metaphysics, was strikingly different in many respects... The Buddha was omniscient... becomes a Divine Saviour and whose example the believer is urged to follow..." (introduction to Oriental Civilizations; Source of Indian Tradition Ed. Wm. Th. De Bary, Delhi P. 154). In form and content it is Christianity of the early centuries, one of the religious beliefs and life patterns that came to prevail among the Hindus. "A major transformation in Buddhism was taking place during the reign of the greatest of the Kushan kings, Kanishka... The early cult of the teacher Gautama the Buddha, was becoming the complex religious system called Mahayana Buddhism which reverse Buddha as a Saviour God.... Brahmanism had always kept control of India's social organisation even after many of the upper classes had become Buddhists. Now the Brahmins reasserted themselves...." (Historie India.pp 92-93)

The vast number of Christians in Persia and adjacent regions till R. Indus forces us to logically conclude that N.W. India was largely Christian. The many immigrations into India from the North West, and the Muslim take-over of North India consequent to successive invasions point towards a similar picture. We have definite proof from history about Christians in the Deccan, and an unbroken line of Christian existence and enterprise in South India. Destructions, suppressions and forced conversions consequent to Hindu Revivalism and Muslim conquests, naturally bloted them out. And what remained of the Christian communities on the coasts West and East of India, and also in the interior, was finally absorbed by the Roman Catholic church.

www.malankaralibrary.com

It is never to be forgotten that the Gospel religion was quite at home here in India and that it was a religion or one of the religions of India, and people of India Hindus inspite of the differences and distinctions of their beliefs. "Hindu is a Persian word, it means simply Indian" (Prof. Zaehner). "Hinduism is a way of life rather than a religion" (Dr. Radhakrishnan). All immigrants got absorbed in to the mainstream, only the Muslims and (Western) Christians remained aloof and separate. The suppression of Indian Christianity by the conquering westerners created the problems unsolved to this day. Want of right understanding on the par of all, and the drive for overloading or western Christianity, if corrected, will immediately find easy solution for most of the problems. Further it has to be remembered that Christianity is a universal religion simultaneously national and supernational also supernatural, by historical accident, given form and shape by Hebraic and Hellenic agencies, culture, thought-pattern and administrative frame. The terms East and West are variously applied by the Churches on the Tiber, on the Tigris and on Bosphorus-all of which are major or parent Churches with numerous daughter churches. For the Latins, themselves west, all others East, for syrians, all west except themselves who are The Church of the East; and for Byzantium, Syrians (East or West) are schismatic, While the Latins are heathenish idolaters.

The Syrian Culture, language and traditions had been appropriated and assimilated by many nations in Asia, and the monotheistic religion of the Torah, of Zendavesta, of the Gospel, of the Quaran, and even that of Aknaton of ancient Egypt, looked to the Syrian Culture as their heritage; the Gospel has been called the quintessence of the Syrian culture. A close observation will not fail to trace many points of Hindu culture to the Syrian. The Syrian Church is pan Asian, but when Western scholars come to identity Syriac with West Syriac and the Syrian Church with that of Antioch, the East had to keep its identity under the Chaldean title. in India (Travancore) Syrian is the term applied to the Church to the society and to the language (eg. Romo-Syrians, Jacobite Syrians, Syrian church, Syriac language); also to avoid the misinterpretation of the East Syrian Church as a development of the Church of Antioch, 'Chaldean' had to be adhered to. The Church of the East, the Syrian Church, with its centre a Seleucia-Ctesiphon (Babylon) comprised all the lands and

www.malankaralibrary.com

peoples of continental Asia, and compared with it, quite insignificant were the Churches of Rome and Byzantium. St. Thomas the Apostle is Founder and Father of the Syrian Churches of India and Persia while to this disciples Addai and Mari is attributed the organizing of the churches of Urhai (Edessa) and of Seleucia. Church of India is quite original as being not dependent on the Chaldeans, Persians or anybody else; in origin and culture they remained Hindu, and the tomb of their father A.P. Thomas, was their greatest Treasure along with Quasasha (liturgy) of the Apostles and the Syriac (Armaic) rituals. Even non-Christians are convinced of this. T.K. Velupilla, author of Travancore State Manual (1940) quoting Dr. Neale, affirms that the liturgy used on this (Malabar) coast is not derived from but collateral with the Chaldean liturgy, of the Apostolic times.

Again, unlike the western churches, this is not an Episcopal Church, but congregational in form and administrative structures, Church representatives being the deciding factor in all matters. This church original, orthodox, fruitful, cultured and with apostolic enthusiasm, enslaved, opting suicide, is a sight that cannot be condoned.

## The internuntio Fulminates

The internuntio Fulminates എന്ന അദ്ധ്യായവും അതേപടി താഴെ ചേർക്കുന്നു. ഹെന്ദോ എന്ന വിവാദപരമായ മെമ്മോറാണ്ടം - അതിന്റെ പേരിൽ സി.എം.ഐ. പ്രയോർ ജനറാൾ ബോസ്കോ അച്ചന് കൊടുത്ത നോട്ടീസ് അതിന് അദ്ദേഹം നല്കിയ മറുപടി തുടങ്ങിയവയാണ് ആ ലേഖനത്തിലെ ഉള്ളടക്കം. ഹെന്ദോ സൃഷ്ടിച്ച കോളിളക്കത്തെപ്പറ്റിയറിയാൻ ഈ ലേഖനം സഹായകരമാകും ആഭാഗം താഴെ ചേർക്കുന്നു.

Besides the unofficial and indirect aggression, there has appeared subversion from Church officials. The Vatican Embassy in New Delhi is a hotbed of espionage.

For the simple fact that Navajiva Parishad had submitted a memorandum to the Vatican Council, it was subjected to witchhunt, and since laymen could not be caught, the 'Sin' was imputed to a religious priest and had him punished. These are the words of Mgr. James Robert Knox, internuncio, New Delhi, 12th October 1965.

"In his publication forwarded to the Foreign Ministry he appeals to the secular state to provide for the fundamental rights. Hereby he

www.malankaralibrary.com

denies the foundation of the Church as a perfect society founded by Jesus Christ, and he even denies the very foundation of the Church, the divinity of its Founder, in appealing to the secular State for securing the fundamental rights. Hence he is not a Christian or his act such, Hence he should write and say:

'I request and declare that the passages containing the above ideas are deleted and withdrawn by me from the statement made by me'. Coming to know of such high-handed and inhuman measures H.H. the Pope had him dismissed from office and even from diplomatic circles, and had him packed to this home town in Australia in 1968. Since such measures are extraordinary, and correct information hardly reaches the highest authority, the State alone can protect its citizens.

## Letter of Prior General

After having studied the data that have been collected after my Circular No.1 dated 29th March, 1966, I have come to the conclusion that you have been involved in the publication that appeared on 16th October 1964 under the tittle "Hendo", while you have had nothing to do with what have been called "Hendo No.II" and "Hendo No.III".

An Academy under the name "Nazrani Navajiva Parishad" was started on November 21, 1962 to promote the social and cultural interest of the Nazrani Society, of this Parished you were a member.

Although you had no official capacity in the Parishad, you were in fact its moving spirit. You were practically the editor of the publication called "Nazrani", the Annual of the Parishad. It is also a fact that you had been asked to sever connection with the Parishad by Very Rev. Fr. Maurus, the then Prior General, hen your name appeared as a member of that association in the "Nazrani" of Novemebr 21, 1962, as I have learned from Fr. Maurus himself while discussing the matter with him at a joint meeting of the very Rev. Definitors and Provincials.

I take notice of the fact that it was when Vatican II was in session that Parishad prepared the booklet called "Hendo" in the form of a memorandum to the Fathers of the Council. You have accepted responsibility for the first draft of that booklet. You have told me that when that draft of yours was passed on for opinions, the members of the Parishad suggested the addition of certain ideas to which you could not

www.malankaralibrary.com

agree and that, all the same, the opinion of the other members having prevailed, the booklet was printed including those ideas.

. Although you seem to have disapproved and discouraged the final draft of the "Hendo", it is a fact that you did despatch the copies of it to different persons. Before one of our fathers you did even assert that you could be considered the author of that publication which is not only against the spirit of ecumenism and dialogue which the Church in Council was then pointing out as the correct attitude of a Catholic in his dealings even with the separated brethren and non – Christians, but even to the spirit of Charity and due obedience to the constituted Superiors in the Church and in so far as it appears to the civil authority in ecclesiastical matters, against the very Constitution of the Church.

This attitude of yours which is quite contrary to the spirit of our Founder, has been the cause of great scandal to men of good will. The spreading of this booklet has given occasion to other literature sowing more seeds of dissension within the Catholic community and could have and has indeed wounded the feelings of many persons whose names are sacred to us both by reason of the high offices they hold in the Church of God and by reason of their holy lives.

This being the case, I will be failing in my duty towards our Congregation and the Church in general, if I were to allow this unhealthy attitude of yours to remain unpunished. I therefore, declare that you are forbidden to exercise any part of the sacred ministry outside the strict cloister of our houses for three months from the day you receive this letter, You shall, moreover, sever all connections with the Nazrani Navajiva Parishad.

May I avail myself of this occasion to exhort you to work with renewed vigour for the edification of the body of Christ as directed by your Superiors and not to involve yourself any more in any activity that tends to destroy the solidarity of the Catholic community.

**Reply to Prior General in Council**

On Thursday 5th January 1967 I received the printed letter No.347/66 of 21st December 1966, of our V. Rev. Fr. Prior General. I was surprised to find it to be a punitive document; the more surprising it was since no trial, not even a questioning had been made about the case. To avoid all mistakes of haste and heat I waited for full one month. Now I should place before our Venerable Difinitory what I have to say. It is

www.malankaralibrary.com

also my duty to expose facts as far as I can, to do away with the scandal that has been caused by the said letter of our Fr. Prior General.

The first time Fr. General spoke to me on the subject was on 26th December while he had already taken the decision against me on or before Dec. 21st. because the letter bears the date Dec. 21st. Without hearing a word from the supposed culprit no-where in the world is a judgment pronounced. The letter has become the more serious since Fr. General has made Fr. Maurus his predecessor an object of ridicule. He has published this document depicting me in caricatures and denouncing me on unfounded charges – which charges I do not at all deserve. I repudiate the charges entirely; they are baseless. All his "facts" are fictitious. And the pity is that he has not tried to understand the case; nor was I given the chance to reply.

By his circular No. 1 of March 29, 1966, Fr. General had sought information on "the unauthorized publication of a series under the title 'Hendo'. By now it has become known that the above said unauthorized publication of Hendo series was the work of a certain Latin priest of Vijayapuram diocese. Indeed it was treacherous on his part to have published it in the name of Navajiva Parishad, Ernakulam. In Ernakulam there was no office of the Parishad at that time (1965). It was closed down on account of the harassment from the Latin Christians. And this fact helped to find out the culprit. Further, Fr. General has used in his letter such misleading terms as "Hendo II" and "Hendo III". It is not known how many numbers of that unauthorized publication exsit, but they are in no way related to the memorandum "Hendo, the church of India". To Fr. General the memorandum to the Council and spurious publication are of equal value!

It is a fact that our Fr. General did not all ask of me or of any body else through his circular, about 'Hendo, the Church of India'. If he had done so he could have saved himself from committing this injustice and from doing so much harm to so many persons and institutions and most of all to our own congregation. Any way this scandal could have been avoided. "Hendo the church of India" was the memorandum submitted on Oct. 18th, 1964, by the Secretary Navajiva Parishad to the Fathers of the Ecumenical Council Vatican II, the highest authority in the Church the Supreme Assembly. Anybody-individuals as well as societies – has

www.malankaralibrary.com

the right for it; nobody can question that right. But what escapes my understanding is his argument for associating my name with it, and for taking this disciplinary measure against me, and that on an issue that is out of question.

Now coming to the accusations,

1. I was not a member of the Navajiva Parishad. No one is admitted to the Parishad without paying the entrance fee of Re.1/- As a well wisher and when invited I have attended their meetings, and that with due permission each time.
2. There is no Annual for the Parishad, nor was I its editor Nasrani is not a publication, but M S printed for members and well-wishers, all responsibility being with the Secretary.
3. My name appeared in the Nasrani of 1962 along with the other well-wishers, to convene the Parishad. Nothing objectionable about it was noticed at the time from any quarters. Only with express permission did I subscribe my name to that proposal.
4. I was not asked by the then Prior General to sever connections with the Parishad, because I had no connection with it to be severed. Why then the name of Fr. Maurus is dragged in? It deserves explanation; it has a world of meaning about it.

This is retaliation from the authors of the notorious "Kalamassery Memorandum" who (members of our congregation) were being sought out and questioned at that time as they were acting against the express orders of the Holy See. Now that Fr. Maurus is out of office, they employ my name to attack him and vilify his name, the suggestion being that he was the prime mover. To say that I was asked by Fr. Maurus the then General to sever connections with Navajiva Parishad, and that I refused to do that, and still I was kept on the mission staff and in special charge of the Apostolic School, is tantamount to charging him criminal henous crime indeed! No wonder, from the rotten swamps of monasteries worse things will happen. Most lamentable indeed that Fr. General has become a pawn in the hands of these men!! It is to be noted in particular that Fr. Maurus during his tenure of office of prior General, was never asked about any of these things by the higher authorities. How now thenafter two years after 1964, these fables are being fabricated?

www.malankaralibrary.com

5. Fr. General is insisting on the words 'booklet' and 'publication'. No booklet by name 'Hendo' was prepared or published; but the memorandum 'Hendo the Church of India' was printed and copies dispatched by post to the fathers in session of Vatican II by the office-bearers of Navajiva Parishad. They had their office in Ernakulam (2000 copies for 2000 fathers perhaps). There was no distribution. It was the 'Kerala Times' Press, Ernakulam, that had reprinted the same memorandum with neither the permission nor even the consent of the Parishad, and had distributed its copies in large numbers both in and outside India. They are responsible for its publication.
6. I never hesitated to admit what I have done. As required by my friends I prepared a short draft about which I have given information to H.E. the Internuncio New Delhi. He did not question me further. If there was anything about it further H. Excellency would have asked me. Fr. General says, the draft was passed on for opinion and I was among the members to discuss; he cites my testimony for that: Most emphatically I assert that such a thing did never happen. How he got the information I wonder. Lawyers and scholars of the Parishad need not rely on me to come to their own conclusions. The memorandum when printed, was changed in form, size and content; it was entirely their own.
7. The memorandum Hendo is not at all against the spirit of ecumenism and dialogue. The basic condition of ecumenism is to admit all Christian communities as Churches. Watering down of principles is no ecumenism, and will not create ecumenical attitude. Hendo points out the ways to remove inequalities and injustices that stand in the way of ecumenism. Impartial people are found to congratulate the Parishad for the preparation and presentation of the memorandum. To those who criticized, Parishad had thrown a challenge to disprove any of the statements, every statement is well – documented they claim. But it is all their business; my interest is only in so far as they stand for the welfare of the Church.
8. It is also false to say that the memorandum appeals to the civil authority in ecclesiastical matters. The memorandum was submitted to the authority of the Church in Council. Had they meant otherwise, they would have gone direct to the Government. They petitioned the

www.malankaralibrary.com

Council to have the disabilities redressed, and the Council indeed has removed all the disabilities and inequalities of the Orientals by appropriate legislation, particularly through the Decree on the Oriental Churches. Secular Governments are for the protection and support of the citizens, and in fact Christians have sought and got support from governments even against ecclesiastics,

9. The letter emphasizes on this 'attitude of yours'. My attitude is that of a religious, ie. of an earnest, enthusiastic and sacrificing Christian, or at least I hope to be like that. That was also the spirit of our founders. Never without permission and blessing from superiors have I undertaken anything so far. It is yet to be proved that I 'have engaged' myself in any 'such activity'. Responsible people will never rely on hearsay to make assertions and take steps.

The Latins used to impute to the Syrians all sorts of fanaticism, and recently also the authorship of Hendo Series. On knowing that the mischief was done from their part Latins were put to shame. Now to save their position they have managed to have a Syrian priest condemned and punished by the Syrian authorities themselves and the news publicized. Our Fr. General is a tool in their hands! Otherwise what justification is there in sending Fr. General's letter to all Bishops throughout India; in imposing three months rigorous imprisonment for unproved charges?

Whatever might be the crisis to face or pressure to endure, no parent worthy of the name will abandon his child. It is most unfortunate that this letter highly offensive and most defamatory to myself, to Fr. Maurus and to our congregation, has been issued and publicized by our Fr. Prior General, I should denounce it and vehemently protest against it. If I remain silent my behaviour will be looked upon as cowardly as Fr. General's. Copies of this letter are sent to all who received Fr. General's letter.

www.malankaralibrary.com

# 17. മാഗ്നകാർട്ട ഓറിയന്റാലിയം എക്ലെസിയാറം

1. പൗരസ്ത്യസഭകളുടെ സ്ഥാപനങ്ങൾ, ആരാധനാക്രമചട്ടങ്ങൾ, സഭാപാരമ്പര്യങ്ങൾ, ക്രൈസ്തവ ജീവിതക്രമം - എല്ലാം ശ്ലീഹന്മാരിൽ നിന്ന് പിതാക്കന്മാരിലൂടെ കൈമാറിക്കിട്ടിയിട്ടുള്ളവയാണ്, സഭയുടെ അവിഭക്തപൈതൃകത്തിൽപെട്ടവയുമാണ്.
2. സഭ മിശിഹായുടെ ഭൗതിക ശരീരമാണ്. വ്യക്തിസഭകളേതും തനതു പാരമ്പര്യങ്ങൾ കൈവിടാതെ, മുഴുവനായി, സമ്പൂർണ്ണമായി പാലിക്കണം.
3. കിഴക്കുപടിഞ്ഞാറു വ്യത്യാസമെന്യേ സഭകൾ ഒരേ സ്ഥാനപദവിയുള്ളവയാണ്. ഒന്നു മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമല്ല, ഒരേ അവകാശങ്ങൾക്ക് അർഹതയുള്ളവയുമാണവ,
4. ഓരോ വ്യക്തിസഭയ്ക്കും സ്വയം സംരക്ഷിക്കാനും, വളർന്നു വികാസം പ്രാപിക്കാനും ശ്രദ്ധയുണ്ടാകണം. ഈ ലക്ഷ്യപ്രാപ്തിക്കു സ്വന്തമായ ഇടവകകളും പ്രത്യേക ഹയരാർക്കിയും സ്ഥാപിക്കപ്പെടണം.
5. ഈ വിശുദ്ധ സിനഡ്, ആത്മീയവും സഭാത്മകവുമായ പൈതൃകത്തെ മാനിക്കുകമാത്രമല്ല, മിശിഹായുടെ വിശ്വസഭയുടെ പൈതൃകമായിട്ടാണവയെ കാണുക. ഇക്കാരണത്താൽ, ആഘോഷമായിത്തന്നെ അവൾ പ്രഖ്യാപിക്കുന്നു, പാശ്ചാത്യസഭകൾപോലെ പൗരസ്ത്യസഭകളും അവകാശം പൂർണ്ണമായിട്ടനുഭവിക്കുന്നു, സ്വയം ഭരണം നടത്താൻ ചുമതലപ്പെട്ടവയാണ്. ഓരോന്നും അതിനു തനതും തക്കതുമായ പ്രവർത്തനശൈലിയിലായിരിക്കയും വേണം.
6. പൗരസ്ത്യക്രമങ്ങളിലെ എല്ലാ അംഗങ്ങളും സ്വന്തം ആരാധനാ ശുശ്രൂഷാവിധികളും, സംസ്ഥാപിത ജീവിത രീതികളും എന്നും സംരക്ഷിക്കണം, ഇവയെല്ലാം പൗരസ്ത്യർതന്നെയാണു മാനിക്കേണ്ടത്, അങ്ങേയറ്റ വിശ്വസ്തതയോടെ.

ഉദ്യോഗത്താലോ, ശ്ലൈഹികസിംഹാസനത്തിന്റെ നിയമനത്താലോ, പൗരസ്ത്യസഭകളോടോ അതിലെ വിശ്വാസികളോടോ അടുത്തബന്ധം പുലർത്തുവാൻ അവരുടെ ചുമതലയുടെ ഗൗരവമനുസരിച്ച് പൗരസ്ത്യരുടെ അനുഷ്ഠാനവിധികൾ നടപടിക്രമം, ചരിത്രം, സ്വഭാവ പ്രത്യേകതകൾ എന്നിവ അറിയാനും മാനിക്കാനും പ്രത്യേകം പരിശീലിക്കപ്പെടേണ്ടതുണ്ട്. ലത്തീൻ ക്രമത്തിലെ മതസംഘങ്ങളും സംഘാതപ്രവർത്ത

www.malankaralibrary.com

നത്തിലേർപ്പെട്ടിരിക്കുന്നവരും, പൗരസ്ത്യനാടുകളിലേയോ, പൗരസ്ത്യ വിശ്വാസികളുടെ ഇടയിലോ പ്രവർത്തിക്കുന്നവരും, പൗരസ്ത്യാനുഷ്ഠാനക്രമത്തിൽ ആശ്രമങ്ങളോ പ്രവിശ്യകൾതന്നെയോ രൂപപ്പെടുത്താൻ ഉപദേശിക്കപ്പെടണം. അവരുടെ പ്രവർത്തനത്തിന്റെ വിജയം ബഹുമടങ്ങാക്കാൻ.

7. മേല്പട്ടക്കാർ, വൈദികഗണം, വിശ്വാസിസമൂഹം, എന്നിങ്ങനെ സ്വസഭയുടെയോ, ക്രമത്തിന്റെയോ, രാജ്യവിഭാഗത്തിന്റെയോമേൽ ഭരണാധികാരമുള്ളയാൾ പാത്രിയർക്ക് ആകുന്നു. ആ സഭാക്രമത്തിലെ മേല്പട്ടക്കാർ, സ്ഥലാധികാരപരിധിക്കു പുറത്തു നിയമിക്കപ്പെടുമ്പോൾ, ടി സഭാ ഹയരാർക്കിയോടു ചേർന്നു കഴിയുന്നു.

8. അവരുടെ അനുഷ്ഠാനവിധികളും പ്രത്യേകാവകാശങ്ങളും, ഓരോ സഭയുടെയും പ്രാചീന പാരമ്പര്യമനുസരിച്ച് പുനസ്ഥാപിക്കപ്പെടണമെന്ന് ഈ വിശുദ്ധ സിനഡ് വിധി കൽപ്പിക്കുന്നു. ടി അവകാശങ്ങളും വിശേഷാനുമതികളുമാകട്ടെ, കിഴക്കും പടിഞ്ഞാറും പരസ്പരസംസർഗ്ഗത്തിൽ കഴിഞ്ഞ കാലത്തു നിലനിന്നവതന്നെ.

10. പുതിയ രൂപതകൾ സ്ഥാപിക്കുകയും, മേൽപട്ട നിയമനമുൾപ്പെടെ പാത്രിയർക്കു സഭയിലെ എല്ലാ കാര്യങ്ങളും നിർവഹിക്കുകയും ചെയ്യാനുള്ള ഉന്നതാധികാരമാണ് സിനഡോടുകൂടെ പാത്രിയർക്കിനുള്ളത്. സഭ മുഴുവൻ ഭരണം നടത്താനുള്ള മേജർ ആർച്ചുബിഷപ്പിനും പാത്രിയർക്കിന്റെ ഇതേ അധികാരം തന്നെയാണുള്ളത്.

11. ആവശ്യമുള്ളിടത്ത് പുതിയ പാത്രിയർക്കാസനങ്ങൾ സ്ഥാപിക്കപ്പെടണമെന്ന് ഈ കൗൺസിൽ വ്യഗ്രതയോടെ അഭിലഷിക്കുന്നു.

12. കിഴക്കൻസഭകളിൽ നിലവിലുള്ള പ്രാചീനകൂദാശക്രമങ്ങളും അവയുടെ അനുഷ്ഠാനത്തിലെ നടപടിക്രമങ്ങളും പുനരുദ്ധരിക്കപ്പെട്ടു. കാണാൻ ഈ സിനഡ് തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുന്നു.

13. സ്ഥിരം മ്ശംശാന (ഡീക്കൻ) പദവി നിലച്ചുപോയിട്ടുള്ളിടത്ത് അതു വീണ്ടും സ്ഥാപിച്ചു കാണാൻ ആഗ്രഹിക്കുന്നു.

14. വിവാഹം അസാധുവാകാനുള്ള അപകടം ഒഴിവാക്കാൻ, പൗരസ്ത്യ കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള വിവാഹത്തിൽ, നിയമാനുസൃതം ആകാനേ കാനോനിക രൂപം (ക്രമം) ആവശ്യമായിരിക്കുന്നുള്ളു. സാധുതയ്ക്ക് ഒരു വൈദികന്റെ സാന്നിദ്ധ്യം മതിയാകുന്നതാണ്. മറ്റു നിബന്ധനകൾ പാലിക്കപ്പെട്ടാൽ, എന്ന് സിനഡ് തീർപ്പു കൽപ്പിക്കുന്നു.

15. റോമിലെ ശ്ലൈഹിക സിംഹാസനവുമായി ഐക്യത്തിൽ കഴിയുന്ന പൗരസ്ത്യസഭകൾക്ക് ഒരു പ്രത്യേക ഭാഗം (പങ്ക്) അഭിനയിക്കാനുണ്ട്. എല്ലാ ക്രിസ്തുവിശ്വാസികളുടെയും പ്രത്യേകിച്ച് പൗരസ്ത്യരുടെ ഐക്യം

www.malankaralibrary.com

സാധിക്കുന്നതിൽ, 'എക്യുമെനിസ' ഡിക്രിവ്യവസ്ഥകൾ പ്രകാരം, പ്രാർത്ഥന, ജീവിതമാതൃക, പ്രാചീന പൗരസ്ത്യപാരമ്പര്യാനുഷ്ഠാനം, പരസ്പരധാരണ, സഹകരിച്ചുള്ള പ്രവർത്തനം, വിഷയങ്ങളോടും മനോഭാവങ്ങളോടും സഹോദരഭാവേനയുള്ള പരിഗണനയും.

## മെമ്മോറാണ്ടം കേസായി

നവജീവപരിഷത് 1964-ൽ Hendo, The church of India എന്ന പേരിൽ സുറിയാനിസഭയുടെ താല്പര്യങ്ങൾ കാണിച്ച് ഒരു മെമ്മോറാണ്ടം തയ്യാറാക്കി റോമിലേക്ക് അയച്ചിരുന്നു. ഇതിൽ പലരും അസഹിഷ്ണുത പ്രകടിപ്പിച്ചു. ഈ മെമ്മോറാണ്ടത്തിനെതിരായി ചില വൈദികർ Hendo, No.11, Hendo No 111 എന്നീ ക്രമത്തിൽ ലഘുലേഖകൾ അടിച്ചിറക്കി. ലത്തീൻ അധികാരകേന്ദ്രങ്ങൾ പ്രതികാരബുദ്ധിയോടെ ഇളകിമറിഞ്ഞു തെറ്റിദ്ധരിക്കപ്പെട്ട കർമ്മലീത്താസഭ പ്രയോർജനറാൾ, ബ. ബോസ്കോസച്ചനാണ് ഇപ്രകാരം അച്ചടിപ്പിച്ച് അയച്ചുകൊടുത്തതെന്നും കാണിച്ച് ബോസ്കോസച്ചനോട് യാതൊരു വിവരവും ചോദിക്കാതെ ശിക്ഷിക്കപ്പെട്ടതിൽ വളരെയധികം സങ്കടവും അമർഷവും നവജീവപരിഷത് പ്രകടിപ്പിക്കുകയുണ്ടായി. ആരെങ്കിലും തെറ്റ് ചെയ്താൽപോലും വിശദീകരണം ചോദിക്കും. കേസ് വിസ്തരിക്കും ഇത് ഒന്നുംചെയ്യാതെ അച്ചനെ മൂന്നുമാസത്തേക്ക് മുറിയിൽ നിന്നും പുറത്തു പോകരുതെന്ന് കഠിനമായ ശിക്ഷ നല്കിയെന്നതും പോര, ഇന്ത്യയിലുള്ള എല്ലാ വൈദികമേലദ്ധ്യക്ഷന്മാർക്കും ബോസ്കോസച്ചനെ ശിക്ഷിച്ചു എന്ന വിവരം പരസ്യപ്പെടുത്തി അറിയിക്കുകയുംചെയ്തു. ഈ നടപടിയിൽ നവജീവപരിഷത് പ്രതിഷേധം രേഖപ്പെടുത്തി. ബോസ്കോസച്ചൻ എന്നും സഭക്കുവേണ്ടി നിലകൊണ്ടിരുന്നു. ഇനിയും അദ്ദേഹം അങ്ങനെ തന്നെ പ്രവർത്തിക്കുകയും ചെയ്യും. എറണാകുളത്തുള്ള നവജീവപരിഷത്തിന്റെ ഓഫീസിൽ നിന്നും വത്തിക്കാൻ കൗൺസിൽ 11-ലെ എല്ലാ അംഗങ്ങൾക്കും അയച്ചു കൊടുത്തത് ശരിയാണ്. അതിന് ബോസ്കോ അച്ചനെ അകാരണമായി ശിക്ഷിച്ചതിൽ നവജീവപരിഷത്തിനുള്ള അമർഷം രേഖപ്പെടുത്തുകയും Hendo അച്ചടിപ്പിച്ചതിനും എല്ലാവർക്കും അയച്ചുകൊടുത്തതിനും ഉത്തരവാദി നവജീവപരിഷത് സെക്രട്ടറിയാണെന്ന് അറിയിക്കുകയും ചെയ്തു. കമ്മീഷൻവഴി അന്വേഷണം നടത്തിയപ്പോൾ റോമിൽ ബോദ്ധ്യമായി ശിക്ഷണനടപടി തെറ്റാണെന്ന്. പ്രയോർജനറാളിനോട് appology ആവശ്യപ്പെടുകയും ചെയ്തു.

(പാപ്പച്ചൻ വെള്ളാപ്പാട്ടുകുന്നേൽ ശതാഭിഷേകസ്മരണിക പേജ് 110)

www.malankaralibrary.com

# 18. ഫാ. ജോൺ ബോസ്കോ തോട്ടക്കര സി.എം.ഐ. ഒറ്റനോട്ടത്തിൽ

1920 ഏപ്രിൽ 12-ന് പൂഞ്ഞാറിൽ തോട്ടക്കര കുടുംബത്തിലായിരുന്നു ജനനം. ചാക്കോയായിരുന്നു പിതാവ്. മാതാവ് കരിയാപുരം കുടുംബാഗമായ അന്നയും പുന്നൂസ് പൗലോസ് എന്നായിരുന്നു മാമ്മൂദിസാ പേര്. വിദേശികളായ സുഹൃത്തുക്കൾക്ക് കത്തയക്കുമ്പോൾ പുന്നൂസ് എന്നായിരുന്നു ഉപയോഗിച്ചിരുന്നത്. ബോസ്കോ അച്ചൻ, അപ്പന്റെ ആദ്യത്തെ വിവാഹത്തിലെ മൂന്നുമക്കളിൽ ഇളയവനായിരുന്നു. രാഷ്ട്രീയ സാമൂഹ്യപ്രവർത്തകനും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്നു ജോൺ. സി. ചാക്കോ മൂത്ത സഹോദരനായിരുന്നു. ജോണിനോട് ബോസ്കോ അച്ചന് വലിയ ബഹുമാനമായിരുന്നു. ഒട്ടേറെ പടങ്ങളും ഫോട്ടോകളും ജോൺ ചേട്ടന്റെ സ്മരണയ്ക്കായി സൂക്ഷിച്ചുപോന്നു. രണ്ടാമത്തെയാൾ അന്നക്കുട്ടിയെ വെള്ളാപ്പാട്ടുകുന്നേൽ ജോസഫ് വിവാഹം ചെയ്തു. നവജീവ പരിഷത്തിന്റെകാര്യദർശിയും ആയിരുന്നു.

ബോസ്കോച്ചന്റെ അപ്പന്റെ രണ്ടാമത്തെ വിവാഹത്തിലെ സന്തതികൾ താഴെ പറയുന്നവരാണ്.

1. മറിയക്കുട്ടി കുര്യൻ മാറാമറ്റം, പ്ലാശ്ശനാൽ
2. മാക്സി ജോസഫ് തെള്ളിയിൽ (ഫാ. എമ്മാനുവൽ തെള്ളിയുടെ ജ്യേഷ്ഠ സഹോദരനാണ് ജോസഫ് തെള്ളി.)
3. ഏലിക്കുട്ടി ജോസഫ് മണ്ണംപ്ലാക്കൽ
4. ചാക്കോ റ്റി.സി. പൂഞ്ഞാർ
5. ചെറിയാൻ തോട്ടക്കര, പൂഞ്ഞാർ
6. സിസ്റ്റർ ട്രീസാ ജെയിംസ് എസ്.എ.ബി.എസ്.

കുടുംബാംഗങ്ങളുടെ ചെറുതും വലുതുമായ ഒട്ടേറെ ഫോട്ടോകൾ വരപ്പിച്ച് ഫ്രെയിം ചെയ്യിച്ച് സൂക്ഷിച്ചിരുന്നു. കുടുംബത്തോട് ബന്ധപ്പെട്ട എല്ലാവിധ ഫോട്ടോകളും പഠനങ്ങളും വീട്ടുകാരെത്തന്നെ മരണത്തിന് മുൻപ് ഏല്പിച്ചു.

## വിദ്യാഭ്യാസം

പൂഞ്ഞാർ ആശ്രമത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സ്കൂളിലാണ് ഒന്നും രണ്ടും ക്ലാസ്സുകൾ പഠിച്ചത്. പനച്ചികപ്പാറയിലെ വെർണാകുലർ സ്കൂളിൽ മൂന്നും നാലും ക്ലാസ്സുകൾ പഠിച്ചു. മിഡിൽസ്കൂൾ വിദ്യാഭ്യാസം

www.malankaralibrary.com

പൂഞ്ഞാർ കോയിക്കൽ വക എസ്.എം.വി. സ്കൂളിലായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം മാന്നാനം സെന്റ് എഫ്രേംസ് സ്കൂളിലും.

മാന്നാനത്തായിരുന്നു Aspirancy അമ്പഴക്കാട്ടെ സെന്റ് തെരേസാസ് നോവിഷിറ്റിലായിരുന്നു. നവ സന്യാസം. 1938 നവംബർ 23-ന് നവ സന്യാസം ആരംഭിച്ച് 1939 നവംബർ 27-ന് ആദ്യവ്രതം ചെയ്തു. മുത്തോലിയിലെ Scholasticete -ൽ ആയിരുന്നു ഫിലോസഫി പഠനം. 1942 നവംബർ 24-ന് നിത്യവ്രതം നടന്നു. ചെത്തിപ്പുഴയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി 1946 ഡിസംബർ 21-ന് ഡീക്കൻപട്ടം ലഭിച്ചു. 1947 മേയ് 31-ന് പുരോഹിത പട്ടം സ്വീകരിച്ചു.

ജൂൺ 2-ന് ജോൺ ജോസഫ് പെരുമ്പള്ളിക്കുന്നേൽ, മനേത്തൂസ് മുണ്ടാട്ട് എന്നിവരോടുകൂടി ബോസ്കോ അച്ചൻ പൂഞ്ഞാർ കൊവേന്തപ്പള്ളിയിൽ പുത്തൻകുർബ്ബാന ചൊല്ലി. മൂന്ന് കൊവേന്ത അച്ചന്മാരുടെ ഒരുമിച്ചുള്ള പുത്തൻകുർബ്ബാന വളരെ അപൂർവ്വമായിരുന്നതിനാൽ ചുറ്റുമുള്ള ഇടവകകളിൽ നിന്ന് അച്ചന്മാരും ജനങ്ങളും സമീപസ്ഥലങ്ങളിലെ സിസ്റ്റേഴ്സും സംബന്ധിച്ചിരുന്നു. ഏതാനും നാളത്തെ വൈദിക ശുശ്രൂഷക്കു ശേഷം ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്നും ഇന്റർമീഡിയറും തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ നിന്ന് ബി.എ. പരീക്ഷയും പാസ്സായി.

മായം(അമ്പൂരി) യിലാണ് ഇടവക ശുശ്രൂഷ ആരംഭിക്കുന്നത് (1954-55) തുടർന്ന് മുത്തോലി ബോർഡിംഗ് ഹൗസ് റെക്ടർ (1956-60) ഈ കാലഘട്ടത്തിലാണ് നവജീവ പരിഷത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചത്.കരിക്കാട്ടൂർ അപ്പസ്തോലിക്ക് സ്കൂൾ ബോർഡിംഗ് ഹൗസ് റെക്ടർ (1960-61) അംബികപൂർ മിഷൻ (പ്രായോർ ജനറലിന്റെ കീഴിൽ) ലത്തീൻ - സുറിയാനി അദ്ധ്യാപകൻ(1961-64) ക്രിസ്തുപാൽ അംബികപൂർ റെക്ടർ (1965-66) ക്ലാരിസ്സ് പോസ്റ്റലാന്റ്സിന് രാമപുരത്ത് 1966-ൽ ക്ലാസ്സ് എടുത്തു. മുത്തോലിയിൽ പ്രീഡിഗ്രി പഠിച്ചിരുന്ന ആസ്പിരന്റിന് ക്ലാസ്സ്. കൂത്താട്ടുകുളത്തെ മേരിഗിരി പാരലൽ കോളേജിൽ 1975-82 ൽ അദ്ധ്യാപകൻ. 1979-84 ൽ മുത്തോലിയൻ സുറിയാനി പഠിപ്പിച്ചു.

1983-84 ൽ എറണാകുളം പ്രയോർജനറൽ ഹൗസിലും 1984-86 കാലഘട്ടത്തിൽ മുത്തോലിയിലും 1986-90 ൽ കുര്യനാട്ടും 1990-96 ൽ കൂത്താട്ടുകുളത്തും 1996-2005 വരെ പൂഞ്ഞാറിലും താമസിച്ച് പ്രവർത്തിച്ചു.

ബോസ്കോ അച്ചന്റെ ആശയങ്ങളെയും ജീവിതത്തെയും സ്വാധീനിച്ച ആളുകൾ ഘടകങ്ങൾ തുടങ്ങിയവയെക്കുറിച്ച് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കുന്നു.

1. അപ്പന്റെ വ്യക്തിപരവും സാമൂഹ്യവുമായ ജീവിതം
2. തുരുത്തിയിൽ റപ്പായേലച്ചന്റെ വേദപാഠ ക്ലാസ്സ്. പൂഞ്ഞാർ ആശ്രമം 1934-36

www.malankaralibrary.com

3 പനച്ചികപ്പാറ എസ്.എം.വി. സ്കൂളിലെ അദ്ധ്യാപകർ - അവിടെ കിട്ടിയ ശിക്ഷണം
4 ഫ്രാങ്ക് അച്ചന്റെ നിയന്ത്രണവും മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും മാന്നാനം ആസ്പിരന്റ് ഹൗസ്
5 ലുദവിക്ക് അച്ചന്റെ കീഴിൽ അമ്പഴക്കാട്ടെ നവസന്യാസം
6 വിൻസന്റച്ചന്റെ കീഴിൽ ചെത്തിപ്പുഴയിലെ സെമിനാരി ജീവിതം
7 എബ്രാഹം (കല്ലറയ്ക്കൽ) അച്ചനെ ലിസി ആശുപത്രിയിൽ ശുശ്രൂഷിക്കാൻ കിട്ടിയ അവസരം
8 പൈകട ലാംബെ അച്ചന്റെ സ്നേഹവും താൽപര്യവും പ്രാത്സാഹനവും
9 കോളേജ് പ്രിൻസിപ്പൽമാരായ ഫാ. വില്യം സി.എം.ഐ., ഫാ കുരീത്തടം, ഫാ. നങ്ങച്ചിവീട്ടിൽ എന്നിവരുടെ സ്നേഹവും വാൽസല്യവും.

ഡോ. നങ്ങച്ചിവീട്ടിലച്ചന്റെ ഏഷ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന കൃതിയുടെ രചനയിൽ ബോസ്കോ അച്ചൻ സഹകരിച്ചിരുന്നു. അദ്ദേഹവുമായി നിരന്തരം കത്തുകളിലൂടെ ബന്ധപ്പെട്ടു കൊണ്ടിരുന്നു.

## വാഗ്മി

ബോസ്കോ അച്ചൻ, ആവേശം ഉണർത്തുന്ന പ്രസംഗം പറയാൻ കഴിവുള്ളയാളായിരുന്നു. പല പള്ളികളിലും ധ്യാനം നടത്തിയിട്ടുണ്ട്. കുർബ്ബാന മലയാളത്തിലായതോടെ കുർബാന പൊതുവായി ചോല്ലുകയോ പള്ളികളിൽ പ്രസംഗിക്കുകയോ ചെയ്തിരുന്നില്ല.

## പ്രത്യേകതകൾ

നീണ്ട മീശയോട് പ്രത്യേകം താൽപര്യമായിരുന്നു. പല പോസുകളിലുള്ള മീശയുടെ ഫോട്ടോ ധാരാളം എടുത്തു വച്ചിരുന്നു. കറുത്തളോഹ മാത്രമേ ധരിച്ചിരുന്നുള്ളു. (കെട്ട് ഇല്ലാതെ) ചെരുപ്പ് ധരിച്ചിരുന്നില്ല. മുറി മുഴുവൻ നിലത്തും കട്ടിലിലുമെല്ലാം പത്രങ്ങളും മാസികകളും ആയിരുന്നു.വായിച്ച് നോട്ടു കുറിക്കുകയോ അടിവരയിടുകയോ ചെയ്യും. അവസാന വർഷങ്ങളിൽ കാലിന് നീരായിരുന്നതിനാൽ നിന്നേ വായിക്കുമായിരുന്നുള്ളു.

വാർദ്ധക്യവും രോഗവുമൊക്കെ ആയെങ്കിലും പുസ്തകങ്ങളെക്കുറിച്ചോ, ഫോട്ടോകളെക്കുറിച്ചോ ഉള്ള വിവരണങ്ങളൊന്നും ആർക്കും കൈമാറിയില്ല. തീരെ ലഘുവല്ലാത്ത ഒരു ബാങ്കു നിക്ഷേപത്തെക്കുറിച്ച് ബാങ്കു മാനേജരിൽ നിന്നേ വിവരം അറിയാൻ കഴിഞ്ഞുള്ളു. പണമിടപാട് ബാങ്കുമായി നേരിട്ടു നടത്തുമായിരുന്നു.

സഭാചരിത്ര ഗവേഷണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു. കുത്തിക്കെട്ടിയ മാസികകളിലും പുസ്തകങ്ങളിലും മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് എന്ന സീൽ അടിച്ചിരുന്നു.

www.malankaralibrary.com

വാർദ്ധക്യത്തിൽ പലവിധ രോഗങ്ങൾ അദ്ദേഹത്തെ ബാധിച്ചിരുന്നു. പ്രമേഹത്തിന് ഗുളികകൾ കഴിച്ചിരുന്നു. കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ആശുപത്രിയിൽ ചികിത്സ നടത്തി കൊണ്ടിരുന്നു. 2005 ഒക്ടോബർ കാഞ്ഞിരപ്പള്ളി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒക്ടോബർ 19 ന് വെളുപ്പിന് മൂന്നുമണിക്ക് ഹോസ്പിറ്റൽ ഡയറക്ടര് ജോഷി തടിയനാനിക്കൽ അച്ചനിൽ നിന്ന് രോഗി ലേപനം സുബോധത്തോടെ സ്വീകരിക്കുകയും അഞ്ചുമിനിട്ടിനകം മരിക്കുകയും ചെയ്തു. പൂഞ്ഞാർ ആശ്രമത്തിലേയ്ക്കു മൃതദേഹം കൊണ്ടുവരികയും പിറ്റേ ദിവസം പ്രയോജനറൽ ഫാ. ആന്റണി കരിയിലിന്റെ നേതൃത്വത്തിൽ സംസ്ക്കാരം നടത്തുകയും ചെയ്തു. പാലാ ബിഷപ്പു മാർജോസഫ് കല്ലറങ്ങാടും മുൻ ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിലും മൃതദേഹം സന്ദർശിച്ച് പ്രാർത്ഥന നടത്തി.

" ബോസ്കോ അച്ചന്റെ ഒരു പ്രതിമ ഉണ്ടാക്കി അതിന് മുന്നിൽ വണങ്ങിയിട്ടുവേണം മെത്രാൻ പട്ടം സ്വീകരിക്കാൻ" എന്ന് ചരാന്ദായുടെ ആദ്യത്തെ ബിഷപ്പ് മാർ ജനുവരിയുന്നിന്റെ അഭിഷേകത്തോടനുബന്ധിച്ച് ഒരു ലത്തീൻ ബിഷപ്പ് പറഞ്ഞതായിട്ട് കേട്ടു.

## സീറോമലബാർ സഭയുടെ അഭിമാനഭാജനം

ബോസ്കോ അച്ചൻ സീറോ-മലബാർ സഭയുടെ അഭിമാനഭാജനമാണ്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ സമുദായാംഗങ്ങളുടെയിടയിൽ എത്തിക്കുന്നതിനുവേണ്ടിയാണ് നസ്രാണി എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്. അതുപോലെ തന്നെ അവ നടപ്പാക്കുന്നതിന് വേണ്ട കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടിയാണ് നവജീവപരിഷത് എന്ന സംഘടന ആരംഭിച്ചത്. നസ്രാണി പ്രസിദ്ധീകരണത്തിന്റെയും നവജീവപരിഷത് സംഘടനയുടെയും പ്രവർത്തനങ്ങളെപ്പറ്റി ആധികാരികമായ പഠനം നടത്താൻ മാർഗ്ഗങ്ങളൊന്നുമില്ല. ഹെന്ദോ എന്ന മെമ്മോറാണ്ട സമർപ്പണത്തിനുശേഷം അതിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയുണ്ടായി. അതിനുശേഷമാണ് അസ്ലേത്താദ ഹെന്ദോ എന്ന ബഹുമതി നല്കി തുടങ്ങിയത്. മരണം മാടിവിളിക്കുന്നതുവരെ സീറോ-മലബാർ സഭയുടെ പൈതൃകം സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ ഗ്രന്ഥത്തിലെ അഞ്ചുമുതൽ പത്തുവരെയുള്ള അദ്ധ്യായങ്ങളിലെ ലേഖനങ്ങൾ നസ്രാണിയിൽ നിന്നും എടുത്തു ചേർത്തിട്ടുള്ളതാണ്. ബോസ്കോ അച്ചന്റെ ചിന്തയും പഠനങ്ങളും മനസ്സിലാക്കുവാൻ ആ ലേഖനങ്ങൾ സഹായിക്കും. ലേഖനകർത്താവിന്റെ പേര് ഒരിടത്തും പ്രസിദ്ധീകരിച്ചിട്ടില്ല. അവയെല്ലാം തന്നെ ബോസ്കോ അച്ചൻ രചിച്ചതാകാം. പ്രശസ്തി അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. നന്മ ചെയ്ത് കടന്നുപോകാനേ അദ്ദേഹം ആഗ്രഹിച്ചിട്ടുള്ളു.

(പാപ്പച്ചൻ വെള്ളാപ്പാട്ടുകുന്നേൽ ശതാഭിഷേകസ്മരണിക പേജ് 110)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# "ഹെന്ദോ:"– ഇന്ത്യയിലെ സഭ

## ഫാ. ജോൺ ബോസ്കോയുടെ വീക്ഷണത്തിൽ



**ജോൺ കച്ചിറമറ്റം**

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഐക്യത്തിനും ഉയർത്തെഴുന്നേൽപ്പിനും വേണ്ടി ആജീവനാന്തം പടപൊരുതിയ ഫാ.ജോൺ ബോസ്കോ എട്ടാമത്തെ വ്യാകുലം എന്നറിയപ്പെടുന്നു. മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട തുടങ്ങിയ സ്ഥലങ്ങളിൽ പോയി പാർക്കുന്ന സീറോമലബാർ അംഗങ്ങൾക്കുവേണ്ടി മെത്രാൻമാരെ നിയമിക്കുക എന്ന് ആദ്യം ആവശ്യപ്പെട്ടത് അദ്ദേഹമാണ്. സീറോ- മലബാർ സഭയ്ക്കുവേണ്ടി ഒരു പാത്രീയാർക്കിസിനെ അഥവാ ഏറ്റം കുറഞ്ഞ പക്ഷം ഒരു മേജർ മെത്രാപ്പോലീത്തയെ എങ്കിലും നിയമിക്കുക എന്നാവശ്യപ്പെട്ടതും വേറാരുമല്ല. സീറോ-മലബാർ സഭയ്ക്ക് ഇന്ത്യയിലുടനീളം പ്രേഷിതവേല ചെയ്യുവാൻ അനുവദിക്കുക എന്നാവശ്യപ്പെട്ടതും അദ്ദേഹം തന്നെ. പറങ്കികൾ വരുന്നതുവരെ അഖിലേന്ത്യാ മെത്രാപ്പോലിത്തായുടെയും അഖിലേന്ത്യ അർക്കദിയാക്കോന്റെയും കീഴിൽ കഴിഞ്ഞിരുന്ന മാർത്തോമ്മാ നസ്രാണികളെ മദ്ധ്യകേരളത്തിന്റെ ചെറിയ കോണിൽ ചവിട്ടികൂട്ടിയിട്ട് ഒരു ശ്ലൈഹികസഭയെ ഇല്ലാതാക്കുന്നതിനെതിരെ ദൈവം അയച്ച പ്രവാചകനാണ് അദ്ദേഹം. ചിതറിപ്പോയ മാർത്തോമ്മ നസ്രാണികളെ ഒന്നിച്ചുകൂട്ടാൻ പടപൊരുതിയ ഒറ്റയാൾ പട്ടാളമായിരുന്നു അദ്ദേഹം.

തലശ്ശേരി രൂപതാ സ്ഥാപനം മുതൽ ബോസ്കോ അച്ചനിൽ ആളിക്കത്തിക്കൊണ്ടിരുന്ന സഭാസ്നേഹവും അഭിമാനബോധവും ദൈവികചിന്തകളും മൂർത്തിരൂപം പ്രാപിച്ചു. അതാണ് നവജീവപരിഷത്ത്. "Hendo The Church of India" 1964 ഒക്ടോബർ 18 –ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ ബോംബുപോലെ ചെന്നുവീണു. ഇന്ത്യയിൽ എന്താണ് നടക്കുന്നതെന്ന് കൗൺസിൽ ചർച്ചാവിഷയമാക്കുവാൻ ഇതിടയാക്കി. Orientalium Ecclesiarum എന്ന പ്രമാണരേഖയുടെ രൂപീകരണത്തിന് അങ്ങനെ പൂഞ്ഞാറുകാരൻ പുന്നൂസ് അർക്കാദിയാക്കോൻ പങ്കാളിയായി. സമുദായ ബോധവും, ഐക്യചിന്തയും നഷ്ടപ്പെട്ട് നേതൃത്വത്തിന്റെ വികലവീക്ഷണങ്ങളിൽപ്പെട്ട് കഴിയുന്ന അഖിലേന്ത്യ മലങ്കര മർത്തോമ്മാ നസ്രാണികൾക്കുവേണ്ടി നിധീകരിക്കൽ മാണിക്കത്തനാരെപ്പോലെ ആജീവനാന്തം പരിശ്രമിച്ച നിഷ്കളങ്കനും, നിർമ്മലനും വിശുദ്ധനുമായ ആ ധീര പോരാളിയെ മനസ്സിലാക്കുവാനോ അംഗീകരിച്ച് ആദരിക്കുവാനോ അധികമാരും മുന്നോട്ടു വരാത്തത് ലജ്ജാകരം തന്നെ.

**കൂനമ്മാക്കൽ തോമാക്കത്തനാർ**

**ബേസ്അംപ്രേം, നസ്രാണിദയറാ, കുറവിലങ്ങാട്**

ബോസ്കോച്ചൻ എപ്പോഴും ഏതു പ്രതിസന്ധിയിലും ചിരിച്ചും പ്രസന്നതയും പാലിച്ചിരുന്നു... ഗുരുവായ പ്ലാസിഡച്ചനെ അദ്ദേഹം എന്നും സ്നേഹിച്ച് ബഹുമാനിച്ചിരുന്നു. നമ്മുടെ സീറോ- മലബാർ സഭയേയും ആരാധനക്രമത്തെയും അദ്ദേഹം അത്യന്തം സ്നേഹിച്ചിരുന്നു. അതിന്റെ സ്വാതന്ത്ര്യത്തിനായി അവസാനം വരെ യത്നിച്ചിരുന്നു. മദ്രാസ് ബോംബെ –കൽക്കട്ട മുതലായ സ്ഥലങ്ങളിലെല്ലാം പോയി പഠിച്ച് നമ്മുടെ ആളുകളുടെ സ്ഥിതി വിവരങ്ങൾ ശേഖരിച്ച്, വത്തിക്കാൻ സൂനഹദോസിനയക്കപ്പെട്ട ഹെന്ദോയെ സഹായിച്ചു... അദ്ദേഹം ചരിത്രസ്നേഹിയും പുസ്തകസ്നേഹിയുമായിരുന്നു.

**അമ. മാതാ മാണിക്കത്തനാർ തെള്ളിയിൽ** CMI

**ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം**

Design : Joseph Francis Pala 9447137342

www.malankaralibrary.com